വാല്യം 148

പേരാവൂർ ബ്ലോക്ക്

(കണ്ണൂർ ജില്ല)

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

# ജനകീയാസൂത്ര

## അധികാരം ജനങ്ങൾക്ക്

# കണിച്ചാർ ഗ്രാമ പഞ്ചായത്ത്




## വികസന രേഖ – 1996

# കണിച്ചാർ ഗ്രാമപഞ്ചായത്ത്

# സമഗ്രവികസനരേഖ

# കണിച്ചാർ പഞ്ചായത്ത് ജനകീയാസൂത്രണപരിപാടിക്ക് നേതൃത്വംനൽകിയ റിസോഴ്സ് ടീം

1. ഇ.ജെ. ജോയി ഇരിപ്പയിൽ -കൺവീനർ
2. വി.വി ബാലകൃഷ്ണൻ
3. ടി.കെ. പ്രസാദ്
4. കിൻസ് വർഗീസ്
5. ലാലു എം.എ.
6. ജോയി എം.വി. മാടശേരി
7. ശൈലജ കുനിയിൽ
8. ബിന്ദു പി.കെ.
9. പി.ജി. വിജയൻ
10. സി.ജെ. മാത്യു
11. ടി.ജെ. ചെറിയാൻ
12. സ്റ്റാനി എടത്താഴെ
13. പി. പദ്മനാഭൻ
14. ജോണി തുരുത്തിയിൽ
15. ടി.ആർ. അനിൽകുമാർ
16. പി.കെ. മണിമാസ്റ്റർ
17. പാൽ ഗോപാലൻ
18. ബി.കെ. ശിവൻ
19. പ്രമോദ് ബി.പി.
20. കെ.എസ്. മോഹനൻ
21. മേരി പൗലോസ് കാവനമാലിൽ
22. പി.കെ. ഗിരിജ
23. അമ്മിണി ശങ്കരൻ
24. സുമ കെ.എം.
25. അസ്മ ബീഗം സി.എ.
26. സൈബു എ.എസ്.
27. കെ.പി. ജോണി കറക്കരമറ്റം
28. ടി.ജെ. ജോൺ തെക്കേടത്ത്
29. ജോളി കുറ്റിക്കാട്ടുകുന്നേൽ
30. അഗസ്റ്റിൻ കളപ്പുരയ്ക്കൽ
31. സിബി ജോൺ
32. കെ. കുഞ്ഞിരാമൻ മാസ്റ്റർ
33. സി.എ. അബ്രഹാം മാസ്റ്റർ
34. ടി.ടി. തോമസ് മാസ്റ്റർ
35. ഷാജി തെക്കേക്കര
36. ടോമി അമ്പലത്തുങ്കൽ
37. പി.ജെ. തോമസ്
38. ജോയി പുല്ലാപാടിക്കൽ
39. ജോസ് അമ്പലത്തുങ്കൽ
40. പി.കെ. വിശ്വനാഥൻ
41. ജോസ് ഇ.വി.
42. തോമസ് കുറ്റിമാക്കൽ
43. ബേബി കരോട്ടുപുറത്ത്
44. സണ്ണി മേച്ചേരി
45. ജോണി കൊട്ടുപ്പള്ളി
46. ജോയിച്ചൻ വള്ളിയിൽ
47. നിർമല ഇ.ആർ.
48. വിനോദ് കെ.
49. കെ.യു. വർക്കി
50. പി.കെ. മോഹനൻ
51. ജോൺ തെക്കേടത്ത്
52. മൈഥിലി രമണൻ
53. എം.വി. വിനോയ്
54. ടോമി ഉള്ളാതോട്ടം
55. ജോൺസൺ വി.എസ്.
56. ബിജു കാരക്കൽ

# പഞ്ചായത്ത് റോഡ് മാപ്പ്



# 2. പഞ്ചായത്ത് പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | – കണിച്ചാർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | – കണിച്ചാർ വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | – പേരാവൂർ |
| അസംബ്ലി മണ്ഡലം | – കൂത്തുപറമ്പ് |
| ലോക്സഭാമണ്ഡലം | – കണ്ണൂർ |
| താലൂക്ക് | – തലശേരി |
| ജില്ല | – കണ്ണൂർ |
| അതിരുകൾ: പടിഞ്ഞാറ് | – പേരാവൂർ, കോളയാട് പഞ്ചായത്തുകൾ |
| കിഴക്ക് | – കേളകം പഞ്ചായത്ത് |
| വടക്ക് | – ആറളം കേന്ദ്ര കൃഷി ഫാം |
| തെക്ക് | – കണ്ണവം റിസർവ് ഫോറസ്റ്റ്, വയനാട് ജില്ലയിലെ തവിഞ്ഞാൽ പഞ്ചായത്ത് |
| ഭൂവിസ്തൃതി | – 51.9 ച.കി.മി. |
| ജനസംഖ്യ | – 17516 |
| പുരുഷന്മാർ | – 6258 |
| സ്ത്രീകൾ | – 6508 |
| കുട്ടികൾ | – 4750 |
| അക്ഷരാഭ്യാസമുള്ളവർ | – 15870 |
| വാർഡുകൾ | – 8 |
| പഞ്ചായത്ത് പ്രസിഡന്റ് | – സി.എം. മാണി ചെമ്പരത്തിക്കൽ |
| വൈസ് പ്രസിഡന്റ് | – ശ്രീമതി മേരിക്കുട്ടി തോമസ് |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | – മൈക്കിൾ ടി. മാലത്ത് |

# കണിച്ചാർ ഗ്രാമപഞ്ചായത്ത് ഭരണസമിതി


സി.എം. മാണി
(പ്രസിഡന്റ്)


മേരിക്കുട്ടി തോമസ്
(വൈസ് പ്രസിഡന്റ്)


മൈക്കിൾ ടി. മാലത്ത്
സ്റ്റാൻ. കമ്മിറ്റി ചെയർമാൻ


എം.എസ്. വാസുദേവൻ

## വാർഡ് അംഗങ്ങൾ

1. ലീലാമ്മ ആൻഡ്രൂസ്
2. മേരിക്കുട്ടി തോമസ്
3. എം.എസ്. വാസുദേവൻ
4. കെ. കേളപ്പൻ
5. കെ.പി. മത്തായി
6. സി.എം. മാണി
7. മൈക്കിൾ ടി. മാലത്ത്
8. ലിജി ജോസഫ്

**കവർ ഡിസൈൻ** – സുമികല ജോയി
**ആർട്ട് വർക്ക്** – സജീവ് വി.കെ.
**ഫോട്ടോ** – ലോയൽ തൊണ്ടിയിൽ, സജീവൻ


കെ.പി. മത്തായി


കെ. കേളപ്പൻ


ലീലാമ്മ ആൻഡ്രൂസ്


ലിജി ജോസഫ്

# കണിച്ചാർ പഞ്ചായത്ത് വാർഡുകൾ



# ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് – പൊതുവിവരം
3. കണിച്ചാർ പിന്നിട്ട പാതകളിലൂടെ –ഒരൽപം ചരിത്രം
4. സാമൂഹിക – സാമ്പത്തികമേഖലകൾ
    4.1 കൃഷിയും ജലസേചനവും
    4.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
    4.3 വ്യവസായം
    4.4 വിദ്യാഭ്യാസം
    4.5 പൊതുജനാരോഗ്യവും കുടിവെള്ളവും
    4.6 ഗതാഗതം, റോഡുകൾ
    4.7 ഊർജം
    4.8 സാമൂഹ്യക്ഷേമവും പാർപ്പിടവും
    4.9 സംസ്കാരം
    4.10 വനിതാക്ഷേമം
    4.11 പട്ടികജാതി – പട്ടികവർഗ ക്ഷേമം
    4.12 സഹകരണം
    4.13 വിഭവസമാഹരണം
5. ഉപസംഹാരം

# വികസനരേഖ തയാറാക്കിയ കോർഗ്രൂപ്പ്

**ആമുഖം**

സി.എം. മാണി

**കണിച്ചാർ–ചരിത്രം**

ഇ.ജെ. ജോയി

**കൃഷി–ജലസേചനം**

ടി.കെ. പ്രസാദ്
തോമസ് മുന്തിരിങ്ങാട്ടുകുന്നേൽ
പി.ജെ. തോമസ്
ടോമി അമ്പലത്തുങ്കൽ
ജോയി പുല്ലംപ്പടിക്കൽ
മാത്യു കുന്നത്തുശേരി
മാത്യു മുന്തിരിങ്ങാട്ടുകുന്നേൽ
ഷാജി തെക്കേക്കര

**മൃഗസംരക്ഷണം–മത്സ്യബന്ധനം**

വി.വി. ബാലകൃഷ്ണൻ
പി.കെ. വിശ്വനാഥൻ
ജോസ് ഇ.വി.
ജോസ് അമ്പലത്തുങ്കൽ

**വിദ്യാഭ്യാസം**

ഇ.ജെ. ജോയി
കെ. കുഞ്ഞിരാമൻ മാസ്റ്റർ
ടി.ടി. തോമസ് മാസ്റ്റർ
സി.എ. അബ്രഹാം മാസ്റ്റർ
കെ.എം. കുര്യാക്കോസ്

**വ്യവസായം**

എം.വി. ജോയി
ടി.ആർ. അനിൽകുമാർ
സ്റ്റാനി എടത്താഴെ

**ഗതാഗതം ഊർജം**

കിൻസ് വർഗീസ്
പി. പദ്മനാഭൻ
ജോണി തുരുത്തിയിൽ
ടി.ജെ. ചെറിയാൻ
എം.വി. വിനോയി
വി.വി. ബാലകൃഷ്ണൻ

**സാമൂഹ്യക്ഷേമം–പാർപ്പിടം**

കെ.എസ്. മോഹനൻ
മേരി പൗലോസ്
പി.കെ. ഗിരിജ
പി.ജി. വിജയൻ
തോമസ് കൊട്ടാരംകുന്നേൽ

**ആരോഗ്യം, ശുചിത്വം കുടിവെള്ളം**

എം.എസ്. വാസുദേവൻ
ഡോ. പി. രവീന്ദ്രൻ
പ്രമോദ് ബി.പി.

**പട്ടികജാതി–പട്ടികവർഗക്ഷേമം**

ലാലു എം.എ.
പി.കെ. മണി
പി.കെ. മോഹനൻ
കെ. കേളപ്പൻ

**സഹകരണം–വിഭവസമാഹരണം**

സി.ജെ. മാത്യു
ടി.ജെ. ജോൺ
കുഞ്ഞച്ചൻ വടശ്ശേരി
ജോണി കാക്കരമറ്റം

**വനിതാക്ഷേമം**

ബിന്ദു പി.കെ.
അസ്മബീഗം സി.എ.
സൈബു എസ്.
സിബി ജോൺ
മേരിക്കുട്ടി തോമസ്

**സംസ്കാരം**

സുമ കെ.എം.
ഷൈലജ കുനിയിൽ
എം.എസ്. വാസുദേവൻ
അഗസ്റ്റിൻ കളപ്പുരക്കൽ



"എന്റെ ജീവിതമാണ് എന്റെ സന്ദേശം"

# 1. ആമുഖം

ഭാരതം വിദേശഭരണത്തിൻകീഴിൽനിന്ന് സ്വാതന്ത്ര്യം നേടിയിട്ട് അരനൂറ്റാണ്ട് തികയുകയാണ്. വികസനത്തിന്റെ അരനൂറ്റാണ്ട് പിന്നിടുന്ന ഈ ഘട്ടത്തിൽ നാം പല മേഖലകളിലും അഭിമാനിക്കത്തക്ക വിജയം നേടിയിട്ടുണ്ട്. എന്നിരുന്നാലും നാം നേടിയ വികസനത്തിന്റെ സദ്ഫലങ്ങൾ എല്ലാ മേഖലയിലും നീതിപൂർവ്വമായരീതിയിൽ എത്തിക്കുന്നതിനു കഴിഞ്ഞിട്ടില്ലെന്ന വസ്തുത ബാക്കിനിൽക്കുകയാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം നമ്മുടെ ഗ്രാമീണമേഖലയുടെ അടിസ്ഥാനവികസനം ലക്ഷ്യമാക്കി ദേശീയ ഗവൺമെന്റ് പഞ്ചവൽസര പദ്ധതികളിലൂടെ ഒരു സമഗ്രവികസനക്ഷേമപരിപാടി ഏറ്റെടുത്തു. അതിനുവേണ്ടി പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയെന്നത് നമ്മുടെ ഭരണഘടനയുടെ അനുശാസകതത്വങ്ങളിൽ ഉൾക്കൊള്ളിക്കപ്പെട്ടു.

രാഷ്ട്രപുരോഗതിയുടെ ചാലകശക്തിയായി പ്രവർത്തിക്കുന്നത് ആസൂത്രണമാണ്. ദീർഘവീക്ഷണവും ലക്ഷ്യബോധവും ഒത്തിണങ്ങിയ പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കിയാൽ രാഷ്ട്രം അതിവേഗം സമൃദ്ധിയിലേക്കു കുതിക്കും. എന്നാൽ, ആസൂത്രണം മേലേതട്ടിൽ മാത്രം ഒതുങ്ങിനിന്നപ്പോൾ വിഭാവനംചെയ്ത വിജയം നേടിയെടുക്കുന്നതിനു കഴിയുന്നില്ലയെന്ന സത്യം വെളിവാക്കപ്പെട്ടു. അധികാരവും ആസൂത്രണപരിപാടികളും ഗുണഭോക്താക്കളിൽനിന്നു വളരെദൂരെയായപ്പോൾ വികസനവും അതിന്റെ സദ്ഫലങ്ങളും സാധാരണ ജനങ്ങൾക്ക് അന്യമായി. ഇവിടെയാണ് നമ്മുടെ രാജ്യത്തെ ദുർബലരും സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവരുമായ ജനങ്ങളുടെ ഉന്നമനത്തിന് അധികാരവും ജനപങ്കാളിത്തവും ഉറപ്പാക്കുന്ന സംവിധാനത്തിന്റെ പ്രസക്തി ഭരണാധികാരികൾക്കു ബോധ്യമായത്. മേത്ത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നത് ഈ ലക്ഷ്യം മുൻനിർത്തിയാണ്.

സ്വയം ഉൽപാദനക്ഷമവും സ്വയംപര്യാപ്തവുമായ ഒരു സമ്പദ്വ്യവസ്ഥ കെട്ടിപ്പെടുക്കുന്നതിനാണ് മഹാത്മാഗാന്ധി ആഗ്രഹിച്ചത്. ഗ്രാമങ്ങൾ ഉൽപാദനോപാധികൾ കൈവശമുള്ളതും നഗരങ്ങൾ ഉപഭോഗകേന്ദ്രങ്ങൾ ആയിരിക്കുന്നതുമായ ഒരു വ്യവസ്ഥയായിരുന്നു അദ്ദേഹം വിഭാവനം ചെയ്തത്. പൂർണ്ണമായ അർത്ഥത്തിൽ ഗാന്ധിജി വിഭാവനംചെയ്ത ഗ്രാമസ്വരാജ് രൂപീകൃതമായിട്ടില്ലെങ്കിൽക്കൂടി 73, 74 ഭരണഘടനാഭേദഗതിയിലൂടെ ഗ്രാമപഞ്ചായത്തുകൾക്കു കൈവന്ന അധികാരങ്ങൾ ഉപയോഗപ്പെടുത്തി ഒരു പരിധിവരെ അടിസ്ഥാനതലത്തിൽ ആസൂത്രണവും ജനപങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനു കഴിയും.

പദ്ധതികൾ അടിസ്ഥാനതലത്തിൽ ആസൂത്രണം ചെയ്യപ്പെടുമ്പോൾ അധികാരം വികേന്ദ്രീകരിക്കുകയും അവയിൽ ജനപങ്കാളിത്തം ഉണ്ടാവുകയും ചെയ്യുന്നു. പദ്ധതികളുടെ ആസൂത്രണത്തിലും അവയുടെ നടത്തിപ്പിലും സഹകരിക്കുന്നവർ അവരുടെ ആവശ്യങ്ങളെക്കുറിച്ചു ബോധവാന്മാരാകുന്നു. മാത്രമല്ല, പ്രദേശിക വിഭവങ്ങളെക്കുറിച്ചും അതിനനുസൃതമായി പദ്ധതികൾ തയാറാക്കേണ്ടതിനെക്കുറിച്ചും വ്യത്യസ്ഥമായ പദ്ധതികളിലൂടെ അയൽഗ്രാമങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളെയും കോട്ടങ്ങളെയുംകുറിച്ചും വ്യക്തമായ ധാരണയുണ്ടാക്കുവാൻ ഇതു വികസനപങ്കാളികൾക്കു വഴിയൊരുക്കുകയും ചെയ്യും. പ്രാദേശികപദ്ധതികളുടെ തെരഞ്ഞെടുപ്പ്, മുൻഗണനാക്രമം, അവയുടെ രൂപവൽക്കരണം, സ്ഥലനിർണ്ണയം, മൂല്യനിർണ്ണയം ഇവയെല്ലാം ഗ്രാമീണജനതയ്ക്ക് പങ്കാളിത്തമുണ്ടാവുകയും അതുവഴി ഉദ്യോഗസ്ഥതലങ്ങളിലെ അഴിമതിയും അലസമനോഭാവവും കെടുകാര്യസ്ഥതയും നിയന്ത്രിച്ചുനിർത്തുന്നതിനും തൊഴിലില്ലായ്മയിൽനിന്നും പട്ടിണിയിൽനിന്നും ഗ്രാമീണജനതയുടെ പരിരക്ഷ ഉറപ്പാക്കുന്നതിനും കഴിയുന്നു.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രധാന തടസം ഗ്രാമപഞ്ചായത്തുകളുടെ വിഭവശേഷിക്കുറവാണ്. എന്നാൽ, അധികാരത്തോടൊപ്പം വിഭവങ്ങളും പഞ്ചായത്തുകൾക്കു കൈമാറാനുള്ള വേദി ഒരുങ്ങിവരികയാണ്. ഒമ്പതാംപദ്ധതിയിൽ പഞ്ചായത്തുകൾക്കു ലഭിക്കുന്ന സർക്കാർ വിഹിതമായ 40 ശതമാനവും സംസ്ഥാനസർക്കാർ വിഹിതമായ 60 ശതമാനത്തിൽ വരുന്ന പദ്ധതികളും കേന്ദ്രസർക്കാർ ഫണ്ടും മറ്റു പലവിധ ഏജൻസികളിൽനിന്നും ലഭിക്കുന്ന വികസനഫണ്ടുകളും ജനങ്ങളുടെ പങ്കാളിത്തവും പഞ്ചായത്തിന്റെ നികുതി വരുമാനവും അങ്ങനെ പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വിഭവങ്ങൾ പലതാണ്. ഇവയെല്ലാം ലഭിക്കുന്നതോടുകൂടി ജനകീയാസൂത്രണപരിപാടിയിലൂടെ ദിശമാറ്റം ലഭിച്ച ആസൂത്രണതന്ത്രത്തെ

ഫലപ്രദമായരീതിയിൽ മുന്നോട്ടു ചലിപ്പിക്കാൻ കഴിയുമെന്നു പ്രത്യാശിക്കാം.

കണിച്ചാർ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണപരിപാടിയെക്കുറിച്ചു പറയുമ്പോൾ കുടിയേറ്റക്കാരായ ജനങ്ങൾ ആദ്യകാലംതൊട്ടുതന്നെ വികസനത്തിനുവേണ്ടി അധികാരത്തിന്റെ വാതിലുകൾക്കുമുമ്പിൽ കാവൽകിടക്കാതെ സ്വന്തംനിലയിൽചെയ്യാൻ കഴിയുന്നതിനെ കണ്ടെത്തി യഥാവിധി പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിരുന്നു. ഈ മേഖലയിലെ റോഡുകളും കൊച്ചുകൊച്ചു പാലങ്ങളും വിദ്യാലയങ്ങളും ആശുപത്രികളുമെല്ലാം അത്തരം ജനമുന്നേറ്റത്തിന്റെ ഫലമായാണുണ്ടായതാണ് എന്ന് ഈ അവസരത്തിൽ എടുത്തുപറയേണ്ടിയിരിക്കുന്നു. അത്തരം പ്രവർത്തനങ്ങൾ ഈ നാടിന്റെ ജാതി മത – വർഗ്ഗവിഭാഗങ്ങളുടെ ഐക്യത്തിനും വികസനസംരംഭങ്ങൾക്കും നൽകിയിട്ടുള്ള സംഭാവനകൾ മറക്കാൻ കഴിയുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ 1996 സെപ്റ്റംബറിലാണ് ജനകീയാസൂത്രണ പരിപാടികൾക്കു തുടക്കംകുറിച്ചത്. സെപ്റ്റംബർ 15 –നു പഞ്ചായത്ത്തല ഏകദിന ശില്പശാല കണിച്ചാർ ഡോ. പൽപു മെമ്മോറിയൽ യു.പി. സ്കൂളിൽ നടക്കുകയുണ്ടായി. വളരെ നല്ല തോതിൽ സാമൂഹികപ്രവർത്തകരിൽനിന്നും സാധാരണജനങ്ങളിൽനിന്നും സഹകരണം ലഭിച്ചു. അതിനുശേഷം പഞ്ചായത്തുതല സന്നദ്ധപ്രവർത്തകരെ 10 ഗ്രൂപ്പുകളായി തിരിച്ച് ദ്വിതീയവിവ ശേഖരണം നടത്തി. സെപ്റ്റംബർ 21 മുതൽ ഒക്ടോബർ 2 വരെ വിശേഷാൽ ഗ്രാമസഭകൾ എട്ടു വാർഡുകളിലും തൃപ്തികരമായനിലയിൽ നടത്തി. പിന്നീടു പഞ്ചായത്തിന്റെ വൈവിധ്യവും ഭൂപ്രകൃതിയും ജലപ്രകൃതിയും ജനപ്രകൃതിയും മനസിലാക്കുന്നതിനുവേണ്ടി പഞ്ചായത്തിനെ 4 മേഖലകളായി തിരിച്ച് വിദഗ്ധരെ ഉപയോഗപ്പെടുത്തി ദ്രുതഗ്രാമപഠനം നടത്തി. രണ്ടാംഘട്ട ശില്പശാല നവംബർ 5–നു കണിച്ചാർ ഡോ. പൽപു മെമ്മോറിയൽ യു.പി. സ്കൂളിൽ നടത്തി.

കഴിഞ്ഞ ഒരു വർഷകാലത്തിനുള്ളിൽ സർക്കാരിന്റെയും ഉപരിപഞ്ചായത്തുകളുടെയും നിർദേശാനുസരണവും അല്ലാതെയും ഒട്ടേറെ പരിപാടികളും പദ്ധതികളും നമ്മുടെ പഞ്ചായത്തിനകത്തു നടപ്പാക്കിയിട്ടുണ്ട്. അവികസിതമായ മേഖലയെന്നനിലയിലും സാമ്പത്തിക ഞെരുക്കത്തിനുള്ളിലും നിന്നുകൊണ്ട് ഒട്ടേറെ പരിപാടികൾ സംഘടിപ്പിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിനകത്തു സംഘടിപ്പിച്ച മദ്യവർജ്ജന ബോധവൽക്കരണപരിപാടി ജനശ്രദ്ധ ആകർഷിച്ച ഒന്നായിരുന്നു. വ്യാജമദ്യവിരുദ്ധപ്രചാരണം പഞ്ചായത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നതിനു സർവ രാഷ്ട്രീയകക്ഷികളുടെയും ബഹുജനസംഘടനകളുടെയും സാംസ്കാരികസംഘടനകളുടെയും സഹായത്തോടും പങ്കാളിത്തത്തോടുംകൂടി കഴിഞ്ഞിട്ടുണ്ട്. പേപ്പട്ടി വിഷബാധക്കെതിരേ എല്ലാ വാർഡുകളിലും നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സമ്പൂർണ പോളിയോ നിർമാർജനയജ്ഞത്തിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനത്തെ 100 ശതമാനം വിജയത്തിൽ എത്തിക്കുന്നതിനും നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. എല്ലാ വിഭാഗമാളുകളുടെയും സഹകരണത്തോടെ കേരളോത്സവം മത്സരപരിപാടികൾ വമ്പിച്ച വിജയമാക്കുന്നതിനും ബ്ലോക്ക് ജില്ലാതലത്തിൽ കലാകായികരംഗത്തെ പ്രതിഭകളെ മത്സരിപ്പിക്കുന്നതിനും വിജയങ്ങൾ നേടുന്നതിനും നമുക്കു കഴിഞ്ഞിട്ടുണ്ട്.

വിവിധ വാർഡുകളിലെ വാഹനഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ജനപങ്കാളിത്തത്തോടെ ഗതാഗതയോഗ്യമാക്കുന്നതിനു പഞ്ചായത്ത് ആവശ്യമായ സഹായങ്ങൾ നൽകിയിട്ടുണ്ട്. ബ്ലോക്ക്, ജില്ല തുടങ്ങിയ മേഖലകളിൽനിന്നു കിട്ടുന്ന ഫണ്ടുകൾ ഉപയോഗിച്ചു വിവിധ വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പിന്നോക്കവിഭാഗത്തിൽ നിൽക്കുന്ന പണിയവിഭാഗത്തിന്റെ ജീവിതനിലവാരം മുൻനിരയിൽ എത്തിക്കുന്നതിന് തീവ്രമായ പരിശ്രമം പഞ്ചായത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വിഭാഗത്തിലെ കുട്ടികൾക്കു കുട വിതരണം ചെയ്തു. കുട്ടികളെ സ്കൂളിൽ അയക്കുന്നതിനു പ്രത്യേക ശ്രദ്ധ പഞ്ചായത്ത് നൽകുന്നു. ഈ വിഭാഗത്തിൽ കൂടുതലായി വീടുകൾ, കക്കൂസ്, ചികിത്സാസൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനു പഞ്ചായത്ത് ശ്രദ്ധപതിപ്പിക്കാറുണ്ട്.

പൊതുവിൽ ഇന്നുള്ള പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഒമ്പതാംപദ്ധതിയുടെ ജനകീയാസൂത്രണംകൊണ്ടു കഴിയുമെന്ന് നമുക്കു വിശ്വസിക്കാം.

വിദ്യാസമ്പന്നരും സേവനതൽപരരുമായ കുറെ ചെറുപ്പക്കാരുടെയും സാമൂഹികപ്രവർത്തകരുടെയും സഹകരണം ജനകീയാസൂത്രണ പരിപാടിയടക്കമുള്ള നല്ല കാര്യങ്ങൾക്കു ലഭിക്കുന്നുണ്ട്. ഇതു തീർച്ചയായും നാളെയും വികസനപ്രവർത്തനങ്ങൾക്കു മുതൽക്കൂട്ടാവുമെന്നു പ്രത്യാശിക്കുന്നതോടൊപ്പം ഒമ്പതാം പദ്ധതിയിലൂടെ നമ്മുടെ നാടിന്റെ വികസനസ്വപ്നങ്ങൾ ഒരു പരിധിവരെയെങ്കിലും സഫലീകരിക്കാൻ കഴിയുമെന്നും അങ്ങനെ ഈ വികസനരേഖയിലൂടെ ജനങ്ങൾ പങ്കുവച്ച സാമൂഹികപുരോഗതിക്കായുള്ള കാത്തിരിപ്പ് യാഥാർഥ്യമാക്കാൻ കഴിയുമെന്ന ആത്മവിശ്വാസം പങ്കുവക്കട്ടെ.



# 3. കണിച്ചാർ – ചരിത്രത്തിന്റെ വഴികളിലൂടെ

നമ്മുടെ മുൻതലമുറക്കാർ ജീവിതത്തിന്റെ അനിവാര്യമായ ഗതിമാറ്റത്തിൽ ജനിച്ചു വളർന്നവീടും നാടുംവിട്ട് പുതിയ മേച്ചിൽപ്പുറങ്ങൾ തേടിപ്പോയി, എത്തിച്ചേർന്ന നാട്ടിൽ നിലനിൽപ്പിനുവേണ്ടി. അവർക്ക് നേരിടേണ്ടിവന്ന പ്രശ്നങ്ങൾ നിരവധിയാണ്. കണ്ണൂർ ജില്ലയുടെ കിഴക്ക് പശ്ചിമഘട്ടമലനിരകളിൽ ഹരിതഭംഗിനിറഞ്ഞ മലകളും കൊച്ചുകൊച്ചുകുന്നുകളും പുഴകളും അരുവികളും സമ്പുഷ്ടമാക്കുന്ന ഒരുൾനാടൻ മലയോരമേഖലയാണ് കണിച്ചാർ. സ്വതന്ത്രഭാരതസ്വപ്നം കത്തി ജ്വലിച്ചുനിന്ന 1930–കളിലാണ് കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു സ്വപ്നങ്ങളുടെ ഭാണ്ഡവുമായ് ഇവിടേക്ക് കുടിയേറ്റം ആരംഭിക്കുന്നത്. എന്നാൽ പുതിയ നാട്ടിൽ മാരകരോഗങ്ങളും ക്രൂരമൃഗങ്ങളുമടക്കം നിരവധി പ്രശ്നങ്ങളാണവരെ കാത്തിരുന്നത്. അവ പലരേയും കീഴടക്കിയെങ്കിലും ഒടുവിൽ അവയെല്ലാം കുടിയേറ്റ ജനയുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ കീഴടങ്ങുകതന്നെ ചെയ്തു. ഇവിടെ താമസമുറപ്പിച്ച ആദ്യതലമുറക്ക് നേരിടേണ്ടിവന്ന പ്രശ്നങ്ങൾ, ജീവിതസൗകര്യങ്ങൾ കരുപിടിപ്പിക്കുന്നതിനുവേണ്ടി അവർ നടത്തിയ പരിശ്രമങ്ങൾ എന്നിവയിലെല്ലാം അവർക്ക് ഒരു മനസായിരുന്നു. ത്യാഗോജ്വലമായ ആ മുന്നേറ്റത്തിന്റെ വഴിത്താരകളിൽ അവർ നടത്തിയ ജീവൻമരണ പോരാട്ടങ്ങൾക്കിടയിലുള്ള കുതിപ്പിന്റെയും കിതപ്പിന്റെയും അനുഭവചിത്രമാണ് ഇന്നാടിന്റെ ചരിത്രം.

## കുടിയേറ്റം

1930–കളിലാണ് തിരുവിതാംകൂറിന്റെ പലഭാഗങ്ങളിൽനിന്ന് ഇന്നാട്ടിലേക്ക് കുടിയേറ്റം ആരംഭിക്കുന്നത്. ഈ മേഖലയിൽ കുടിയേറ്റം ആരംഭിക്കുന്നകാലത്ത് പേരാവൂരിലും പരിസരത്തും മാത്രമേ ഏതാനും ചില കുടുംബങ്ങൾ ഉണ്ടായിരുന്നുള്ളു. കൂടാതെ ആദിവാസികളായ കുറിച്യരുടെയും പണിയരുടെയും ചില കോളനികളുമുണ്ടായിരുന്നു. ഒറ്റപ്പെട്ട കുടിയേറ്റമായിരുന്നു ആദ്യമെല്ലാം. സഹായിക്കാനാളില്ലാത്ത ദുരിതപൂർണമായ അവസ്ഥയിൽ രോഗങ്ങളാലും കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങളാലും മരണമടഞ്ഞവർ നിരവധിയാണ്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽമടങ്ങിപോയവരുമുണ്ട്. എങ്കിലും വന്നവരിലധികവും പിടിച്ചുനിന്നു. 1950–കളിൽ ഈ മേഖലയിൽ കുടിയേറ്റക്കാരുടെ വരവിൽ കാര്യമായ വർദ്ധനവുണ്ടായി. കണിച്ചാർ, ഓടന്തോട്, കൊളക്കാട്, നെടുംപ്രംചാൽ, പൂളക്കുറ്റി എന്നിവിടങ്ങളിൽ നിരവധി കുടുംബങ്ങൾ വന്നെത്തി.

കൂടുതൽ കുടുംബങ്ങൾ വന്നെത്തിയതോടുകൂടി കാടുകളൊക്കെ വെട്ടിത്തെളിച്ച് വ്യാപകമായി കൃഷിയിറക്കുന്നതിന് ശ്രമങ്ങൾ ആരംഭിച്ചു. ഭക്ഷണത്തിനുവേണ്ടി കപ്പയും നെല്ലും പിന്നെ ഇഞ്ചിപ്പുല്ല് (തെരുവപ്പുല്ല്) കൃഷിയുമായിരുന്നു ആദ്യമൊക്കെ നടത്തിയിരുന്നത്. പകൽ കൃഷിഭൂമിയിലുള്ള ചെറിയ കുടിലുകളിലും രാത്രിയിൽ ഏറുമാടങ്ങളിലുമായിരുന്നു ആദ്യകാലകുടിയേറ്റക്കാരായ ഇത്തരം കടുംബങ്ങളുടെ താമസം. നിലത്തു വീടുവച്ചാൽ കാട്ടുമൃഗങ്ങളുടെ ക്രൂരതകളിൽനിന്ന് ജീവൻരക്ഷിക്കുക എളുപ്പമായിരുന്നില്ല. ഉറങ്ങികിടക്കുമ്പോൾ കാട്ടാന ചവിട്ടിപൊളിക്കുന്ന വീട്ടിൽനിന്നും കൊച്ചുകുഞ്ഞുങ്ങളെ വാരിയെടുത്ത് പ്രാണരക്ഷാർത്ഥം ഓടിരക്ഷപെടേണ്ടിവന്ന അനുഭവകഥകൾ ആദ്യകാല കുടിയേറ്റക്കാർക്കുണ്ട്. രണ്ടും മൂന്നും അഞ്ചും വർഷങ്ങൾ കഠിനാധ്വാനം ചെയ്തുണ്ടാക്കിയ തെങ്ങും കുരുമുളകും ഇഞ്ചിയും കപ്പയുമെല്ലാം കൂട്ടമായെത്തുന്ന കാട്ടാനകൾ ചവിട്ടി നശിപ്പിച്ചു കളയുന്ന ഹൃദയഭേദകമായ കാഴ്ച മര

ക്കൊമ്പിലെ കാവൽമാടങ്ങളിലിരുന്ന് നിറകണ്ണുകളോടെ നോക്കിക്കാണാനേ അവർക്ക് കഴിഞ്ഞിരുന്നുള്ളു. കാട്ടാനകൂട്ടങ്ങൾ ഒന്നോ രണ്ടോ മണിക്കൂർ താണ്ഡവം കവിഞ്ഞ് തിരികെ പോവുമ്പോൾ ഒരു പ്രദേശത്തെ കൃഷികൾ മുഴുവൻ നിലത്തടിഞ്ഞിട്ടുണ്ടാവും. ചിലപ്പോഴെല്ലാം പടക്കം പൊട്ടിച്ചും തീപ്പന്തമെറിഞ്ഞും കാട്ടാനകളെയും ക്രൂരമൃഗങ്ങളേയും വിരട്ടിയോടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാലക്രമേണ കൂടുതൽ കുടിയേറ്റക്കാർ വന്നെത്തിയതോടെ ഈ ശല്യക്കാരെയും അവർകീഴടക്കി. കൂടുതൽ കുടുംബങ്ങൾ വരികയും കൂട്ടമായി താമസിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ മൃഗങ്ങളുടെ ശല്യം ക്രമേണ കുറഞ്ഞുവന്നു. ദേശിയപ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരോടും അവരുടെ ബന്ധുജനങ്ങളോടും അന്നത്തെ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പീഡനങ്ങൾ മലബാറിലേക്ക് കൂടുതൽ കുടിയേറ്റമുണ്ടാകുന്നതിന് കാരണമായി. അതുപോലെ കുടിയേറ്റക്കാരുടെ മറ്റൊരു പ്രധാന ശത്രു രോഗങ്ങളായിരുന്നു. ജനിച്ചുവളർന്ന നാട്ടിലേതിൽനിന്ന് വ്യത്യസ്തമായ സാഹചര്യങ്ങളും കാലാവസ്ഥയും മറ്റും പലവിധ രോഗങ്ങൾ പിടിപെടാൻ കാരണമായിട്ടുണ്ട്. അവ ഫലപ്രദമായി തടയാൻകഴിയുന്നതരത്തിൽ ചികിത്സാ സൗകര്യത്തിന്റെ ആഭാവം രോഗങ്ങൾ പടർന്നുപിടിക്കുന്നതിനിടയായിട്ടുണ്ട്. മലമ്പനി, മഞ്ഞപ്പിത്തം പിന്നെ മറ്റുപലതരം പനികൾ ഇവയെല്ലാമായിരുന്നു രോഗങ്ങൾ. ഇങ്ങനെ മാറാരോഗങ്ങളായ മലമ്പനിയും മഞ്ഞപ്പിത്തവും തട്ടിയെടുത്ത മനുഷ്യജീവിതങ്ങൾ നിരവധിയാണ്.

ഇക്കാലത്ത് രോഗങ്ങൾ പിടിപെട്ടാൽ പച്ചമരുന്ന് ഉപയോഗിച്ചുള്ള ചികിത്സകളായിരുന്നു പതിവ്. അഥവാ അങ്ങനെ മാറാത്ത രോഗമാണെങ്കിൽ പലരും വന്നനാട്ടിലേക്ക് തിരികെപ്പോയി ചികിത്സിച്ചു ഭേദമായി മടങ്ങിവരികയായിരുന്നു പതിവ്. അതിന് സാമ്പത്തികശേഷി അനുവദിക്കാത്തവർ നാട്ടുവൈദ്യൻമാരുടെ ചിതിത്സാരീതിയെ ശരണം പ്രാപിക്കേണ്ടിവന്നു. പലപ്പോഴും മരണത്തിലേക്കുതന്നെയായിരുന്നു ഇത്തരം ചികിത്സകളുടെ അവസാനം.

കുടിയേറ്റം ആരംഭിക്കുന്ന മുപ്പതുകളിൽ ഈ മേഖലയിൽ തുടിയാട്ടും ഓടപ്പുഴയിലും ആറാഞ്ചേരിയിലും ചെങ്ങോത്തും കൊളക്കാടും നെടുംമ്പ്രംചാലിലും അഞ്ചില്ലത്തും ഏതാനും ആദിവാസികുടുംബങ്ങൾ താമസിച്ചിരുന്നു. ആദിവാസികളിൽ അധികവും കുറിച്യ സമുദായത്തിൽപ്പെടുന്നവരായിരുന്നു. ഇവർ കാര്യമായ കൃഷിയൊന്നും നടത്തിയിരുന്നില്ല. കാരണം അക്കാലത്ത് കൃഷികളൊന്നും കാട്ടുമൃഗങ്ങളിൽനിന്ന് രക്ഷിച്ചെടുക്കുക എളുപ്പമായിരുന്നില്ല. ആയതിനാൽ അന്നന്നത്തെ ആഹാരത്തിനുള്ള കായ്കനികളും കാട്ടുകിഴങ്ങുകളും തേനും മറ്റും കാട്ടിൽനിന്നു ശേഖരിച്ച് ഉപജീവനത്തിനുള്ള വഴി കണ്ടെത്തുകയായിരുന്നു അവരുടെ പതിവ്. കൂടാതെ വേട്ടയാടികിട്ടുന്ന ചെറുമൃഗങ്ങളും പക്ഷികളുമായിരുന്നു അവരുടെ ഭക്ഷണം. പിന്നീട് ഇവർ ഒരു കോളനിയായി അടുത്തടുത്ത് വീടുകൾ നിർമിച്ച് കൂട്ടമായി താമസിച്ചുപോന്നു. ഇവർക്ക് സ്വന്തമായി ആചാരാനുഷ്ഠാനങ്ങളും ജീവതരീതിയുമൊക്കെ ഉണ്ടായിരുന്നു. ഓരോ കോളനിയിലും പ്രാപ്തനായ പ്രായംകൂടിയ ഒരാൾ കോളനിയുടെ അധിപനായി 'മൂപ്പൻ' എന്നപേരിൽ കോളനി ഭരണകർത്താവായി നിലകൊണ്ടിരുന്നു. കോളനിയിലെ കുടുംബങ്ങൾ തമ്മിലും ഇതരവ്യക്തികൾ തമ്മിലുമുള്ള പ്രശ്നങ്ങൾക്ക് ഈ മൂപ്പൻമാർ തീർപ്പുകൽപ്പിക്കുന്ന അധികാരിസ്ഥാനമായി നിലകൊണ്ടു. അതുപോലെ വിവാഹം പോലുള്ള മംഗളകാര്യങ്ങളിൽ ഇവർ നേതൃത്വം നൽകി. ഒരു മൂപ്പന്റെ കാലശേഷം അയാളുടെ അനന്തിരവനോ, മൂപ്പൻ ജീവിച്ചിരിക്കുമ്പോൾ നിർദ്ദേശിക്കുന്ന ആളോ ആ സ്ഥാനം വഹിച്ചുപോന്നു.

പുതുതായി കടന്നുവന്നവരോട് ഇവരെന്നും ഒരു നിശ്ചിത ദൂരം കാത്തുപോന്നു. മറ്റുള്ളവരുമായി സമ്പർക്കം സ്ഥാപിച്ചിരുന്നില്ല. അവരുടെ വസ്തുവകളിൽ സ്പർശിക്കുന്നതിനോ ഭവനങ്ങളിൽ പ്രവേശിക്കുന്നതിനോ ഒരിക്കലും മറ്റുള്ളവരെ അനുവദിച്ചിരുന്നില്ല. അവരുടെ ആചാരാനുഷ്ഠാനങ്ങൾക്കും ജീവിതരീതിക്കും ഭംഗംവരാതെ അവർ മറ്റുള്ളവരുമായി തൊട്ടുകൂടായ്മ അല്ലെങ്കിൽ 'അയിത്തം' എന്നൊരാചാരരീതിതന്നെ പുലർത്തിപ്പോന്നു. പുറത്തുനിന്നുള്ളവർ വീടുകളിൽ പ്രവേശിച്ചാൽ അവർ പോയശേഷം ചാണകവെള്ളം തളിച്ച് വീടിന് ശുദ്ധിവരുത്തുമായിരുന്നു. അതുപോലെ മറ്റുള്ളവരുമായി സമ്പർക്കപ്പെട്ടാൽ കുളിച്ചതിനുശേഷംമാത്രമേ സ്വന്തം ഭവനങ്ങളിൽ പ്രവേശിച്ചിരുന്നുള്ളു. 1980-കളിൽ വരെ ഈ ആചാരരീതി അവരുടെ ഇടയിൽ നിലകൊണ്ടു. സാമൂഹ്യപുരോഗതിയും ജീവിതവൃത്തിക്കുവേണ്ടിയും മറ്റുള്ളവരെ കൂടുതൽ ആശ്രയിക്കേണ്ടിവന്നതുകൊണ്ടും വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ കൂടുതലായി സഹകരിക്കാൻ തുടങ്ങിയതും ഈ ദുരാചാരങ്ങൾ ക്രമേണ ഇല്ലാതാകാൻ ഇടയായി. ഇന്ന് കുറിച്യ സമുദായത്തിൽപ്പെട്ട നിരവധിപേർ ഉന്നതവിദ്യാഭ്യാസംനേടി സർക്കാർ ജോലിക്കാരായുണ്ട്. എങ്കിലും

ഈ പഞ്ചായത്തിലെ നാലു കുടുംബങ്ങളിൽ ഇന്നും അയിത്തം ആചരിക്കുന്നുണ്ട്.

മറ്റൊരു ആദിവാസി വിഭാഗമായിരുന്ന പണിയസ മുദായത്തിലെ കുറെ കുടംബങ്ങളും ഇന്നാട്ടിലുണ്ടായിരുന്നു. ആറ്റാഞ്ചേരിയിലും ഓടപ്പുഴയിലും അഞ്ചില്ലത്തും. ഇവർ അന്നും ഇന്നും കുറിച്യ സമുദായത്തെ അപേക്ഷിച്ച് സാമൂഹ്യമായി വളരെ പിന്നിലാണ്. കുറിച്യരുടേതിന് സമാനതകളുള്ള ജീവിതരീതിയായിരുന്നു ഇവർക്കും. കോളനിയായിട്ടായിരുന്നു ഇവരുടെയും ജീവിതം. കായ്കനികളും കാട്ടു കിഴങ്ങും മറ്റുമായിരുന്നു ഇവരുടെയും ആഹാരം. വേട്ടയാടിയും മീൻപിച്ചു ഭക്ഷിച്ചും ഇവർ നിത്യവൃത്തികഴിഞ്ഞു വന്നു. ഇവർക്ക് ഇന്നും കാര്യമായ കൃഷിഭൂമിയൊന്നും ഇല്ല. കുറഞ്ഞ സ്ഥലത്ത് കുറെ കുടിലുകൾ തീർത്ത് അതിലാണ് ഇവരുടെ ജീവിതം. സ്വന്തമായ വരുമാന മാർഗ്ഗങ്ങളില്ലാത്ത ഇവരുടെ ജീവിതം വളരെ ദുഷ്ക്കരമാണ്. നാട്ടുകാരുടെ തോട്ടങ്ങളിൽ കൊഴിഞ്ഞുവീഴുന്ന അടക്കയും, തേങ്ങയും മറ്റും ശേഖരിച്ച് വിൽപന നടത്തി ഉപജീവനം നടത്തിപ്പോരുന്നു. ഇപ്പോൾ കുറെ പേർക്ക് സർക്കാരിന്റെ വിവിധ സ്കീമുകൾവഴി വീട് നിർമിച്ചുനൽകിയിട്ടുണ്ട്. കുറെപേർ കൂലിവേല ചെയ്തു ജീവിക്കുന്നു. അടുത്തകാലത്തായി അൽപ്പാൽപ്പമായി വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ കുട്ടികൾ സഹകരിച്ചു തുടങ്ങുന്നുണ്ട്.

കുടിയേറ്റം ആരംഭിക്കുന്നകാലത്ത് ഈ പ്രദേശം മിക്കവാറും പാറപ്രവൻതറവാടിന്റെ കൈവശമായിരുന്നു. അവരിൽനിന്ന് കുറെശ്ശെയായി വിലകൊടുത്ത് വാങ്ങിയും പാട്ടത്തിനുമെടുത്താണ് പലരും കൃഷി ചെയ്തിരുന്നത്. ഭൂപരിഷ്ക്കരണനടപടികൾ വന്നപ്പോൾ ഇങ്ങനെ പാട്ടത്തിനെടുത്ത പലരും കൃഷിഭൂമിയുടെ അവകാശികളായിതീർന്നു.

ആദ്യകാലത്ത് കാടുവെട്ടിത്തെളിച്ച് കപ്പയും (മരച്ചീനി) നെല്ലുമായിരുന്നു പ്രധാനകൃഷികൾ. പിന്നീട് തെരുവ പുല്ല് കൃഷിയും ചേനയും ചേമ്പും ഇഞ്ചിയും കാച്ചിലും നട്ടുപിടിപ്പിച്ചു. ആദ്യകാലത്ത് പ്രധാനവരുമാനമാർഗം ഇഞ്ചിയും കപ്പയും നെല്ലും തെരുവപ്പുൽ കൃഷിയുമായിരുന്നു. അതിനുശേഷം കുരുമുളകും തെങ്ങും കശുമാവും ഏറ്റവും ഒടുവിലായി റബ്ബറും തോട്ടമായി കൃഷിചെയ്തു തുടങ്ങി.

1960-ൽ കൊട്ടിയൂർ മേഖലയിലെ ഭൂമി മുഴുവൻ എൻ.എസ്.എസ്. കൊട്ടിയൂർ ദേവസ്വത്തിൽനിന്ന് കൈവശമായി ചാർത്തിവാങ്ങിയത് ഇന്നാട്ടിൽ വലിയ പ്രശ്നങ്ങൾക്ക് വഴിമരുന്നിട്ടു. ഇങ്ങനെ കൈവശമാക്കിയ ഭൂമിയിൽ കണിച്ചാറിന്റെ ഭാഗമായിരുന്ന കുറെ ഭൂമിയും ഉൾപ്പെട്ടു. എന്നാൽ ജനങ്ങൾ ജാതിമത-വർഗ ഭേദമന്യേ ഇതിനെ നേരിട്ടു. തലശ്ശേരി ബിഷപ്പ് ഡോ.സെബാസ്റ്റ്യൻ വള്ളോപ്പള്ളി, ബി. വെല്ലിംഗ്ടൺ, എ.കെ. ഗോപാലൻ, ഫാ. വടക്കൻ, ഫാ. ചിറയത്ത് മുതലായവരുടെ നേതൃത്വത്തിൽ ജനങ്ങൾ നടത്തിയ നിന്തര സമരങ്ങളും, അധികാരസ്ഥാനങ്ങളിലും മറ്റും സമ്മർദം ചെലുത്തിയതിന്റെ ഫലമായി, ഒടുവിൽ എൻ.എസ്.എസുകാർ ജനങ്ങൾക്ക്തന്നെ ഭൂമിവിട്ടു കൊടുത്ത് പ്രശ്നം ഒത്തുതീർത്തു.

ഈ മേഖലയിലെ ജനസംഖ്യയിൽ ഭൂരിഭാഗവും ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവരാണ് അധിവസിച്ചുപോരുന്നത്. അതിനാൽനന്നെ തലശ്ശേരി, കോഴിക്കോട് രൂപതകളുടെ കീഴിൽ രൂപംകൊണ്ട നെടുംബ്രംചാൽ, കൊളക്കാട്, കണിച്ചാർ, തൊണ്ടിയിൽ മുതലായ പള്ളികളിലെ വൈദികർ, കുടിയേറ്റത്തിന് വലിയതോതിൽ പ്രോത്സാഹനമായി. അതുപോലെ തന്നെ കണിച്ചാറിലെയും മൂർച്ചിലക്കാവിലേയും ഹൈന്ദവ ആരാധനാലയങ്ങൾ ആ ജനവിഭാഗത്തിന് ആദ്യകാലത്ത് വളരെയേറെ അനുഗ്രഹമായി.

കുടിയേറ്റത്തിന്റെ ആദ്യകാലത്ത്, അതായത് 1960-ൽ ഈ മേഖലക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് വികസനപ്രവർത്തനങ്ങൾക്ക് കാര്യമായ സഹായമൊന്നും ലഭിച്ചിരുന്നില്ല. എന്നാൽ ഇന്നാട്ടിലെ ജനങ്ങൾ അതൊന്നും കാര്യമായെടുത്തില്ല. ജനങ്ങൾ നാടിന്റെ പുരോഗതിക്കുവേണ്ടി ജാതി-മത പരിഗണനനോക്കാതെ ഒറ്റക്കെട്ടായി നിലകൊണ്ടു. അത്തരം സംഘടിതപ്രവർത്തനത്തിലൂടെ, കൂട്ടായ്മയിലൂടെ ഉണ്ടായിട്ടുള്ളതാണ് ഇന്നാട്ടിലെ ആദികാല വികസന ഫലങ്ങൾ. അങ്ങനെ നിർമ്മിക്കപ്പെട്ട റോഡുകളും കൊച്ചുകൊച്ചു പാലങ്ങളും ഈ മേഖലയിൽ നിരവധിയാണ്. ആദ്യകാലത്ത് യാത്രക്ക് വാഹനങ്ങളൊന്നും ലഭ്യമായിരുന്നില്ല. ആയതിനാൽ ജനങ്ങൾ സാധനങ്ങൾ കൊണ്ടുപോവുന്നതിനും അത്യാവശ്യയാത്രകൾക്കും കാളവണ്ടിയായിരുന്നു ആശ്രയിച്ചിരുന്നത്. 1980-കാലത്ത് വരെ കാളവണ്ടികൾ ഈമേഖലയിലെ റോഡുകൾക്ക് സുപരിചിതമായിരുന്നു.

## പഞ്ചായത്ത് രൂപീകരണം

1963-ൽ കണിച്ചാർ കേന്ദ്രമായി കാപ്പാട് പഞ്ചായത്ത് രൂപീകരിച്ചു. ഇന്നത്തെ കണിച്ചാർ, കേളകം,കൊട്ടിയൂർ പഞ്ചായത്തുകളുൾപ്പെടുന്ന മുഴുവൻ പ്രദേശങ്ങളും കാപ്പാടുപഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1964-ലെ ഇലക്ഷനിൽ ജോർജ്കുട്ടി മുക്കാ

ടന്റെ നേതൃത്വത്തിൽ ആദ്യത്തെ ഭരണസമിതി അധികാരമേറ്റെടുത്തു. 1970–ൽ കാപ്പാട് പഞ്ചായത്ത് വിഭജിച്ച് കൊട്ടിയൂർ പഞ്ചായത്ത് രൂപീകരിച്ചു. 1972–ൽ വീണ്ടും കാപ്പാട് പഞ്ചായത്തിനെ നെടുകെ വിഭജിച്ച് കണിച്ചാറും കേളകവും കേന്ദ്രമായി പുതിയ പഞ്ചായത്തുകൾ നിലവിൽവന്നു. അപ്രകാരം ശ്രീ. പ്രഭാകരൻ നായരായിരുന്നു ആദ്യത്തെ കണിച്ചാർ പഞ്ചായത്ത് പ്രസിഡന്റ്. മാത്യു കൊട്ടാരംകുന്നേൽ, കുന്നുമ്മൽ കേളപ്പൻ എന്നിവർ മെമ്പർമാരായിരുന്നു. 1974–ൽ ഈ ഭരണസമിതിയിലേക്ക് സി.എസ്.നായർ, വർക്കി വളത്തുങ്കൽ, ആയിലുകുന്നേൽ തോമസ്, ജോണി തുരുത്തിയിൽ, അമ്മിണി മുളക്കക്കുടി എന്നീ അഞ്ച് അംഗങ്ങളെകൂടി സർക്കാർ നാമനിർദേശം ചെയ്തു ഈ എട്ടംഗ ഭരണസമിതി ശ്രീ. മാത്യു കൊട്ടാരം കുന്നേലിനെ പ്രസിഡന്റായും കുന്നുമ്മൽ കേളപ്പനെ വൈസ് പ്രസിഡന്റായും തെരഞ്ഞെടുത്തു. 1976–ൽ ശ്രീ. മാത്യു സ്ഥാനമൊഴിഞ്ഞപ്പോൾ വൈസ് പ്രസിഡന്റ് ശ്രീ. കുന്നമ്മൽ കേളപ്പൻ പ്രസിഡന്റായി ചുമതലയേറ്റെടുത്തു. ആ ഭരണസമിതി 1979–വരെ നിലനിന്നു.

തുടർന്ന് 1979–ൽ പഞ്ചായത്ത് നിലവിൽവന്നതിനുശേഷം ആദ്യത്തെ തെരെഞ്ഞെടുപ്പ് നടന്നു. വി.എ. ജോസഫ് പ്രസിഡന്റും, ജോസഫ് എടത്താഴത്ത് വൈസ് പ്രസിഡന്റും, എം.വി. പ്രഭാകരൻ, പി.കെ. വിശ്വനാഥൻ, കെ. എം. ജോൺ, മാത്യു കൊച്ചുതാഴത്ത്, കെ. കേളപ്പൻ, ഏലിയാമ്മ വർഗീസ് എന്നിവർ അംഗങ്ങളുമായി ഭരണസമിതി അധികാരമേറ്റെടുത്തു. ഈ ഭരണസമിതി 1984–വരെ തുടർന്നു.



**വി.എ. ജോസഫ്**
തെരഞ്ഞെടുക്കപ്പെട്ട ആദ്യഭരണ സമിതിയുടെ പ്രസിഡന്റ്

അതിനുശേഷം 1988–ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീമതി മേരിക്കുട്ടി ജോസഫ് പ്രസിഡന്റും കെ. കേളപ്പൻ വൈ.പ്രസിഡന്റും വർക്കി കളത്തുങ്കൽ, എം.എസ്. വാസുദേവൻ, ജേക്കബ് മുഞ്ഞനാട്, ശ്രീമതി സതി തച്ചിലോടി, മാത്യു കുന്നത്തുശ്ശേരി, മാത്യു ഇളംപുരയിടത്തിൽ എന്നിവർ അംഗങ്ങളുമായ ഭരണസമിതി അധികാരമേറ്റെടുത്തു. 1995 സെപ്റ്റംബർ വരെ ഈ ഭരണസമിതി തുടർന്നു.

തുടർന്നു 1995–സെപ്റ്റംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ചു. ശ്രീ. സി.എം. മാണിയുടെ നേതൃത്വത്തിലുള്ള ഭരണസമിതി 1995–ഒക്ടോബർ 2–ന് അധികാരമേറ്റു. ശ്ര. ലീലാമ്മ ആൻഡ്രൂസ്, മേരിക്കുട്ടി തോമസ് (വൈസ് പ്രസിഡന്റ്), എം.എസ്. വാസുദേവൻ, കെ. കേളപ്പൻ, മൈക്കിൾ ടി. മാലത്ത് (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ), കെ.വി. മത്തായി, ശ്രീമതി ലിജി ജോസഫ് എന്നിവർ അംഗങ്ങളുമാണ്. ഈ ഭരണസമിതിയാണ് ഇപ്പോഴും ഭരണം നടത്തുന്നത്.

## വികസനപ്രവർത്തനങ്ങൾ

ഇവിടെ കാലുറപ്പിച്ചതോടെ ജനങ്ങൾ ജീവിതസൗകര്യങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിനുവേണ്ടിയുള്ള ഒത്തുചേരലായിരുന്നു അടുത്തപടി. ജനവാസമുള്ള സ്ഥലങ്ങളിലേക്ക് റോഡുകൾ നിർമിക്കുകയായിരുന്നു ആദ്യം ചെയ്തത്. പേരാവൂർ–കൊട്ടിയൂർ 25 കി.മി. വാരപ്പീടിക–മഞ്ഞളാംപുറം–8 കി.മി., കൊളക്കാട്–കാടൻമല 29–ാം മൈൽ–10 കി.മി., നെടുംബ്രംചാൽ–പൂളക്കുറ്റി–28–ാം മൈൽ റോഡ്, തൊണ്ടിയിൽ–കൊളക്കാട് എന്നിവ അങ്ങിനെ നിർമ്മിച്ച പ്രധാന റോഡുകളായിരുന്നു. അതുപോലെ ഇവയുടെ അനുബന്ധപാതകളും സന്നദ്ധപ്രവർത്തനത്തിലൂടെ രൂപംകൊണ്ടു.

**സ്ഥലമാനങ്ങൾ:** ഇന്നാട്ടിലെ സ്ഥലനാമങ്ങളെക്കുറിച്ച് പല ഐതീഹ്യങ്ങളും പറഞ്ഞുകേൾക്കുന്നുണ്ട്.

കണിച്ചാർ ദക്ഷയാഗത്തിൽ സംബന്ധിക്കാൻ കൊട്ടിയൂർക്ക് പോവുകയായിരുന്ന സതിദേവി, തന്റെ ഭർത്താവ് ശിവനെ പിതാവായ ദക്ഷൻ ക്ഷണിക്കാതിരുന്നതിനാലുള്ള ദു:ഖവും മാനഹാനിയുംമൂലം ഇരുന്നുകരഞ്ഞസ്ഥലത്ത് കണ്ണിര് വീണൊഴുകി ചാലായിത്തീർന്നുവെന്നും പിന്നീട് ജനങ്ങൾ ഇതിനെ കണ്ണീർച്ചാൽ എന്നു വിളിച്ചുവന്നു. ഇത് പിന്നീട് കണിച്ചാറായി മാറുകയും ചെയ്തു.

പൂളക്കുറ്റി –അതുപോലെ ആദ്യകാല കുടിയേറ്റക്കാരന്റെ പ്രധാന കൃഷിയും വരുമാനവും പൂളയെന്ന കപ്പയായിരുന്നു. അത് വളരെയേറെ കൃഷിചെയ്തിരുന്നതും പേരുകേട്ടതുമായ സ്ഥലമെന്നനിലയിൽ ആ സ്ഥലത്തെ ജനങ്ങൾ പൂളക്കുറ്റിയെന്ന് വിളിച്ചുപോന്നതായി പഴമക്കാരായ നാട്ടുകാർ പറയുന്നു.

## വികസനപാതയിൽ

ജനങ്ങളുടെ ചിരകാലസ്വപ്നം സാക്ഷാത്കരിച്ചുകൊണ്ട് 1960–കളിൽ തലശ്ശേരി – പേരാവൂർ റൂട്ടിൽ ബസ് ഓടിത്തുടങ്ങി. അതിനുശേഷം 1970– ൽ തല



കണിച്ചാർ പഞ്ചായത്ത് രൂപവൽക്കരണത്തിനുശേഷമുള്ള ആദ്യഭരണസമിതി. സർക്കാർ നോമിനികൾ ഉൾപ്പെട്ടത്. ഇടതുവശം ഇരിക്കുന്നത് പ്രസിഡന്റ് മാത്യു കൊട്ടാരംകുന്നേൽ, നടുവിൽ എക്സിക്യൂട്ടീവ് ഓഫീസർ, വലതുവശം ഇരിക്കുന്നത് പഞ്ചായത്ത് രൂപീകരിക്കുമ്പോൾ ഉണ്ടായിരുന്ന മുന്നണിഭരണസമിതിയുടെ പ്രസിഡന്റ് പ്രഭാകരൻ നായർ.



കണിച്ചാർ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന മലയിൽനിന്നൊരു ദൃശ്യം. ഫോട്ടോ: ലോയൽ, തൊണ്ടിയിൽ.

ശ്ശേരി – കൊളക്കാട് – അടക്കാത്തോട് റൂട്ടിലും വാഹനഗതാഗതമാരംഭിച്ചു. പിന്നീട് അധികം വൈകാതെ തലശ്ശേരി – ഓടൻതോട് റൂട്ടിലും ബസുകൾ ഓടിത്തുടങ്ങി. ഇന്ന് ഈ പഞ്ചായത്തിലൂടെ കടന്നുപോവുന്ന തലശ്ശേരി – പേരാവൂർ – കൊട്ടിയൂർ റോഡ് ജില്ലയിലെ പ്രധാന റോഡുകളിലൊന്നാണ്. ജനങ്ങൾക്ക് അവരുടെ പ്രധാന കാർഷികഉൽപന്നങ്ങളായ റബ്ബർ, കുരുമുളക്, കപ്പ, കശുവണ്ടി എന്നിവ പ്രധാന വ്യാപാരകേന്ദ്രങ്ങളായ തലശ്ശേരിയിലും പേരാവൂരും ഇരിട്ടിയിലും വിറ്റഴിക്കുന്നതിന് മേൽറോഡുകൾ വളരെയേറെ പ്രയോജനകരമാണ്. ദക്ഷിണകാശിയെന്നറിയപ്പെടുന്ന വിഖ്യാതമായ കൊട്ടിയൂർ വൈശാഖക്ഷേത്രോത്സവത്തിന് നാടിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് വരുന്നവർക്ക് എത്തിപ്പെടാനുള്ള ഏക മാർഗമാണ് ഈ റോഡ്.

ഇന്നാടിന്റെ സന്തതികൾക്ക് വിദ്യാഭ്യാസംനേടുന്നതിന് ആദ്യകാലത്ത് യാതൊരു സൗകര്യവുമുണ്ടായിരുന്നില്ല. സാമാന്യവിദ്യാഭ്യാസമുള്ളവർ ഒഴിവുസമയങ്ങളിൽ സ്വന്തംവീടുകളിൽ നിലത്തെഴുത്തുകളരികൾ നടത്തിയിരുന്നതായിരുന്നു ഇതിനൊരു പരിഹാരം. 1956–ൽ ഓടപ്പുഴയിൽ സ്ഥാപിച്ച ഗവൺമെന്റ് എൽ.പി. സ്കൂൾ ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. തുടർന്ന് 1957–ൽ കൊളക്കാട് പള്ളിയുടെ മാനേജ്മെന്റിൽ സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ സ്ഥാപിച്ചു. ഇത് പിന്നീട് യു.പി. സ്കൂളായി ഉയർത്തി. 1964–ൽ കണിച്ചാർ എസ്.എൻ.ഡി.പി. മാനേജ്മെന്റിന് കീഴിൽ ഡോ. പൽപു മെമ്മോറിയൽ എൽ.പി. സ്കൂൾ സ്ഥാപിച്ചു. ഇതും പിന്നീട് യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തു. 1982–ൽ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ കൊളക്കാട് പ്രവർത്തമാരംഭിച്ചു. തുടർന്ന് 1983–ൽ പൂളക്കുറ്റിയിൽ ജനകീയ കമ്മിറ്റിയുടെ കീഴിലും അടുത്തവർഷം ഏലപ്പിടികയിൽ ഇടവകപള്ളിയുടെ കീഴിലും ഓരോ എൽ.പി. സ്കൂളുകൾ നിലവിൽവന്നു. അങ്ങനെ വിദ്യാഭ്യാസമേഖല സജീവമായി.

1959–ൽ കൊളക്കാട് സ്ഥാപിച്ച ഗ്രാമീണ വായനശാല (ഇത് പിന്നീട് എവർഷൈൻ ക്ലബ്ബായി മാറി) കണിച്ചാർ ആശാൻ സ്മാരക വായനശാലയും ക്ലബ്ബും മംപുരച്ചാലിലെ പ്രിയദർശിനി ക്ലബ്ബ്, ബ്രദേഴ്സ് ക്ലബ്ബ്, പൂളക്കുറ്റി വായനശാല എന്നിവ നാടിന്റെ സാംസ്കാരിക പുരോഗതിക്ക് മികച്ച സംഭാവനനൽകിയ സ്ഥാപനങ്ങളാണ്. കൊളക്കാട് എവർഷൈൻ ക്ലബിന് സ്വന്തമായി ടൗണിൽ 5 സെന്റ് സ്ഥലമുണ്ട്. ഇതു കൂടാതെ നിരവധി കൊച്ചുകൊച്ചു ക്ലബ്ബുകളും മഹിളാസമാജങ്ങളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്നുണ്ട്.

ആദ്യമായി ഈ പഞ്ചായത്തിൽ വൈദ്യുതിയെത്തിയത് 1980–കളിൽ കണിച്ചാർ ഭാഗത്താണ്. അതിനുശേഷം 1986–ൽ കൊളക്കാടും മലയാംപടിയുടെ ചിലഭാഗത്തും ഓട്ടൻതോട്ടിലും വൈദ്യുതിയെത്തി.

കണിച്ചാറിലും, കൊളക്കാടും, പൂളക്കുറ്റിയിലും, മലയാംപടിയിലും ഓരോ ബ്രാഞ്ച് പോസ്റ്റോഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കാർഷിക മേഖലയുടെ ആഭിവൃദ്ധിക്കായി കൊളക്കാട് കൃഷിഭവൻ 1988–ൽ പ്രവർത്തമാരംഭിച്ചു.

1984–ൽ കൊളക്കാട് ഒരു ഗവൺമെന്റ് റൂറൽ ഡിസ്പെൻസറി സ്ഥാപിച്ചു. ഇതിനുവേണ്ടി നാട്ടുകാർ ആവശ്യമായ സ്ഥലം സൗജന്യമായി നൽകി. ഡിസ്പൻസറിക്കുവേണ്ടി കെട്ടിടം നാട്ടുകാർ സന്നദ്ധപ്രവർത്തനത്തിലൂടെ നിർമ്മിച്ചു. 1988–ൽ ഇത് പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തി. 10 കിടക്കളുള്ള ഒരു വാർഡും നാട്ടുകാർ നിർമ്മിച്ചുകൊടുത്തു. 5 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും ഇതിന്റെ ഭാഗമായി വിവിധസ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. 14 അംഗനവാടികളും ശിശുക്ഷേമത്തിനായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

1964 കൊളക്കാട് ഒരു സഹകരണ സൊസൈറ്റി രൂപീകരിച്ചു. ഇത് പിന്നീട് കൊളക്കാട് സർവീസ് സഹകരണബാങ്കായി വളർന്നു. ഇക്കാലത്ത് പൂളക്കുറ്റിയിലും ഒരു സഹകരണ സൊസൈറ്റി രൂപീകരിച്ചു. അതും പിന്നീട് സഹകരണബാങ്കായി വളർന്നു. ഇന്ന് ഇവ രണ്ടും നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

കണിച്ചാർ വില്ലേജ് ഓഫീസ് കൊളക്കാട് ഇടവക പള്ളി സൗജന്യമായി നൽകിയ സ്ഥലത്ത് സ്വന്തം കെട്ടിടം നിർമിച്ച് അതിൽ പ്രവർത്തിക്കുന്നു. ഒരു ഗവൺമെന്റ് മൃഗാശുപത്രിയും കൊളക്കാട് പ്രവർത്തിക്കുന്നുണ്ട്.

ടെലിഫോൺ സൗകര്യവും ഈ പഞ്ചായത്തിലെ 70% മേഖലയിലും ലഭ്യമാണ്.

ഇവകൂടാതെ ഓടൻതോട്, കണിച്ചാർ, ചെങ്ങോം, കൊളക്കാട്, മലയാംപടി, രാജമുടി, ആനയാണ്ടകരി, ഏലപ്പീടിക എന്നീ സ്ഥലങ്ങളിൽ.

| പഞ്ചായത്ത്-കുടംബങ്ങളുടെ വിവരം-വാർഡുകളിൽ | | | | | |
|---|---|---|---|---|---|
| വാർഡ് | ക്രിസ്ത്യൻ | ഹിന്ദു | മുസ്ലിം | SC/ST | ആകെ |
| 1 | 196 | 37 | – | 23 | |
| 2 | 182 | 127 | – | 44 | |
| 3 | 187 | 121 | 6 | 4 | |
| 4 | 173 | 23 | – | 43 | |
| 5 | 308 | 202 | 8 | 18 | |
| 6 | 316 | 24 | 15 | 24 | |
| 7 | 347 | 82 | 11 | 66 | |
| 8 | 295 | 48 | – | 91 | |

ക്രിസ്ത്യൻ പള്ളികൾ ഉണ്ട്. ഇവയോടനുബന്ധിച്ച് ഞായറാഴ്ചകളിൽ മതപഠന ക്ലാസുകൾ നടത്തിവരുന്നുണ്ട്. കൊളക്കാട് സെന്റ് തോമസ് പള്ളി കുരിശുമലകയറ്റം മലബാറിലെ പ്രധാന ക്രിസ്തീയ തീർഥാടന കേന്ദ്രമായി അറിയപ്പെടുന്നു. അന്നേദിവസം ആയിരക്കണക്കിന് ഭക്തജനങ്ങൾ കുരിശുമല കയറുന്നതിന് എത്തിച്ചേരാറുണ്ട്.

## ഭൂപ്രകൃതി

കണ്ണൂർ ജില്ലയുടെ കിഴക്കൻ മേഖലയിൽ വയനാടുജില്ലയുടെ ഒരതിരായി വരുന്ന ഉയർന്ന മലനിരകളും കുന്നുകളും കുന്നിൽ ചെരുവുകളും അവയുടെ താഴ്വരകളും ബാവലിപുഴയുടെ തീര പ്രദേശമുൾപ്പെടുന്ന സമതലഭാഗങ്ങളും ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്തിന്റെ ഭൂ വിഭാഗം.

ഭൂമിയുടെ കിടപ്പനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായും നാലായി തിരിക്കാം

1. ഉയർന്ന മലഞ്ചെരിവുകൾ
2. ചെറിയ ചെറിയകുന്നുകൾ
3. ഉയരം കുറഞ്ഞ കുന്നിൻചെരിവുകൾ
4. സമതല പ്രദേശങ്ങൾ.

| | |
|---|---|
| സമതല പ്രദേശങ്ങൾ | 28% |
| ചെറിയകുന്നുകൾ | 16% |
| ഉയരം കുറഞ്ഞ കുന്നിൻ ചെരിവുകൾ | 24% |
| ഉയർന്ന മലഞ്ചെരിവുകൾ | 32% |

പഞ്ചായത്തിന്റെ കിടപ്പും ഭൂപ്രകൃതിയും ഏത് കൃഷിക്കും അനുയോജ്യമായ വിധത്തിലാണ്. സമതല പ്രദേശങ്ങളായ ആറ്റംഞ്ചേരി, ഓടംതോട്, മറപ്പുരച്ചാൽ, അണുങ്ങോട്, കണിച്ചാർ, ചെങ്ങോം മുതലായ സ്ഥലങ്ങളിൽ തെങ്ങാണ് ഏറ്റവും കൂടുതൽ

| പൊതുസ്ഥാപനവിവരം | |
|---|---|
| പ്രൈമറി ഹെൽത്ത് സെന്റർ | 1 |
| സബ് സെന്ററുകൾ | 5 |
| മൃഗാശുപത്രി | 1 |
| വിദ്യാലയങ്ങൾ | 5 |
| വില്ലേജ് ഓഫീസ് | 1 |
| കൃഷിഭവൻ | 1 |
| സഹകരണ ബാങ്കുകൾ | 3 |
| പൊതുവിതരണകേന്ദ്രം | 6 |
| അംഗൻവാടികൾ | 14 |
| പഞ്ചായത്ത് ഓഫീസ് | 1 |
| ഗ്രാമവികസന ഓഫീസ് | 2 |
| ക്രിസ്ത്യൻ പള്ളികൾ | 9 |
| ഹൈന്ദവ ആരാധനാലയങ്ങൾ | 5 |
| മുസ്ലീം പള്ളി | 1 |
| പോസ്റ്റ് ഓഫീസ് | 4 |

കൃഷിചെയ്യുന്നത്. അൽപംകൂടി ഉയർന്ന ഭാഗങ്ങളായ കിഴക്കേ മാവടി, നെല്ലിക്കുന്ന്, മലയാംപടി, കൊളക്കാട്, പുളക്കുറ്റി, കുരിശുമല, ആനയാണ്ടകരി എന്നീ ഭാഗങ്ങളിൽ റബ്ബർകൃഷിയാണ് അധികവും. തെങ്ങും, കവുങ്ങും കൊക്കോയും കശുമാവും ഇടവിട്ടഭാഗങ്ങളിലുണ്ട്. കാടൻമല, ഏലപ്പീടിക, മലയാംപടി, തെക്കുഭാഗം, 28-ാം മൈൽ എന്നീ ഭാഗങ്ങളിൽ കശുമാവാണ് കൂടുതൽ കൃഷിചെയ്യുന്നത്. ഏലപ്പീടികയുടെ താഴ്ഭാഗത്ത് കറുവകൃഷിയും നന്നായി വളരുന്നുണ്ട്. ഇടവിളയായി കുരുമുളകും കമുകും വാഴയും എല്ലാ സ്ഥലങ്ങളിലും കൃഷിചെയ്തുവരുന്നുണ്ട്.

മൺതരങ്ങളിൽ പ്രധാനമായും വെട്ടുകൽമണ്ണും ചെമ്മണ്ണും ചെറിയ കല്ലുകൾ നിറഞ്ഞ ഒരുതരം കറുത്തമണ്ണുമാണ് കാണപ്പെടുന്നത്. കൂടാതെ എക്കൽമണ്ണ് സമതലഭാഗങ്ങളിൽ കണ്ടുവരുന്നുണ്ട്. പൊതുവെ മിക്കവാറും മൺതരങ്ങളും നല്ല വളക്കൂറുള്ളവയായി അനുഭവപ്പെടുന്നു. ആയതിനാൽ റബറും കശുമാവും കമുകും കുരുമുളകും കൊക്കോയുമെല്ലാം സമൃദ്ധമായി വളരുന്നത് കാണാം.

## ജനപ്രകൃതി

ജനപ്രകൃതി 1991-ലെ കണക്കുപ്രകാരം 14491 ആണ്. എന്നാൽ ഏറ്റവും പുതിയ സർവേ പ്രകാരം ജനസംഖ്യ 17516 ആണ്. ഇതിൽ പുരുഷന്മാർ 6258-ഉം സ്ത്രീകൾ 6508 ഉം കുട്ടികൾ 4750 ഉം ആണ്. (ടേബിൾ കാണുക)

ജനങ്ങളിൽ ഭൂരിഭാഗവും കർഷകരും കർഷകത്തൊഴിലാളികളുമാണ്. നല്ല വളക്കൂറുള്ള മണ്ണാണ് പൊതുവെ കണ്ടുവരുന്നത്. ആ മണ്ണിന്റെ സ്വഭാവമറിഞ്ഞ് അധ്വാനിക്കുവാൻ മനസുള്ള നല്ലൊരു വിഭാഗം ജനങ്ങൾ ഈ നാട്ടിലുണ്ട്. കാർഷകോദ്പാദനക്ഷമത അതിനൊരു തെളിവാണ്. ഇന്നാട്ടിലെ ജനങ്ങൾ യാതൊരുവിധ ജാതീയമായ അകൽച്ചയുമില്ലാതെ തികച്ചും മതനിരപേക്ഷമായ ഒരു സംസ്കാരമാണ് പടുത്തുയർത്തിയിരിക്കുന്നത്. ജനങ്ങളുടെ ഐക്യം എടുത്തുപറയേണ്ട കാര്യമാണ്.

വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് താമസം നേരിട്ടുവെങ്കിലും ഇന്ന് ഈ പഞ്ചായത്തിന്റെ സാക്ഷരത നിരക്ക് 94% ആണ്. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ ഈ പഞ്ചായത്തിന് ഒരു പ്രശ്നമാണ്. അഭ്യസ്തവിദ്യരായ നല്ലൊരു ശതമാനവും തൊഴിൽതേടി അന്യസംസ്ഥാനങ്ങളിലേക്ക് കുടിയേറിയിട്ടുണ്ട്. ഗൾഫ് നാടുകളിലും നിരവധിപേർ തൊഴിൽചെയ്യുന്നുണ്ട്.

പരമ്പരാഗതമായി ജനങ്ങളുടെ വരുമാനമാർഗം കൃഷിയാണ്. കൃഷിയിൽ റബറും കശുവണ്ടിയും തെങ്ങും ഇപ്പോൾ ഈ മേഖലയിൽ ലാഭകരമാണ്. പക്ഷേ, കശുവണ്ടി സംഭരണത്തിലെ അപാകതകൾ കശുമാവുകൾക്ക് വംശനാശം സംഭവിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. കുരുമുളക് നന്നായി വളരുകയും ഫലം തരുകയും ചെയ്യുന്നുണ്ടെങ്കിലും കുരുമുളകിനുണ്ടാകുന്ന ദ്രുതവാട്ടരോഗവും മറ്റും ആ കൃഷിയേയും പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ആയതിനാൽ കർഷകർ സാമ്പത്തിക ഭദ്രതയ്ക്കും തൊഴിലിനും വേണ്ടി മറ്റു പലരംഗങ്ങളിലേക്കും കടന്നുകയറ്റം നടത്താൻ ശ്രമിക്കുന്നുണ്ട്.

## ജലപ്രകൃതി

കണിച്ചാർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ജലസമ്പത്ത് വളരെ നല്ലനിലയിൽ ലഭ്യമാണ്. മലഞ്ചെരിവുകൾ അരുവികളുടെ ഹൃദയഭൂമിയാണ്. ചെറുതും വലുതുമായ പതിനഞ്ചിൽപരം തോടുകളും പുഴകളും ഈ പഞ്ചായത്തിലുണ്ട്. കേരളത്തിലെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നാണിത്. ആകെ തോടുകളുടെ നീളം 85 കിലോമീറ്ററോളം വരും. നിരവധി ശുദ്ധജലകിണറുകളും കുളങ്ങളും ഇതുകൂടാതെയുണ്ട്. എന്നാൽ കടുത്തവേൽകാലത്ത് ഉയർന്ന പ്രദേശങ്ങളിൽ ഉണ്ടാവുന്ന ശുദ്ധജലക്ഷാമം, ശാസ്ത്രീയമായ സമീപനംകൊണ്ട് പരിഹരിക്കാവുന്നതാണ്.

### പഞ്ചായത്തിലെ ജനസംഖ്യാനുപാതം



# 4. സാമൂഹിക - സാമ്പത്തികമേഖലകൾ



# 4.1 കൃഷി – ജലസേചനം

പശ്ചിമഘട്ട മലനിരകൾ ഉൾപ്പെടുന്ന കണിച്ചാർ ഗ്രാമപഞ്ചായത്ത് നാണ്യവിളകളാൽ സമ്പന്നമായ ഒരു പഞ്ചായത്താണ്. 75 ശതമാനം ഭൂപ്രദേശങ്ങളും സമുദ്രനിരപ്പിൽനിന്ന് 1,000–ത്തിനും 1,500–നും അടി ഉയരത്തിലാണ്. 15 ശതമാനത്തോളം വരുന്ന ഭൂപ്രദേശങ്ങൾ വയനാട് ജില്ലയോടു തൊട്ടുകിടക്കുന്ന ഏലപ്പീടിക, കാടൻമല, മലയാംപടി എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതും സമുദ്രനിരപ്പിൽനിന്ന് 2,000 അടി ഉയരത്തിലും ആണ്. ബാക്കി പത്തുശതമാനം സമതലപ്രദേശങ്ങളാണ്. 3,665.03 ഹെ. ഭൂപ്രദേശമാണ് പഞ്ചായത്തിനുള്ളത്.

കുടിയേറ്റത്തിനുമുമ്പ് ഈ പ്രദേശത്ത് ഗിരിവർഗ്ഗക്കാരുടെ കൃഷികളാണ് ഉണ്ടായിരുന്നത്. അതു കുരുമുളക്, പുനകൃഷി, മുത്താറി, തിന, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയായിരുന്നു. മഴയെമാത്രം ആശ്രയിച്ചിട്ടുള്ള കൃഷിരീതിയായിരുന്നു ഇത്. 1930–കളിൽ കുടിയേറ്റമാരംഭിച്ചു. ആദ്യകാല കുടിയേറ്റക്കാർക്ക് മലമ്പനിയോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ചേ ഈ കൃഷി നടത്തുവാൻ കഴിഞ്ഞിരുന്നുള്ളൂ. 1940–കളിൽ കൃഷിരീതികളിൽ മാറ്റം കണ്ടുതുടങ്ങി. വ്യാപകമായതോതിൽ ഇഞ്ചിപ്പുൽകൃഷിയും (തെരുവ) തുടർന്ന് കപ്പ (മരച്ചീനി), കുരുമുളക്, കശുമാവ് എന്നിവയും സമതലങ്ങളിൽ നെല്ല്, തെങ്ങ്, കമുക് എന്നീ കൃഷിരീതികളും തുടങ്ങി.

1955 മുതൽ റബ്ബർ, തെങ്ങ്, കമുക്, കശുമാവ് എന്നിവ തോട്ടങ്ങളായി കൃഷി ചെയ്തുതുടങ്ങി. ബാവേലിപുഴയും കാഞ്ഞിരപ്പുഴയും ധാരാളം തോടുകളും അരുവികളും ഉൾപ്പെടുന്ന ജലസമ്പുഷ്ടമായ ഒരു മേഖലയാണ് കണിച്ചാർ. ഈ മേഖലയിൽ വ്യാപകമായി ഉണ്ടായിരുന്ന തേക്കുമാലി ജലസേചനസമ്പ്രദായം പമ്പുസെറ്റുകളുടെ ആവിർഭാവത്തോടെ അപ്രത്യക്ഷമായി. 4,720 വീടുകളിലായി 17,516 ആളുകൾ ഈ പഞ്ചായത്തിൽ അധിവസിക്കുന്നു.

1950–കളിൽ പരമ്പരാഗത കൃഷിസമ്പ്രദായമാണ് അവലംബിച്ചിരുന്നത്. തെങ്ങ്, കശുമാവ്, കുരുമുളക്, റബ്ബർ എന്നിവ ഇടകലർത്തി കൃഷി ചെയ്തിരുന്നതിനാൽ ഉൽപാദനം വളരെ കുറവായിരുന്നു. തോട്ടവിള സമ്പ്രദായം ആരംഭിച്ചത് റബ്ബർ കൃഷിയിലാണ്. ഈ കൃഷിസമ്പ്രദായത്തിലെ അഭിവൃദ്ധി കർഷകരെ ചിന്തിപ്പിക്കുകയും കൃഷിരീതികളിൽ മൊത്തമായ മാറ്റം ഉണ്ടാക്കുകയുംചെയ്തു. എല്ലാ നാണ്യവിളകളും വെവ്വേറെ കൃഷി ചെയ്യുകയും അതുമൂലം ഉൽപാദനം വർധിക്കുകയും ചെയ്തു.

**ഇന്നത്തെ വിള ചേരുവ:** റബ്ബർ, തെങ്ങ്, നെല്ല്, കുരുമുളക് മുതലായ മുഖ്യവിളകളായും ഇടവിളയായി കമുക്, കൊക്കോ, കാപ്പി, കറുവ, ജാതി, ഗ്രാമ്പു, നേന്ത്രവാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയും കൃഷി ചെയ്തുവരുന്നു. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ പട്ടിക 1 –ൽ കൊടുക്കുന്നു.

**പട്ടിക – 1**

| നമ്പർ | വിളകൾ | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | റബർ | 1700 ഹെക്ടർ | 46.38% |
| 2 | തെങ്ങ് | 637 '' | 17.38% |
| 3 | കശുമാവ് | 609 '' | 16.61% |
| 4 | കുരുമുളക് | 282 '' | 7.71% |
| 5 | കമുക് | 86 '' | 2.35% |
| 6 | നെല്ല് | 57 '' | 1.5% |
| 7 | കറുവ | 25 '' | 0.68% |
| 8 | മിശ്രവിളകൾ | 75 '' | 2.046% |
| 9 | തരിശ് | 50 '' | 1.364% |

**ഉൽപാദനക്ഷമത:** പഞ്ചായത്തിലെ മുഖ്യവിളയായ റബ്ബറിന്റെ ഉൽപാദനം 1,800 കി.ഗ്രാം/ഹെക്ടർ ആണ്. എന്നാൽ, ഹെക്ടറിന് 3,000 കി.ഗ്രാം വരെ ഉൽപാദനമുള്ള തോട്ടങ്ങളും ഈ മേഖലയിലുണ്ട്. ഇത്

സംസ്ഥാനശരാശരിയെക്കാൾ കൂടുതലാണ്. റബ്ബർ കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് ഈ പ്രദേശത്തുള്ളത്. തെങ്ങിന്റെ ഉൽപാദനം സംസ്ഥാനതലത്തിൽ ഒരു തെങ്ങിന് 36 തേങ്ങയാണു ലഭിക്കുന്നതെങ്കിൽ ഇവിടെ 70 തേങ്ങ ലഭിക്കുന്നു. 150– ലധികം തേങ്ങ ലഭിക്കുന്ന തോട്ടങ്ങളും ഈ മേഖലയിൽ ധാരാളമുണ്ട്.

പഞ്ചായത്തിലെ മുഖ്യവിളകളായ റബ്ബർ, തെങ്ങ്, കശുമാവ്, കമുക് ഇവയുടെ ശരാശരി വിളവ് പട്ടിക 2–ൽ ചേർത്തിരിക്കുന്നു.

### പട്ടിക - 2

| നമ്പർ | വിള | സംസ്ഥാനശരാശരി | പഞ്ചായത്ത് ശരാശരി |
|---|---|---|---|
| 1 | റബ്ബർ | 934 കി.ഗ്രാം/ഹെ. | 1,800കി.ഗ്രാം/ഹെ |
| 2 | തെങ്ങ് | 36 എണ്ണം/തെങ്ങ് | 70 എണ്ണം/തെങ്ങ് |
| 3 | കശുമാവ് | 820 കി.ഗ്രാം/ഹെ. | 960 കി.ഗ്രാം/ഹെ. |
| 4 | കുരുമുളക് | 270 കി.ഗ്രാം/ഹെ. | 350 കി.ഗ്രാം/ഹെ |
| 5 | കമുക് | 213 എണ്ണം/കമുക് | 195 എണ്ണം/കമുക് |

അത്യുത്പാദനശേഷിയുള്ള നടീൽവസ്തുക്കളുടെ ലഭ്യത, ചിട്ടയോടെയുള്ള സസ്യസംരക്ഷണപ്രവർത്തനങ്ങളിലൂടെയും ഉൽപാദനക്ഷമത വർധിപ്പിക്കാൻ കഴിയും. ജലസേചനസൗകര്യങ്ങളുടെ വർദ്ധനവിലൂടെയും ജൈവവള പ്രയോഗത്തിലൂടെയും സസ്യസംരക്ഷണനടപടികളിലൂടെയും ഇന്നുള്ള 70 നാളികേരം എന്നത് 150 നാളികേരമായി ഉയർത്താൻ കഴിയും. കശുമാവിന് അത്യുൽപാദനശേഷിയുള്ള നടീൽവസ്തുക്കൾ, സ്ഥിരമായ മാർക്കറ്റ് എന്നിവയില്ലാത്തതുകൊണ്ട് കൃഷിക്കാർ റബ്ബർപോലെ ആദായമുള്ള കൃഷികളിലേക്കു ശ്രദ്ധതിരിക്കുന്നു. കൂടാതെ, തണ്ടുതുരപ്പൻ പുഴുവിന്റെയും, തേയിലകൊതുകിന്റേയും ആക്രമണവും ഫലപ്രദമായി തടയാൻ കഴിഞ്ഞാൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കാൻ കഴിയും.

കുരുമുളകിനു രോഗപ്രതിരോധ ശക്തിയുള്ള നടീൽവസ്തുക്കൾ ലഭ്യമാക്കുകയും കുരുമുളകിന്റെ ദ്രുതവാട്ടരോഗം ഫലപ്രദമായി തടയാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്താൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കാം. പഞ്ചായത്തിലെ കമുക് കൃഷിക്കാർ ഇപ്പോൾ വ്യാപകമായി മഞ്ഞളിപ്പുരോഗത്തെ നേരിടുകയാണ്. ഈ രോഗത്തിനു ഫലപ്രദമായ പ്രതിരോധനടപടികൾ കണ്ടെത്താത്തതുകൊണ്ട് കൃഷിക്കാർ കമുക് കൃഷിയിൽനിന്നും പിന്തിരിയുവാൻ നിർബന്ധിതരാകുന്നു. ഫലപ്രദമായ പ്രതിരോധനടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കുകയും രോഗം വരുന്ന കമുകിൻ നഷ്ടപരിഹാരംനൽകുകയും പ്രതിരോധശേഷിയുള്ള തെങ്ങിൻതൈകൾ നൽകുകയും പ്രത്യേക പാക്കേജ് പദ്ധതി നടപ്പാക്കുകയും ചെയ്താൽ ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയും.

നെല്ലിന്റെ ഉൽപാദനക്കുറവിന്റെ പ്രധാന കാരണങ്ങൾ: ഭൂമിയുടെ തുണ്ടവത്കരണം, തൊഴിലാളികളുടെ ലഭ്യതക്കുറവ്, രാസവളങ്ങളുടെ വിലവർദ്ധന, ജൈവവള ലഭ്യതക്കുറവ്, മറ്റു കൃഷിയുമായി താരതമ്യം ചെയ്യുമ്പോഴുള്ള ലാഭക്കുറവ് എന്നിവയാണ് നെല്ലിന്റെ ഉൽപാദനക്കുറവിന്റെ പ്രധാന കാരണങ്ങൾ. ജലസേചനത്തിന്റെ അഭാവംമൂലം മൂന്നാം കൃഷി 90 ശതമാനം പാടങ്ങളിലും നടത്താൻ കഴിയുന്നില്ല. 1 ഹെക്ടർ വയലിൽനിന്ന് 2,000 കി.ഗ്രാം നെല്ല് കിട്ടുമ്പോൾ അതിനു വിലയായി 1,200/– രൂപ ലഭിക്കുന്നു. ഇത്രയും സ്ഥലത്ത് നേന്ത്രവാഴ കൃഷിചെയ്താൽ 2,000 വാഴ നടാം. ശരാശരി ഒരു വാഴയിൽനിന്ന് 6 കി.ഗ്രാം ഉൽപാദനം ലഭിക്കുന്നു. 1 കിലോയ്ക്ക് 8 രൂപ പ്രകാരം വില ലഭിക്കുമ്പോൾ 1 ഹെക്ടർ, മൊത്തം 96,000 രൂപ ലഭിക്കും. 1 വാഴയ്ക്ക് 40 രൂപ കൃഷിചെലവ് ആയാൽപോലും 16,000 രൂപ ഒരു ഹെക്ടറിനു ലാഭംകിട്ടും. കൊക്കോ, കാപ്പി, സുഗന്ധവിളയായ കറുവ, ജാതി, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ എന്നിവയ്ക്ക് തറവില നിശ്ചയിച്ചുകൊണ്ട് വിപണനസൗകര്യം വർധിപ്പിക്കുകയും ചെയ്താൽ സുഗന്ധവിളകൃഷിയിൽ കർഷകർ താൽപര്യംകാണിക്കുകയും ഉൽപാദനം വർധിക്കുകയും ചെയ്യും.

**ജലസേചനം:** ബാബേലിപുഴ, കാഞ്ഞിരപുഴ, ചെറുകരതോട്, അത്തിനോട്, ചെങ്ങോം – ആറ്റാംചേരി തോട്, ഓടപ്പുഴതോട്, കാടൻമല തോട്, കൊളക്കാട് പള്ളി തോട്, നെല്ലാനിക്കൽ തോട്, പൂളക്കുറ്റി തോട്, ആനയണ്ടകരി തോട്, തുടിയാട് തോട്, മോറൽ തുടിയാട് തോട്, ഏലപ്പീടിക തോട്, വെള്ളറ തോട് തുടങ്ങി പുഴകളും തോടുകളും നിറഞ്ഞ ധാരാളം ജലസമ്പത്തുള്ള പഞ്ചായത്താണിത്. വേനൽക്കാലത്തും സമൃദ്ധമായി വെള്ളം ഉണ്ടെന്നുള്ളതാണ് ഈ തോടുകളുടെ പ്രത്യേകത. കൂടാതെ, ഒട്ടനവധി ഓലികളും പ്രകൃതിദത്തമായ നീർച്ചാലുകളും ഉണ്ട്. പുഴകൾക്കും തോടുകൾക്കുമായി മൊത്തം 85 കി.മീ. നീളമുണ്ട്. 119 ഇലക്ട്രിക് മോട്ടോറുകളും 139 ഓയിൽ എഞ്ചിനും കൂടാതെ പൈപ്പുവഴിയും ജലസേചനം നടത്തിവരുന്നു. മലയോര ജലസംഭരണികളും തടയിണകളും തീർത്താൽ പൈപ്പുവഴി (ഹോസുകൾ) യുള്ള

ജലസേചനം വളരെ വർദ്ധിപ്പിക്കുവാൻ സാധിക്കും). കൂടാതെ, 163 ജലസേചനകുളങ്ങളും ഉണ്ട്.

### പട്ടിക – 3

| നമ്പർ | തോടുകളും പുഴകളും | നീളം |
|---|---|---|
| 1 | ബാവേലി പുഴ | 8 കി.മീ. |
| 2 | അത്തിതോട് | 12 " |
| 3 | ചെറുവാരതോട് | 5 " |
| 4 | ചെങ്ങോം – ആറ്റാംചേരിതോട് | 8 " |
| 5 | ഓടപ്പുഴ തോട് | 10 " |
| 6 | കാടൻമല തോട് | 3 " |
| 7 | കൊളക്കാട് പള്ളിതോട് | 4 " |
| 8 | കാഞ്ഞിരപ്പുഴ | 12 " |
| 9 | നെല്ലാനിക്കൽ തോട് | 8 " |
| 10 | പുളക്കുറ്റി തോട് | 3 " |
| 11 | ആനയണ്ടകരി തോട് | 3 " |
| 12 | തുടിയാട് തോട് | 4 " |
| 13 | മോറൽ തുടിയാട് തോട് | 2 " |
| 14 | അരുവിക്കര തോട് | 3 " |

നശിച്ചുപോയ പരമ്പരാഗത ജലസ്രോതസുകൾ ഇല്ല. നിലവിൽ ബണ്ടുകൾ ഉണ്ടെങ്കിലും മഞ്ഞളാംപുറത്തുള്ള ഒരു ബണ്ടൊഴികെ ബാക്കിയൊന്നും പ്രവർത്തനക്ഷമമല്ല.

### പട്ടിക – 4

| കുളങ്ങൾ | കിണറുകൾ | ഇലക്ട്രിക് മോട്ടോറുകൾ | ഓയിൽ എഞ്ചിൻ |
|---|---|---|---|
| 163 | 1498 | 119 | 139 |

## ഉത്പന്നങ്ങളുടെ വിലയും വിപണനവും

റബ്ബറിന്റെ വിപണനത്തിനു മാത്രമേ പഞ്ചായത്തിൽ സൗകര്യങ്ങളുള്ളൂ. റബ്ബർ കർഷകസംഘം കണിച്ചാർ, കൊളക്കാട് സർവ്വീസ് സഹകരണബാങ്ക് എന്നിവയാണ് പ്രധാന വിപണനകേന്ദ്രങ്ങൾ. പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ ഈ സൗകര്യം ഇല്ല. രാവിലെ 10 മണിക്കുമുമ്പും വൈകുന്നേരം 5 മണിക്കു ശേഷവും ഇവ കൃഷിക്കാർക്ക് ഉപയോഗപ്പെടുന്നില്ല. പച്ചക്കറി വിപണനരംഗത്ത് പഴം പച്ചക്കറി സൊസൈറ്റി നിലവിൽ ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്. മറ്റുള്ള കാർഷികോത്പന്നങ്ങളുടെ വിപണനത്തിന് ഇടത്തട്ടുകാരെയാണ് ആശ്രയിക്കുന്നത്. അതുമൂലം 20 ശതമാനം സാമ്പത്തികനഷ്ടം നേരിടുന്നു.

കൃഷിയിടത്തിൽ ജോലിചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. 30 ശതമാനം ആളുകൾ സ്വന്തം ഭൂമിയിൽ കൃഷിപണികൾ ചെയ്യുന്നു. കൃഷിക്കാരുടെ കൈവശഭൂമിയുടെ വിസ്തീർണ്ണം പട്ടിക 5–ൽ കൊടുത്തിരിക്കുന്നു.

### പട്ടിക – 5

| നാമമാത്രകർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1 മു. 2 ഹെ. വരെ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|
| 3374 | 542 | 784 |

കൂലിസേവന വ്യവസ്ഥകൾ: പഞ്ചായത്തിൽ ഒരു ഏകീകൃത കൂലിസമ്പ്രദായം ഇല്ല. ലഭ്യമായ കണക്കുകൾ താഴെ പട്ടിക – 6ൽ ചേർക്കുന്നു.

### പട്ടിക – 6

| നമ്പർ | പ്രവൃത്തി | പുരുഷൻ കൂലി | സ്ത്രീകൾ കൂലി |
|---|---|---|---|
| 1 | ഉഴവ് | 150 രൂപ | – |
| 2 | കിളയ്ക്കൽ | 80 " | 50 രൂപ |
| 3 | ഞാറു നടൽ | – | 60 " |
| 4 | കളപറി | – | 60 " |
| 5 | കൊയ്ത്ത്, മെതി | – | 60 " |
| 6 | തേങ്ങ ഇടൽ | ഒരു തെങ്ങിന് 3 " | – " |
| 7 | റബ്ബർ | 100 മരത്തിന് 22 " | 100 മരത്തിന് 22 " |

**രാസവള ഉപഭോഗം:** പഞ്ചായത്തിൽ രാസവളങ്ങളും കീടനാശിനിയും ലഭിക്കുന്നത് പൂളക്കുറ്റി സഹകരണബാങ്ക്, കൊളക്കാട് സർവ്വീസ് സഹകരണബാങ്ക്, കേളകം സഹകരണബാങ്ക്, കണിച്ചാർ ശാഖ സ്വകാര്യ മേഖലയിലുള്ള പുലരി ട്രേഡേഴ്സ് കണിച്ചാർ എന്നിവയിലൂടെയാണ്. രാസവളത്തിന്റെ ഉപയോഗം പലപ്പോഴും മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലോ ശാസ്ത്രീമായോ അല്ല ചെയ്യുന്നത്. അതുകൊണ്ട് കൃഷിചെലവ് കൂടുന്നു. ഉൽപാദനത്തിൽ വർദ്ധനവ് ഉണ്ടാകുന്നുമില്ല. കുമിൾ കീടനാശിനി ഉപയോഗിക്കുന്നതും അശാസ്ത്രീയമായിട്ടാണെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. 95–96 വർഷത്തിൽ പഞ്ചായത്തിലെ കാർഷികമേഖലയിൽ ഉപയോഗിച്ച രാസവളത്തിന്റെ കണക്ക് പട്ടിക 7–ൽ ചേർക്കുന്നു.

## പട്ടിക - 7

| നൈട്രജൻ (ടൺ) | ഫോസ്ഫറസ് (ടൺ) | പൊട്ടാഷ് (ടൺ) |
|---|---|---|
| 54.02 | 44.44 | 63.47 |

### കാർഷികമേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. കാർഷികമേഖലയിൽ ആവശ്യത്തിനു തൊഴിലാളികളെ ലഭിക്കുന്നില്ല.
2. ആവശ്യത്തിനു ജൈവവളം ലഭിക്കുന്നില്ല.
3. ഉൽപാദനക്ഷമത കുറഞ്ഞുവരുന്നു.
4. കീടരോഗബാധ
6. ആവശ്യത്തിന് യന്ത്രോപകരണങ്ങൾ ഇല്ല.
7. പഞ്ചായത്തിന്റെ 90 ശതമാനം പ്രദേശത്തും മണ്ണൊലിപ്പ് രൂക്ഷമാണ്.
8. കൃഷിഭവനിൽനിന്നും ഉള്ള ആനുകൂല്യങ്ങൾ പലതും യഥാസമയത്ത് കർഷകർ അറിയുന്നില്ല. ഭൂരിഭാഗം കർഷകർക്കും കൃഷിഭവനിൽനിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
9. പുഴകൾ, തോടുകൾ ഇവയുടെ സൈഡ് ഇടിച്ചിൽമൂലം കൃഷിക്കാർ വൻ ഭീഷണിയെ നേരിടുന്നു.
10. ജലസമ്പത്ത് വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
11. പാടങ്ങൾ നികത്തപ്പെടുന്നു.
12. നല്ല നടീൽവസ്തുക്കൾ കിട്ടാനില്ല.
13. വായ്പാസൗകര്യം വേണ്ടത്ര ലഭിക്കുന്നില്ല.
14. കാർഷിക ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനും സംസ്കരണത്തിനുമുള്ള സൗകര്യക്കുറവ്.
15. കാർഷിക ഉൽപന്നങ്ങൾക്ക് വിളവെടുപ്പ് സമയത്ത് സ്ഥിരമായ വിലനിലവാരം ഇല്ല.
16. മണ്ണുപരിശോധനാസൗകര്യം കാര്യക്ഷമമായി ഇല്ല.

### നിർദ്ദേശങ്ങൾ

1. മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുക. 2. പഞ്ചായത്തിലെ ജലസമ്പത്ത് വേണ്ടത്ര ഉപയോഗപ്പെടുത്തുവാൻ താഴെപറയുന്ന പ്രദേങ്ങളിൽ നീർത്തടപദ്ധതികൾ നടപ്പാക്കുക. കണിച്ചാർ, ചേങ്ങോം വെള്ളുന്നി, മലയാംപടി, ഏലപ്പീടിക, ഓടംതോട്, പുളക്കറ്റി, വെള്ളറ - നെല്ലാനിക്കൽ, മൂന്നാം വാർഡിന്റെ മഞ്ഞളാംപുറം ഭാഗം.
3. നിലവിൽ ഉപയോഗശൂന്യമായികിടക്കുന്ന പുഞ്ചവയൽ, മാവടി പാടശേഖരത്തിലുള്ള 2 ബണ്ടുകൾ റിപ്പേർ ചെയ്താൽ 2 വിള നെൽകൃഷി ചെയ്യുന്ന സ്ഥലത്ത് 3 വിളകൾ ചെയ്ത് ഉൽപാദനം കൂട്ടാൻ കഴിയും.
4. പുഴകളിലും തോടുകളിലും ജലസേചനത്തിനായി തടയണകൾ കെട്ടുക.
5. പൊതുജലസേചനപദ്ധതികൾ കൂടുതൽ നടപ്പിൽ വരുത്തുക.
6. പശ്ചിമഘട്ട മലനിരകളിലുള്ള ജലസ്രോതസ് ജലസേചനത്തിനായി ഉപയോഗിക്കുന്നതിന് പൈപ്പ് ഇറിഗേഷന് സഹായധനം നൽകുക.
7. 29-ാം മൈൽ പ്രദേശത്ത് പണികഴിപ്പിച്ചതും ഇപ്പോൾ ഉപയോഗശൂന്യമായികിടക്കുന്ന പൈപ്പ്ലൈൻ റിപ്പേർ ചെയ്ത് 28-ാം മൈൽ ടാങ്കുമായി ബന്ധിപ്പിച്ച് ജലസേചനസൗകര്യം വർധിപ്പിക്കുക. ഏലപ്പീടികയിൽ വാട്ടർ അഥോറിറ്റി പണി കഴിപ്പിച്ച 2 ജലസേചനടാങ്കുകൾ അറ്റകുറ്റപണികൾ നടത്തി ഉപയോഗപ്രദമാക്കുക.
8. വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിളകളുടെ രോഗബാധകൂടി ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുക. (പ്രധാനമായും കമുകിന്റെ മഞ്ഞളിപ്പ്, റബ്ബറിന്റെ പട്ടമരപ്പ്, അകാലിക ഇലപൊഴിച്ചിൽ, തെങ്ങിന്റെ കൂമ്പുചീയൽ, കശുമാവിന്റെ തണ്ടുതുരപ്പൻ).
9. അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സൗജന്യമായി വിത്തും വളവും നൽകുക.
10. പച്ചക്കറികൃഷി വാണിജ്യാടിസ്ഥാനത്തിൽ ചെയ്യുന്നതിനു വിത്തും വളവും വായ്പാസൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്.
11. പച്ചക്കറി വിപണനരംഗത്തെ നിലവിലുള്ള പച്ചക്കറി സഹകരണസംഘം ഉടൻതന്നെ പുനരുദ്ധരിക്കുകയും പച്ചക്കറി സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.
12. മണ്ണുപരിശോധന മെച്ചപ്പെടുത്തുവാൻ സഞ്ചരിക്കുന്ന മണ്ണുപരിശോധനാകേന്ദ്രങ്ങൾ പഞ്ചായത്തിന്റെ കീഴിൽ ലഭ്യമാക്കുക.
14. കാഞ്ഞിരപ്പുഴതോടിന്റെ ഇലവുങ്കൽ ജോസഫിന്റെയും കൊളശ്ശേരി സൗമിനിയുടെയും സ്ഥലത്തോടുചേർന്ന് വെർട്ടിക്കൽ ക്രോസ്ബാർ നിർമ്മിച്ചാൽ 50 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്കും മറ്റു കൃഷികൾക്കും പ്രയോജനപ്പെടും.
15. എട്ടാം വാർഡിൽ ഏലപ്പീടിക താഴ്ഭാഗത്ത് ധാരാളം ജലസ്രോതസ്സുള്ള കോറാട്ടുകുടി വർഗ്ഗീസിന്റെ

സ്ഥലത്ത് ഒരു കുളം നിർമ്മിച്ച് 100 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തിയാൽ കാർഷികോത്പാദനം വർധിക്കും.

16. ഓടപ്പുഴ – പുള്ളിയാംകാവ് തോടിന്റെ പുള്ളിയാംകാവ് എന്ന സ്ഥലത്ത് ഒരു ക്രോസ് ബാർ നിർമ്മിച്ചാൽ 10 ഏക്കർ സ്ഥലത്ത് കൃഷി നടത്തി നെല്ലുൽപാദനം വർധിപ്പിക്കാം.

17. കാർഷികമേഖലയിലെ പൊതു ജലസേചനപദ്ധതികൾപോലുള്ള പ്രവൃത്തികൾക്ക് കാർഷികമേഖലയിലെ സാങ്കേതികവിദഗ്ധർ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നത് പ്രദേശികനിരക്കുകൾ അനുസരിച്ചായിരിക്കണം.

18. പഞ്ചായത്ത് അടിസ്ഥാനത്തിൽ വിളമത്സരപദ്ധതി നടപ്പിലാക്കുക.

19. സർക്കാർ സഹായത്തോടെ കർഷകർക്ക് അനുവദിക്കുന്ന പമ്പുസെറ്റുകളും യന്ത്രോപകരണങ്ങളും സസ്യസംരക്ഷണ ഉപകരണങ്ങളും കൃഷിക്കാരന് ഇഷ്ടമുള്ള സ്ഥലത്തുനിന്നു വാങ്ങുന്നതിന് അനുവാദം നൽകണം.

20. പഞ്ചായത്തിൽ ആവശ്യമായ നടീൽവസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിനു വേണ്ടത്ര നഴ്സറികൾ സ്ഥാപിക്കുക.

21. കാർഷിക ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് വിപണി കണ്ടെത്തുന്നതിന് കർഷകരെ സഹായിക്കുക.

22. കാർഷികാവശ്യത്തിനു വൈദ്യുതി ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുകയും പൂർണ്ണമായും സൗജന്യമാക്കുകയും ചെയ്യുക.

23. പുൽകൃഷി പ്രോത്സാഹനത്തിന് വായ്പാസൗകര്യം ലഭ്യമാക്കുക.

24. ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ബയോഗ്യാസ് പദ്ധതി, കമ്പോസ്റ്റ് നിർമ്മാണം ഇവയ്ക്ക് 50 ശതമാനം സഹായധനം നൽകുക.

25. കാർഷികയന്ത്രോപകരണങ്ങൾ, സസ്യസംരക്ഷണ ഉപകരണങ്ങൾ എന്നിവ കൃഷിഭവൻ, പഞ്ചായത്ത്, വിവിധ സമിതികൾ വഴി വാടകയ്ക്കു വിതരണം ചെയ്യുക.

26. പുഴകളുടെയും തോടുകളുടെയും സൈഡുകൾ കെട്ടി മണ്ണൊലിപ്പ് തടഞ്ഞ് കൃഷികൾ സംരക്ഷിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

27. പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സ്ഥിരമായ ഒരു കൃഷി ഓഫീസറും മൂന്നു കൃഷി അസിസ്റ്റന്റുമാരുടെയും സേവനം അത്യാവശ്യമാണ്.

28. ആറ്റാംചേരിയിലെ സമഗ്ര നാളികേര വികസനപദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ള കുളം എത്രയുംപെട്ടെന്ന് കൃഷിക്കാർക്ക് ഉപയോഗപ്രദമാക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

29. ആറ്റാംചേരി – കല്ലടിവയൽ റോഡിൽ പുള്ളോലിക്കൽ വേലായുധന്റെയും കണയംകാട്ടിൽ തങ്കപ്പന്റെയും സ്ഥലത്തിനടുത്തുള്ള പൈപ്പ്കലുങ്ക് മാറ്റി കലുങ്ക് നിർമിച്ച് വയലിൽ വെള്ളം കയറി കൃഷി നശിക്കുന്നതു തടയുക. ആറ്റാംചേരി തോടിന്റെ സൈഡ് കെട്ടാൻ ബാക്കിയുള്ള ഭാഗം സൈഡു കെട്ടിയാൽ വയലിലേക്കു വെള്ളം കയറി കൃഷി നശിക്കുന്നത് ഒരു പരിധിവരെ തടയാം.

30. കൃഷിഭവന്റെ ഇന്നത്തെ ശോച്യാവസ്ഥ അടിയന്തരമായി പരിഹരിക്കുക.

## രോഗങ്ങൾ

തെങ്ങിന്റെ കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, എലിശല്യം, കമുകിന്റെ ഇലമഞ്ഞളിപ്പ്, റബ്ബറിന്റെ പട്ടമരപ്പ്, അകാലിക ഇലപൊഴിച്ചിൽ, കുരുമുളകിന്റെ ദ്രുതവാട്ടരോഗം, കശുമാവിനുണ്ടാകുന്ന തണ്ടുതുരപ്പൻ പുഴുവിന്റെ ആക്രമണം, തേയിലകൊതുക്, പാവലിന്റെ ഇലമഞ്ഞളിപ്പ് എന്നിവയാണ് ഈ പഞ്ചായത്തിൽ കൃഷിക്കു കാണുന്ന പ്രധാനപ്പെട്ട രോഗങ്ങൾ.

## വായ്പാസൗകര്യങ്ങൾ

കൊളക്കാട് സർവ്വീസ് സഹകരണബാങ്ക്, പൂളക്കുറ്റി സർവ്വീസ് സഹകരണബാങ്ക്, കേളകം സർവ്വീസ് സഹകരണബാങ്കിന്റെ കണിച്ചാർ ശാഖ എന്നിവയാണ് കർഷകർക്കു വായ്പാസൗകര്യത്തിനുള്ള ധനകാര്യ സ്ഥാപനങ്ങൾ. കൂടാതെ, നോർത്ത് മലബാർ ഗ്രാമീണ് ബാങ്ക് തുണ്ടിയിൽ, വിജയാ ബാങ്ക് നിടുംപുറംചാൽ, സർവ്വീസ് സഹകരണബാങ്ക് മണത്തണ, ഭൂപണയ ബാങ്ക് പേരാവൂർ, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്, കേളകം ഫെഡറൽ ബാങ്ക് കേളകം എന്നീ സ്ഥാപനങ്ങൾ പഞ്ചായത്തിനു പുറത്ത് കൃഷിക്കാരെ സഹായിക്കാനുണ്ടെങ്കിലും സഹകരണബാങ്ക് ഒഴികെയുള്ള മറ്റു ബാങ്കുകൾക്ക് ചെറുകിട കർഷകരെ സഹായിക്കാനുള്ള സമീപനം വളരെ കുറവാണ്. ഇതിൽ മാറ്റം വരണം.

## കൃഷിഭവൻ വികസനപ്രവർത്തനങ്ങൾ

1987 സെപ്റ്റംബർ ഒന്നാംതീയതി കൃഷിഭവൻ നില

വിൽവന്നു. കൃഷിക്കാർക്ക് വളരെ പ്രതീക്ഷനൽകിയ കൃഷിഭവന്റെ പ്രവർത്തനം വളരെ പരിമിതമായാണ് കർഷകർക്കു ലഭിക്കുന്നത്.

ഒരു കൃഷി ഓഫീസറും 2 കൃഷി അസിസ്റ്റന്റുമാരുമുള്ള കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. കൂടുതൽ കൃഷി ഉദ്യോഗസ്ഥരുടെ സേവനംകൂടി ലഭ്യമാക്കണം.

## കൃഷിഭവന്റെ നടപ്പുപദ്ധതികൾ

1. സുഗന്ധവിള വികസനപദ്ധതി: കുരുമുളക് പുനരുദ്ധാരണം, കുരുമുളകിന്റെ വിസ്തൃതി വ്യാപനം, കുരുമുളക് തോട്ടത്തിൽ മണ്ണ് സംരക്ഷണം, അത്യുൽപാദനശേഷിയുള്ള കുരുമുളകു വള്ളികൾ സൗജന്യമായി വിതരണം, കുരുമുളകിന്റെ ദ്രുതവാട്ടനിയന്ത്രണം, സ്പ്രെയറുകൾ സൗജന്യനിരക്കിൽ വിതരണം, ഇഞ്ചികൃഷി പ്രദർശനതോട്ടം, ഇഞ്ചികൃഷി വിസ്തൃതി വ്യാപനം, കറുവാ പ്രദർശന തോട്ടം, പച്ചമുളക് വിത്തുൽപാദന പദ്ധതി ഇവയൊക്കെയാണ് സുഗന്ധവിള വികസനപദ്ധതിയിൽപ്പെടുന്നത്.
2. കമുക് വികസനപദ്ധതി: ഇതിൽ മഹാളി നിയന്ത്രണം, ജലസേചനത്തിനു പമ്പ് വാങ്ങുന്നതിനും കിണർ, കുളം കുഴിക്കുന്നതിനും സഹായധനം ലഭിക്കുന്നതിനുള്ള പദ്ധതികളും ഉൾപ്പെടുന്നു.

ജൈവവള വികസനപദ്ധതി, പട്ടികവർഗ വികസനപദ്ധതി, ബയോഗ്യാസ് വികസനപദ്ധതി, നെൽകൃഷിയ്ക്ക് ഉൽപാദന ബോണസ് കൊടുക്കുന്ന പദ്ധതി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, കിഴങ്ങുവർഗ്ഗവിള വികസനപദ്ധതി, വിളമത്സരപദ്ധതി, കൊക്കോ വികസനപദ്ധതി, വിള ഇൻഷ്വറൻസ് പദ്ധതി ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി, പൊതു ജലസേചനപദ്ധതി, സമഗ്ര നാളികേര വികസനപദ്ധതി എന്നിവയാണ് മറ്റു നടപ്പുപദ്ധതികൾ.

കൃഷിഭവന്റെ കീഴിൽ 5 പാടശേഖരസമിതിയും 9 കുരുമുളക് സംരക്ഷണസമിതിയും 1 കേരസംരക്ഷണസമിതിയുമാണ് നിലവിലുള്ളത്. പല സമിതികളും പുനസംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

പുരയിടകൃഷിയിൽ ഇടവിളകൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ജൈവവളകൃഷി പ്രോത്സാഹിപ്പി



[illegible]വയൽ ഒരു ദൃശ്യം -ഫോട്ടോ സജീവൻ

ക്കേണ്ടതാണ്. ജൈവവളത്തിന്റെ കുറവുകൊണ്ട് മണ്ണിന്റെ ഘടനതന്നെ മാറുകയാണ്. അതുകൊണ്ട് ഉൽപാദനത്തിൽ കുറവുവരുന്നുണ്ട്. ശാസ്ത്രീയ. കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിന് കർഷ കർക്കിടയിൽ വിളമത്സരം നടത്തി അവാർഡുകൾ നൽകുക.

## പാടശേഖരണസമിതി

| സമിതിയുടെ പേര് | കർഷകരുടെ എണ്ണം | വിസ്തീർണ്ണം |
|---|---|---|
| 1. പാടശേഖരണസമിതി ഓടൻതോട് | 20 | 6 ഹെ. |
| 2. " ആറ്റാംചേരി | 75 | 20 ഹെ. |
| 3. " കണിച്ചാർ | 36 | 15 ഹെ. |
| 4. " മാവടിപുഞ്ചവയൽ | 40 | 9 ഹെ. |
| 6. " മഞ്ഞളാംപുറം | 29 | 7 |

## കുരുമുളക് സംരക്ഷണസമിതികൾ (കൃഷിഭവൻ രേഖ)

| സമിതിയുടെ പേര് | കർഷകരുടെ എണ്ണം | വിസ്തീർണ്ണം |
|---|---|---|
| കുരുമുളക് സംരക്ഷണസമിതി | | |
| " പൂളക്കുറ്റി | 156 | 61 ഹെ. |
| " ഓടൻതോട് | 248 | 21 ഹെ. |
| " കൊളക്കാട് | 148 | 24 ഹെ. |
| " കാടൻമല | 118 | 22 ഹെ. |
| " മലയാംപടി | 196 | 30 ഹെ. |
| " ചെങ്ങോം | 243 | 26 ഹെ. |
| " പൂവത്തിൻചോല | 76 | 22 ഹെ. |
| " കണിച്ചാർ | 211 | 26 ഹെ. |
| " ഏലപ്പീടിക | 152 | 20 ഹെ. |

## കേരസംരക്ഷണസമിതി

| സമിതിയുടെ പേര് | നിലവിൽ വന്നത് | അംഗങ്ങളുടെ എണ്ണം |
|---|---|---|
| കേരസംരക്ഷണസമിതി, കണിച്ചാർ, കൊളക്കാട് പി.ഒ. | 1996 ജൂൺ 4 | 810 |

നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനും സാമ്പത്തിക പുരോഗതിക്കും ഇനിയും കാർഷികമേഖലയെ പരിപോഷിപ്പിക്കേണ്ടതായിട്ടുണ്ട് എന്നുള്ള വസ്തുത നാം വിസ്മരിച്ചുകൂടാ. ഇതിനായി നമ്മുടെ കൃഷിഭവന്റേയും കൃഷിഭവനുകീഴിലുള്ള വിവിധ സമിതികളുടെയും കാർഷിക വികസന സമിതിയുടേയും പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ പഞ്ചായത്തു ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്. മേൽപറഞ്ഞ നിർദേശങ്ങൾ കാർഷികമേഖലയിൽ നടപ്പിലാക്കിയാൽ പഞ്ചായത്തിലെ കാർഷിക ഉദ്പാദനക്ഷമത വർധിപ്പിക്കാനും അതുവഴി സാമ്പത്തികഭദ്രത കൈവരിക്കാനും സാധിക്കുമെന്ന് പ്രത്യാശിക്കാം.



# 4.2 മൃഗസംരക്ഷണം

ഒരു മലയോര കാർഷിക മേഖലയായ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ കൃഷിയോടനുബന്ധിച്ചു കന്നുകാലി വളർത്തലും ഉണ്ടായിരുന്നു. ഭൂമിശാസ്ത്രപരമായി മൃഗസംരക്ഷണത്തിന് അനുയോജ്യമായ ഒന്നായിരുന്നു ഈ പ്രദേശം. കാലാവസ്ഥ, ജലലഭ്യത, പച്ചപ്പുല്ലിന്റെ ലഭ്യത ഇവയൊക്കെ കാലിവളർത്തലിന് അനുകൂലമായ ഘടകങ്ങളായിരുന്നു. ആദ്യകാലങ്ങളിൽ ഗാർഹികാവശ്യത്തിനുള്ള പാലിനും കൃഷിക്കാവശ്യത്തിനുള്ള ജൈവവളത്തിനും നെൽകൃഷി നടത്തുന്ന പ്രദേശങ്ങളിൽ ഉഴവുനടത്തുന്നതിനും വേണ്ടിയാണ് കന്നുകാലികളെ വളർത്തിയിരുന്നത്. മൃഗസംരക്ഷണം മുഖ്യതൊഴിലായി സ്വീകരിച്ചിരുന്നവർ ഈ പ്രദേശത്ത് വളരെ കുറവായിരുന്നു. നാടൻ ജനുസിൽ പെട്ടവയായിരുന്നു കാലികൾ ഭൂരിപക്ഷവും. അതുകൊണ്ടുതന്നെ പാലിന്റെ ഉത്പാദനവും വളരെ കുറവായിരുന്നു. തുറസായ പ്രദേശങ്ങളിലും സ്വന്തം പുരയിടത്തിലും കന്നുകാലികളെ കെട്ടിമേയ്ക്കുന്ന സമ്പ്രദായമായിരുന്നു മുമ്പ് നിലനിന്നിരുന്നത്.

എന്നാൽ അടുത്തകാലങ്ങളായി പാടശേഖരങ്ങളിൽ നെൽകൃഷി ഒഴിവാക്കി മറ്റു വിളകളും കരപ്രദേശങ്ങളിൽ നാണ്യവിളകളും (പ്രത്യേകിച്ച് റബർ) കൃഷി ചെയ്തു തുടങ്ങിയതോടുകൂടി കാലികളെ കെട്ടിമേയ്ക്കുന്നതിനുള്ള സൗകര്യവും പച്ചപ്പുല്ലിന്റെ ലഭ്യതയും കുറവായി. ഇതേതുടർന്ന് പാലുൽപാദനശേഷി കുറഞ്ഞ കുറെയേറെ നാടൻ ഇനങ്ങളെ വളർത്തുന്നതിനു പകരം കുറഞ്ഞ എണ്ണം സങ്കരയിനം പശുക്കളെ വളർത്തുന്നതിൽ കർഷകർ ശ്രദ്ധകേന്ദ്രീകരിച്ചു. നെൽകൃഷി കുറഞ്ഞതോടുകൂടി ഉഴവുജോലിക്കായി വളർത്തുന്ന കാളകളുടെയും പോത്തുകളുടെയും എണ്ണവും ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

പശു, എരുമ, കാള, പോത്ത്, ആട്, പന്നി എന്നിവയാണ് ഇവിടത്തെ പ്രധാന വളർത്തു മൃഗങ്ങൾ. കൂടാതെ കോഴി, താറാവ് തുടങ്ങിയ വളർത്തുപക്ഷികളും ഉണ്ട്. (പട്ടിക 1-1 നോക്കുക).

വ്യാവസായികാടിസ്ഥാനത്തിലുള്ള പാലുത്പാദനത്തിനുവേണ്ടി വളർത്തുന്ന മൃഗങ്ങളിൽ പശുവാണ് മുഖ്യഇനം. ഇതിൽതന്നെ ഭൂരിപക്ഷവും സങ്കരയിനം പശുക്കളാണുള്ളത്. കൂടുതൽ പുല്ലും ജലവും മറ്റു സൗകര്യങ്ങളും ആവശ്യമായതിനാലാവാം എരുമകളെ വളർത്തുന്നതിൽ കർഷകർ വിമുഖത കാണിക്കുന്നുണ്ട്.

## പട്ടിക 1-1
## വളർത്തുമൃഗങ്ങളും പക്ഷികളും

| ജനങ്ങൾ | 1996-ൽ എണ്ണം | സങ്കരയിനം | കൃത്രിമബീജസങ്കലനം |
|---|---|---|---|
| പശു | 1830 | 1581 | 279 |
| കന്നുകുട്ടികൾ | 750 | – | 68 |
| എരുമ | 27 | – | 8 |
| കാള | 66 | – | – |
| പോത്ത് | 2 | – | – |
| ആട് | 898 | – | – |
| പന്നി | 131 | – | – |
| കോഴി | 13267 | – | – |
| താറാവ് | 161 | – | – |
| മുയൽ | 660 | – | – |
| പട്ടി | 1341 | – | – |

ഗുണമേന്മയുള്ള കാലിത്തീറ്റയുടെയും പച്ചപ്പുല്ലിന്റെയും ധാതുലവണങ്ങളുടെയും അഭാവംകൊണ്ടും ശാസ്ത്രീയമായ രീതിയിൽ മൃഗപരിപാലനം നടത്താത്തതുകൊണ്ടും പാലുത്പാദനത്തിൽ കാര്യമായ വർധനവുണ്ടായിട്ടില്ല. കാലിത്തീറ്റയുടെ വർധിച്ച തോതിലുള്ള വിലക്കയറ്റവും ഗുണമേന്മയുള്ള തീറ്റപ്പുൽ കൃഷിയുടെ അഭാവവും ഇതിനു കാരണമായിട്ടുണ്ട്. ഗാർഹിക ഉപയോഗം കൂടാതെ 1500 ലിറ്റർ പാൽ പ്രതിദിനം ഈ പഞ്ചായത്തിൽനിന്നും വിറ്റഴിക്കപ്പെടുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓടൻതോട്, കണിച്ചാർ, ആറ്റംചേരി, കൊളക്കാട്, പൂളക്കുറ്റി എന്നീ ക്ഷീരോത്പാദക സഹകരണസംഘങ്ങൾ മുഖേനയാണ് വിപണനം ചെയ്യുന്നത്. ഇവയിൽ ഓടൻതോട്, കണിച്ചാർ, കൊളക്കാട് സംഘങ്ങളുടെ നേതൃത്വത്തിൽ പാലുൽപന്ന നിർമാണയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഓടൻതോട്, പൂളക്കുറ്റി സംഘങ്ങൾ വഴി കന്നുകാലികൾക്ക് കൃത്രിമ ബീജദാനവും നൽകുന്നുണ്ട്.

പാലുത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് കന്നുകാലികൾക്കുണ്ടാകുന്ന രോഗബാധകൾ. കുളമ്പുരോഗം, അകിടുവീക്കം, മുടന്തൻപനി, ദഹനസംബന്ധമായ അസുഖങ്ങൾ, വന്ധ്യത മുതലായവയാണ് പ്രധാന രോഗങ്ങൾ. മൃഗചികിത്സക്കായി പാരമ്പര്യ വൈദ്യൻമാരെയും മൃഗാശുപത്രികളെയുമാണ് കർഷകർ ആശ്രയിക്കുന്നത്. ഫലപ്രദമായി രോഗങ്ങൾക്കിതിരേ പ്രതിരോധമാർഗങ്ങൾ അവലംബിക്കുന്നവരുടെ എണ്ണം കുറവാണ്.

(പട്ടിക 1-2 നോക്കുക)

## പട്ടിക 1-2

| പ്രതിരോധ കുത്തിവയ്പ്പുകൾ – 1995-96 | |
|---|---|
| കുളമ്പുരോഗം | 200 എണ്ണം |
| കാലിവസന്ത | 160 ,, |
| കുരളടപ്പൻ | 240 ,, |
| കോഴിവസന്ത | 560 ,, |
| പേവിഷബാധ | 150 ,, |

പ്രതിരോധ കുത്തിവയ്പ്പ് സംബന്ധിച്ച് കർഷകരുടെ അജ്ഞതയും കൊളക്കാട് സ്ഥിതിചെയ്യുന്ന മൃഗാശുപത്രിയിലേക്ക് പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളിലുള്ളവർക്ക് എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടും ഇതിനു കാരണമായിട്ടുണ്ട്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ സൗകര്യക്കുറവും പരിഹരിക്കപ്പെടേണ്ടതുണ്ട്. ശാസ്ത്രീയ രീതിയിലുള്ള തൊഴുത്ത് നിർമിച്ച് ചാണകവും മൂത്രവും സംസ്കരിക്കാതെ വരുന്നതും രോഗബാധ വർധിപ്പിക്കുന്നതിനു കാരണമാകുന്നു. തൊഴുത്തിനോടനുബന്ധിച്ച് ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചാൽ ഇതിനു പരിഹാരമാക്കുകയും നമ്മുടെ പ്രദേശത്തെ രൂക്ഷമായ ഊർജക്ഷാമം ഒരളവുവരെ പരിഹരിക്കപ്പെടുകയും ചെയ്യും. വർഗമേന്മയുള്ള കന്നുകാലികളെ ഉത്പാദിപ്പിക്കാനായി കൃത്രിമ ബീജദാനം വ്യാപകമാകാത്തതും പാലുത്പാദന വർധനവിനെ പിറകോട്ടടിക്കുന്നുണ്ട്. (പട്ടിക 1-1 നോക്കുക) നിലവിൽ കൊളക്കാടുള്ള മൃഗാശുപത്രി, കണിച്ചാറിൽ സ്ഥിതി ചെയ്യുന്ന ഐ.സി.ഡി.പി. സെന്റർ, പൂളക്കുറ്റി, ഓടൻതോട് ക്ഷീരോത്പാദക സംഘങ്ങൾ എന്നിവിടങ്ങളിലാണ് കൃത്രിമ ബീജദാനത്തിനുള്ള സൗകര്യങ്ങളുള്ളത്.

ഒരു കുടുംബത്തിന്റെ വരുമാനത്തിൽ നിസാരമല്ലാത്ത പങ്കുവഹിക്കാൻ കഴിയുന്ന ഒരു ഉപതൊഴിൽ കൂടിയാണ് ആടുവളർത്തൽ, പന്നിവളർത്തൽ, കോഴിവളർത്തൽ, മുയർവളർത്തൽ മുതലായവ. മുഖ്യതൊഴിൽ എന്ന നിലയിൽ വ്യാവസായികാടിസ്ഥാനത്തിലും ഇതു നടത്തുവാൻ സാധിക്കും. ആടുവളർത്തലിന് യോജിച്ച ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. സ്ത്രീകൾക്കും കുട്ടികൾക്കും യോജിച്ച ഒരു തൊഴിൽ എന്ന നിലയിൽ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. മാംസാവശ്യത്തിനുവേണ്ടിയുള്ള പന്നിവളർത്തൽ ഈ പ്രദേശത്ത് വളരെ കുറവാണ്.

ഹോട്ടലിലെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് പന്നിവളർത്തൽ യൂണിറ്റുകൾ ലാഭകരമായി നടത്താൻ സാധിക്കും. മാംസത്തിനും മുട്ടക്കും വേണ്ടിയുള്ള കോഴിവളർത്തൽ ലാഭകരമായി നടത്തുവാൻ സാധിക്കുമെങ്കിലും അത്തരം ഒരു യൂണിറ്റുപോലും നമ്മുടെ പഞ്ചായത്തിലില്ല. വീട്ടുമുറ്റത്തെ കോഴിവളർത്തലിലൂടെ ഉള്ളവ മാത്രമാണ് ഇന്നുള്ളത്. ഇത് ആവശ്യങ്ങൾക്ക് ഒട്ടുംതന്നെ മതിയാകുന്നുമില്ല. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കടകളിലൂടെ വിറ്റഴിക്കപ്പെടുന്ന കോഴിമുട്ടകളും ഇറച്ചിക്കോഴികളും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്. ഭക്ഷണാവശ്യത്തിനുവേണ്ടിയുള്ള മാംസത്തിനും ഇന്നു മറ്റു പ്രദേശങ്ങളിൽനിന്നും മൃഗങ്ങളെ കൊണ്ടുവരികയാണ് ചെയ്യുന്നത്.

ഈ മൃഗങ്ങളെ കശാപ്പുചെയ്തു വിറ്റഴിക്കുന്നതിനുവേണ്ടി ലൈസൻസുള്ള ശാസ്ത്രീയരീതിയിലുള്ള അറവുശാലകൾ ഒന്നുപോലും ഈ പഞ്ചായത്തിലില്ല. നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്നവയാണ് ഇന്നുള്ളവയൊക്കെ. അസുഖമുള്ള മൃഗങ്ങളെ കശാപ്പു ചെയ്യുന്നത് തടയുന്നതിനുവേണ്ടി കശാപ്പിനു മുമ്പും പിമ്പുമുള്ള വെറ്ററിനറി പരിശോധന കൂടാതെയാണ് ഇന്നു മൃഗങ്ങളെ കൊന്നു വിൽക്കുന്നത്. അറവുശാലയിൽനിന്നുള്ള അവശിഷ്ടങ്ങൾ സംസ്കരിക്കാതെ പുഴയിലും തോട്ടിലും ഒഴുക്കി പരിസരമലിനീകരണം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ഈ പ്രശ്നത്തിനും പരിഹാരം ഉണ്ടാകേണ്ടതുണ്ട്.

നായ്കളിലൂടെയും പൂച്ചകളിലൂടെയും പകരുന്ന പേവിഷബാധ നിയന്ത്രിക്കപ്പെടേണ്ട ഒരു മാരകരോഗമാണ്. രോഗം ബാധിച്ചതിനുശേഷം ചികിത്സയില്ലാത്ത ഇതിന് മുൻകരുതൽ നടപടികൾ മാത്രമേ ഫലപ്രദമായിട്ടുള്ളൂ. 1996 –ലെ കണക്കു പ്രകാരം 1341 നായ്ക്കൾ ഉള്ളതിൽ 150 എണ്ണത്തിനു മാത്രമേ പ്രതിരോധ കുത്തവയ്പ്പുകൾ നടത്തിയിട്ടുള്ളൂ. ഈ വർഷം പഞ്ചായത്തിൽ നടത്തിയ പേവിഷ നിയന്ത്രണ പരിപാടിയുടെ ഭാഗമായി 975 നായ്കൾക്കു കുത്തിവയ്പ്പെടുത്തിട്ടുണ്ട്. ഈ പദ്ധതി വ്യാപകമാക്കിയാൽ മാത്രമേ പേവിഷബാധ എന്ന മാരകവിപത്തിൽനിന്നും മോചനം ലഭിക്കുകയുള്ളൂ.

മൃഗസംരക്ഷണത്തിന് കർഷകർക്കു പ്രോത്സാഹനം നൽകുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രത്യേക ഘടകപദ്ധതി ഗിരിവർഗ ഉപപദ്ധതി എന്നിവയിലൂടെയുള്ള ഒരു പരിപാടിയും കഴിഞ്ഞ വർഷങ്ങളിൽ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

## പ്രശ്നങ്ങൾ

1. ഗുണമേന്മയുള്ള സങ്കരയിനം കന്നുകാലികളുടെ അഭാവം.

2. കൃത്രിമബീജദാനം നടത്തുന്നതിനുള്ള സൗകര്യക്കുറവ്

3. കാലിത്തീറ്റയുടെയും ധാതുലവണങ്ങളുടെയും അമിതമായ വിലക്കയറ്റം.

4. തീറ്റപ്പുൽ കൃഷിയുടെ അഭാവംമൂലം പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവ്.

5. ക്ഷീരവിപണനത്തിനായുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനക്കുറവ്.

6. ആരോഗ്യപരിപാലനത്തിനും പ്രതിരോധ കുത്തിവയ്പ്പിനുമുള്ള സൗകര്യങ്ങളുടെ അഭാവം. മൃഗാശുപത്രിയിലെ മരുന്നിന്റെ ലഭ്യതക്കുറവ്.

7. പേപ്പട്ടിശല്യം പരിഹരിക്കപ്പെടാതിരിക്കുക

8. ശാസ്ത്രീയ രീതിയിലുള്ള അറവുശാലകളുടെ അഭാവം.

## സാധ്യതകൾ, പരിഹാരനിർദേശങ്ങൾ

1. മൃഗസംരക്ഷണ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനായി നിലവിലുള്ള ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ മെച്ചപ്പെടുത്തുകയും പുതിയ സംഘങ്ങൾ ആരംഭിക്കുകയും ചെയ്യുക.

2. ക്ഷീരവിപണന സൗകര്യങ്ങൾ വ്യാപിപ്പിക്കുയും കർഷകർക്ക് ന്യായവില ഉറപ്പാക്കുയും ചെയ്യുക.

3. വർഗശുദ്ധിയുള്ള സങ്കരയിനം കന്നുകാലികളെ കണ്ടെത്തി സംഘങ്ങൾ വഴി കർഷകർക്കു വിതരണം ചെയ്യുക.

4. കൃത്രിമ ബീജദാന സൗകര്യങ്ങൾ വിപുലപ്പെടുത്തിന്നതിനായി ചെങ്ങോം, മലയാംപടി, പൂളക്കുനി എന്നിവിടങ്ങളിൽ ഐ.സി.ഡി.പി. സെന്ററുകൾ സ്ഥാപിക്കുക. ഓടൻതോട്, പുളക്കുനി മാതൃകയിൽ സഹകരണസംഘങ്ങൾ വഴി കൃത്രിമബീജദാനം നടത്തുന്നതിനുള്ള പരിശീലനം സംഘം ജീവനക്കാർക്കു നൽകുക.

5. പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവ് കണക്കിലെടുത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സഹായം കർഷകർക്കു നൽകുക. പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമാണ യൂണിറ്റുകൾ ആരംഭിക്കുക.

6. സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കാൻ കോഴി വളർത്തൽ, ആടുവളർത്തർ, പന്നിവളർത്തൽ

മുതലായ പദ്ധതികൾ വ്യാപകമാക്കുക.

7. ഒരേക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ള 2100 കർഷകരുള്ള ഈ പഞ്ചായത്തിൽ അത്തരക്കാർ ഒരു ഉപതൊഴിൽ എന്ന നിലയിൽ മൂന്നു കന്നുകാലിക ളുള്ള ഒരു ഡയറി യൂണിറ്റ് തുടങ്ങുന്നതിനുള്ള പദ്ധ

യ്പ്പിനുമുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും ആശുപത്രിക്ക് സ്ഥിരമായി കെട്ടിടം നിർമിക്കുകയും ചെയ്യുക.

11. പേവിഷ നിയന്ത്രണ പരിപാടി വ്യാപകമാക്കു കയും നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അല



തികൾ ആവിഷ്കരിക്കുക.

8. കണിച്ചാർ പഞ്ചായത്തിലെ ഏറ്റവും ഉയരംകൂടിയ പ്രദേശമായ (സമുദ്രനിരപ്പിൽനിന്നും 1600 അടി ഉയരം) ഏലപ്പീടികയിൽ മറ്റു കൃഷികൾ അസാധ്യമായതിനാലും ധാരാളം പച്ചപ്പുല്ല് ലഭിക്കുമെന്നുള്ളതുകൊണ്ടും അവ ഉപയോഗപ്പെടുത്തി ഒരു ഡയറി ഫാം സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.

9. ആറളം ഫാമിൽ സുലഭമായി ലഭിക്കുന്ന പച്ചപ്പുല്ല് വേനൽക്കാലത്ത് ഉണങ്ങിപ്പോകുന്നതിനു മുമ്പ് ശേഖരിച്ച് സംസ്കരിച്ച് സൈലേജാക്കി ഉപയോഗിക്കുന്നതിന് ഇന്നുള്ള തടസം ഒഴിവാക്കുയും വില കുറയ്ക്കുകയും ചെയ്യുക. കുറെയധികം ആളുകൾ 1, 2 വാർഡുകളിൽ ഫാം പുല്ല് കിട്ടുന്നതുകൊണ്ട് കാലികളെ വളർത്തി ഉപജീവനം നടത്തുന്നു.

10. മൃഗാശുപത്രിയുടെ സംവിധാനം മെച്ചപ്പെടുത്തി രോഗപരിപാലനത്തിനും രോഗപ്രതിരോധകുത്തിവ

ഞ്ഞുതിരിയുന്ന നായ്കളെ നശിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ആളുകളെ പരിശീലനം നൽകി നിയോഗിക്കുക.

12. അറവുശാലകളിൽ ലൈസൻസ് നൽകി ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിപ്പിക്കുക.

13. ക്ഷീരകർഷകർക്ക് ശാസ്ത്രീയ മൃഗപരിപാലനത്തിനുള്ള പരിശീലനം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

14. കന്നുകാലികൾക്ക് സൗജന്യ ഇൻഷുറൻസ് പദ്ധതിയും ക്ഷീരകർഷകർക്ക് ക്ഷേമനിധിയും നടപ്പിലാക്കുക.

## മത്സ്യബന്ധനം

മത്സ്യം വളർത്തുന്നതിനും മത്സ്യബന്ധനത്തിനും ആവശ്യമായ ഉപരിതല ജലസ്രോതസുകൾ ഈ പഞ്ചാ

യത്തിൽ വളരെ കുറവാണ്. മത്സ്യം വളർത്താൻ സംരംഭങ്ങൾ പരിമിതമായി മാത്രമേ ഈ പ്രദേശത്തുള്ളൂ. ഭക്ഷണാവശ്യത്തിനു മത്സ്യം ഉപയോഗിക്കുന്നവരാണ് ഇവിടത്തെ ഭൂരിപക്ഷം ജനങ്ങളും. മത്സ്യകച്ചവടക്കാർ കൊണ്ടുവന്നു വിൽക്കുന്ന കടൽ മത്സ്യങ്ങളും ഉണക്കമത്സ്യവും ആണ് ജനങ്ങളുടെ ഭക്ഷണ ആവശ്യങ്ങൾ നിറവേറ്റുന്നത്. പഞ്ചായത്തിന്റെ ഒരരികിലൂടെ ഒഴുകുന്ന ബാവലിപ്പുഴയിൽ നിന്നും തോട്ട ഉപയോഗിച്ചും തുരിശ്പോലുള്ള രാസവസ്തുക്കൾ ഉപയോഗിച്ചും മത്സ്യംപിടിക്കുന്നുണ്ട്. പുഴ മലിനമാക്കുന്ന ഇത്തരം പ്രവണതകൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. റോഡരികിലുള്ള മത്സ്യവിപണനവും മലിനീകരണ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. മത്സ്യ വിപണന കേന്ദ്രങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്.

കൃഷിക്കും ജലസേചനത്തിനും മറ്റുമായി നിർമിക്കപ്പെട്ടിട്ടുള്ള 163 കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അവ ഉപയോഗിച്ച് ശുദ്ധജല മത്സ്യകൃഷി നടത്താവുന്നതാണ്. വീടുകളിലെ അവശിഷ്ടങ്ങൾ മത്സ്യങ്ങൾക്കു തീറ്റയായി നൽകുവാൻ സാധിക്കും. വിസർജ്യവസ്തുക്കളുടെ ഒരു ജൈവ സംസ്കരണ പദ്ധതികൂടിയാണിത്. മത്സ്യം വളർത്തുന്നതിനെക്കുറിച്ചുള്ള പരിശീലനവും ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങളെയും ലഭ്യമാക്കുന്നതിനുള്ള പരിപാടികൾ പഞ്ചായത്തുതലത്തിൽ ആവിഷ്കരിക്കാവുന്നതാണ്.



# 4.3 വ്യവസായം

കണിച്ചാർ പഞ്ചായത്തിന് വ്യാവസായികമേഖലയിൽ എടുത്തുപറയത്തക്ക പുരോഗതിയൊന്നും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഭൂമിശാസ്ത്രപരമായ പഞ്ചായത്തിന്റെ പ്രത്യേകതകൾ കൊണ്ടാവാം വികസനത്തിന് ആവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഇനിയും ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിലുടനീളം സുലഭമാണെങ്കിലും വേണ്ടത്ര ഊർജ്ജത്തിന്റെ ലഭ്യതയോ, റോഡുകളുടെ വികസനമോ ഇല്ലാത്തതിനാൽ വ്യവസായ വികസനത്തുറയിൽ കാര്യമായ രീതിയിൽ സംരംഭങ്ങൾ ഉടലെടുത്തിട്ടില്ല. മുഖ്യ ഊർജ്ജസ്രോതസായ വൈദ്യുതി മേഖലയിൽ വടക്കൻ കേരളത്തിലെ ജില്ലകൾ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾ ഇന്നാട്ടിലെ വ്യാവസായിക വികസനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പൊതുവിൽ ഭയാശങ്കകൾ കൂടാതെ വ്യവസായ രംഗത്തേക്ക് കടന്നുകയറുവാൻ കഴിയാത്ത ഒരവസ്ഥയാണ് നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നത്.

ഇത്തരം ഒരവസ്ഥയിൽ പഞ്ചായത്തിൽ നിലവിലുള്ള മുഖ്യവ്യവസായത്തുറ കണ്ടെത്തുക തന്നെ ശ്രമകരമാണ്. 1930–കളിലാണ് പഞ്ചായത്തിൽ പലയിടങ്ങളിലും കർഷക കുടിയേറ്റം ആരംഭിക്കുന്നത്. അഞ്ച് പതിറ്റാണ്ടോളം കാത്തിരിക്കേണ്ടിവന്നു വൈദ്യുതിയുടെ സഹായത്താൽ ഏതെങ്കിലും വ്യവസായം രൂപംകൊള്ളാൻ.

വൈദ്യുതി കടന്നുവരുന്നതിനു മുമ്പ് ഡീസൽ യന്ത്രങ്ങളുടെ സഹായത്താൽ പ്രവർത്തിക്കുന്ന ഏതാനും റൈസ് മില്ലുകളാണ് ഈ രംഗത്തേക്ക് കടന്നുവരുന്നത്. 1980 –കളിൽ വൈദ്യുത കണക്ഷൻ ചിലയിടങ്ങളിലൊക്കെ ലഭ്യമായപ്പോൾ കൂടുതൽ മില്ലുകൾ രൂപംകൊണ്ടു. ഈ രംഗത്ത് ആറ് റൈസ് മില്ലുകളും രണ്ടുവീതം ഓയിൽമിൽ ഫ്ളോർമിൽ എന്നിവയും ഇപ്പോൾ ഏറെക്കുറെ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഏതാണ്ട് ഇതേ കാലയളവിനോടടുത്തു തന്നെ ഏതാനും ഫർണിച്ചർ യൂണിറ്റുകളും ആവിർഭവിക്കുകയുണ്ടായി.

എന്നാൽ നെൽകൃഷി പൊതുവേ കുറഞ്ഞുവരുന്നതിനാലും വേണ്ടത്ര തൊഴിലവസരങ്ങൾ ഈ രംഗത്ത് വിരളമായതിനാലും പുതിയ ചില വ്യവസായ സംരംഭങ്ങളിലേക്ക് വ്യവസായികളുടെ ശ്രദ്ധ തിരിഞ്ഞുകാണുന്നു. ഇതിലേറ്റവും പ്രധാനം കരിങ്കൽ പൊടിക്കൽ, ഇഷ്ടിക നിർമാണം, പേപ്പർകോൺ നിർമാണം തുടങ്ങിയ അത്യാധുനിക വ്യവസായ സംരംഭങ്ങളാണ്. സ്വകാര്യ മേഖലയുലുള്ള ഇത്തരം ഒറ്റപ്പെട്ട സംരംഭങ്ങൾ എല്ലാംതന്നെ ചെറുകിട ഫാക്ടറി അടിസ്ഥാനത്തിലുള്ളതാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന ഇത്തരം ഫാക്ടറികളിൽ നിലവിലുള്ള തൊഴിലാളികളിൽ കൂടുതൽ പങ്കാളിത്തം

സ്ത്രീകൾക്കാമുള്ളതെന്ന വസ്തുത പഠനാർഹമാണ്.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷീരോത്പാദ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ പഞ്ചായത്തിൽ 3 ക്ഷീരോൽപ്പന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയതൊഴിലവസരങ്ങളെ പ്രതീക്ഷിച്ചുകൊണ്ടു കടന്നുവന്ന വനിതകളുടെ നേതൃത്വത്തിലാണ് ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഇത്തരം യൂണിറ്റുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുമ്പോൾ വളരെ പരിതാപകരമായ ഒരവസ്ഥയാണ് നമുക്ക് കണ്ടെത്താൻ കഴിയുന്നത്. നാലും അഞ്ചും വനിതകളാണ് ഓരോ യൂണിറ്റിലും പ്രവർത്തിക്കുന്നത്. പുതിയ പ്രതീക്ഷകളുമായി ഈ രംഗത്തു തുടരുന്ന ഇവർക്ക് ശരാശരി 20 രൂപപോലും പ്രതിദിനം ഒരാൾക്ക് വരുമാനമായി ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പോഷകപ്രധാനമായ പാലും മറ്റനുബന്ധ വസ്തുക്കളും കൊണ്ടാണ് ഉൽപ്പന്നങ്ങളുണ്ടാക്കുന്നതെങ്കിലും വേണ്ടത്ര വിപണിയെ ആകർഷിക്കാൻ ഇവർക്ക് കഴിഞ്ഞില്ല. പാചകാവശ്യത്തിനു വിറകോ മണ്ണെണ്ണയോ ലഭ്യമല്ല. സർവോപരി ഇത്തരം സംഭവങ്ങൾ നിലനിർത്തുന്നതിനോ പരിപോഷിപ്പിക്കുന്നതിനോ യാതൊരുവിധ പ്രോത്സാഹനവും സർക്കാർ ഭാഗത്തുനിന്നോ ഉണ്ടാകുന്നില്ല. ഈ അവസ്ഥ തുടർന്നാൽ ഇത്തരം രംഗങ്ങളിൽ തൊഴിൽചെയ്തു കൊണ്ടിരിക്കുന്ന പ്രത്യേകിച്ചു ഗ്രാമീണരായ വനിതാ സംരംഭകരുടെ വ്യാവസായിക താൽപര്യംതന്നെ കൂമ്പടഞ്ഞുപോകുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഊർജരംഗത്ത് നിലവിലുള്ള മാന്ദ്യം ചെറുകിട വ്യവസായ മേഖലയിലേക്ക് വരുന്നവരുടെ ഒഴുക്കിനെ കാര്യമായി ബാധിച്ചിരിക്കുന്നതായി കാണാം. വർഷങ്ങൾക്കു മുമ്പ് ഫർണിച്ചർ നിർമാണ രംഗത്തും സോപ്പുനിർമാണരംഗത്തും കടന്നുവരുവാൻ ശ്രമിച്ച സംരംഭകർക്ക് ഒട്ടേറെ പ്രശ്നങ്ങളെ നേരിടേണ്ടതായി വന്നിട്ടുണ്ട്. പഞ്ചായത്തിൽ ആദ്യമായി രൂപംകൊണ്ട ഒരു സോപ്പുനിർമാണ യൂണിറ്റ് വർഷങ്ങളായിട്ടും ഇതുവരെ പ്രവർത്തനക്ഷമമാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. വിലപിടിച്ച യന്ത്ര സാമഗ്രികൾ തുരുമ്പെടുക്കുന്ന ഘട്ടത്തിലെത്തി നിൽക്കുന്നു. വീടും വസ്തുക്കളും പണയപ്പെടുത്തി- വായ്പയെടുത്ത് വാങ്ങിവച്ച ഇത്തരം യന്ത്ര സാമഗ്രികൾ സംരംഭകനെ തീരാ കടക്കെണിയിലേക്ക് തള്ളിവിടുന്നു.

ലക്ഷക്കണക്കിനു രൂപ വിലപിടിച്ച യന്ത്ര സാമഗ്രികളും മറ്റും തയാറാക്കി വേണ്ടത്ര ''കുതിരശക്തി''ക്കു വേണ്ടി വർഷങ്ങളോളം നടന്ന തളർന്ന വ്യവസായ സംരംഭകർ നിരവധിയാണ്. മനസ്സിലാഗ്രഹിച്ച വ്യവസായ സംരംഭത്തിന് ആവശ്യമായ വൈദ്യുതി കണക്ഷൻ സമീപ ഭാവിയിലെങ്ങും തരപ്പെടില്ലെന്ന് മനസിലാക്കിയ യുവസംരംഭകൻ തന്റെ അയൽ പഞ്ചായത്തിലേക്ക് ചേക്കേറി അവിടെ യൂണിറ്റ് സ്ഥാപിച്ച കഥയും ഇന്നാട്ടിലുണ്ട്. ഒട്ടേറെ കടമ്പകൾ കടന്നെങ്കിലേ ഒരു ചെറുകിട വ്യവസായ യൂണിറ്റ് തുടങ്ങാനാകൂ എന്ന അവസ്ഥ ഗൗരവതരമായ ശ്രദ്ധ അർഹിക്കുന്ന വിഷയമാണ്.

കണിച്ചാർ പഞ്ചായത്തിൽ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകളൊന്നും തന്നെയില്ല. ചെറുകിട വ്യവസായമേഖലയിൽ ഏതാനും ചില സ്വകാര്യ യൂണിറ്റുകളും ക്ഷീരോൽപ്പന്ന മേഖലയിൽ ഏതാനും ചില സ്വകാര്യ യൂണിറ്റുകളും ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ അനുബന്ധ യൂണിറ്റുകളായി പ്രവർത്തിക്കുന്ന 3 ക്ഷീരോദ്പന്ന യൂണിറ്റുകളും ആധുനിക വ്യവസായ മേഖലയിൽ രണ്ട് മൂന്ന് ഇടത്തരം യൂണിറ്റുകളുമാണ് പഞ്ചായത്തിലെ പ്രധാന വ്യവസായ യൂണിറ്റുകൾ. VIII- ാം വാർഡിൽ ഏലപ്പീടികഭാഗത്ത് കരിങ്കൽ വ്യവസായ രംഗത്ത് ഒരു പദ്ധതി സ്വകാര്യ ഉടമസ്ഥതയിൽ രൂപംകൊണ്ടു വരുന്നത്.

### പഞ്ചായത്തിലെ പ്രധാന വ്യവസായയൂണിറ്റുകൾ

| പരമ്പരാഗതവ്യവസായങ്ങൾ | ഉടമസ്ഥത | എണ്ണം |
|---|---|---|
| ഫർണിച്ചർ | സ്വകാര്യത | 6 |
| ഹോട്ടൽ | സ്വകാര്യത | 8 |
| ബേക്കറി | സ്വകാര്യത | 3 |
| സോഡാ നിർമാണം | സ്വകാര്യത | 6 |
| റൈസ് മിൽ | സ്വകാര്യത | - |
| ഫ്ളോർമിൽ | സ്വകാര്യത | 2 |
| ഓയിൽമിൽ | സ്വകാര്യത | 2 |
| സോമിൽ | സ്വകാര്യത | 1 |
| **ആധുനിക വ്യവസായങ്ങൾ** | | |
| കരിങ്കൽപൊടിക്കൽ | സ്വകാര്യത | 1 |
| ഹോളോ ബ്രിക്സ് നിർമാണം | സ്വകാര്യത | 1 |
| പേപ്പർകോൺ നിർമാണം | സ്വകാര്യത | 1 |
| ക്ഷീരോൽപ്പന്ന യൂണിറ്റുകൾ | സ്വകാര്യത | 3 |
| **(ക്ഷീരോൽപ്പന്ന സഹ:സംഘത്തിന്റെ പങ്കാളിത്തം)** | | |

നമ്മുടെ പഞ്ചായത്തിലും പുറത്തുമായി വിവിധ തൊഴിൽ മേഖലകളിൽ ജോലിയെടുക്കുന്ന 4908 പേരിൽ 3871 പേർ പുരുഷന്മാരും 1037 പേർ സ്ത്രീക

ളുമാണ്. ഇതിൽ വ്യവസായ മേഖലയിൽ ജോലിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കേവലം 249 പേർ മാത്രമാണ്. അതിൽത്തന്നെ പുരുഷന്മാരുടെ എണ്ണം 91ഉം സ്ത്രീകളുടെ എണ്ണം 158 ഉം ആണ്. ഇവരിൽ നല്ലൊരു ശതമാനം തൊഴിലാളികളും ആധുനിക മേഖലയായ കരിങ്കൽപൊടിക്കൽ യൂണിറ്റ്, സിമന്റധിഷ്ടിത ഹോളോ ബ്രിക്സ് വ്യവസായം, കണിച്ചാറിലെ ലക്ഷ്മീ പേപ്പർകോൺ നിർമാണം തുടങ്ങിയ വിവിധ വ്യവസായ യൂണിറ്റുകളിലായി തൊഴിലെടുക്കുന്നു. സ്ത്രീത്തൊഴിലാളികളുടെ പങ്കാളിത്തം ഇത്തരം യൂണിറ്റുകളിൽ താരതമ്യേന നിലവിലുള്ള കൂലിവ്യവസ്ഥ തൊഴിലാളികളുടെ അധ്വാനത്തിന് ആനുപാതികമല്ലെന്ന പരാതിയുണ്ട്.

കണിച്ചാറിൽ പ്രവർത്തിക്കുന്ന പേപ്പർകോൺ ഫാക്ടറിയിൽ പണിയെടുക്കുന്നവരിൽ നല്ലപങ്കും സ്തീകളാണ്. തുണിമില്ലുകൾക്ക് ആവശ്യമായ പേപ്പർകോണുകളാണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്. ഇവിടേക്കാവശ്യമായ അസംസ്കൃതവസ്തു മുഖ്യമായും കട്ടികൂടിയ ഹാർഡ്പേപ്പർ ആണ്. തമിഴ്നാട്ടിൽ നിന്നു കൊണ്ടുവരികയാണിപ്പോൾ. താഴ്ന്നതരം പേപ്പർ പൾപ്പുപയോഗിച്ച് ഉണ്ടാകുന്ന പേപ്പർഷീറ്റുകളാണിവ.

ഈ അസംസ്കൃത വസ്തുവിന് വലിയ ഡിമാൻഡാണുള്ളത്. മുഴുവൻ പണമടച്ച് 15 ദിവസം കഴിഞ്ഞിട്ടേ പേപ്പർറോൾ കിട്ടുന്നുള്ളൂ. നമ്മുടെ സംസ്ഥാനത്ത് ഇപ്രകാരം ഹാർഡ് പേപ്പർ ഷീറ്റുണ്ടാക്കാൻ ചെറിയ സാധ്യത കണ്ടെത്തിയാൽ ഇത്തരം യൂണിറ്റുകൾക്ക് അതൊരനുഗ്രഹമായിരിക്കും. വേസ്റ്റ് ന്യൂസ്പേപ്പർ, അടയ്ക്കാ തൊണ്ട് ഇവ ശാസ്ത്രീയമായി പാകപ്പെടുത്തിയാൽ ഇത്തരം പേപ്പർഷീറ്റുകളുണ്ടാക്കാമോ എന്ന് പഠനം നടത്തേണ്ടിയിരിക്കുന്നു.

ഈ യൂണിറ്റ് നിരന്തരം പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഊർജ്ജ പ്രതിസന്ധി തന്നെയാണ് ഇവയിൽ പ്രധാനം. ഒരു ട്രാൻസ്ഫോർമർ കണിച്ചാർ ടൗണിലെവിടെയെങ്കിലും സ്ഥാപിച്ചാൽ ഈ പ്രശ്നത്തിന് കുറെയൊക്കെ പരിഹാരം ആകുമെന്ന് പ്രതീക്ഷിക്കുന്നു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സിസ്സഹകരണ മനോഭാവമാണ് എടുത്തുപറയേണ്ട മറ്റൊരു പ്രശ്നം. 1 ലക്ഷം രൂപ വായ്പയായി അനുവദിക്കണമെങ്കിൽ 3 ലക്ഷം രൂപയുടെ വസ്തുവിന്റെ ഈടു കൊടുക്കേണ്ടിവരുന്നു. വർഷങ്ങളായി പുരോഗതിയിലേക്കു വന്നുകൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്കുപോലും ഒരു വായ്പ ലഭിക്കാൻ ഇതുപോലെ വൻതുകക്കുള്ള ഈടാണ് ബാങ്കുകൾ ആവശ്യപ്പെടുന്നത്. ഇത്തരം ആവശ്യങ്ങൾ നിലനിൽക്കുന്നതിനാൽ പഞ്ചായത്തിന് പുറത്തെവിടെയെങ്കിലും താരതമ്യേന പ്രശ്നരഹിത മേഖല കണ്ടെത്തിയാൽ അങ്ങോട്ട് മാറിപ്പോകാനുള്ള ചിന്തയിലാണ് സംരംഭകൻ.

ഇപ്രകാരം ഒട്ടേറെ പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ് പഞ്ചായത്തിലുള്ള വിവിധ വ്യവസായങ്ങൾ.

## പ്രശ്നങ്ങൾ

വനമേഖലകൊണ്ട് അതിരിട്ടു നിൽക്കുന്ന ഒരു പഞ്ചായത്താണ് കണിച്ചാർ. വികസനത്തിന്റെ കാര്യത്തിൽ അതിർപഞ്ചായത്തുകളായ കേളകം പേരാവൂർ, കോളയാട് തുടങ്ങിയ പഞ്ചായത്തുകളിൽ നിന്നും ഏറെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണിത്. 51.96 ചതുരശ്ര കിലോമീറ്റർ വിസ്തീർണവും 17516-ഓളം ജനസംഖ്യയും 3603 വീടുകളുമുള്ള ഈ പഞ്ചായത്തിൽ ജനങ്ങളുടെ നിത്യോപയോഗ സാധനങ്ങൾ ഉൽപ്പന്നങ്ങളാക്കിക്കൊണ്ടുള്ള കുറെയെങ്കിലും വ്യവസായ യൂണിറ്റുകൾ ഇതുവരേയും ആവിർഭവിക്കാത്തതിന്റെ കാരണങ്ങൾ വളരെ ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്. ഈ പഞ്ചായത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് അനുകൂല ഘടകങ്ങളായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഉയർന്ന ഉപഭോഗ നിലവാരം, വികസനത്തിന് കൊതിക്കുന്ന ജനശക്തി, അവരുടെ പ്രവർത്തനസന്നദ്ധത എന്നിവയൊക്കെയുണ്ടെങ്കിലും ചെറിയതോതിലുള്ള വളർച്ചയെ നേടിയെടുക്കാൻ കഴിയാത്തതിന് വിഘാതമായി നിൽക്കുന്ന പ്രശ്നങ്ങൾ മുഖ്യമായും താഴെ പറയുന്നവയാണ്.

1.മുഖ്യ കാർഷികോത്പന്നങ്ങളായ കശുവണ്ടി, കശുമാമ്പഴം തുടങ്ങിയവയെ വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ കറ, നാളികേരം തുടങ്ങിയവയെ വ്യാവസായിക രംഗത്ത് പ്രയോജനപ്പെടുത്തുവാൻ അനന്തസാധ്യതകളാണ് നിലനിൽക്കുന്നത്. അതുപയോഗപ്പെടുത്തുന്നില്ല.

2. വ്യവസായ വളർച്ചയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം. ഊർജം, ഗതാഗതം എന്നീ രംഗങ്ങളിൽ നിലവിലുള്ള അപര്യാപ്തത.

3. വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ സ്ഥല സൗകര്യം പഞ്ചായത്തിൽ കുറവാണ്.

4. ഉൽപാദന സാധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മയും സാങ്കേതിക പരിജ്ഞാനക്കുറവും.

5. ധനസഹായം യഥാസമയം ലഭിക്കുന്നില്ല. ബാങ്കുകളുടെ പരിധിനിർണയം സംരംഭകനെ പ്രോത്സാഹിപ്പിക്കുന്നില്ല.

6. വ്യവസായ ലൈസൻസുകൾ ലഭിക്കുവാൻ താമസം നേരിടുന്നു.

7. വിപണന സാധ്യതക്കുറവ്

8. വ്യവസായ വികസനം സംബന്ധിച്ച ശാസ്ത്രീയമായ ബോധവൽക്കരണത്തിന്റെ അഭാവം.

9. വ്യാവസായിക മേഖലയായുള്ള സമ്പർക്കത്തിന്റെ പോരായ്മ.

10. വ്യവസായ സംരംഭനെ നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള ഉദ്യോഗസ്ഥ തലത്തിലുള്ള സമീപനം.

11. വ്യാപിതമായിട്ടുള്ള ചെറുകിട വ്യവസായ ശൃംഖലയുടെ തകർച്ചയിലുള്ള സംരംഭകന്റെ ആശങ്ക.

12. നിലവിലുള്ള വ്യവസായ സംരംഭങ്ങൾ ഇടയ്ക്കിടെ വിലയിരുത്തുന്നതിനും പോരായ്മകൾ നികത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനും ആവശ്യമായ പ്രോത്സാഹനത്തിന്റേയും പ്രേരണയുടേയും അഭാവം.

13. പരമ്പരാഗത വ്യവസായ യൂണിറ്റുകൾ തൊഴിലാളികൾക്ക് അർഹമായ കൂലി വർധന നൽകാൻ കഴിയുന്നില്ല.

14. പരിശീലനം ലഭിച്ച സംരംഭകരുടേയും വൈദഗ്ധ്യമുള്ള തൊഴിലാളികളുടേയും അഭാവം.

വ്യവസായമേഖല ഇത്തരം നിരവധി പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കയാണ്. മുഖ്യപ്രശ്നമായ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയടക്കമുള്ള മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് മുൻഗണനാ ക്രമത്തിൽ പരിഹാര സാധ്യത കൈവരിക്കാൻ കഴിഞ്ഞാൽ അതുവഴി ഒരു പുതിയ ലാഭകരമായ വ്യവസായ സംസ്കാരം രൂപപ്പെടുത്തുവാനും ഗ്രാമീണരായ നല്ലൊരു ശതമാനം വ്യവസായ സംരംഭകർക്ക് ഈ മേഖലയിൽ നേട്ടങ്ങൾ കൈവരിക്കാനും തൽഫലമായി പഞ്ചായത്തിന്റെ മൊത്തം സാമ്പത്തിക ഭദ്രതയ്ക്ക് ഈ മേഖലകൊണ്ട് ആവുംവിധം താങ്ങാകാനാകും എന്ന പ്രതീക്ഷയുണ്ട്. കാലഘട്ടത്തിന്റെ ആവശ്യം മുൻനിർത്തി ഇപ്രകാരം വ്യവസായ മേഖലയിൽ പുതിയ പരീക്ഷണങ്ങൾക്ക് മുതിർന്നാലെ നമുക്ക് വികസനം സാധ്യമാവുകയുള്ളൂ.

## സാധ്യതകൾ

പ്രാഥമിക മേഖലയായ കൃഷിയുടെ നേരിയ അഭിവൃദ്ധികൊണ്ടുമാത്രം പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക ഭദ്രത കൈവരിക്കാൻ കഴിയില്ല എന്ന സ്ഥിതിയാണിന്നുള്ളത്. അതുകൊണ്ടു തന്നെ കാർഷിക മേഖലയിലെ പ്രധാന ഉൽപന്നങ്ങളെ അസംസ്കൃത വസ്തുവാക്കിക്കൊണ്ടുള്ള വ്യവസായ മേഖലയുടെ ത്വരിത വളർച്ച ലാക്കാക്കി പുരോഗതി നേടാനുതകുന്ന പല സാധ്യതകളും ഗ്രാമസഭകളിലും പിന്നീട് ചേർന്ന കോർ ഗ്രൂപ്പുകളുടെ ചർച്ചകളിലും ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ മുൻഗണനാ ക്രമത്തിൽ താഴെ കൊടുക്കുന്നു.

**1.മുഖ്യവിളകളുടെ വ്യാവസായികോപയോഗം**

A. കശുവണ്ടിയും മാമ്പഴവും:

പഞ്ചായത്തിലെ പ്രധാന നാണ്യവിളയാണ് കശുവണ്ടി. കേരളത്തിലെ കശുമാവ് കൃഷിയുടെ മുക്കാൽഭാഗവും കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ സംഭാവനയാണെന്നിരിക്കെ ഈ മേഖലയിൽ നിന്നു സംഭരിക്കുന്ന കശുവണ്ടി കൊല്ലം ജില്ലയിലും മറ്റുമാണ് സംസ്കരിക്കുന്നത്. ഇതുവഴി ഒട്ടേറെ തൊഴിലവസരങ്ങളും സാമ്പത്തിക ലാഭവും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പാഴ്വസ്തുപോലെ വലിച്ചെറിയപ്പെടുന്ന കശുമാമ്പഴത്തിന്റെ പോഷകമൂല്യം മുൻനിർത്തി അവകൊണ്ടുണ്ടാക്കാവുന്ന ഭക്ഷണ പാനീയങ്ങളുടെ നിർമാണത്തിന് വളരെ സാധ്യത കാണുന്നു. വ്യാവസായിക ഉപയോഗത്തിനു പറ്റിയ ആൽക്കഹോൾ നിർമിക്കുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്.

B.റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമാണ യൂണിറ്റ്.

പഞ്ചായത്തിൽ വ്യാപകമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന റബ്ബർക്കറയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള നിരവധി വ്യവസായ സംരംഭങ്ങൾക്ക് ഈ പഞ്ചായത്തിൽ മികച്ച സാധ്യതയുണ്ട്. റബ്ബർത്തടിയുടെ വ്യവസായ സാധ്യത കൂടി കണക്കിലെടുത്ത് ഇതുപയോഗപ്പെടുത്തിയും പുതിയ സംരംഭങ്ങൾക്ക് മുൻഗണന കാണുന്നു.

C.ക്ഷീരോൽപ്പന്ന യൂണിറ്റുകൾ

വിസ്തൃതമായ തോട്ടങ്ങളും പുരയിടങ്ങളും ധാരാളമായിട്ടുള്ള ഈ പ്രദേശത്തെ കർഷകമേഖലയിൽ പാലിനുവേണ്ടിയുള്ള മൃഗസംരക്ഷണം മുഖ്യ ജീവിതോപാധിയാണ്. പാലുൽപ്പന്നങ്ങൾക്ക് വിപണന സാധ്യത കണ്ടെത്തിയാൽ ഈ രംഗത്ത് പുതിയ വ്യവസായ സംരഭങ്ങൾ തുടങ്ങാവുന്നതാണ്.

D. മാംസ സംസ്കരണയൂണിറ്റ്

ഗുണമേന്മയുള്ള മാംസം ലഭിക്കുവാൻ നിലവിൽ സൗകര്യങ്ങളുള്ളതായി കാണുന്നില്ല. പഞ്ചായത്തിൽ

ഒരിടത്തെങ്കിലും ആധുനിക സൗകര്യങ്ങളുള്ള ഒരറ വുശാല സ്ഥാപിക്കുവാൻ സാധ്യതയുണ്ട്.

E.കരിങ്കൽവ്യവസായ യൂണിറ്റുകൾ

പഞ്ചായത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും പ്രകൃതി കനിഞ്ഞരുളിയിട്ടുള്ള വിഭവമാണ് കരിങ്കല്ല്. റോഡു നിർമാണ രംഗത്തും ഗൃഹനിർമാണത്തിനും ഒഴിച്ചു കൂടാനാകാത്ത ഈ വിഭവത്തെ വേണ്ടുംവിധം സംസ്കരിക്കുന്നതിന് നവീന രീതിയിലുള്ള യന്ത്ര സാമഗ്രികളോടുകൂടിയ വ്യവസായ യൂണിറ്റുകൾ അത്യാവശ്യമാണ്.

F.സിമെന്റധിഷ്ഠിത വ്യവസായങ്ങൾ:-

സിമെന്റ്, കരിങ്കൽ ചിപ്സ്, ഇവ പ്രയോജനപ്പെ ടുത്തി ഉൽപ്പാദിപ്പിച്ചെടുക്കാവുന്ന ഹോളോ ബ്രിക്സ്, R.C. കട്ടിളകൾ, ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിന് ആവ ശ്യമായ കോൺക്രീറ്റ് പോസ്റ്റ്, സിമെന്റ് ജാളികൾ ഇവയൊക്കെ നിർമിച്ചെടുക്കാവുന്നതാണ്.

G. അടയ്ക്കാ സംസ്കരണ യൂണിറ്റുകൾ:-

ഇവിടെ സുലഭമായി ലഭിക്കുന്ന അടയ്ക്കാ വ്യവ സായ ലക്ഷ്യത്തോടെ അയൽ സംസ്ഥാനങ്ങളിലേക്ക് കയറ്റിയയയ്ക്കപ്പെടുകയാണ്. ഇത്തരം കയറ്റുമതിക്ക് തലയിടണമെങ്കിൽ അടയ്ക്ക ഉപയോഗപ്പെടുത്തിക്കൊ ണ്ടുള്ള പുതിയ വ്യവസായ സംരഭങ്ങൾ നാട്ടിൽ ഉയർന്നുവരണം.

H. നാളികേര സംസ്കരണ യൂണിറ്റുകൾ:-

പഞ്ചായത്തിലെ പ്രമുഖ നാണ്യവിളയായ നാളി കേരത്തിന്റെ വ്യാവസായിക സാധ്യത എടുത്തുപറ യേണ്ടതു തന്നെയാണ്. പുതിയ രീതിയിലുള്ള കൊപ്രാ ഡ്രൈയർ സ്ഥാപിച്ച് ഗുണമേന്മയുള്ള കൊപ്ര ത്വരിത വേഗതയിൽ സംസ്കരിച്ചെടുക്കാൻ നമുക്ക് കഴിയണം. ആധുനിക രീതിയിലുള്ള ഒരു ഓയിൽമിൽ സ്ഥാപിച്ച് മേൽത്തരം ഗുണമുള്ള വെളിച്ചെണ്ണ വിപണിയിലിറ ക്കാൻ നമുക്ക് കഴിയണം. അതുപോലെ തന്നെ കേരോൽപ്പന്നങ്ങളായ തൊണ്ട്, ചിരട്ട, ഓല മുതലാ യവ ഉപയോഗപ്പെടുത്തുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ നിലവിൽ വരണം.

മേൽപറഞ്ഞവ കൂടാതെ വിപണന സാധ്യതക ളുള്ള മറ്റിചില സംരഭങ്ങൾ കൂടി ഗ്രാമസഭാ ചർച്ചക ളിൽ സൂചിപ്പിക്കപ്പെട്ടു.

1. റെഡിമെയ്ഡ് ഗാർമെന്റ് നിർമാണ യൂണിറ്റ്

2. സുഗന്ധവ്യഞ്ജന വ്യവസായ യൂണിറ്റ്

ഇന്ത്യയിലെ പ്രമുഖ സുഗന്ധവിളകളിലൊന്നായ കറുവപ്പെട്ട വ്യാപകമായി കൃഷിചെയ്യുന്ന തോട്ടം കണിച്ചാർ പഞ്ചായത്തിലെ VIII-ാം വാർഡിൽ പെടുന്നു. സമീപ പ്രദേശങ്ങളിൽ നിന്ന് സംഭരിക്കാ വുന്ന ഏലക്ക, ഗ്രാമ്പു, കുരുമുളക്, ജാതിക്ക, മഞ്ഞൾ തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങൾ ഉപയോഗിച്ച് ഇപ്ര കാരം ഒരു വ്യവസായ യൂണിറ്റിന് അനൽപമായ സാധ്യത കാണുന്നു.

3. ഭക്ഷ്യസംസ്കരണ യൂണിറ്റ്:-

മലയോര പ്രദേശങ്ങളിൽ സുലഭമായി ലഭിക്കുന്ന നേന്ത്രക്കായ, കപ്പ, ചക്ക, മാമ്പഴം, കൈതച്ചക്ക ഇവ ഉപോയോഗിച്ചുള്ള വിവിധയിനം ഭക്ഷ്യവസ്തുക്കൾ ലാഭകരമായി നിർമിക്കാവുന്നതാണ്.

4. തഴ, ചൂരൽ, മുള എന്നിവ ഉപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകൾ.

സമീപസ്ഥമായ വനമേഖല പ്രയോജനപ്പെടുത്തി പുതിയ ചെറുകിട - കുടിൽ വ്യവസായങ്ങൾ ആരം ഭിക്കാവുന്നതാണ്.

ഗ്രാമീണ ജനതയുടെ വ്യാവസായിക അഭിരുചി വളർത്തിക്കൊണ്ടു വരുവാനും പുതിയ സംരഭങ്ങൾ തുടങ്ങുവാൻ അവരെ പ്രാപ്തരാക്കുവാനും ഉതകുന്ന ചില പ്രായോഗിക നിർദേശങ്ങളും ഉരുത്തിരിയുകയു ണ്ടായി.

1. വ്യാവസായ വികസനസമിതിയുടെ രൂപീക രണം.

2. നിലവിലുള്ള വ്യവസായങ്ങളെ വിലയിരുത്തു ന്നതിനും പ്രോത്സാഹനങ്ങൾ നൽകുന്നതിനുമുള്ള ജനകീയ സമിതികളുടെ രൂപീകരിക്കണം.

3. സംരഭകത്വ പരിശീലനം ഏർപ്പെടുത്തുവാനുള്ള സംവിധാനം.

4. സഹകരണമേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

5. പഞ്ചായത്തിലെ വികസന സാധ്യതകളെ അടി സ്ഥാനപ്പെടുത്തി വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

6. പഞ്ചായത്തിലെ ഗൾഫ് കുടിയേറ്റക്കാരെ ഇത്തരം വ്യവസായ രംഗങ്ങളിൽ മുതൽമുടക്കാൻ പ്രേരിപ്പിക്കുക.



# 4.4 വിദ്യാഭ്യാസം

വിദ്യാഭ്യാസം ഏതൊരു സമൂഹത്തിന്റെയും വികസനത്തിന്റെ മുൻ ഉപാധിയാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലെ പങ്കാളിത്തമാണ് ഏതൊരു സമൂഹത്തിന്റെയും സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ പുരോഗതിയുടെ അളവുകോൽ. യാതൊരു പുരോഗതിയും കടന്നെത്താത്ത 40-50 വർഷം മുമ്പ് വിദ്യാഭ്യാസം നേടുന്നതിന് വേണ്ടി 20 കിലോമീറ്റർ കാൽനടയാത്ര ചെയ്യേണ്ടിവന്നിരുന്നു എന്ന് അറിയുമ്പോൾ അക്കാലത്തെ പുരോഗതി നമുക്ക് ഊഹിക്കാം. എന്നാൽ ഇന്നത്തെ തലമുറയ്ക്ക് അതൊക്കെ ചിന്തിക്കാനേകഴിയുമെന്ന് തോന്നുന്നില്ല. അതുകൊണ്ടു തന്നെ അക്കാലത്ത് പലരും വിദ്യാലയങ്ങളുടെ പടികടന്നില്ല. എന്നാൽ സാമാന്യവിദ്യാഭ്യാസം നേടിയവർ വീടുകളിൽ നിലത്തെഴുത്ത് കളരികൾ നടത്തിയിരുന്നു. ആദ്യകാലത്ത് ഈ ആശാൻ കളരികളിലൂടെയാണ് പലരും അക്ഷരാഭ്യാസം നേടിയത്. ആ ആശാൻ കളരികൾ ഇന്നത്തെ എൽ.പി. സ്കൂളുകളേക്കാൾ മികച്ച നിലവാരമുള്ളവയായിരുന്നെന്നു പഴയതലമുറ സാക്ഷ്യപ്പെടുത്തുന്നു. അത്തരം ആശാൻ കളരികൾ ഈ മേഖലയിൽ പലയിടത്തും നടന്നിരുന്നതായി അന്വേഷണത്തിൽ മനസിലായി. നെല്ലിക്കുന്നിൽ പാറടിയാശാനും ഓടൻതോട്ടിൽ ഒരു രാമൻ കുട്ടിയാശാനും അക്കാലത്ത് നിലത്തെഴുത്ത് കളരികൾ നടത്തിയിരുന്നു. 1980- കളിൽവരെ നിലത്തെഴുത്ത് കളരികൾ ഇവിടെ നിലനിന്നിരുന്നു. കൊളക്കാട്ട് പടിഞ്ഞാറേ കൊച്ചുവീട്ടിൽ സ്കറിയ നടത്തിയ അത്തരമൊരു ആശാൻ കളരിയാണ് പിന്നീട് അധ്യാപകരെ നിയമിച്ച് പ്രാഥമിക വിദ്യാലയമായും യു.പി.സ്കൂളായും വളർന്ന കൊളക്കാട് സെന്റ് സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ.

ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം ഓടപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂളാണ്. 1956-ലാണ് ഇതു പ്രവർത്തനം ആരംഭിക്കുന്നത്. അതിനുശേഷം കൊളക്കാട് സെന്റ് സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ 1957-ൽ പള്ളിയുടെ മാനേജ്മെന്റിന് കീഴിലും സ്ഥാപിച്ചു. ഇത് പിന്നീട് യു.പി.സ്കൂളായി ഉയർത്തി. 1964-ൽ കണിച്ചാറിൽ ഡോ.പൽപ്പു മെമ്മോറിയൽ എൽ.പി. സ്കൂൾ എസ്.എൻ.ഡി.പി.യുടെ മാനേജ്മെന്റിലും ആരംഭിച്ചു. വർഷങ്ങൾക്കു ശേഷം യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തു.

പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂളായ സാന്തോം ഹൈസ്കൂൾ 1982-ൽ കൊളക്കാട് സെന്റ് തോമസ് ചർച്ച് മാനേജ്മെന്റിനു കീഴിൽ പ്രവർത്തനം ആരംഭിച്ചു.

1982-ൽ തന്നെ പൂളക്കുറ്റിയിൽ ജനകീയ കമ്മിറ്റിയുടെ പേരിൽ ഒരു എൽ.പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ജില്ലയിൽ ജനകീയ കമ്മിറ്റിയുടെ സാരഥ്യത്തിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന ചുരുക്കം ചില സ്കൂളുകളിലൊന്നാണിത്.

1983-ൽ ഏലപ്പീടികയിൽ ഇടവകപള്ളി മാനേ ജ്മെന്റിന്റെ കീഴിൽ ആരംഭിച്ച സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂളാണ് പഞ്ചായത്തിൽ അവസാനം സ്ഥാപിക്കപ്പെട്ട വിദ്യാലയം. അതിനുശേഷം പഞ്ചായത്തിൽ ഒരു വിദ്യാലയവും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഈ പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ സൗകര്യത്തെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ ഓടംതോട്, മഠപ്പുരച്ചാൽ പ്രദേശങ്ങൾക്ക് പൂർണമായും അയൽ പഞ്ചായത്തുകളെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. ഈ പ്രദേശത്ത് താമസിക്കുന്ന ജനങ്ങൾക്ക് ഈ പഞ്ചായത്തിലെ ഏറ്റവും അടുത്ത കണിച്ചാർ യു.പി.സ്കൂളിൽ എത്തണമെങ്കിൽ 5 കി.മീറ്ററിലധികം നടക്കണം. വാഹന സൗകര്യമില്ലാത്തതിനാൽ ഈ പ്രദേശത്തുള്ളവർക്ക് പേരാവൂർ പഞ്ചായത്തിലെ പെരുമ്പുന്ന, മണത്തണ സ്കൂളുകളിൽ എത്തണമെങ്കിൽ തന്നെ ശരാശരി നാലു കിലോമീറ്റർ വരെ യാത്ര ചെയ്യണം. വാഹന സൗകര്യം പരിമിതമാണ്. അനുങ്ങോട്, കണിച്ചാർ, ചാണപ്പാറ, ചെങ്ങോം മുതലായ സ്ഥലങ്ങളിലെ കുട്ടികൾക്ക് കണിച്ചാറിൽ സ്ഥിതി ചെയ്യുന്ന ഡോ.പൽപ്പു മെമ്മോറിയൽ യു.പി. സ്കൂൾ പ്രയോജനകരമാണ്. ഈ സ്കൂളിൽ 500 -ലധികം വിദ്യാർഥികൾ ഇപ്പോൾ പഠനം നടത്തുന്നു. മാവടി, നെല്ലിക്കുന്ന്, മലയാംപടി, ഓടപ്പുഴ, കൊളക്കാട്, ആനയാണ്ടകരി, കുരിശുമല, കാടൻമല എന്നിവിടങ്ങളിലുള്ളവർക്കും നെടുമ്പ്രം ചാലിന്റെ ഒരു ഭാഗത്തുള്ളവർക്കും കൊളക്കാട് സെന്റ് സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ സൗകര്യപ്രദമാണ്. ഇപ്പോൾ 495 വിദ്യാർഥികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്. ഉയർന്ന പ്രദേശങ്ങളായ പൂളക്കുറ്റി, ഏലപ്പീടിക എന്നിവടങ്ങളിലെ കുട്ടികൾക്ക് ഏലപ്പീടിക, പൂളക്കുറ്റി എന്നിവിടങ്ങളിലെ എൽ.പി. സ്കൂളുകൾ സൗകര്യപ്രദമാണ്. പൂളക്കുറ്റി സ്കൂളിൽ 127-ഉം ഏലപ്പീടിക സ്കൂളിൽ 104 ഉം വിദ്യാർഥികൾ പഠനം നടത്തുന്നു. ഇതുകൂടാതെ ഓടപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂളിൽ 75 വിദ്യാർഥികൾ പഠിക്കുന്നു. പരിസരവാസികളുടെ കുട്ടികൾക്ക് ഈ വിദ്യാലയം സഹായകമാണ്. ഇതിനെ രണ്ടുവർഷം മുമ്പ് അധികൃതർ ആദായകരമല്ലാത്ത സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നാട്ടുകാരുടെ എതിർപ്പുമൂലം ഈ തീരുമാനം പിന്നീട് മാറ്റി. കൊ ളക്കാട് ഹൈസ്കൂൾ പഞ്ചായത്തിന്റെ മധ്യഭാഗത്താണ് സ്ഥിതിചെയ്യുന്നത്. തലശേരി വിദ്യാഭ്യാസ ജില്ലയിലെ ഉന്നത നിലവാരം പുലർത്തിയ ഈ വിദ്യാലയം ആദ്യവർഷങ്ങളിൽ തുടർച്ചയായി 100 ശതമാനം വിജയം എസ്.എസ്.എൽ.സി. പരീക്ഷയിൽ നേടിയിട്ടുണ്ട്. ഇപ്പോൾ 420 വിദ്യാർഥികൾ ഇവിടെ പഠിക്കുന്നു. യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത ഈ സ്കൂളിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ശരാശരി 8 കി.മീ. ദൂരം യാത്രചെയ്യണം ഒരു വിദ്യാർഥിക്ക് ദിവസവും. പഞ്ചായത്തിന്റെ ഭൂമി ശാസ്ത്രപരമായ കിടപ്പ് കാരണം മൂന്നിലൊന്നു വിദ്യാർഥികൾക്കു മാത്രമേ ഈ സ്കൂൾ പ്രയോജനപ്പെടുത്താൻ കഴിയുന്നുള്ളൂ. ബാക്കി ഭാഗങ്ങളിലുള്ള കുട്ടികൾക്ക് തൊണ്ടിയിൽ സെന്റ് -ജോസഫ്സ് ഹൈസ്കൂൾ, മണത്തണ ഗവൺമെന്റ് ഹൈസ്കൂൾ, കേളകം ഹൈസ്കൂൾ, കോളയാട് ഹൈസ്കൂൾ എന്നിവയെ ആശ്രയിക്കണം.

പ്രൈമറി വിദ്യാഭ്യാസത്തിന് ഒരു വിദ്യാർഥി സഞ്ചരിക്കേണ്ട ശരാശരി ദൂരം 1.4 കി.മീറ്ററാണ്. യു.പി. സ്കൂളിലേക്ക് 1.8 കി.മീ. ഹൈസ്കൂളിലേക്ക് 3.8 കി.മീ. ഹൈസ്കൂൾ ക്ലാസിലേക്ക് ഏലംപീടിക, മായംപടി, പൂളക്കുറ്റി എന്നീ ഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ശരാശരി 8 കി.മി. സഞ്ചരിക്കേണ്ടതുണ്ട്. പട്ടിക കാണുക.

### സ്കൂൾ വിദ്യാഭ്യാസത്തിന് പഞ്ചായത്തിലെ സ്കൂളിലേക്ക് സഞ്ചരിക്കേണ്ട ശരാശരി ദൂരം

| തരം | ശരാശരി | പരമാവധി |
|---|---|---|
| എൽ.പി. | 1.4 കി.മി. | 3കി.മി |
| യു.പി. | 1.8 കി.മി | 3.4കി.മി |
| ഹൈസ്കൂൾ | 3.8കി.മി | 8കി.മി |

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് പഞ്ചായത്തിനു പുറത്തെ സ്കൂളികളിലേക്ക് 5 കി.മി. മുതൽ 25 കി.മി. വരെ സഞ്ചരിക്കണം. കേരളത്തിലെ ഒരു സ്കൂൾ വിദ്യാർഥി സഞ്ചരിക്കേണ്ട ഏറ്റവും കൂടിയ ദൂരമാണിത്. ഭരണാധികാരികളുടെ സജീവ ശ്രദ്ധപതിയേണ്ട ഒരു കാര്യമാണിത്.

വിദ്യാർഥികളുടെ പഠനനിലവാരം കണക്കിലെടുക്കുമ്പോൾ ഇത്തരം വിദ്യാർഥികൾക്ക് പ്രയോജനകരമായ പദ്ധതി കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ ചില മേഖലകളിലുള്ള വിദ്യാർഥികൾ 10 കി.മി. ദൂരം ശരാശരി കാൽനട യാത്ര ചെയ്യേണ്ടിവരുന്നു.

കഴിഞ്ഞ പത്തുവർഷത്തെ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ പടിപടിയായി കുറവ് അനുഭവപ്പെടുന്നതു കാണാം. ഇത് പ്രധാനമായും കുടുംബസംവിധാന മാർഗങ്ങളുടെ സ്വാധീനമാണ്

പ്രതിഫലിപ്പിക്കുന്നത്. പഞ്ചായത്തിൽ മെച്ചപ്പെട്ട വിദ്യാലയങ്ങൾ തേടി ദൂരസ്ഥലങ്ങളിലേക്ക് കുട്ടികളെ പറഞ്ഞയക്കുന്ന സമ്പ്രദായം കാര്യമായതോതിൽ വളർന്നിട്ടില്ല. കുറഞ്ഞ തോതിലെങ്കിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്. 25 കിലോ മീറ്റർ അകലെവരെ ദിവസവും യാത്ര ചെയ്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോയി വിദ്യാഭ്യാസം നേടുന്നവരുണ്ട്.

ആദിവാസി ജനവിഭാഗങ്ങൾ വളരെയേറയുള്ള ഈ പഞ്ചായത്തിൽ കുറിച്യവിഭാഗത്തിൽ പെടുന്നവർ പൊതുവെ വിദ്യാഭ്യാസ കാര്യങ്ങളിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. അവരിൽ പ്രീഡിഗ്രിയും ഡിഗ്രിയും വിദ്യാഭ്യാസമുള്ളവർ നിരവധിയുണ്ട്. എന്നാൽ പണിയവിഭാഗങ്ങളിൽ പെടുന്നവർ വിദ്യാഭ്യാസകാര്യങ്ങളിൽ വിമുഖരാണ്. അതിന് കാരണങ്ങൾ നിരവധിയാണ്. അവരുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥയാണിതിന് മുഖ്യകാരണം. ഓടപ്പുഴ കോളനിയിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് എൽ.പി. സ്കൂളിൽനിന്ന് നാലാം ക്ലാസ് പാസായി പോകുന്നവർ വിരളമാണ്. ഈ പ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ കുട്ടികളെ മാത്രം പരിഗണിച്ചുള്ള ഒരു പദ്ധതിയും വിജയിക്കുമെന്നു തോന്നുന്നില്ല. കാരണം മാതാപിതാക്കൾ നിരക്ഷരരും വരുമാനമാർഗമില്ലാത്തവരുമാണ്. അതുകൊണ്ടുതന്നെ അവരുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ളതല്ലാത്ത ഒരു പരിപാടി വിജയിക്കുക പ്രയാസകരമാണ്.

കോളജ് വിദ്യാഭ്യാസത്തിനായി ഈ പഞ്ചായത്തിലെ വിദ്യാർഥികൾക്ക് കൂത്തുപറമ്പ് നിർമലഗിരി കോളജും, മട്ടന്നൂർ പഴശിരാജ കോളജും, ഇരിട്ടി മഹാത്മാഗാന്ധി കോളജും തലശേരി ബ്രണ്ണൻ കോളജുമാണ് ആശ്രയിക്കുന്നത്. മേൽ കോളജുകളിൽ പോയി പഠനം നടത്തണമെങ്കിൽ ഈ പഞ്ചായത്തിലെ വിദ്യാർഥികൾക്ക് ശരാശരി ഒരു ദിവസം 100 കി.മി. യാത്ര ചെയ്യണം. ഈ കോളജിൽ ചെറിയൊരു ശതമാനം വിദ്യാർഥികൾക്കേ പ്രവേശനം ലഭിക്കുന്നുള്ളു. ആയതിനാൽ ഭൂരിഭാഗം വിദ്യാർഥികളും പേരാവൂർ, എടത്തൊട്ടി, ഇരിട്ടി, കേളകം മുതലായ സ്ഥലങ്ങളിലെ പാരലൽ കോളജുകളെയാണ് ആശ്രയിക്കുന്നത്. ഈ പാരലൽ കോളജുകളിൽ എല്ലാംകൂടി 530 വിദ്യാർഥികൾ പഠിക്കുന്നുണ്ട്. ഈ മേഖലയിൽത്തന്നെ ഈതേവരെ ഒരു സാങ്കേതിക സ്ഥാപനംപോലും അനുവദിക്കപ്പെട്ടിട്ടില്ല. സാങ്കേതിക പഠനത്തിനായി മട്ടന്നൂർ, കണ്ണൂർ, കൂത്തുപറമ്പ് മുതലായ സ്ഥലങ്ങളിലെ പോളിടെക്നിക്കുകൾ, ഐ.ടി.ഐ. മുതലായ സാങ്കേതിക സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾ പൊതുവേ ശരാശരി നിലവാരം പുലർത്തുന്നുണ്ട്. സാന്തോം ഹൈസ്കൂൾ ആരംഭവർഷങ്ങളിൽ 100 ശതമാനം വിജയം നേടി പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവന്നിരുന്ന സ്ഥാപനമാണ്. എങ്കിലും കഴിഞ്ഞ അഞ്ചു വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം പരിശോധിച്ചാൽ സ്കൂളിന്റെ നിലവാരം പ്രതീക്ഷിച്ചതിലും വളരെ താഴെയാണ്. ഹൈസ്കൂൾ ക്ലാസുകളിൽ ക്ലാസ് നിലവാരത്തിന് ആവശ്യമായ അക്ഷരബോധവും, അക്കബോധവും നേടാത്ത വിദ്യാർഥികൾ 25-30 ശതമാനംവരെയാണ്. (പട്ടിക കാണുക). ഇതു പരിഹരിക്കാൻ കഴിഞ്ഞാൽ പഠനനിലവാരം കാര്യമായി മെച്ചപ്പെടുത്താൻ കഴിയും.

**അക്ഷരബോധവും അക്കബോധവും നേടാത്തവരുടെ വിവരം**

**(മുഴുവൻ സ്കൂളുകളിലെയും ശരാശരി) (ദ്വിതീയവിവരശേഖരണം- അവലംബം)**

| ക്ലാസ് | I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|---|
| കുട്ടികളുടെ ശതമാനം | - | 25% | 27% | 22% | 28% | 28% | 27% | 30% | 25% | 22% |

പഞ്ചായത്തിലെ യു.പി.സ്കൂളുകൾ രണ്ടും പഠന നിലവാരത്തിന്റെ കാര്യത്തിൽ ഇനിയും ഏറെ മുന്നേറേണ്ടിയിരിക്കുന്നു. എങ്കിലും മേൽപ്പറഞ്ഞ രണ്ട സ്കൂളുകളും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കാര്യമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതായാണ് മനസിലാക്കാൻ കഴിഞ്ഞത്. പഞ്ചായത്തിലെ എൽ.പി.സ്കൂളുകൾ പഞ്ചായത്തിലെ പിന്നോക്കമായ പ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. എങ്കിലും അവയുടെ പ്രവർത്തനം ശരാശരി നിലവാരം പുലർത്തുന്നു. പഞ്ചായത്തിലെ ഏക സർക്കാർ

സ്കൂളായ ഓടപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ ഒരുവശം നിരവധി പണിയകുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പണിയകോളനിയാണ്.എന്നിരുന്നാലും ഈ കോളനിയിലെ കുട്ടികൾ ഇതു പ്രയോജനപ്പെടുത്തി വിദ്യാഭ്യാസം നേടി സാമൂഹ്യജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുന്നില്ല. പട്ടികജാതി/പട്ടികവർഗവികസനത്തിന് വേണ്ടി ലക്ഷങ്ങൾ ചെലവഴിക്കുന്ന വിവിധ സർക്കാർ ഏജൻസികൾ ഇത് മനസിലാക്കി വേണ്ടത് ചെയ്തെങ്കിലെന്ന് നാട്ടുകാർക്ക് അഭിപ്രായമുണ്ട്. കാരണം ഈ മേഖലയിൽ കുടിയേറ്റ കാലത്ത് അതായത് അറുപത് വർഷംമുമ്പ് ഉണ്ടായതിൽനിന്ന് അവരുടെ ജീവിതനിലവാരം ഒട്ടും ഉയർന്നില്ല എന്നത് ഒരു സത്യമാണ്. ആകെയുള്ള പുരോഗതി ചിലർക്ക് എതൊക്കെയോ സ്കീമിൽ ഉൾപ്പെടുത്തി ചെറിയ വീടുകൾ പണിതു ലഭിച്ചുവെന്നുള്ളതാണ്.

പൂളക്കുറ്റി എൽ.പി.സ്കൂൾ കർമ്മനിരതരായ ഒരു കൂട്ടം മനുഷ്യരുടെ പ്രവർത്തനഫലമായി ഉയിർക്കൊണ്ട ഒരു സ്ഥാപനമാണ്. ഈ മേഖലയിൽ യാത്രാസൗകര്യങ്ങളും മറ്റും പരിമിതമായതിനാൽ ഇവിടുത്തെ കുട്ടികൾക്ക് ഈ സ്കൂൾ ഒരു അനുഗ്രഹമാണ്. ഈ സ്കൂൾ തുടങ്ങുന്നതിനുമുമ്പേ ഇവിടെനിന്നുള്ള കുട്ടികൾ ഒന്നാംക്ലാസിൽ ചേർന്നു പഠിക്കുന്നതിനുവേണ്ടി 4 കി.മീ. നടന്ന് പോകേണ്ടിയിരുന്നു അടുത്തവിദ്യാലയത്തിലെത്താൻ. ഈ സ്ഥാപനത്തിന്റെ അധ്യാപകരക്ഷാകർതൃസമിതിയും നാട്ടുകാരും. അതിനാൽതന്നെ ഈ സ്ഥാപനത്തിന്റെ പുരോഗതിയിൽ ഉത്സുകരാണ്. എന്തിരുന്നാലും വികസനം കടന്നെത്താത്ത ഒരുൾനാടൻ ഗ്രാമത്തിന്റെ എല്ലാ ബാലാരിഷ്ടതകളും ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ നിഴലിക്കുന്നുണ്ട്.

ഏലപ്പീടിക സ്കൂൾ ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന മേഖലയിലാണ് സ്ഥിതിചെയ്യുന്നത്. ഈ വിദ്യാലയത്തിന്റെ നിലനിൽപ് ഈ പ്രദേശത്തിന്റെ അനിവാര്യഘടകമാണ്. ഈ സ്കൂൾ വിട്ടാൽ ഇവിടെനിന്നും അടുത്ത സ്കൂളിലെത്തണമെങ്കിൽ 8-10 കി.മി. യാത്ര ചെയ്യണം. വാഹനസൗകര്യം പരിമിതമാണ്. ഈ വിദ്യാലയത്തിൽനിന്നും ഉപരിപഠനത്തിന് പോകുന്ന കുട്ടികൾ കൊളക്കാട്, കോളയാട് സ്കൂളുകളിലെത്താൻ 8 കി.മി. മുതൽ 20 കി.മി. വരെ യാത്രചെയ്യണം.

### ഭൗതിക സാഹചര്യങ്ങൾ

ഈ പഞ്ചായത്തിലെ സ്കൂളുകൾക്ക് മിക്കവാറും ഉറപ്പുള്ള കെട്ടിടങ്ങൾ ഉണ്ട്. ഈ കെട്ടിടങ്ങൾ എല്ലാം തന്നെ ജനങ്ങളുടെ സന്നദ്ധ പ്രവർത്തനത്തിന്റെ ഭാഗമായുണ്ടായതാണ്. അതുകൊണ്ട് ഉറപ്പിന്റെ കാര്യത്തിൽ കാലപ്പഴക്കംകൊണ്ടുണ്ടായ ബലക്ഷയം മാത്രമേ കാണാൻ കഴിയൂ. കാലപ്പഴക്കം കൊണ്ട് മാറ്റിപ്പണിയേണ്ടതായ അവസ്ഥയിലായ കെട്ടിടങ്ങളുമുണ്ട്. സ്കൂളുകളിൽ ഫർണിച്ചറുകളുടെ അഭാവം പ്രകടമാണ്. ഉച്ചക്കഞ്ഞി വയ്ക്കുന്നതിന് ആവശ്യമായ കെട്ടിടസൗകര്യങ്ങളുണ്ട്. എന്നാൽ പ്രാഥമികസൗകര്യങ്ങളുടെ അഭാവമുണ്ട്. പല സ്കൂളുകളിലും മൂത്രപ്പുരയുണ്ടെങ്കിലും അനുവദിക്കപ്പെട്ട ചെറിയ ഇടവേളകളിൽ അത് നിർവഹിക്കുന്നതിന് വേണ്ടത്ര സൗകര്യമില്ല. പ്രത്യേകിച്ച് പെൺകുട്ടികൾക്ക്. കുടിവെള്ളത്തിന് ഒരു സ്കൂളുകളിലും മതിയായ സൗകര്യമില്ല. കൊളക്കാട് യു.പി.സ്കൂളിൽ ഒരു കുഴൽകിണർ ഉണ്ടെങ്കിലും അത് ഉപയോഗ്യമല്ല.

പഞ്ചായത്തിന്റെ പ്രാദേശികമായ പിന്നോക്കാവസ്ഥ ജനങ്ങൾക്ക് ബോധ്യമുള്ളതാണ്. ആയതിനാൽ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് രക്ഷിതാക്കൾ കൈയയച്ച് സഹായം നൽകാറുണ്ട്. ഈ നാട്ടിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൗതികസാഹചര്യം ഒരുക്കുന്നതിനുവേണ്ടി പി.ടി.എ.കൾ വളരെ ആത്മാർഥമായ പ്രവർത്തനം നടത്തുന്നതായാണ് സ്കൂളുകളിൽനിന്ന് മനസിലാക്കാൻ കഴിഞ്ഞത്. ശുദ്ധജലവിതരണം, ഉച്ചക്കഞ്ഞിവിതരണം, കളിസ്ഥലം നിർമിക്കുക, സ്റ്റേജ് നിർമാണം, അതുപോലെ കലാകായിക മേഖലയുടെ വികസനം മുതലായ മേഖലകളിലെല്ലാം ജനകീയ സന്നദ്ധ പ്രവർത്തനത്തിലൂടെയും വിഭവസമാഹരണത്തിലൂടെയും പി.ടി.എ.കൾ വളരെയേറെ സഹകരണം ഉറപ്പുവരുത്തുന്നുണ്ട്. അതുപോലെ മദർ പി.ടി.എ.കളും വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

പഞ്ചാത്തിലെ സ്കൂളുകളിൽ ലൈബ്രറിയും സയൻസ് ലബോറട്ടറിയും വളരെ പരിമിതമായി മാത്രമേയുള്ളൂ.

## പഠനാനുബന്ധ പ്രവർത്തനങ്ങൾ

നമ്മുടെ പഞ്ചായത്തിലെ സ്കൂളിലെ കുട്ടികൾ സ്പോർട്സ് രംഗത്ത് മികച്ച കഴിവുകൾ തെളിയിച്ചവരാണ്. കൊളക്കാട് സാന്താം ഹൈസ്കൂൾ വിദ്യാർഥിയായിരുന്ന പി.ജെ.ഫിലിപ്പ് സംസ്ഥാന സ്കൂൾ കായികമേളയിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടിയിട്ടുണ്ട്. അതുപോലെ ആ സ്കൂളിൽ പഠിച്ച പാല സ്വദേശി

# പട്ടിക-1
# വിദ്യാർത്ഥികളുടെ കണക്ക്

| ക്രമനമ്പർ | സ്കൂളിന്റെ കോഡ് നമ്പർ | സ്കൂളിന്റെ പേര് | എൽപി | | | യു.പി | | | ഹൈസ്കൂൾ | | | മാനേജ്മെന്റ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 01 | ഗവ.എൽ.പി.ഓടപ്പുഴ | 33 | 42 | 75 | | | | | | | ഗവൺമെന്റ് |
| 2 | 02 | പൂളക്കുറ്റി എൽപി. | 67 | 60 | 127 | | | | | | | എയിഡഡ് |
| 3 | 03 | സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.ഏലപ്പീടിക | 54 | 50 | 104 | | | | | | | എയിഡഡ് |
| 4 | 04 | ഡോ.പൽപു മെമ്മോറിയൽ യു.പി.കണിച്ചാർ | 141 | 124 | 265 | 123 | 112 | 235 | | | | എയിഡഡ് |
| 5 | 05 | സെന്റ് സെബാസ്റ്റ്യൻസ് യു.പി.കൊളക്കാട് | 141 | 113 | 254 | 122 | 119 | 241 | | | | എയിഡഡ് |
| 6 | 06 | സാൻതോം ഹൈസ്കൂൾ കൊളക്കാട് | | | | | | | 213 | 207 | 420 | എയിഡഡ് |
| | | ആകെ | 436 | 389 | 835 | 245 | 231 | 476 | 213 | 207 | 420 | |

## പട്ടിക -2
# പട്ടികജാതി - പട്ടികവർഗവിദ്യാർഥികളുടെ എണ്ണം

| ക്രമനമ്പർ | സ്കൂളിന്റെ കോഡ് നമ്പർ | സ്കൂളിന്റെ പേര് | എൽപി | | | യു.പി | | | ഹൈസ്കൂൾ | | | മാനേജ്മെന്റ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 01 | ഗവ.എൽ.പി.ഓടപ്പുഴ | 11 | 14 | 25 | | | | | | | ഗവൺമെന്റ് |
| 2 | 02 | പൂളക്കുറ്റി എൽപി. | 14 | 14 | 28 | | | | | | | എയിഡഡ് |
| 3 | 03 | സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.ഏലപ്പീടിക | 11 | 8 | 19 | | | | | | | എയിഡഡ് |
| 4 | 04 | ഡോ.പൽപു മെമ്മോറിയൽ യു.പി.കണിച്ചാർ | 14 | 12 | 26 | 22 | 15 | 37 | | | | എയിഡഡ് |
| 5 | 05 | സെന്റ് സെബാസ്റ്റ്യൻസ് യു.പി.കൊളക്കാട് | 10 | 8 | 18 | 26 | 28 | 54 | | | | എയിഡഡ് |
| 6 | 06 | സാൻതോം ഹൈസ്കൂൾ കൊളക്കാട് | | | | | | | 23 | 45 | 68 | എയിഡഡ് |
| | | ആകെ | 60 | 56 | 116 | 48 | 43 | 91 | 23 | 45 | 68 | |

യായ എ.ടി. ജോർജ് സംസ്ഥാന തലത്തിൽ ദീർഘ ദൂര ഓട്ടത്തിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. സാന്തോം ഹൈസ്കൂൾ തലശേരി വിദ്യാഭ്യാസ ജില്ല യിലെ സ്പോർട്സ് രംഗത്ത് എന്നും മുന്നണിയിൽ തന്നെയുണ്ട്. അതുപോലെ കണിച്ചാർ യു.പി.സ്കൂളി ലെയും കൊളക്കാട് യു.പി.സ്കൂളിലേയും വിദ്യാർഥി കൾ സ്പോർട്സിൽ മികവ് തെളിയിച്ചിട്ടുള്ളവരാണ്.

എന്നാൽ കലാരംഗത്ത് നമ്മുടെ സ്കൂളുകൾക്ക് കാര്യമായ വളർച്ച നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുതയാണ്. കലാമത്സങ്ങൾ തികച്ചും ചെലവേറിയ ഒരു പരിപാടിയായി തീർന്നിരിക്കുന്നു എന്നത് ഒരു പ്രധാന കാരണമാണ്. തന്നെയുമല്ല കലാ രംഗത്തെ വിദ്യാർഥികളുടെ കഴിവുകൾവളർത്തിയെ ടുക്കുന്നതിന് വേണ്ട സൗകര്യങ്ങളുടെ അഭാവവും നിലവിലുണ്ട്. ഇതൊക്കെകാരണം കലാമത്സരങ്ങൾ വഴിപാടുപോലെ നടത്തിപോകാറാണ് പതിവ്.

അതുപോലെ മറ്റു പഠനാനുബന്ധ പ്രവർത്തന ങ്ങളും ഒരു സ്കൂളിലും തൃപ്തികരമായി നടക്കു ന്നില്ല. ദേശീയദിനങ്ങൾ വെറും ചടങ്ങുകൾ മാത്രമാ യാണ് നടന്നുവരുന്നത്. അവയുടെ പ്രാധാന്യവും പ്രസക്തിയും കുട്ടികൾക്ക് മനസിലാക്കികൊടുക്കാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങളൊന്നും നട ക്കുന്നില്ല. സാഹിത്യസമാജങ്ങൾ പ്രവൃത്തി പരിചയ മേളകൾ, ശാസ്ത്ര പരിചയപരിപാടികൾ, നേതൃത്വ പോഷണ പരിപാടികൾക്ക് ഉതകുന്ന മറ്റു പരിപാടി കൾ, ഇതൊന്നും തന്നെ നടക്കുന്നില്ല. സിലബസിന്റെ കാഠിന്യവും സമയക്കുറവും ഇതിനൊരുകാരണമാണ്. എൻ.സി.സി. സ്കൗട്ട്, ഗൈഡ് ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.

## പ്രശ്നങ്ങളും നിർദേശങ്ങളും

വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ കണി ച്ചാർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രധാ നപ്പെട്ട ഒരു കാരണം യാത്രസൗകര്യമില്ലായ്മയാണ്. ഈ പഞ്ചായത്തിലെ 95% വിദ്യാർഥികളും കാൽനട യായി സ്കൂളിൽ വന്നുപോകുന്നവരാണ്. വാഹന സൗകര്യവും തീരെയില്ലെന്നു പറയാം. ഒരു കുട്ടി എൽ.പി.സ്കൂളിലേക്ക് ദിവസവും 3 കി.മി. യും യു.പി.സ്കൂളിലേക്ക് 4.5 കി.മി.യും നടക്കണം. ഇത് കുട്ടികളുടെ പഠനസമയത്തിൽ ഒന്നരമുതൽ മൂന്നര മണിക്കൂർ വരെ ദിവസവും അപഹരിക്കുന്നു. ഈ കാൽനടയാത്രയിലെ ക്ഷീണവും മാനസിക പ്രശ്ന

### പട്ടിക -3

### സ്കൂൾവിദ്യാർഥികളെയും അദ്ധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ കോഡ് നമ്പർ | സ്കൂളിന്റെ പേര് | വിദ്യാർഥികൾ | | | ആധ്യാപകർ | മാനേജ്മെന്റ് |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | |
| 1 | 01 | ഗവ.എൽ.പി.ഓടപ്പുഴ | 33 | 42 | 75 | 3 | ഗവൺമെന്റ് |
| 2 | 02 | പൂളക്കുറ്റി എൽപി. | 67 | 60 | 127 | 4 | എയിഡഡ് |
| 3 | 03 | സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. ഏലപ്പീടിക | 54 | 50 | 104 | 4 | എയിഡഡ് |
| 4 | 04 | ഡോ.പൽപു മെമ്മോറിയൽ യു.പി.കണിച്ചാർ | 268 | 232 | 500 | 20 | എയിഡഡ് |
| 5 | 05 | സെന്റ് സെബാസ്റ്റ്യൻസ് യു.പി. കൊളക്കാട് | 263 | 232 | 495 | 21 | എയിഡഡ് |
| 6 | 06 | സാൻതോം ഹൈസ്കൂൾ കൊളക്കാട് | 213 | 207 | 420 | 20 | എയിഡഡ് |
| | | ആകെ | 630 | 591 | 1721 | 72 | |

ങ്ങളും അവരുടെ ഗൃഹപഠനത്തെ കാര്യമായി ബാധിക്കുന്നു. തന്മൂലം വിദ്യാർഥികൾ പഠനനിലവാരത്തിൽ പിന്നോക്കം പോകുന്നതായി അധ്യാപകർ ചൂണ്ടിക്കാട്ടുന്നു.

അതുപൊലെ അധ്യാപകരും സ്കൂൾ പരിധിയിൽ നിന്ന് ദൂരെയുള്ളവരാണ് അധികവും അതും പഠനനിലവാരത്തെ ബാധിക്കുന്നുണ്ട്. തന്നെയുമല്ല അധ്യാപകർക്ക് നൽകുന്ന പരിശീലനം ഗുണപരമായി വളരെ താഴ്ന്ന നിലയിലുള്ളതാണ്. കഴിഞ്ഞ മുപ്പത് വർഷത്തിനിടയിൽ അധ്യാപക പരിശീലനരംഗത്ത് ഗുണപരമായ ഒരുമാറ്റവും ഉണ്ടായിട്ടില്ല. ഇതും പഠനനിലവാരത്തെ ബാധിക്കുന്ന ഘടകമാണ്. ഓരോ അധ്യാപകന്റെയും ക്ലാസുകൾ നിരീക്ഷിക്കുന്നതിന് സ്കൂൾ തലത്തിൽ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ അവശ്യമായ സംവിധാനം ഏർപ്പെടുത്തുകയും പോരായ്മകൾ നികത്തുന്നതിനു വേണ്ടി ആവശ്യമായ ഇൻസർവീസ് കോഴ്സുകൾ ഹാൻഡ്ബുക്കുകൾ, ഇവ യഥാസമയം ലഭ്യമാക്കുന്നതോടൊപ്പം അധ്യാപക-വിദ്യാർഥി അനുപാതം 1:30 ആക്കുകയും വേണം. ഇത് ഗുണപരമായി മാറ്റം ഉണ്ടാക്കുന്നതിനെ സഹായിക്കും. അതുപോലെ ഒഴിവു വരുന്ന തസ്തികകളിൽ ഉടൻ നിയമനം നടത്തുന്നതിനുള്ള സംവിധാനവും ആവശ്യമാണ്.

അധ്യാപകരെ അവരുടെ അടുത്ത സ്കൂളുകളിൽ നിയമിക്കുന്നതിനുള്ള സംവിധാനം വേണം. അതുപോലെ മറ്റു ജോലിക്കുവേണ്ടി ക്ലാസ് സമയങ്ങളിൽ നിയോഗിക്കുന്നത് നിർത്തലാക്കണം. അല്ലെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തണം.

സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ ഗുണപരമായ മാറ്റം അനിവാര്യമാണ്. പാഠ്യപദ്ധതിയുടെ കാഠിന്യം ലഘൂകരിക്കുകയും കൂടുതൽ രസകരമാക്കുകയും വേണം. മനസിനെ മുരടിപ്പിക്കുന്ന പരുക്കൻ വിഷയങ്ങൾ ഒഴിവാക്കണം. ജീവിതവുമായി ബന്ധമുള്ള വിഷയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. കേരളം ഒരു കാർഷികമേഖലയാണ്. ആയതിനാൽ കൃഷി ഒരു പ്രത്യേക വിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അവ ഐച്ഛീക വിഷയമായി പഠിച്ചവരെ സ്കൂളിൽ നിയമിക്കണം.

ഓർമപരിശോധനയെ മാത്രം ലക്ഷ്യമാക്കിയുള്ള നിലവിലുള്ള പരീക്ഷാരീതി മാറ്റണം. ഇത്ഗുണപരമായ വ്യതിയാനം വരുത്തുന്നതിന് സഹായിക്കും. അതുപൊലെ ഓൾപ്രമോഷൻ രീതി പരിഷ്ക്കരിക്കണം. ജനുവരി മാസത്തിൽ ഒരു പരീക്ഷ നടത്തി

## പട്ടിക-4

### പഞ്ചായത്തിലെ അഭ്യസ്തവിദ്യരുടെ എണ്ണം വാർഡടിസ്ഥാനത്തിൽ

| വാർഡ് | SSLC | PDC | Degree | PG | മറ്റുള്ളവ |
|---|---|---|---|---|---|
| I | 294 | 41 | 29 | 8 | 14 |
| II | 212 | 24 | 22 | 7 | 25 |
| III | 166 | 41 | 29 | 3 | 42 |
| IV | 176 | 38 | 13 | 4 | 11 |
| V | 353 | 94 | 43 | 11 | 17 |
| VI | 378 | 106 | 52 | 16 | 53 |
| VII | 328 | 91 | 39 | 8 | 46 |
| VIII | 204 | 36 | 11 | 4 | 18 |

അവലംബം: ഗ്രാമപഠനം, ദ്വതീയ വിവര ശേഖരണം

വേണ്ടത്ര അക്ഷര ബോധവും സംഖ്യാബോധവും നേടാത്തവരെ അതിനു ശേഷം ഏപ്രിൽമാസം വരെ പ്രത്യേക ക്ലാസുകൾ നൽകി നിശ്ചിത ക്ലാസ് നിലവാരത്തിലെത്തിച്ചുപുതിയ പരീക്ഷ നടത്തി പ്രമോഷന് നൽകണം.

കുട്ടികളുടെ ആരോഗ്യ പരിരക്ഷക്ക് ഒരു വർഷം രണ്ടുതവണ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ വഴി പരിശോധന നടത്തി ഹെൽത്ത് കാർഡുകൾ നൽകണം. കുട്ടികൾക്ക് വരുന്ന രോഗങ്ങൾക്ക് ചികിത്സ നടത്തുമ്പോൾ ഈ കാർഡിൽ രേഖപ്പെടുത്തുകയും ഇതിനെ സംബന്ധിച്ച വിവരങ്ങൽ ക്ലാസ് ആരോഗ്യ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ആവശ്യമായ മുൻകരുതലുകളെടുക്കുകയും ചെയ്താൽ സ്കൂൾ വഴി രോഗങ്ങൾ പകരുന്നത് ഒഴിവാക്കുന്നതിന് കഴിയും.

## വിദ്യാഭ്യാസ വികസനസമിതി

പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളേയും ഉൾപ്പെടുത്തി ഒരു വിദ്യാഭ്യാസ വികസന സമിതിക്കു പഞ്ചായത്ത് ഭരണ സമിതിയുടെ മേൽനോട്ടത്തിൽ രൂപം നൽകണം. ഇതിൽ ഓരോ സ്കൂളിലേയും പ്രധാനാധ്യാപകരെയും പഞ്ചായത്തിന്റെ വിവിധ മേഖലകളിലുള്ള ഉന്നത വിദ്യാഭ്യാസം നേടിയ വ്യക്തികളേയും സമുന്നതരായ സാമൂഹ്യ പ്രവർത്തകരേയും സ്ഥാപന മേധാവികളേയും ഉൾപ്പെടുത്തണം. ഇവർ ഓരോ മാസത്തിലും പഞ്ചായത്ത് തലത്തിൽ യോഗം ചേരുകയും സ്കൂളുകളുടെ പ്രവർത്തനങ്ങളെ വിലയിരു

## പട്ടിക-5
## അക്കാദമിക് സൗകര്യങ്ങൾ

| ക്രമ നമ്പർ | കോഡ് നമ്പർ | ലൈബ്രറി | | ലാബ് | | പഠനോപകരണങ്ങൾവേണ്ടത്ര | | റേഡിയോ | | ടേപ്റിക്കോർഡർ | | ടിവിസെറ്റ് | | വിസിആർ-വിസിപി | | സിനിമാ പ്രോജക്ടറുകൾ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 1 | 01 | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ |
| 2 | 02 | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ |
| 3 | 03 | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ | | ✓ |
| 4 | 04 | ✓ | | ✓ | | | ✓ | ✓ | | | ✓ | | ✓ | | ✓ | | ✓ |
| 5 | 05 | ✓ | | ✓ | | | ✓ | ✓ | | | ✓ | | ✓ | | ✓ | | ✓ |
| 6 | 06 | ✓ | | ✓ | | | ✓ | ✓ | | | ✓ | | ✓ | | ✓ | | ✓ |

ത്തുന്ന വിവരണം നൽകുകയും വേണം. ഈ സമിതിയിൽപ്പെട്ട വ്യക്തികൾ ഓരോ വിദ്യാഭ്യാസ സ്ഥാപനവും സന്ദർശിച്ച് ആവശ്യമായ പഠനം നടത്തി വിവരങ്ങൾ ശേഖരിച്ച് വിദ്യാലയ വികസന സമിതിക്ക് റിപ്പോർട്ട് നൽകുകയും കൂട്ടായി അവ പരിഹരിക്കുന്നതിനുള്ള ശ്രമം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടക്കുകയും വേണം. ഈ സമിതിക്ക് വിവരങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുമ്പോഴും വിശകലനം ചെയ്യുമ്പോഴും സ്കൂളിലെ സമാനമായ പ്രശ്നങ്ങളെ കണ്ടെത്താനും കൂട്ടായി പരിഹരിക്കാനും കഴിയും അതുപൊലെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഉന്നത വിദ്യാഭ്യാസം നേടിയ വ്യക്തികളെ പ്രയോജനപ്പെടുത്തി ക്ലാസ് നിലവാരത്തിലെത്താത്ത കുട്ടികൾക്ക് പ്രത്യേകപരിശീലനം നൽകി അവരുടെ നിലവാരം മെച്ചപ്പെടുത്താനും കഴിയും.

### പട്ടിക 6
### പൊതുസഹകരണം

| സ്കൂൾ കോഡ് | പി.ടി.എ. സജീവം | | മാതൃസംഗമം സജീവം | | ക്ലാസ്റൂം പിടിഎ സജീവം | |
|---|---|---|---|---|---|---|
| | ആണ് | അല്ല | ആണ് | അല്ല | ആണ് | അല്ല |
| 01 | | | | | | |
| 02 | | | | | | |
| 03 | | | | | | |
| 04 | | | | | | |
| 05 | | | | | | |
| 06 | | | | | | |

പഞ്ചായത്തിൽ അഭ്യസ്തവിദ്യാരായ ഒരു ടീമിനെ ഇതിനുവേണ്ടി പരിശീലിപ്പിച്ചെടുക്കാൻ പഞ്ചായത്തിനു കഴിയും.

കലാകായിക രംഗത്ത് പ്രതിഭയുള്ള നിരവധി വിദ്യാർഥികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പക്ഷേ അവർക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. സംസ്ഥാന തലത്തിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടിയ വ്യക്തിയുൾപ്പെട്ട സ്കൂളിന് 100 മീ. ഗ്രൗണ്ട് പോലും ഇല്ലയെന്നറിയുമ്പോൾ അത് എളുപ്പം മനസിലാക്കാൻ കഴിയും. അതിനാൽ അത് പരിഹരിക്കുന്നതിന് വേണ്ടി പഞ്ചായത്ത് മുൻകൈയെടുത്ത് ഒരു മിനിസ്റ്റേഡിയം ഉണ്ടാക്കാനുള്ള പ്രവർത്തനം ഏറ്റെടുക്കണം. പഞ്ചായത്തിലെ സ്പോർട്സ് പ്രേമികളുടെ സഹകരണം തീർച്ചയായും ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. അതുപോലെ കലാരംഗത്ത് എല്ലാവർഷവും വിദ്യാർഥികളുടെ കഴിവുകൾ മാറ്റുരക്കുന്നതിന് പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കലാകായിക മത്സരങ്ങൾ പഞ്ചായത്ത് ഭരണ സമതിയുടെ നേതൃത്വത്തിൽ നടത്തുകയും വിജയികളാകുന്നവർക്ക് പ്രോത്സാഹനങ്ങൾ നൽകുകയും വേണം.

## വിദ്യാലയങ്ങളും പ്രശ്നങ്ങളും - ഒറ്റനോട്ടത്തിൽ

പഞ്ചായത്തിലെ മുഴുവൻ വിദ്യാർഥികൾക്കും പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിന് വേണ്ടത്ര സൗകര്യം ഈ പഞ്ചായത്തിലില്ല. ഒന്ന്,മൂന്ന്, അഞ്ച് വാർഡുകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുമില്ല. വിദ്യാർഥികൾക്ക് സ്കൂളുകളിൽ എത്തിച്ചേരുന്നതിന്

ആവശ്യമായ യാത്രാസൗകര്യം തീരെ ഇല്ല. പഞ്ചായത്തിലെ ഒരു സ്കൂളിനും വേണ്ടത്ര കളിസ്ഥലം ഇല്ല. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്, സ്കൂളുകളിലെ പഠന നിലവാരം മെച്ചപെടുത്തുന്നതിന് ഒരു പ്രധാന തടസമാണ് കാരണം. ഏലപ്പീടിക, പുളക്കുറ്റി മലയാംപാടി, കാടൻമല, ഇടിയാട് മുതലായ സ്ഥലങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്ക് സ്കൂളിൽ വന്ന് തിരിച്ചു വീട്ടിലെത്തുന്നതിന് ഒരു ദിവസം യാത്രക്ക് 2 മണിക്കൂർ മുതൽ മൂന്നര മണിക്കൂർ വരെ സമയം ആവശ്യമാണ്. അധ്യാപകരിൽ നല്ലൊരു പങ്കും വിദ്യാലയത്തിലേക്ക് വളരെ ദൂരം യാത്രചെയ്ത് എത്തേണ്ടവരാണ്. അതിനാൽ ക്ലാസ് സമയത്ത് മാത്രമേ അവർക്ക് വിദ്യാർഥികളും സ്കൂളുമായി ബന്ധപ്പെടുന്നതിന് കഴിയുന്നുള്ളൂ. മറ്റു പശ്ചാത്തലങ്ങൾ മനസിലാക്കുന്നതിന് കഴിയുന്നില്ല. സ്കൂളുകളിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് തൽപരരായ വിദ്യാർഥികൾക്ക് അതിനുള്ള സാഹചര്യം ലഭിക്കുന്നില്ല. അധ്യാപകരിൽ നല്ലൊരു പങ്കും പുറത്തുനിന്നുള്ളവരായതുകൊണ്ട് ഇക്കാര്യത്തിൽ കുട്ടികളോട് സഹകരിക്കുന്നതിന് അവർക്ക് കഴിയുന്നില്ല. സ്കൂളുകളിൽ പഠനനിലവാരം വർധിപ്പിക്കുന്നതിന് ആവശ്യമായ പഠനസഹായികൾ– ചാർട്ടുകൾ, ആൽബങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ ഇവയൊന്നും ലഭ്യമല്ല. പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളിന് അധികാരികളുടെ ഭാഗത്തുനിന്ന് അവഗണവനയാണ്. അധ്യാപകർ വേണ്ടത്രയില്ല. കുടിവെള്ളവും സാനിട്ടറി സൗകര്യവും ഇല്ല. കെട്ടിടത്തിന്റെ അറ്റകുറ്റപണിയും യഥാസമയം നടക്കുന്നില്ല. സ്കൂളുകളിൽ അധ്യയനം തുടങ്ങി മൂന്നു മാസത്തിനുള്ളിൽ പോലും പാഠപുസ്തകങ്ങൾ ലഭിക്കുന്നില്ല. താഴ്ന്ന വരുമാനക്കാരുടെ കുട്ടികൾക്കും ആദിവാസി കുട്ടികൾക്കും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പോത്സാഹനം ലഭിക്കുന്നില്ല. പഠന പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് സ്കൂൾ നേതൃത്വം കാര്യക്ഷമമായ പദ്ധതികൾ മുൻകൂട്ടി പ്ലാൻചെയ്ത് നടപ്പാക്കാൻ ശ്രമിക്കുന്നില്ല. വേണ്ടത്ര അക്ഷരബോധവും സംഖ്യാബോധവും നേടാത്ത വിദ്യാർഥികളെ ആവശ്യമായ നിലവാരം നേടുന്നതിന് സഹായിക്കുന്ന പ്രത്യേക തരത്തിലുള്ള സമീപനങ്ങൾ വിദ്യാലയങ്ങളിൽ ചെയ്തു കാണുന്നില്ല.

വിദ്യാർഥിനി വിദ്യാർഥികൾക്ക് പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുന്നിതിനുള്ള സൗകര്യം വേണ്ടത്രയില്ല. പഠനാനുബന്ധപ്രവർത്തനങ്ങൾ കുട്ടികളുടെ കഴിവുകൾ വളർത്താനുതകുന്ന തരത്തിൽ ചിട്ടയായി നടപ്പാക്കാൻ കഴിയുന്നില്ല.

ഇതുകൂടാതെ ഈ പഞ്ചായത്തിൽ 14 ആംഗൻവാടികളും പ്രവർത്തിച്ചുകവരുന്നു. മുഴുവൻ ആംഗൻവാടികൾക്കും സ്വന്തമായി കെട്ടിടങ്ങളില്ല. പലതും തികച്ചും അപര്യാപ്തമായ സൗകര്യങ്ങൾ മാത്രമുള്ള അവസ്ഥയിലാണ്. അതുപൊലെ കുട്ടികളുടെ മാനസിക വളർച്ചയ്ക്കും ഉല്ലാസത്തിനും ആവശ്യമായ കളിക്കോപ്പുകളും മറ്റും പല ആംഗൻവാടികളിലും ഇല്ല ആവശ്യമായ തോതിൽ ഭക്ഷണ സാധനങ്ങൾ കൃത്യസമയത്ത് ഐ.സി.ഡി.എസ്. പ്രോജക്ടിൽ നിന്ന് ലഭ്യമല്ല. കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങളിൽ കാര്യമായ പരിഗണന പല ആംഗൻവാടികളിലും ലഭിക്കുന്നില്ല. ശുചിത്വം തീരെ കുറവാണ്. കുട്ടികൾക്ക് മലമൂത്ര വിസർജനം നടത്തുന്നതിന് വേണ്ട സൗകര്യങ്ങളില്ല

### ഗ്രാമസഭയിൽനിന്നുള്ള പ്രത്യേകനിർദേശങ്ങൾ

1.സ്കൂളുകളിൽ എത്തിചേരുന്നതിനു വേണ്ടി, പ്രധാനപ്പെട്ട സ്ഥലങ്ങളിൽ യാത്രാസൗകര്യത്തിന്റെ അഭാവം പരിഹരിക്കുക.

2.സ്കൂളുകളിൽ വേണ്ടത്ര ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുക.

3.എല്ലാ സ്കൂളുകളിലും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

4.സ്കൂളുകളിൽ പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നെ എത്തിക്കുക

5.ഹൈസ്കൂളിനോടനുബന്ധിച്ച് +2 ക്ലാസുകൾ ആരംഭിക്കുക. അതോടൊപ്പം സ്കൂളിൽ സാങ്കേതിക പഠനത്തിനുള്ള സൗകര്യം ഉണ്ടാക്കുക.

6.നിർദ്ധനരായ വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ പഞ്ചായത്ത് ഭരണസമിതി സംഘടിപ്പിച്ച് വിതരണം ചെയ്യുക.

7.കായിക വിദ്യാഭ്യാസത്തിന് പ്രത്യേകം പദ്ധതി തയാറാക്കുക, ഓടൻ തോട്ടിലും ചെണ്ടോത്തും ഓരോ എൽ.പി.സ്കൂളുകൾ അനുവദിക്കുക.

8.പഞ്ചായത്ത് സ്കൂൾ ലൈബ്രറികൾ വിപുലപ്പെടുത്തുന്നതിനു വേണ്ടി പദ്ധതികൾ നടപ്പാക്കുക.

9. കണിച്ചാർ പഞ്ചായത്തലെവിടെയെങ്കിലും ഒരു സാങ്കേതികപഠന സ്ഥാപനം അനുവദിച്ചുകിട്ടുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുക.

10.മലയോര മേഖലകളിലെ കുട്ടികൾക്ക് കോളജുകളിലും മറ്റു സാങ്കേതിക പഠന സ്ഥാപനങ്ങളിലും

സീറ്റ് സംവരണം അനുവദിക്കുക.

11.എല്ലാ വിദ്യാലയങ്ങളിലും പത്രമാസികകൾ ലഭ്യമാക്കുക.

12. ഓരോ സ്കൂളിലും ആവശ്യമായ നോട്ടുബുക്കുകൾ അതത് സ്കൂളിലെ വിദ്യാർഥികൾക്ക് തന്നെ നിർമാക്കാനാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുക.

13. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഗുരുകുലം പദ്ധതി അധ്യാപകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

14.മാസാന്ത്യ പരീക്ഷകൾ നിർബന്ധമായും നടത്തുക.

15.ഓരോ ക്ലാസിലെയും, അധ്യാപകരെയും വിദ്യാർഥികളെയും അവരുടെ രക്ഷിതാക്കളെയും ഒരുമിച്ചിരുത്തി പഠന നിലവാരം വിശകലനം ചെയ്യുക

16.ഹൈസ്കൂൾതലം വരെ വിദ്യാഭ്യാസം എല്ലാവർക്കും നിർബന്ധമാക്കുക.

17.ആദിവാസി മേഖലയിൽ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുക

18. പൂളക്കുറ്റി എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഈ മേഖലയുടെ വിദ്യാഭ്യാസ പുരോഗതി ത്വരിതപ്പെടുത്തുക.



# 4.5 പൊതുജനാരോഗ്യവും ശുചിത്വവും

1940–നു മുമ്പ് ഈ പഞ്ചായത്തിൽ ഗിരിജനങ്ങൾ മാത്രമാണു താമസിച്ചിരുന്നത്. 1930–നും 1950–നും ഇടയിൽ തിരുവിതാംകൂറിൽനിന്നും വ്യാപകമായി കുടിയേറ്റങ്ങൾ നടന്നു. ഈ കാലഘട്ടത്തിൽ നാട്ടുവൈദ്യന്മാരും മറ്റു പാരമ്പര്യ ചികിത്സകളും മാത്രമാണുണ്ടായിരുന്നത്. പ്രാർഥനകളും മന്ത്രവാദങ്ങളും രോഗശമനത്തിനായി അവംലബിച്ചിരുന്നു. ധാരാളം ആൾക്കാർ മലമ്പനി, കോളറ മുതലായ രോഗങ്ങൾ മൂലം മരിച്ചുപോവുകയും ചില കുടുംബങ്ങൽ ഇവിടംവിട്ടുപോവുകയും ചെയ്തിട്ടുണ്ട്.

ഇവിടത്തെ ജനങ്ങൾ ചികിത്സാ ആവശ്യത്തിനായി മറ്റു പ്രദേശങ്ങളായ പേരാവൂർ, ഇരിട്ടി, കേളകം എന്നീ സ്ഥലങ്ങളെയാണ് ആശ്രയിച്ചിരുന്നത്. 1974–ൽ ആണ് കണിച്ചാറിൽ ഒരു ഗവൺമെന്റ് ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചത്. കൊളക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ ആരോഗ്യകേന്ദ്രത്തിൽ പഞ്ചായത്തിലെ ബഹുഭൂരിപക്ഷത്തിനും എത്തിപ്പെടാൻ യാത്രാക്ലേശം കാരണം ബുദ്ധിമുട്ടുണ്ട്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പാണ് ഇതിന്റെ പ്രധാന കാരണം. 1988–ൽ ഈ സ്ഥാപനം 10 കിടക്കകളുള്ള പ്രാഥമികാരോഗ്യകേന്ദ്രമാക്കി. എന്നാൽ, ഇതിന്റെ പ്രവർത്തനം പലകാരണങ്ങളാൽ വേണ്ടത്ര പുരോഗമിച്ചിട്ടില്ല.

ഈ പഞ്ചായത്തിൽ അഞ്ചു കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തിക്കുന്നു. ആവശ്യമായ സൗകര്യങ്ങൾ ഇവിടെ ഏർപ്പെടുത്തേണ്ടതുണ്ട്. വൈദ്യുതി, വെള്ളം, ഫർണിച്ചറുകൾ, മറ്റുപകരണങ്ങൾ എന്നിവ ഇവിടെയില്ല.

1994–ൽ കണിച്ചാർ (നെല്ലിക്കുന്ന്) കേന്ദ്രമാക്കി ഒരു ആയുർവേദ ആശുപത്രി അനുവദിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. സ്വന്തമായി കെട്ടിടമോ സൗകര്യമോ ഇല്ലാത്ത ഈ സ്ഥാപനം ശോചനീയ അവസ്ഥയിലാണുള്ളത്. സ്വകാര്യമേഖലയിൽ കണിച്ചാറിൽ ഒരു ആയുർവേദ മരുന്നുകടയും കണിച്ചാർ, കൊളക്കാട് എന്നിവിടങ്ങളിൽ ഹോമിയോ ചികിത്സയും നടക്കുന്നുണ്ട്. മറ്റു പ്രദേശങ്ങളായ ഓടൻതോട്ട്, അണുങ്ങോട്ട്, ചെങ്ങോം, നെടുംപുറംചാൽ, പൂളക്കുറ്റി, ഏലപ്പീടിക എന്നിവിടങ്ങളിൽ യാതൊരു ചികിത്സാ സൗകര്യങ്ങളുമില്ല. പരമ്പരാഗതരീതിയിലുള്ള തിരുമു ചികിത്സകളും നാട്ടുവൈദ്യവും ഇപ്പോളും പല സ്ഥലങ്ങളിലും നടക്കുന്നുണ്ട്.

ആദിവാസി കോളനികളിൽ ക്ഷയം, കുഷ്ഠം, പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾ ഇപ്പോഴുമുണ്ട്.

6258 പുരുഷന്മാരും 6508 സ്ത്രീകളും 4750 കുട്ടികളുമടക്കം 17516 ജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കുടിവെള്ളം ആരോഗ്യത്തിന്റെ പ്രധാനഘടകമാണ്. ശുദ്ധജലവിതരണ പദ്ധതി ഒന്നുംതന്നെ നടപ്പിലാക്കാത്ത ഇവിടത്തെ ജനങ്ങൾ കിണറുകളെയും മറ്റു ജലാശയങ്ങളെയുമാണ് ആശ്രയിക്കുന്നത്.

ശുദ്ധീകരിക്കാത്ത വെള്ളം കുടിക്കുന്നതുകൊണ്ടും മലമൂത്രവിസർജനങ്ങൾ പൊതുസ്ഥലങ്ങളിൽ നടത്തുന്നതിനാലും വെള്ളത്തിൽക്കൂടി പകരുന്ന മഞ്ഞപ്പിത്തം, ടൈഫോയിഡ്, വയറിളക്കം, വയറുകടി, വിരശല്യം എന്നിവ പലപ്പോഴും ഉണ്ടാകാറുണ്ട്.

## നിർദേശങ്ങൾ

1. ആശുപത്രികൾ, പൊതുസ്ഥലങ്ങൾ, ഹരിജൻ കോളനികൾ എന്നിവിടങ്ങളിൽ ശുദ്ധജലവിതരണം നടത്തുക. കിണറുകളിലെ വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക.

2. പൊതുസ്ഥലങ്ങളിൽ മലമൂത്രവിസർജനം നടത്തുന്നതു നിർത്തലാക്കുവാൻ ആവശ്യമായ സംവിധാനങ്ങളുണ്ടാക്കുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക.

3. കൊതുകുനിവാരണ പദ്ധതികൾ നടത്തുകയും കൊതുകുകടി കൊള്ളാതിരിക്കാനുള്ള മുൻകരുതൽ നടത്തുവാൻ വലകെട്ടുകയും മരുന്ന് ശരീരത്തിൽ തേക്കുകയും ചെയ്യുന്നതടക്കം ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുക.

4. വാടകകെട്ടിടങ്ങളിൽ താമസിക്കുന്നവർക്കു വേണ്ടി കക്കൂസ് നിർമിക്കുവാൻ ഉടമസ്ഥരോട് നിർദേശിക്കുക.

5. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷഹാകാരങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയും ആവശ്യമായ അളവിൽ കൊടുക്കുകയും ചെയ്യുക.

6. ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഡോക്ടർമാർ മാസത്തിൽ ഒരു ദിവസമെങ്കിലും കേന്ദ്രത്തിൽവന്നു രോഗികളെ പരിശോധിച്ച് ഔഷധങ്ങൾ വിതരണം ചെയ്യുക.

7. മത്സ്യം, മാംസം എന്നിവയുടെ വിൽപനയ്ക്ക് പൊതുമാർക്കറ്റ് സ്ഥാപിക്കുകയും അറവുശാലയ്ക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുകയും അവശിഷ്ടങ്ങൾ പൊതുജനങ്ങൾക്ക് ശല്യമാകാത്തവിധത്തിൽ നശിപ്പിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക.

8. കാണിച്ചാർ (കൊളക്കാട്ട്) പി.എച്ച്.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. മുഴുവൻസമയവും ഡോക്ടർമാർ ഉണ്ടാകും എന്ന് ഉറപ്പുവരുത്തണം. ആശുപത്രി, ക്വാർട്ടേഴ്സുകൾ എന്നിവ റിപ്പേർ ചെയ്യുകയും ആവശ്യമായ ഫർണിച്ചറും വെള്ള സൗകര്യവും ലഭ്യമാക്കുകയും ചെയ്യുക.

9. നിലവിലുള്ള ആയുർവേദാശുപത്രിക്കു കെട്ടിടം നിർമിക്കുകയും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

10. കണിച്ചാർ പഞ്ചായത്തിൽ കണിച്ചാറും പൂളക്കുറ്റിയിലും ഓടംതോട് പള്ളിക്ക് സമീപം എന്നിവിടങ്ങളിൽ ഓരോ സർക്കാർ ഹോമിയോ ആശുപത്രി തുടങ്ങാൻ നടപടി സ്വീകരിക്കുക.

11. ക്ഷയം, കുഷ്ഠം, വെള്ളപ്പാണ്ഡുരോഗം എന്നിവ ബാധിച്ച രോഗികൾക്കു ഫലപ്രദമായ ചികിത്സാസൗകര്യം ഏർപ്പെടുത്തുക.

12. പഞ്ചായത്തിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെയും ഒരു ഫുഡ് ഇൻസ്പെക്ടറുടെയും സേവനം ലഭ്യമാക്കുക.

13. കണിച്ചാർ, കൊളക്കാട്, പൂളക്കുറ്റി ടൗണുകളിൽ മലിനജലം ഒഴുകിപ്പോകാനുള്ള ഓടകൾ നിർമിക്കുക.

14. ജൂണിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ മാസത്തിൽ ഒരു ദിവസമെങ്കിലും എല്ലാ വീടുകളും കയറി ആരോഗ്യപ്രവർത്തനങ്ങൾ നടത്തണം.

15. ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രവർത്തനത്തിനാവശ്യമായ ഓഫീസുകൾ ഉണ്ടാകണം.

16. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ആവശ്യമായ വെള്ളം, വെളിച്ചം, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കണം.

## പ്രശ്നങ്ങൾ

വീടുകളുടെ സമീപത്തും പറമ്പുകളിലും ഓടകളിലും വെള്ളം കെട്ടിക്കിടക്കുന്നത് കൊതുകുകളുടെ വളർച്ചയ്ക്ക് ഇടയാക്കുകയും ഇതുമൂലം പലവിധ രോഗങ്ങൾ ഉണ്ടാകുകയും അതു പകരാനിടയാക്കുകയും ചെയ്യുന്നു. ആദിവാസി കോളനികളിലും സാമ്പത്തികശേഷി കുറഞ്ഞ വീടുകൾക്കും കക്കൂസ് സൗകര്യം ഇല്ലാത്തതിനാൽ പറമ്പുകളിലും മറ്റു സ്ഥലങ്ങളിലും മലമൂത്രവിസർജനം നടത്തുന്നു. ഇതുമൂലവും പലവിധരോഗങ്ങൾ ഉണ്ടാകുന്നു.

മയക്കുമരുന്ന്, പുകവലി, മദ്യപാനം എന്നിവയുടെ ഉപയോഗംമൂലമുണ്ടാകുന്ന രോഗങ്ങളും കണ്ടുവരുന്നുണ്ട്. പകർച്ചവ്യാധികൾ അധികവും സ്കൂൾ കുട്ടികളിൽക്കൂടി പടർന്നു പിടിക്കാറുണ്ട്. സ്റ്റേഷനറി കടകളിൽകൂടി 'പാൻപരാഗ്' പോലെയുള്ള ലഹരി പദാർത്ഥങ്ങൾ സുലഭമായി വിതരണം നടക്കുന്നു.

# നിർദേശങ്ങൾ

1. കൊതുകുനിവാരണ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിച്ച് ബോധവൽക്കരണം നടത്തുക.

2. ടി.ബി. ബാധിച്ച പ്രദേശങ്ങളിൽ പ്രത്യേകിച്ച് കോളനികളിലുള്ള മുഴുവൻ പേരുടെയും കഫം പരിശോധിച്ച് രോഗനിർണയം നടത്തുകയും ചികിത്സ

ഏർപ്പെടുത്തുകയും ചെയ്യുക.

3. എയ്ഡ്സ്, പുകവലി, മദ്യപാനം, മയക്കുമരുന്ന് എന്നിവയ്ക്കെതിരേ ബോധവൽക്കരണ സെമിനാറുകൾ മാസത്തിൽ ഒന്നുവീതം നടത്തുക. സ്കൂൾ പരിസരങ്ങളിലും കോമ്പൗണ്ടുകളിലും വ്യാജനിർമിത ഭക്ഷണസാധനങ്ങൾ കർശനമായി നിരോധിക്കണം. ഉദാ: ഐസ്ക്രീം, ഐസ്, അച്ചാറ്, പലതരം മിഠായികൾ.

4. പാൻപരാഗ് പോലെയുള്ള ലഹരിപദാർത്ഥങ്ങളുടെ വിൽപന നിരോധിക്കുക.

5. സ്കൂളുകളിലെ കുട്ടികളെ 3 മാസത്തിലൊരിക്കൽ പരിശോധിച്ച് രോഗമില്ലെന്ന് ഉറപ്പുവരുത്തുക.

6. ഓരോ വ്യക്തികളുടെയും ആരോഗ്യനിലവാരം രേഖപ്പെടുത്തുന്ന ഹെൽത്ത് കാർഡ് വിതരണം നടത്തുക.

7. മഞ്ഞപ്പിത്തം, ആസ്തമ, വിഷബാധ എന്നിവയ്ക്കു നടത്തുന്ന ഒറ്റമൂലി പോലെയുള്ള ചികിത്സാരീതികൾ കണ്ടെത്തി പ്രോത്സാഹനം നൽകുകയും പച്ചമരുന്നുകളുടെ കൃഷി വികസിപ്പിക്കുകയും ചെയ്യുക.

അലോപ്പതി മരുന്നുകളുടെ ക്രമാതീതമായ വിലക്കയറ്റവും ജനങ്ങളിൽ ബഹുഭൂരിപക്ഷവും നിർധനരും ആയതിനാൽ ഗുരുതരമായ പല രോഗങ്ങളും പിടിപെടുമ്പോൾ ചികിത്സ ലഭ്യമാക്കാനുള്ള സാമ്പത്തികശേഷി പലർക്കും ഉണ്ടാകാറില്ല. അതുകൊണ്ടു തന്നെ വിദഗ്ധചികിത്സ ലഭിക്കാതെ മരിച്ചുപോകുന്നവരുമുണ്ട്. ടി.വി., റേഡിയോ, പത്രമാധ്യമങ്ങൾ എന്നിവയിൽക്കൂടി മരുന്നുകളുടെ പരസ്യങ്ങൾ ധാരാളമായി ഉണ്ടാകാറുണ്ട്.

അതിനാൽ സ്വയം ചികിത്സ നടത്താൻ ചിലർ തയാറാകുന്നു. ഇതു മറ്റു പലരോഗങ്ങൾക്കും കാരണമാവുന്നു.



കൃഷികൾക്ക് ആവശ്യത്തിനും അനാവശ്യത്തിനും കീടനാശിനികളും വളങ്ങളും ഉപയോഗിക്കുന്നു. മണ്ണിന്റെ ഘടന നഷ്ടപ്പെടുകയും അന്തരീക്ഷ മലിനീകരണം ഉണ്ടാവുകയും ചെയ്യുന്നു. കൂടാതെ ഭക്ഷണപദാർത്ഥങ്ങളിൽക്കൂടി മനുഷ്യശരീരത്തിൽ വിഷാംശം കലരുന്നു. ഇത് ആരോഗ്യത്തിനു ഹാനികരമാകുന്നു.

വളർത്തുനായ്ക്കളെ അലഞ്ഞുതിരിയാൻ അനു

വദിക്കുകമൂലം നായ്ക്കൾക്കുണ്ടാകുന്ന പേവിഷ ബാധ മറ്റു നായ്ക്കളിലും ജന്തുക്കളിലും മനുഷ്യ രിലും പകരാൻ ഇടയാകുന്നു. ഇതിനാവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്.

## നിവാരണമാർഗങ്ങൾ

1. ജീവൻരക്ഷാ ഔഷധങ്ങൾ ന്യായവിലയ്ക്ക് ലഭ്യ മാക്കാനുള്ള സംവിധാനം ഉണ്ടാകണം.

2. സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കണം.

3. പരസ്യങ്ങളിൽക്കൂടിയുള്ള മരുന്നിന്റെ പ്രചാരം വർധിപ്പിക്കുന്ന രീതി ഒഴിവാക്കുകയും സ്വയംചികിത്സ നിരുത്സാഹപ്പെടുത്തുകയും ചെയ്യുക. പ്രകൃതിചി കിത്സ പോലുള്ള ചികിത്സാരീതികൾ പ്രചരിപ്പിക്കു ന്നതിനു ബോധവൽക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. അമിത രാസവള - കീടനാശിനി പ്രയോഗം നിർത്തലാക്കാൻ നടപടി സ്വീകരിക്കുക.

5. വളർത്തുനായ്ക്കൾക്ക് യഥാസമയം കുത്തി വയ്പ്പു നടത്തുകയും ലൈസൻസ് നൽകുകയും ചെയ്യുന്നതോടൊപ്പം അലഞ്ഞുതിരിയുന്ന നായ്ക്കളെ കൊന്നുകളയാനുള്ള നടപടിയും സ്വീകരിക്കുക.

6. എല്ലാ വാർഡുകളിലും രക്തപരിശോധന നട ത്തുകയും പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കുകയും ചെയ്യുക.

7. രക്തദാനത്തെയും നേത്രദാനത്തെയും കുറിച്ചു ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

## പൊതുശ്മശാനം

ഭൂമികൾ തുണ്ടുതുണ്ടാവുകയും കോളനിവാസി കൾ കൂടുതലായി ഉള്ളതിനാലും പരമ്പരാഗതമായ രീതിയിൽ സ്വന്തം സ്ഥലത്തിൽ തന്നെ ശവമടക്ക് നട ത്തിയിരുന്നവർക്ക് ഇപ്പോൾ അതിനുള്ള സാധ്യത വളരെ കുറവാണ്. തന്നെയുമല്ല ജലമലിനീകരണം പോലുള്ള പ്രശ്നങ്ങളും ഇതുമൂലമുണ്ടാകുന്നു.

അതിനാൽ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമിക്കുന്നതിനുള്ള നടപടിയുണ്ടാ കണം.

### പട്ടിക -1

ആരോഗ്യ സ്ഥിതിവിവരങ്ങൾ

| ആകെ വീട് | കക്കൂസുകളുള്ള വീടുകളുടെ എണ്ണം | സെപ്റ്റിക് ടാങ്ക് | ഇ.എസ്.പി. | മറ്റുള്ളവ | കക്കൂസ് ഇല്ലാത്തവ |
|---|---|---|---|---|---|
| 3603 | 3252 | 1448 | 1152 | 652 | 351 |

### പട്ടിക -2

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

(സ്ത്രീകളുടെ പ്രായക്രമം)

| | | |
|---|---|---|
| A | 15–19 | 55 |
| B | 20–24 | 347 |
| C | 25–29 | 640 |
| D | 30–34 | 534 |
| E | 35–39 | 395 |
| F | 40–44 | 195 |

### പട്ടിക -3

അമ്മമാരുടെ എണ്ണം

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| A | 1 കുട്ടി | 306 |
| B | 2 കുട്ടികൾ | 836 |
| C | 2-ൽക്കൂടുതൽ കുട്ടികൾ | 899 |
| | ആകെ | 2041 |

(55.95% 2 കുട്ടികളിൽ താഴെയുള്ളവർ)

### പട്ടിക -4

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| കുട്ടികളുടെ എണ്ണം | | സ്ഥിരമാർഗം | താൽക്കാലികം |
|---|---|---|---|
| A | 1 കുട്ടി | 9 | 138 |
| B | 2 കുട്ടികൾ | 553 | 88 |
| C | 2-ൽ കൂടുതൽ കുട്ടികൾ | 669 | 28 |

### പട്ടിക -5

അംഗവൈകല്യമുള്ളവർ

| | | |
|---|---|---|
| 1 | അന്ധർ | 12 |
| 2 | ബധിരർ | 15 |
| 3 | മൂകർ | 2 |
| 4 | ബധിരമൂകർ | 10 |
| 5 | ചലനവൈകല്യങ്ങൾ | 9 |
| | ആകെ | 48 |

### പട്ടിക -6

സ്ഥായിയായ രോഗബാധിതർ (96 ജനുവരി മുതൽ)

| | | |
|---|---|---|
| 1 | രക്തസമ്മർദം | 826 |
| 2 | പ്രമേഹം | 918 |
| 3 | കാൻസർ | 16 |
| 4 | കുഷ്ഠം | 19 |
| 5 | ക്ഷയം | 5 |
| 6 | ഹൃദ്രോഗം | 106 |
| | ആകെ | 1890 |

### പട്ടിക -7

## മരണനിരക്ക്

| | |
|---|---|
| 1991 | 57 |
| 1992 | 40 |
| 1993 | 46 |
| 1994 | 48 |
| 1995 | 38 |

### പട്ടിക 7.2

## ജനനമരണനിരക്കുകൾ

| വർഷം | ജനനം | മരണം | ചാപിള്ളകളുടെ എണ്ണം |
|---|---|---|---|
| 1993-94 | 238 | - | 2 |
| 1994-95 | 207 | 1 | |
| 1995-96 | 198 | - | ഇല്ല |

### പട്ടിക 7.3

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 78 | 3 | 12 | - |
| 1994-95 | 61 | 6 | 18 | - |
| 1995-96 | 93 | 5 | 22 | - |

### പട്ടിക 7.1

## സ്ഥാപനവിവരങ്ങൾ

| ക്രമനമ്പർ | സ്ഥാപനത്തിന്റെപേര് | ഇനം | കെട്ടിടം സ്വന്തം വാടക | ഉദ്യോഗസ്ഥരുടെഎണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യകേന്ദ്രം | - | സ്വന്തം | 12 | 1974 ആഗസ്റ്റ് | വെള്ളം, വൈദ്യുതി ഉപകരണങ്ങൾ എന്നിവയില്ല |
| 2 | ഗവ. ആയുർവേദ ഡിസ്പെൻസറി | - | വാടക | 4 | 1994 | |
| 3 | സബ്സെന്ററുകൾ | 5 | സ്വന്തം | 5 | - | - |

### പട്ടിക -8.0

# കുട്ടികളുടെ ആരോഗ്യപോഷണനിലവാരം

| പ്രായം | നോർമൽ | | ഒന്നാംഗ്രേഡ് | | രണ്ടാംഗ്രേഡ് | | മൂന്നാംഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| ഒരുവയസിൽ താഴെ | 78 | 74 | 20 | 14 | 1 | 2 | - | - |
| 1-3 വയസ് | 131 | 122 | 56 | 47 | 12 | 12 | 2 | 1 |
| 3-6 വയസ് | 124 | 118 | 56 | 54 | 9 | 12 | 3 | 1 |

ഒന്നാംഗ്രേഡ് ലഘുവായ പോഷകാഹാരകുറവുള്ളവർ -91

രണ്ടാംഗ്രേഡ് മിതമായ പോഷകാഹാരകുറവുള്ളവർ -13

മൂന്നാംഗ്രേഡ് ഗുരുതരമായ പോഷകാഹാരകുറവുള്ളവർ -6

## പട്ടിക 8.1
## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവയ്പ്

| കുട്ടികൾ | ബിസിജി | | ഡി.പി.റ്റി. | | പോളിയോ | | ഡി.റ്റി | മീസൽസ് | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസി നുതാഴെ | 234 | 485 | 347 | 436 | 308 | 475 | 347 | 435 | 328 | 84 | – | 16 | 48 | 88 |
| 1-3 വയസ് | 367 | 239 | 239 | 237 | 286 | 239 | 239 | 237 | 266 | 23 | 25 | 38 | - | 213 |
| 3-6 വയസ് | 409 | 312 | 312 | 312 | 226 | 312 | 312 | 312 | 213 | 57 | 52 | 54 | - | 259 |

## പട്ടിക 8.4

| ടെറ്റനസ് ടെക്സോയിഡ് (ടി.ടി) | | | |
|---|---|---|---|
| ഗർഭിണികൾ | 1D | 2D | BD |
| 118 | 108 | 103 | 8 |

1. അയൺ, ഫോളിക്കാസിഡ് ലഭിച്ച കുട്ടികളുടെ എണ്ണം – 217
2. അയൺ, ഫോളിക്കാസിഡ് ലഭിച്ച ഗർഭിണികളുടെ എണ്ണം –237
3. വിറ്റമിൻ 'എ' തുള്ളിമരുന്നു ലഭിച്ച കുട്ടികളുടെ എണ്ണം –637
4. ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം –141
5. വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം –8

# കുടിവെള്ളം

നിറമോ മണമോ രുചിയോ ഇല്ലാത്തതും രോഗാണുക്കളും കാഠിന്യവും അടങ്ങിയിട്ടില്ലാത്തതുമാണ് ശുദ്ധജലം.നമ്മുടെ നാട്ടിലെ 80% രോഗങ്ങൾക്കും കാരണം മാലിന്യങ്ങൾ അടങ്ങിയിട്ടുള്ള അശുദ്ധജലവും ശുചിത്വമില്ലായ്മയുമാണ്. അഞ്ചു മിനിറ്റ് തിളപ്പിച്ചതിനുശേഷം ആറിയ ജലം ഉപയോഗിക്കുക. ഒരു ലിറ്റർ വെള്ളത്തിന് അരമില്ലീഗ്രാം എന്ന കണക്കിന് ബ്ലീച്ചിംഗ് പൗഡർ കലക്കി ഒരു മണിക്കൂർ കഴിഞ്ഞതിനു ശേഷം ഉപയോഗിക്കുക. മെഡിക്കൽ സ്റ്റോറുകളിലും ആരോഗ്യകേന്ദ്രങ്ങളിലും ലഭിക്കുന്ന ക്ലോറിൻ ഗുളികകൾ ഉപയോഗിച്ച് ശുദ്ധീകരണം നടത്തുക എന്നീ മാർഗങ്ങൾ വീടുകളിലും നടപ്പാക്കുന്നതാണ്.

മനുഷ്യന്റെ വ്യക്തിശുചിത്വത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് വെള്ളമാണ്. ആഹാരം പാകംചെയ്യുന്നതിനും കൈ കഴുകുന്നതിനും മറ്റു പ്രാഥമിക ആവശ്യങ്ങൾക്കുമെല്ലാം വെള്ളത്തെയാണ് നാം ആശ്രയിക്കുന്നത്. ജലം മലിനമാക്കാതെ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ഇതിൽനിന്നു മനസിലാവും. മലിനജലത്തിന് ശാസ്ത്രീയമായ നിർഗമന മാർഗങ്ങൾ ഉണ്ടാക്കുക, കുടിവെള്ളം ശരിയായി ശുദ്ധീകരിക്കുക, ജലത്തിന്റെ പാഴ് ചെലവ് കർശനമായും നിയന്ത്രിക്കുക എന്നീ കാര്യങ്ങളിൽ ജനങ്ങളുടെ ശ്രദ്ധ ഏറ്റവും പ്രധാനമാണ്. ചുരുക്കത്തിൽ ജീവന്റെ അത്താണിയായ ജലം മലിനമുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനും എല്ലാതലത്തിലും നടപടികൾ സ്വീകരിക്കുന്നതിന്റെ പ്രാധാന്യം നാം അംഗീകരിക്കേണ്ടതാണ്. ജലം വിലപ്പെട്ട ഒരു സമ്പത്താണ് കുടിക്കാനും ഗാർഹികാവശ്യങ്ങൾക്കും ഉള്ള അതിന്റെ ഉപയോഗം അനുപേക്ഷണീയമാണ്. ആയതിനാൽ അറിഞ്ഞോ അറിയാതെയോ ജലത്തിൽ മാലിന്യം കലരാൻ അനുവദിക്കുന്നതും ദുരുപയോഗം ചെയ്യുന്നതും തെറ്റാണ്.

വളരെയധികം പണവും സമയവും മനുഷ്യാദ്ധ്വാനുവും ചെലവഴിച്ചാണ് പുഴകളിലും നദികളിലുമുള്ള ജലം ശുദ്ധീകരിച്ച് പൈപ്പുകളിൽ കൂടി എത്തിക്കുന്നത്. അതിനാൽ ഇതിന്റെ ദുരുപയോഗം തടയേണ്ടതും വളരെ അത്യാവശ്യമാണ്. ഒരുഭാഗത്ത് മനുഷ്യർ കുടിവെള്ളത്തിന് കഷ്ടപ്പെടുമ്പോൾ മറുഭാഗത്ത് അത് വാഹനങ്ങൾ കഴുകുന്നതിനും പറമ്പ് നനക്കുന്നതിനും ഉപയോഗിക്കുന്നത് തീർച്ചയായും തടയണം. അതിനാൽ ജനങ്ങൾ ഇക്കാര്യത്തിൽ വേണ്ടത്ര ബോധമുള്ളവരാകണം.

രണ്ടായിരാമാണ്ടോടെ ''സമ്പൂർണ ആരോഗ്യം'' എന്ന ആരോഗ്യവകുപ്പിന്റെ മുദ്രാവാക്യം സഫലീകരിക്കുവാൻ ഏറ്റവും അത്യാവശ്യഘടകമാണ് ശുദ്ധായ കുടിവെള്ളം ലഭ്യമാക്കുക എന്നത് കണിച്ചാർ ഗ്രാമപഞ്ചായത്ത് കുടിവെള്ളക്ഷാമം നേരിടുന്ന ഒരു പഞ്ചായത്തല്ലെങ്കിലും അഞ്ചാം വാർഡിലേയും എട്ടാം വാർഡിലെയും ചില പ്രദേശങ്ങളും മറ്റു ചില ചെറിയ ഭാഗങ്ങളിലും കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്. രണ്ടാം വാർഡിലും കുടിവെള്ള ക്ഷാമം ഉണ്ട്. കേരള വാട്ടർ അഥോറിറ്റിയുടെ മേൽനോട്ടത്തിൽ എട്ടാം വാർഡിൽ നടത്തിയ കുടിവെള്ള പദ്ധതി ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മലയാംപടിയിൽ ടാങ്കു നിർമിച്ച് ചെങ്ങോംവരെയുള്ള പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജനങ്ങൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്ന രീതിയിലുള്ള നടപടികൾ ഉണ്ടായിട്ടില്ല. പഞ്ചായത്തിനെ ഏൽപ്പിക്കാത്ത ഈ പദ്ധതിയുടെ റിപ്പേർ ചിലവിലേക്ക് നോട്ടീസ് അയക്കുകയും പണം പഞ്ചായത്ത് ഡയറക്ടറിൽ നിന്ന് നേരിട്ട് അവർ വാങ്ങുന്ന സ്ഥിതിയുമുണ്ട്. ഈ പദ്ധതിയുടെ ആവശ്യമായ അറ്റകുറ്റപ

ണികൾ നടത്തി ജനങ്ങൾക്ക് കുടിവെള്ളത്തിനായി തുറന്നുകൊടുക്കേണ്ടതുണ്ട്.

1930–കളിൽ കുടിയേറ്റങ്ങൾ ആരംഭിച്ചെങ്കിലും ആ കാലഘട്ടത്തിൽ ജനങ്ങൾ ജലലഭ്യതയുള്ള പ്രദേശങ്ങളിൽ മാത്രമായിരുന്നു വീടുവെച്ചു താമസിച്ചിരുന്നത്. തോടിന്റേയും, അരുവിയുടേയും, ചതുപ്പു സ്ഥലങ്ങളുടെയും അരികിൽചെറിയ കുഴികൾ കുത്തിയും, ഓലികൾ ഉണ്ടാക്കിയും വെള്ളംഎടുത്ത് ഉപയോഗിക്കുന്ന രീതിയാണ് അന്ന് ഉണ്ടായിരുന്നത്. 1950–നു ശേഷം ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കിണറുകൾ നിർമിക്കുവാൻ തുടങ്ങി.

1960–നുശേഷം കിണറിന്റെ പ്രാധാന്യം ജനങ്ങൾ മനസിലാക്കുകയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കിണറുകൾ നിർമിക്കുകയും ചെയ്തു. സ്വകാര്യ വ്യക്തികളുടെ വകയായിരുന്നു ഇവയെല്ലാം. ജനങ്ങളുടെ സഹകരണവും ഐക്യവും നിലനിൽക്കുന്നതിനാൽ ഇതുപോലുള്ള കിണറുകൾ മറ്റുള്ളവരും ഉപയോഗിച്ചുവരുന്നു. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളിലെ ജലമാണ് ഉപയോഗിക്കാറുള്ളത്. ചിലസ്ഥലങ്ങളിൽ ഓലികളും അരുവികളും ഉപയോഗിക്കുന്നുണ്ട്. വികസന ബ്ലോക്കിന്റേയും പഞ്ചായത്തിന്റെയും വകയായി നിർമിച്ചിട്ടുള്ള 21 പൊതുകിണറുകളും 3 കുഴൽ കിണറുകളും ഈ പഞ്ചായത്തിലുണ്ട്.

1960–നുശേഷം കിണറിന്റെ പ്രാധാന്യം ജനങ്ങൾ മനസിലാക്കുകയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കിണറുകൾ നിർമിക്കുകയും ചെയ്തു.പട്ടിക നോക്കുക

പട്ടിക 1

| കുടിവെള്ള പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും | | | |
|---|---|---|---|
| പൊതുകിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | കുഴൽകിണറുകൾ | ആകെ കിണറുകൾ |
| 20 | 1 | 3 | 24 |

**പ്രശ്നങ്ങൾ:–**

കുടിവെള്ളം ശുദ്ധീകരിക്കുന്ന പദ്ധതികൾ ഒന്നും തന്നെ ഇപ്പോഴില്ല. മലയോര പ്രദേശമായതിനാലും കാർഷികമേഖലയായതിനാലും വെള്ളം ശുദ്ധമാക്കുന്നതിനുള്ള സാധ്യതകൾ കൂടുതലുണ്ട്. ചപ്പുചവറുകൾ വീണും പരിസര മാലിന്യങ്ങൾ ഒലിച്ചിറങ്ങിയും മറ്റും വെള്ളം അശുദ്ധമാകാറുണ്ട്. വെള്ളത്തിൽ കൂടി പകരുന്ന രോഗങ്ങൾ വിരളമായി ചില സ്ഥലങ്ങളിൽ ഉണ്ടാകാറുണ്ട്. കോളനി പരിസരങ്ങളിൽ കിണറുകളിൽ ക്ലോറിനേഷൻ നടത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

തോടുകളുടേയും പുഴകളുടേയും സമീപങ്ങളിൽ ധാരാളമായി കുടിവെള്ള സ്രോതസുള്ളതിനാൽ ഇവ മലിനമാക്കുന്ന തരത്തിൽ നടത്തുന്ന മത്സ്യബന്ധന പ്രവർത്തനങ്ങളും അറവുശാലകളും നിയന്ത്രിക്കേണ്ടതുണ്ട്. ഉദാഹരണമായി തോട്ടപൊട്ടിച്ചും തുരിശുപയോഗിച്ചും മീൻപിടിക്കുന്നത്. അറവുശാലകൾ തുറന്ന പ്രദേശങ്ങളിൽ നടത്തുന്നതിനാൽ ഇവയുടെ അവശിഷ്ടങ്ങൾ കാക്കയും മറ്റു പക്ഷികളും കൊത്തിയും നായ്ക്കൾ വലിച്ചുകൊണ്ടുപോയും കിണറുകളിലും മറ്റു സ്ഥലങ്ങളിലും ഇടുന്നുണ്ട്. ഈ പ്രവണത നിർത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

കൃഷിയിടങ്ങളിൽ അമിതരാസവള പ്രയോഗങ്ങളും കീടനാശിനി പ്രയോഗവും കുടിവെള്ളത്തെ മലിനമാക്കുന്നുണ്ട്. ജനങ്ങളിൽ ബോധവൽക്കരണം നടത്തി ആവശ്യമായ പരിരക്ഷ ഇക്കാര്യത്തിലുണ്ടാകേണ്ടതുണ്ട്.

## ശുദ്ധജലവിതരണ പദ്ധതി

1. പഞ്ചായത്തിലെ എട്ടാം വാർഡിൽ നിർമിച്ചിട്ടുള്ള കേരള വാട്ടർ അഥോറിറ്റിയുടെ വക ടാങ്കിൽ വെള്ളം സംഭരിക്കുവാനും ഈ വെള്ളം പൈപ്പ്ലൈൻവഴി നാലാം വാർഡിലെ ചെങ്ങോം, മൂന്നാം വാർഡിലെ ചെങ്ങോം, മഞ്ഞളാംപുറം പ്രദേശങ്ങളിൽ താമസിക്കുന്ന 150–ഓളം കുടുംബങ്ങൾക്ക് എത്തിക്കുവാൻ നടപടി സ്വീകരിക്കുക.

2. കണിച്ചാർ അഞ്ചാം വാർഡിൽ കുന്നുംപുറം തോമസിന്റെ പറമ്പിൽ നിലവിലുള്ള കുളം വികസിപ്പിച്ച് ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്ത് കണിച്ചാർ ആറ്റാംചേരി റോഡിന്റെ ഇരുഭാഗത്തുമുള്ള എഴുപതോളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുവാൻ നടപടി എടുക്കുക.

3. രണ്ടാം വാർഡിൽ ചെങ്ങോം (കുലചിത്തറ)ഭാഗത്ത് കുളം കുഴിച്ച് പൈപ്പ് വഴി കണിച്ചാർ ഭാഗത്ത് എത്തിച്ച് ടാങ്ക് കെട്ടി ടൗൺഭാഗത്തും കണി

ച്ചാർ സ്കൂളിലും ശുദ്ധജലം എത്തിക്കുവാനുള്ള നടപടി ആവിഷ്കരിക്കാവുന്നതാണ്.

4. എട്ടാം വാർഡിൽ ഏലപ്പീടിക ഭാഗത്ത് കുളം നിർമിച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിച്ച് ഏലപ്പാറ, കാടൻമല എന്നീ പ്രദേശങ്ങളിൽ ശുദ്ധജല വിതരണം നടത്തേണ്ടതാണ്.

വയലുകളിൽ നെൽകൃഷി നിർത്തുകയും വയലുകൾ നികത്തി മറ്റു കൃഷികളും കോൺക്രീറ്റ് കെട്ടിടങ്ങളും ഉണ്ടാക്കുന്നതിനാൽ അരുവികളിലും തോടുകളിലുമുള്ള വെള്ളം വേനൽക്കാലമാകുന്നതോടെ വറ്റിപ്പോകുന്നുണ്ട്. കിണറുകളിലെ ജലനിരപ്പ് ഓരോ വർഷവും താഴ്ന്നു പോകുന്നത് ജലലഭ്യതയ്ക്ക് ഭീഷണിയാകുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുവാനുള്ള നടപടികളും ബോധവൽക്കരണവും ഉണ്ടാകേണ്ടതുണ്ട്.

1. കോളനികൾ, ആദിവാസി പ്രദേശങ്ങൾ, ഹെൽത്ത് സെന്ററുകൾ, പൊതുജനാരോഗ്യകേന്ദ്രം, സ്കൂളുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ ശുദ്ധജല വിതരണം നടത്തുക.

2. നിലവിലുള്ള പൊതുകിണറുകൾ ശുദ്ധീകരിച്ച് ഉപയോഗ പ്രദമാക്കുക.

3. പുഴകൾ,തോടുകൾ, അരുവികൾ, എന്നിവ മലിനമാക്കുന്ന രീതിയിൽ മത്സ്യം പിടിക്കുന്നതും അറവുശാലകൾ നടത്തുന്നതും ഓടയിൽനിന്നുള്ള വെള്ളം ഒഴുക്കുന്നതും തടയുക.

4.കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുക. സ്വന്തമായി വെള്ളം ഉപയോഗിക്കുന്ന വീട്ടുകാർക്കും ക്ലോറിനേഷൻ നടത്തുന്നതിന് സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

## കുടിവെള്ളത്തിനുവേണ്ടി വാർഡുതലത്തിൽ സ്വീകരിക്കേണ്ട പദ്ധതികൾ.

1. I-ാം വാർഡിലെ കാണ്ടാവനത്തിൽ, ഇരിപ്പുമല എന്നീ വീടുകൾ ഉൾപ്പെടുന്ന ഇരുപതോളം കുടുംബങ്ങൾക്കും കൂടാതെ പള്ളിക്ക് മുകൾഭാഗം വടക്കേടം, ആയിത്താനം തുടങ്ങിയ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാൻ സംവിധാനം ഉണ്ടാക്കണം.

2. രണ്ടാം വാർഡിൽ അണുങ്ങോട്, കാളികയം കോളനികളിൽ കിണർ റിപ്പയർ ചെയ്ത് വെള്ളം എത്തിക്കണം.

3. പൊതുകിണറുകൾ ആഴം കൂട്ടുകയും സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ശുദ്ധജല വിതരണം കാര്യക്ഷമമാക്കുകയും വേണം.

4. കാടൻമല പ്രദേശത്ത് നിന്നുവെള്ളം സംഭരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച് കൊളക്കാട് ടൗണിലും പരിസരങ്ങളില്ലും ശുദ്ധജല വിതരണം നടത്താവുന്നതാണ്.

### ബോധവൽക്കരണ സെമിനാറുകൾ

കിണറുകളും കുളങ്ങളും മറ്റു ശുദ്ധജല സ്രോതസ്സുകളും വൃത്തിയായി സൂക്ഷിക്കുന്നതിനും ജല മലിനീകരണ പ്രവൃത്തികൾ നടത്തുന്നതിനെതിരെയും സെമിനാറുകൾ സംഘടിപ്പിക്കാവുന്നതാണ്.

1. ജലലഭ്യത കുറയാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും കൂടുതൽ ജലം തങ്ങിനിൽക്കുന്നതിനും ആവശ്യമായ തടയണകളും ട്രഞ്ചുകളും നിർമിക്കുന്നതിനുള്ള നിർദേശങ്ങളും ബോധവൽക്കരണ സെമിനാറുകളും പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതാണ്.

2. നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകൾ കെട്ടി വെള്ളത്തിന്റെ ഒഴുക്ക് തടയാവുന്നതാണ്.

VII. ഏഴാം വാർഡിന്റേയും, ആറാം വാർഡിന്റെയും ഏറ്റവും ഉയർന്ന പ്രദേശത്ത് താമസിക്കുന്ന കുരിശുമല ഭാഗത്ത് ജനങ്ങൾക്ക് കുടിവെള്ളം വളരെ ഗുരുതരമായ പ്രശ്നമാണ്. 7-ാം വാർഡിലെ മോറം തുടിയാട് എന്ന സ്ഥലത്ത് ഒരു വലിയകുളം കുഴിച്ച് പൈപ്പു വഴി ഈ പ്രദേശത്തെ ജനങ്ങൾക്ക് ആവശ്യമായ കുടിവെള്ളം എത്തിക്കുന്നതിന് ഏറ്റവും പ്രാധാന്യം നൽകി നടപടികൾ സ്വീകരിക്കേണ്ടതാകുന്നു.7-ാം വാർഡിലെ തുടിയാട്താഴെ ഭാഗത്തുള്ളവർക്കും ഈ കുളം വഴി കുടിവെള്ളം എത്തിച്ചാൽ ഏകദേശം 150 കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിക്കും. 7-ാം വാർഡിൽ കുണ്ടിലചാപ്പ ഭാഗത്ത് ഒരു പഞ്ചായത്ത് വക പൊതുകിണർ അനിവാര്യമാണ്. ചില പ്രത്യേക ഭാഗങ്ങളിൽ കൂടി പൊതുകിണറുകളോ കുഴൽകിണറുകളോ കുഴിച്ച് കുടിവെള്ള ദൗർലഭ്യം പരിഹരിച്ച് കൊടുക്കേണ്ടതുണ്ട്.



# 4.6 ഗതാഗതം - റോഡുകൾ

പ്രാചീനചരിത്രം പരിശോധിക്കുമ്പോൾ കാടും മേടും കാട്ടാറുകളും കടുവയും കാട്ടുപോത്തുകളും കാട്ടാനക്കൂട്ടങ്ങളും തിങ്ങിനിറഞ്ഞു വളർന്നിരുന്ന നിബിഡവനാന്തരങ്ങളായിരുന്നു ഈ നാട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഇതൊക്കെയായിരുന്നിട്ടും ഈ നാട്ടിൽ കുറിച്ച്യർ, പണിയർ തുടങ്ങിയ ഗിരിവർഗക്കാർ അല്ലാതെ മറ്റു ജനവിഭാഗങ്ങൾ ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇല്ലായിരുന്നു എന്നത് അദ്ഭുതകരമായി തോന്നാം. കൊട്ടിയൂർ ക്ഷേത്രമെന്ന ഒരു ദേവാലയവും കൊല്ലംതോറും അവിടെ നടക്കുന്ന പ്രധാന ഉത്സവരീതികളും മറുനാട്ടിൽ നിന്നും വന്നെത്തുന്നവർക്ക് കൗതുകമുണർത്തുന്നവയായിരുന്നു. ഉത്സവകാലത്ത് മറുനാട്ടിൽനിന്നും എത്തിച്ചേരുന്ന ഭക്തജനങ്ങളായിരുന്നു 99% പേരും. മനുഷ്യവാസം നിലനിന്നിരുന്നതിന്റെ ധാരാളം തെളിവുകളും അവശിഷ്ടങ്ങളും പല സ്ഥലത്തും കണ്ടെത്തിയിട്ടുണ്ട്. പണ്ട് ടിപ്പുസുൽത്താന്റെ കാലത്ത് പടയോട്ടനാളുകളിൽ ഈ പ്രദേശം നാശോന്മുഖമായതാണെന്ന നാട്ടറിവും കേട്ടറിവും ഇന്നും നിലനിൽക്കുന്നുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിക്ക് ഏതാനും ദശാബ്ദങ്ങൾക്കുമുമ്പ് തിരുവിതാംകൂറിൽനിന്നും ജീവിതം വഴിമുട്ടിയ ഒരുപറ്റം ജനത തങ്ങളുടെ മെച്ചപ്പെട്ട ജീവിതം സാക്ഷാൽക്കരിക്കുന്നതിനും തങ്ങളുടെ കുടുംബത്തിന്റെ ഭാവിതലമുറയ്ക്കും ശോഭനമായ ഭാവി സ്വപ്നം കണ്ട് കുടുംബസമേതം കുടിയേറി താമസം ഉറപ്പിച്ചു. ആ കാലഘട്ടത്തിൽ പേരിനുമാത്രം റോഡെന്നു വിശേഷിപ്പിക്കാവുന്ന ഒരു കാട്ടുപാതയായിരുന്നു പേരാവൂർ കൊട്ടിയൂർ റോഡ്. ഇവിടെ കുടിയേറിയ അന്നത്തെ മനുഷ്യരുടെ മെയ്ക്കരുത്തും കൈക്കരുത്തും കൃഷിയിൽ തങ്ങളുടെ അനുഭവസമ്പത്തും സമഞ്ജസമായി ഉപയോഗിച്ചു കാടുവെട്ടിത്തെളിച്ചു കൃഷിയിറക്കി തങ്ങൾക്കു കിട്ടിയ കന്നിമണ്ണിൽ കനകം വിളയിച്ചു. അങ്ങനെ കാട്ടുമൃഗങ്ങളോടും പ്രകൃതിതാണ്ഡവങ്ങളോടും മാരകരോഗങ്ങളോടും പടപൊരുതി മുന്നേറി വിജയിച്ച ചരിത്രമാണ് നമ്മുടെ കുടിയേറ്റമേഖലയ്ക്കുള്ളത്.

പിന്നീടു കൈവന്ന സാമ്പത്തിക സാഹചര്യങ്ങളോടൊപ്പം ഗതാഗതം, വിദ്യാലയം, ആശുപത്രി മുതലായവയ്ക്കും ആരാധനാലയങ്ങളുടെ അഭാവവും പരിഹൃതമാവുന്നതിനും ഊന്നൽ കൊടുക്കാൻ തുടങ്ങി. അതിനായി അന്നും ജനകീയാസൂത്രണവികസന പദ്ധതികൾ പലതും വിജയിപ്പിച്ച ചരിത്രമാണ് ഇന്നാട്ടിലെ ജനങ്ങൾക്കുള്ളത്. അതിലൊരു പ്രധാനപ്പെട്ട പദ്ധതിയായിരുന്നു പേരാവൂർ കൊട്ടിയൂർ റോഡ് നിർമാണം.

ഏകദേശം 1970 കാലഘട്ടത്തിൽ മണത്തണവരെ വന്നുകൊണ്ടിരുന്ന ബസ് സർവീസ് കൊട്ടിയൂർ വരെ നീട്ടിയെങ്കിലെ ജനങ്ങളുടെ യാത്രാദുരിതങ്ങൾക്ക് പ്രത്യക്ഷത്തിൽ പരിഹാരം ഉണ്ടാക്കാൻ കഴിയൂ എന്ന് ബോദ്ധ്യപ്പെട്ടതിനാൽ കൊട്ടിയൂർ മേഖലയിലെ മൂന്നു പഞ്ചായത്തിലെയും മുഴുവൻ ജനങ്ങളെയും അണിനിരത്തി ഒറ്റദിവസംകൊണ്ട് മൺപണി പൂർത്തിയാക്കി കൊട്ടിയൂർ വരെ ബസ് എത്തിച്ചസംഭവം വികസനരംഗത്തെ വിപ്ലവകരമായ ജനകീയമുന്നേറ്റവും ഒരു കുതിച്ചുചാട്ടവുമായിരുന്നു. അതുപോലെ തുണ്ടിയിൽ കാഞ്ഞിരപ്പുഴക്കുള്ള കോൺക്രീറ്റുപാലം ജനശക്തിസമാഹരിച്ചു നിർമിച്ചിട്ടുള്ളതാണ് എന്നെല്ലാമുള്ള അറിവുകൾ ഇന്നത്തെ തലമുറയ്ക്ക് സ്വാശ്രയബോധനമാധ്യമമായിട്ടു കണക്കാക്കുന്നതിന് ഉപകരിക്കും. മനുഷ്യന്റെ ആവശ്യബോധവും അവന്റെ എല്ലാവിധ സർഗശക്തികളും മറ്റു വിഭവശേഷിയും ഒത്തൊരുമിച്ചാൽ ഏതു ദിശയിലും വികസനപ്രവർത്ത

നവിജയഫലങ്ങൾ യാഥാർഥ്യമാക്കാം എന്ന് ഇതിലൂടെ നാം മനസിലാക്കേണ്ടിയിരിക്കുന്നു. ഈ അനുഭവംവെച്ചുകൊണ്ട് വികസനത്തിന്റെ വഴിത്താരയിൽ മനുഷ്യൻ പ്രവർത്തിച്ചാൽ അവന്റെ വികസന ആവശ്യങ്ങൾ കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹരിക്കാൻ കഴിയുന്നതിന് പഞ്ചായത്തുകളുടെ ക്രിയാത്മകസഹകരണ കൂടിയുണ്ടായാൽ അതൊരു വിപ്ലവകരമായ മുന്നേറ്റമായിരിക്കും. എന്ന് രേഖപ്പെടുത്തിക്കൊള്ളുന്നു.

പഞ്ചായത്തിൽ ഗതാഗതയോഗ്യമായ റോഡുകൾ ആകെ 116.09 കി.മീ. ആണ്. ഒരു ചതുരശ്രകിലോമീറ്റർ വിസ്തീർണത്തിന് പഞ്ചായത്തിൽ ശരാശരി 2.27 കിലോമീറ്റർ ആണ് സംസ്ഥാന ശരാശരി 3.2 കി.മീ. ആണ്. പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകൾക്കെല്ലാം ആകെ നീളം 15.960 കി. മീറ്റർ ആണ്.

ഓടംതോട് ഭാഗത്തേക്ക് ഒന്നും കൊളക്കാട്ടു ഭാഗത്തേക്ക് 3-ഉം മാവടി ചെങ്ങോം ഭാഗത്തേക്ക് ഒന്നും പൂളകുറ്റി നിട്ടുംപുറംചാൽ ഭാഗത്തേക്ക് രണ്ടും ബസുകളും പുറമേ ജീപ്പുകളും സർവീസ് നടത്തുന്നുണ്ട്. റോഡുകളുടെ സമഗ്രവികസനത്തിന് ജനപങ്കാളിത്തം ഉറപ്പാക്കുന്നതോടൊപ്പം ആവശ്യമായ ഫണ്ടും അനുവദിക്കുന്ന സ്ഥിതി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം.

### പഞ്ചായത്തിലെ ടാർ റോഡുകൾ

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാ സൗകര്യങ്ങൾ എന്നിവ താഴെ വിവരിക്കുന്നു.

**പട്ടിക-1**

**പഞ്ചായത്തിലെ ടാർ റോഡുകൾ**

| നമ്പർ | റോഡുകൾ | ഉടമസ്ഥത | ദൂരം | വീതി | ബസ്/മറ്റ് യാത്രാസൗകര്യം |
|---|---|---|---|---|---|
| 1. | കൊളക്കാട്-കാഞ്ഞിരപ്പുഴ | PWD | 2 | 8 | ഇല്ല |
| 2. | എടക്കാട്ടേരി മഞ്ഞളാംപുറം | PWD | 2 | 8 | ഇല്ല |
| 3. | നെല്ലിക്കുന്ന്-കൊളക്കാട് | PWD | 1.75 | 8 | ഇല്ല |
| 4. | നെല്ലിക്കുന്ന്-എടക്കാട്ടേരി | PWD | 1.5 | 8 | ഇല്ല |
| 5. | അയോത്തുംചാൽ-കണിച്ചാർ രട്ടോം പാലം | PWD | 2.9 | 8 | ഉണ്ട് |
| 6. | മാവടി-കൊളക്കാട് | പഞ്ചായത്ത് | 1.75 | 8 | പരിമിതം |
| 7. | കൊളക്കാട്-മലയാംപടി | പഞ്ചായത്ത് | .5 | 8 | ഇല്ല |
| 8 | പൂളക്കുറ്റി-വെള്ളറ | പഞ്ചായത്ത് | 0.5 | 8 | ഇല്ല |
| 9. | കണിച്ചാർ-കമ്പിപാലം | പഞ്ചായത്ത് | 0.2 | 8 | ഇല്ല |
| 10. | അണങ്ങോട്-ഓടംതോട് | പഞ്ചായത്ത് | 2.41 | 8 | പരിമിതം |
| 11. | പൂളക്കുറ്റി-28-ാം മൈൽ | പഞ്ചായത്ത് | .5 | 7 | ഇല്ല |
| 12. | നെടുംപുറംചാൽ-പൂളക്കുറ്റി | പഞ്ചായത്ത് | 1 | 8 | പരിമിതം |
| 13. | അത്തിപ്പാല-അണങ്ങോട്ട് | പഞ്ചായത്ത് | .6 | 8 | ഇല്ല |

## പ്രശ്നങ്ങൾ

പഞ്ചായത്തിൽ ടാർ റോഡുകൾ തീർത്തും അപര്യാപ്തമാണ്. ഉള്ള റോഡുകളിൽ ഗതാഗതസൗകര്യങ്ങൾ തീരെ ഇല്ലാത്തതാണ് ഇതിനു കാരണം. ഒരു റോഡിന്റെയും ആകെ നീളം മുഴുവൻ ടാർ ചെയ്യാൻ കഴിഞ്ഞിട്ടില്ല. സന്തുലിത വികസനമെന്നപേരിൽ പല റോഡുകൾക്കായി പദ്ധതിയിനത്തിൽ കിട്ടുന്ന പണം വീതിച്ചു പല റോഡുകളുടെയും ആകെ നീളത്തിന്റെ കുറച്ചുദൂരം മാത്രം ടാർ ചെയ്യുന്ന രീതിയാണ് പഞ്ചായത്തു സ്വീകരിച്ചുവന്നിരുന്നത്. ഈ നിലയിലുള്ള റോഡ് പൂർത്തീകരണം പഞ്ചായത്തിനും ജനങ്ങൾക്കും ഗുണം ചെയ്യുന്നതല്ല. പട്ടികയിലെ ക്രമനമ്പർ 1 മുതൽ 4 വരെയുള്ള PWD റോഡുകൾ ആറു വർഷമായി ടാറിംഗ് പൂർത്തിയായിട്ട്. എന്നാൽ

പ്രസ്തുത റോഡിൽ കാഞ്ഞിരപ്പുഴയ്ക്കും മണിയാം കുളംതോടിനും മഞ്ഞളാപുറം തോടിനും അടക്കം മൂന്നുപാലങ്ങൾ നിർമിക്കുന്നതിന് ഇന്നുവരെ സാധി ക്കാത്തതുകൊണ്ട് ഈ റോഡുകളിൽ ബസ് ഗതാ ഗതം അസാദ്ധ്യമാണ്. മേൽപ്പറഞ്ഞ റോഡുകളിൽ ടാറിംഗിനു മുടക്കിയ പണം ഗവൺമെന്റ് ഖജനാ വിൽനിന്നു ചെലവഴിച്ചുവെന്നല്ലാതെ ആയതിന്റെ യാതൊരു പ്രയോജനവും സ്ഥലത്തെ ജനങ്ങൾക്കു കിട്ടുന്നില്ല എന്ന കാര്യം പരിശോധിക്കപ്പെടണം. മേൽപ്പറഞ്ഞ പാലങ്ങളുടെ പ്രശ്നം 2, 3, 4, 5 6, 7 , 8 എന്നീ ഗ്രാമസഭകളിൽ അടിയന്തരപ്രാധാന്യത്തോടെ പരിഹരിക്കണമെന്ന ആവശ്യം ഉയർത്തിയിട്ടുള്ളത്. റോഡുകൾക്കു പൊതുവിൽ 8 മീറ്റർ വീതി ഉണ്ടെ ങ്കിലും ഗുണനിലവാരമില്ലായ്മ, ഓവുചാലുകൾ ഇല്ലായ്മ, അപകടസാദ്ധ്യതയേറുംവിധത്തിലുള്ള നിർമ്മാണരീതികൾ കൊടുംവളവുകളിൽപോലും നിർമ്മാണഘട്ടത്തിൽ സ്വീകരിക്കുന്നതുകൊണ്ട് വാഹ നങ്ങൾ വളവുതിരിയുമ്പോൾ ഉണ്ടായേക്കാവുന്ന അപ കടങ്ങൾ വർദ്ധിക്കുന്നുണ്ടെന്ന് കാര്യവും പരിശോ ധിച്ച് ശാസ്ത്രിയമായി റോഡുകൾ നിർമിക്കണം.

**ടാറിംഗ് നടത്തേണ്ട പ്രധാന റോഡുകൾ**

ഗ്രാമസഭകളിൽ നിന്നുയർന്ന നിർദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥ അടി യന്തരമായി പരിഹരിക്കുകയും ടാറിംഗു നടത്തുന്ന തിന്റെ മുന്നോടിയായി 8 മീറ്റർ വീതിയിൽ മൺപണി പൂർത്തിയായ മുഴുവൻ റോഡുകളും പെട്ടെന്നുതന്നെ ടാറിംഗ് നടത്തണമെന്നുമാണ്. റോഡുകളുടെ അഭാവം പലപ്രദേശങ്ങളിലും ജനങ്ങളുടെ യാത്രാപ്രശ്നം ദുരി തപൂർണമാക്കിമാറ്റുന്നു. ഇതിനു ശാശ്വതപരിഹാര മെന്ന നിലയിൽ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിന് റോഡുകൾ പുതുതായി നിർമ്മിക്കേണ്ടതു സംബന്ധിച്ച് ഒരുപാട് നിർദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. വാർഡുകളുടെ അതിർത്തി റോഡുകളുടെ പുനർനിർമാമം സംബന്ധിച്ച നിർദേ ശങ്ങൾ ഒന്നിലധികം ഗ്രാമസഭകളിൽനിന്നും ഒരേസ മയത്തുതന്നെ ഉയർന്നുവന്നിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആകെ. 15-96 കി. മീറ്റർ റോഡുകൾ മാത്രമാണ് ടാറിംഗ് ഉള്ളത് എന്നതുതന്നെ ഇനിയും എത്രയോ റോഡുകൾ ടാറിംഗു നടത്തേണ്ട തിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു.

അടിയന്തരമായി ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക താഴെകൊടുക്കുന്നു.

## പട്ടിക-2

## മെറ്റൽ ചെയ്തു ടാർ ചെയേണ്ട റോഡുകൾ

| നമ്പർ | വാർഡ് | റോഡുകളുടെ പേരുകൾ | ദൂരം | വീ. മീ. |
|---|---|---|---|---|
| 1 | 1 | പെരുംപുന്ന ഓടംതോട് അണങ്ങോട്-കണിച്ചാർ | - | - |
| 2 | 1 | മടപ്പുരച്ചാൽ ഓടംതോട് | 1-79 | 7 |
| 3 | 1 | ഓടംതോട് ഫാം | 1 | 6 |
| 4 | 2,3 | കണിച്ചാർ-ചങ്ങോം | 1.56 | 8 |
| 5 | 3 | മൂർച്ചിലക്കാവ്-വെള്ളുന്നി | .65 | 8 |
| 6 | 5 | മാവടി-പുള്ളിയാംകാവ് | 1.75 | 8 |
| 7 | 5 | ചാണപ്പാറ, ആറ്റാംചേരി, കല്ലടി | 2.94 | 8 |
| 8 | 6 | കൊളക്കാട്-മലയമ്പാടി | 2.050 | 8 |
| 9 | 7 | പൂളക്കുറ്റി തുടിയാട്-കടൽമാല | 3.4 | 5 |
| 10 | 7 | പൂളക്കുറ്റി 28-ാം മൈൽ | 2.47 | 8 |
| 11 | 7 | നെടുപുറംചാൽ-കാഞ്ഞിരപ്പുഴ | 1.25 | 8 |
| 12 | 8 | ഏലപ്പീടിക 29-ാം മൈൽ | 1.55 | 8 |

# റോഡുഗതാഗതം സാദ്ധ്യതകൾ

അവികസിത ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒട്ടനവധി നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. ഇവ പരിഗണിക്കുമ്പോൾ ചില സാദ്ധ്യതകൾ രൂപംകൊള്ളുന്നു.

കൊട്ടിയൂർ ഉത്സവക്കാലത്ത് മുഴുവൻ വാഹനങ്ങളും കണിച്ചാർ പഞ്ചായത്തിൽകൂടിയാണ് പോകുന്നത്. ഈ വരുന്ന സ്പെഷൽ വാഹനങ്ങളത്രയും കണിച്ചാർ ടൗണിൽ കൂടി പോകുമ്പോൾ വലിയ ഗതാഗതതടസ്സം അനുഭപ്പെടാറുണ്ട്. ഇതിനു ശാശ്വത പരിഹാരം ഉണ്ടാക്കാനുംകൂടി ഉപകരിക്കുന്ന റോഡാണ് വാരപ്പീടിക- മഞ്ഞളാംപുറംറോഡ്. ഇതിന്റെ ടാറിംഗു കഴിഞ്ഞിട്ടു ആറു വർഷത്തോളമായി. ഈ റോഡിലെ മൂന്നു പാലങ്ങൾ പൂർത്തിയാകാത്തതിനാലാണ് ഇപ്പോൾ ബസ് ഗതാഗതം ആരംഭിക്കാൻ കഴിയാത്തത്. അതിനാൽ എത്രയുംവേഗത്തിൽ മേൽപ്പറഞ്ഞ മൂന്നു പാലങ്ങളും നിർമിച്ചു പൂർത്തിയാക്കണമെന്ന് 2 മുതൽ ഉള്ള എല്ലാ ഗ്രാമസഭകളുടെയും ആവശ്യമായി ഉയർന്നുവന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നിർദേശിക്കുന്നു.

2. പഞ്ചായത്തിന്റെ എല്ലാ വാർഡുകളെയും ബന്ധിപ്പിക്കാൻ കഴിയുന്ന ഒരു ഇന്റർ പഞ്ചായത്ത് റോഡ് നിർമിക്കുന്നതു സൗകര്യപ്രദമാണ്. ഇന്നു പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സഞ്ചരിക്കുന്നതിന് മിക്കവാറും ജീപ്പുകൾ മാത്രമാണ് ആശ്രയം. പഞ്ചായത്തുമായി ജനങ്ങൾക്കു ബന്ധപ്പെടുന്നതിനുള്ള ഏക തടസം പഞ്ചായത്തിലെ ടാർ ചെയ്ത മിക്ക റോഡുകളിലും ബസ് ഗതാഗതം ഇല്ലാത്തതാണ്.

മടപ്പുരച്ചാൽ, ഓടംതോട്, അണങ്ങോട്, കണിച്ചാർ, ചെങ്ങോം, കൊളക്കാട്, നെടുംപുറംചാൽ പൂളക്കുറ്റി, 28-ാം മൈൽ, ഏലപ്പീടിക ഇന്റർ പഞ്ചായത്ത് റോഡ് ആയിട്ടു പരിഗണിക്കാവുന്നതാണ് എന്ന് നിർദേശിക്കുന്നു.

3. എല്ലാ റോഡുകളും ചില സ്ഥലങ്ങളിൽ സ്വകാര്യ ആവശ്യത്തിന് വ്യക്തികൾ കല്ലും മരങ്ങളും മറ്റു സാധനങ്ങളും ഇറക്കി റോഡിന്റെ കാനകൾ നശിപ്പിക്കുന്നതുകാരണം കാലവർഷക്കെടുതികൊണ്ടുണ്ടാവുന്ന റോഡിന്റെ മണ്ണൊലിപ്പിനു പുറമേ കാനകൾ നികന്നു വെള്ളം റോഡിന്റെ നടുഭാഗത്തേക്കു കയറി റോഡിലെ മണ്ണ് ഒലിച്ചു റോഡു ഗതാഗതയോഗ്യമല്ലതാവുന്നുണ്ട്. ഇത്തരം വിവരങ്ങൾ അതാതവസരം പഞ്ചായത്തിൽ അറിയിക്കുന്നതിന് റോഡു സംരക്ഷണ സമിതികൾ രൂപീകരിച്ച് അവരെ ചുമതലപ്പെടുത്തുക. പഞ്ചായത്തു മെംബർമാർ കമ്മിറ്റിയുടെ കൺവീനർമാരും ആയിരിക്കണം.

4. ഓടംതോട് ഭാഗത്ത് ആറളം ഫാമിലേക്ക് നിലവിലുള്ള കമ്പിപ്പാലം മാറ്റി വാഹനഗതാഗതസൗകര്യമുള്ള കോൺഗ്രീറ്റ് പാലം നിർമിക്കുക. ഈ പാലം കണിച്ചാൽ ആറളം പഞ്ചായത്തുകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതും മഠപ്പുരച്ചാലിനെ പെരുംപുന്നയുമായി ബന്ധിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്താവുന്നതാണ്.

5. ഭൂമിശാസ്തരപരമായി നമ്മുടെ പഞ്ചായത്തിലെ റോഡുകൾക്ക് കൂടുതൽ വളവുകളും തിരിവുകളുമുണ്ട്. ഇത്തരം റോഡുനിർമാണം ജെ.ആർ.വൈ. ഫണ്ടുപോലുള്ള ഫണ്ടുകൾ ഉപയോഗിച്ചു നടത്തുന്നതുകൊണ്ട് ശാസ്ത്രീയമമായി റോഡു നിർമിക്കുന്നതിനുള്ള പരിജ്ഞാനം ഇല്ലാത്ത വ്യക്തികൾ ഏറ്റെടുത്തു നടത്തുന്നതുമൂലം അപകടസാദ്ധ്യതയേറുന്നുണ്ട്. ഇത്തരം പ്രവൃത്തികൾനോക്കി നടത്തുന്ന ഉദ്യോഗസ്ഥർ ഇത്തരം ന്യൂനതകൾ കണ്ടില്ലെന്നു നടിക്കുന്നതിന്റെ പിന്നിൽ എന്നും അവരുടെ താല്പര്യമറിഞ്ഞു പ്രവർത്തിക്കുന്ന കൺവീനർമാരും ഏറ്റുനടത്തുന്ന കോൺട്രാക്ടർമാരും പെരുമാറുന്ന രീതിയും ഒഴിവാക്കി റോഡു നിർമാണത്തിൽ വളവുള്ള സ്ഥലങ്ങളിൽ ആവശ്യമുള്ള ഭാഗം ചരിവുകളും വളവിന്റെ പുറംസൈഡുകൾ ഉയർത്തിയും നിർമിക്കുന്നതിനാവശ്യമായ കർശനനടപടികൾ പണി പരിശോധിക്കുന്ന ഉദ്യോഗസ്ഥർ ചെയ്യുന്നതിനാവശ്യമായ നിയമ നിർമാണം ഉണ്ടാക്കുകയും വേണം.

6. ഇന്നു നമ്മുടെ പഞ്ചായത്തിൽ പല റോഡുകളും വീതി കൂട്ടിയപ്പോൾ നിലവിലുണ്ടായിരുന്ന ഇലക്ട്രിക് പോസ്റ്റുകൾ റോഡിന്റെ നടുഭാഗത്തോട് ഏതാണ്ട് അടുത്തായിട്ടാണ് ഉള്ളത്. ഇത്തരം പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വാഹനഅപകടസാദ്ധ്യത ഒഴിവാക്കുക.

7. എല്ലാ പ്രദേശത്തേക്കും ബസ് ഗതാഗതം വളരെ അത്യാവശ്യമമായും ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. പ്രത്യേകിച്ച് പൂളക്കുറ്റി, മലയാംപടി, കൊളക്കാട്, ചെങ്ങോം, അണങ്ങോട് മേഖലകളിലേക്ക് കൂടുതൽ ബസ് സർവീസുകൾ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

8. പ്രധാന ബസ് സ്റ്റോപ്പുകളിൽ ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക, കൊളക്കാട്, കണിച്ചാർ എന്നിവിടങ്ങളിൽ ബസ്സ്റ്റാൻഡുകളും ടാക്സി

സ്റ്റാൻഡുകളും സ്ഥാപിക്കുക.

9. ഓടമാക്കൽ പ്രദേശത്ത് ഒരു നടപ്പാലം അടിയന്തരമായി നിർമിക്കുക.

10. കൊളക്കാട് കണിച്ചാർ ടൗണുകൾ കേളകം പേരാവൂർ എന്നീ ടൗണുകളിൽ ചെയ്തതുപോലെ ഓടകൾകെട്ടി സിമന്റ് തേച്ച് മുഴുവൻ വീതിയും പൂർത്തിയാക്കി ടാറിംഗു നടത്തുക.

11. കൊളക്കാട്, പൂളക്കുറ്റി, കൊട്ടിയൂർ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസുകൾ സർവീസ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

12. മണത്തണ, ഓടംതോട്, അണങ്ങേട്, റോഡ് റീടാറിംഗ് നടത്തി ഗതാഗതം സുഗമമാക്കുക

## റോഡു വികസനം

കഴിഞ്ഞ ഒരുവർഷം സർക്കാർ ഗ്രാന്റ് ഇനത്തിൽ 4,33,817 രൂപയും പഞ്ചായത്തിൽ ഫണ്ടിൽ നിന്നും 31,142 രൂപയും ഉൾപ്പെടെ 4,64,959 രൂപയും ചിലവഴിക്കുകയുണ്ടായി. വരുമാനത്തിന്റെ കുറവുകാരണം കണിച്ചാർ പഞ്ചായത്തിനുള്ള ഫണ്ട് വേണ്ടവിധം റോഡുകൾക്കായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. പല റോഡുകളും വാർഡുകളുടെ അതിർത്തിയിലൂടെ പോകുന്നതിനാൽ വാർഡു തിരിച്ചു റോഡുകളുടെ പട്ടിക തയ്യാറാക്കാൻ പൂർണ അർത്ഥത്തിൽ കഴിഞ്ഞിട്ടില്ലത്തതുകാരണം ഗ്രാമസഭാ റിപ്പോർട്ടുകളിൽ കൃത്യമായ മുൻഗണനാക്രമം ഉണ്ടാക്കാൻ കഴിയാത്തതു കൊണ്ട് കോഡു നമ്പർ ഉപയോഗിക്കുന്നതിനു തടസം നേരിട്ടു.

## പരിസ്ഥിതി പ്രശ്നങ്ങളും സാദ്ധ്യതകളും

ഈ മേഖലയിൽ പുതിയ റോഡുകൾ ഉയർത്തിയ ഭീഷണി പ്രധാനമായും മണ്ണൊലിപ്പ് ആണ്. കുന്നിൻചരിവുകളാണ് പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും എന്നതുകൊണ്ട് റോഡുകൾ വർഷകാലത്ത് കൂടുതൽ നശിക്കാൻ ഇടയാകുന്നു. കുത്തനെയുള്ള കയറ്റത്തിലേക്ക് നേരേ റോഡുകൾ നിർമിക്കുന്നതുകൊണ്ട് മണ്ണൊലിപ്പിന് സാദ്ധ്യത കൂടുതൽ ഉണ്ടാവുന്നുണ്ട്. കുന്നിൻപുറത്തേക്ക് റോഡു നിർമിക്കുമ്പോൾ ഹെയർപിൻ ബെന്റുകൾകൊടുത്ത് കയറ്റം കുറയുന്നരീതിയിൽ നിർമ്മിച്ചാൽ ശക്തിയായ കുത്തൊഴുക്കുമൂലം ഉണ്ടാവുന്ന സർവനാശത്തിൽനിന്നും റോഡിനെ ഒരു പരിധിവരെ രക്ഷിക്കാൻ കഴിയും. റോഡിന്റെ സൈഡുകളിലെ മരങ്ങൾ ഇല്ലാതാവുന്നത്

### പട്ടിക-3

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | വാർഡ് | നിർദേശിക്കുന്ന പുതിയപേരുകൾ | കോഡ് | ദൂരം |
|---|---|---|---|---|
| 1 | 3 | മൂച്ചിലക്കാവു ക്ഷേത്രം മഞ്ഞളാപുരം വാരപ്പീടിക റോഡിൽ ബന്ധിച്ച് | | |
| 1. | 4 | ഓടപ്പുഴയിൽ നിന്നും പണിയക്കോളനി വഴി വെള്ളൂന്നി ചങ്ങവം എത്തുന്ന റോഡ് | | 0.75 |
| 3 | 4 | നടുചുരം മലയാമ്പടി | | |
| 4 | 6 | ആനയാട്ടേകരി തുണ്ടി | | |
| 5 | 6 | കിഴക്ക മാവടിയിൽനിന്നു തുടങ്ങുന്ന റോഡ്-കുളക്കാട് അംഗൻവാടിവരെ നീട്ടുക | | |
| 6 | 7 | പൂളക്കുറ്റി നെടുംപുറംചാൽ റോഡിൽനിന്നും മിച്ച ഭൂമിയിലേക്ക് ഒരു പുതിയ റോഡ് | | |
| 7 | 7 | അഞ്ചില്ലം നെല്ലാനി. റോഡ് | | |
| 8 | 3 | മൂർച്ചിലക്കാവ് റോഡു മുതൽ ചെരിവുപുരയിടം ജോർജിന്റെ പരിസരംവരെയുള്ള റോഡ് | | |
| 9 | 8 | കാടൻമല കുറിച്യക്കോളനി ഏലപ്പീടിക റോഡ് | | 1.25 |
| 10 | 8 | ഏലപ്പീടിക ഏലപ്പാറ | | |
| 11 | - | ചത്തമാംകുളം കാളിക്കയം. | | |

മണ്ണൊലിപ്പിന് ഒരു കാരണംകൂടിയാണ്. കൂടാതെ ഓടകൾ ഇല്ലാതിരിക്കുന്നതും സ്വകാര്യവ്യക്തികൾ ഓടകൾ നശിപ്പിക്കുന്നതും റോഡിലെ മണ്ണൊലിച്ചു പോവാൻ കാരണമാവുന്നുണ്ട്.

പുതിയ റോഡുകളുടെ സൈഡിലും മരങ്ങളില്ലാത്ത മറ്റു റോഡുകളുടെ സൈഡുകളിലും മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതായാൽ മണ്ണൊലിപ്പിന് ആക്കം കുറയും. ആവശ്യമായ സ്ഥലങ്ങളിൽ സൈഡ് കെട്ടി റോഡ് ഇടിയാൻ സാദ്ധ്യതയുള്ള ഭാഗങ്ങൾ സംരക്ഷിക്കുന്നതിന് അടിയന്തര നടപടികളും സ്വീകരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ സൈഡ് കെട്ടുകൾ അത്യാവശ്യ സ്ഥലങ്ങളിൽ ഉടൻ ചെയ്തില്ലെങ്കിൽ 8 മീറ്റർ വീതിയിൽ പൂർത്തിയാക്കിയ റോഡുകളുടെയെല്ലാം മണ്ണൊലിച്ചുപോയാൽ പിന്നെ ദൂരസ്ഥലത്തുനിന്നും ലോറിക്കു മണ്ണടിച്ചു കെട്ടി നികത്തിയെടുക്കേണ്ടിവരുമെന്നുള്ള കാര്യം മുന്നറിയിപ്പായി രേഖപ്പെടുത്തുന്നു.

നിലവിലുള്ള നടപ്പാതകളും നിലവിലുള്ള ചെറു റോഡുകളും വികസിപ്പിച്ചു പ്രധാനകേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ വച്ചുകൊണ്ടുള്ളതാണ് പുതിയ റോഡുകൾ എന്ന പട്ടികയിൽ വന്നിട്ടുള്ളത്. പല റോഡുകളുടെയും വികസനത്തിന് പുതിയതായി വെട്ടണമെന്നുദ്ദേശിക്കുന്നവയുടെ അനുമതി കിട്ടാത്തതുകൊണ്ട് പലപ്പോഴും വേണ്ടവിധത്തിൽ വീതികൂട്ടലും നിർമ്മാണം പോലും നടക്കാതെവരുന്ന സ്ഥിതിയുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് പലരും ഗ്രാമസഭകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്

## ജനകീയ പങ്കാളിത്തം

ഈ പഞ്ചായത്തിലെ ഒട്ടനവധി റോഡുകളും പണികൾ തീർത്തതും അറ്റകുറ്റപ്പണികൾ നടത്താറുള്ളതും അതാത് പ്രദേശത്തെ ഉപഭോക്താക്കളാണ്. ഏറ്റവും അധികം ജനശക്തി ഉപയോഗപ്പെടുത്താൻ കഴിയുന്ന മേഖല എന്ന നിലയ്ക്ക് എല്ലാ വാർഡുകളിൽനിന്നും ശ്രമദാനത്തിനുള്ള സന്നദ്ധത ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിന്റെ പരിമിതമായ സാമ്പത്തിക വിഭവശേഷികാരണം പലപ്പോഴും ഭീമമായ ഫണ്ട് ഉപയോഗിച്ച് റോഡിന്റെ മരാമത്തു പണികളും നിർമ്മാണപ്രവർത്തനവും നടത്താൻ കഴിയാത്ത അവസ്ഥയിൽ ലഭ്യമാവുന്ന മനുഷ്യവിഭവശേഷിയും സംഘടിപ്പിച്ചു നിലവിലുള്ള റോഡുകളുടെ പൂർത്തീകരണവും അറ്റകുറ്റപ്പണികളും പുതിയ റോഡുകളുടെ നിർമാണവും സാധ്യമാക്കേണ്ടതുണ്ട്. അങ്ങനെ ജനപങ്കാളിത്തസംവിധാനരീതികൾ സാദ്ധ്യമാകുമ്പോൾ നമ്മുടെ പഞ്ചായത്തിന്റെ വികസനം ആയാസരഹിതമായിത്തീരും. ജനപങ്കാളിത്തം ഉറപ്പുവരുത്തി വികസപ്രക്രിയ നടപ്പാക്കാൻ പഞ്ചായത്തു പ്രതിനിധികൾ മുന്നിട്ടിറങ്ങണമെന്നും നിർദേശിക്കുന്നു.

കഴിഞ്ഞവർഷം 31142 രൂപ ചെലവഴിച്ചപ്പോൾ പൊതുജനങ്ങളുടെ സംഭാവനയിലൂടെയും ശ്രമദാനത്തിലൂടെയും അതിനേക്കാൾ കൂടുതൽ സാമ്പത്തിക കായിക വിഭവശേഷി ജനപങ്കാളിത്തതിലൂടെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞുവെന്നത് അതിന്റെ പ്രാധാന്യത്തെ പ്രത്യേകം എടുത്തുകാണിക്കുന്നു.

ഈ പഞ്ചായത്തിലെ റോഡുകളും ഗ്രാമസഭയിൽ ഉയർന്ന ആവശ്യങ്ങളും താഴെ പട്ടിക-4 ൽ കൊടുക്കുന്നു.

# പട്ടിക-4

| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീ. | ഒരുവർഷം ചിലവഴിച്ച പൊതുഫണ്ട് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യാത്തത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | കുഴൽ വേണ്ടത് | പാലം വേണ്ടത് | മണൽപണി | ഒരുവർഷത്തിൽ ശ്രമദാനം: സംഭാവന | ഒരുവർഷത്തിൽ ശ്രമദാനം: ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| I | മറപ്പൂരച്ചാൽ പെരുംപുന്ന | 780 മീ. | 8 | | | ✓ | | | | | | | | | |
| ,, | അണുങ്ങോട് ഓടംതോട് | 2410 | 8 | 48,964 | ടാർ | | | | | | | | | | |
| ,, | ഓടംതോട് പെരുംപുന്ന | 2570 | 8 | | | ✓ | | | | 3 | | | ✓ | | |
| ,, | മറപ്പൂരച്ചാൽ ഓട ംതോട് പള്ളി | 2000 | 7 | | | ✓ | | | | | 2 | | | | |
| ,, | ഓട ംതോട് ആറളംഫാം | 1000 | 6 | | | ✓ | | | | | | | | | |
| ,, | ഓടംതോട്പള്ളിശവക്കോട്ട അണുങ്ങോട് | 1000 | 4 | | | ✓ | | | | | | | | | |
| ,, | മടപ്പൂരച്ചാൽ ബാവലി | 900 | 4 | | | ✓ | | | | | | | | | |
| II | അത്തിപ്പാലം ഓടംതോട് | 1670 | 7 | | | ✓ | | | | | | | | | |
| ,, | കണിച്ചാർ കമ്പിപ്പാലം അണുങ്ങോട് | 2110 | 8 | | 200മീ. ടാർ | 1910 മണൽ | | | | | | | | | |
| ,, | അയോത്തുംചാൽ അത്തിക്കളം അണുങ്ങോട് | 2690 | 7 | | | ✓ | | | | | | | | | |
| ,, | ചാത്തപ്പാറ ലക്ഷംവീട് കോളനി | 420 | 5 | | | ✓ | | | | ✓ | | | | | |
| ,, | അത്തിപ്പാലം അണുങ്ങോട് | 1310 | 7 | 2,30,000 | 600 ടാർ | 710 മണൽ | | | | | | | ✓ | | |
| ,, | ചാണപ്പാറ മിനിസ്റ്റേഡിയം | 1120 | 5 | | | ✓ | | | | ✓ | | | ✓ | | |
| ,, | അയ്യോത്തുംചാൽ ചേപ്പഅണുങ്ങോട് | 790 | 6 | | | ✓ | | | | | | | | | |
| ,, | കാളിക്കയം കോളനിതേവർമുക്ക് | 1500 | 4 | | | ✓ | | | | ✓ | | | ✓ | | |
| ,, | താഴെചാണപ്പാറ കാളിക്കയം | 1500 | 4 | | | ✓ | | | | | | | | | |
| ,, | അണുങ്ങോട്ടുതട്ടിൽ | 1000 | 4 | | | ✓ | | | | | | | | | |
| ,, | കണിച്ചാർ വയൽ (എസ്.എൻ. റോഡ്) | 1000 | 4 | | | ✓ | | | | | ✓ | | | | |
| ,, | ഇല്ലിമുക്ക് കൂവപ്പറമ്പിൽ കവല | | | | | ✓ | | | | | | | | | |
| ,, | കണിച്ചാർ എസ്.എൻ. റോഡ് | 1000 | 3.5 | | | ✓ | | | | | | | | | |
| III | കണിച്ചാർ ചങ്ങോം എടക്കാട്ടേരി | 1560 | 8 | | | ✓ | | | | | | | | | |
| ,, | മൂർച്ചിലക്കാവ് വെള്ളൂന്നി | 650 | 8 | 26,500 | | ✓ | | | | | ✓ | | | 350 രൂപ | 75 പേർ |
| ,, | എടക്കാട്ടേരി മഞ്ഞളാംപുറം | Pwd | | | ടാർ | | | | | | | | | | |
| ,, | ചെങ്ങോം പൂവത്തുംചോല | 1305 | 7 | | | ✓ | | | ✓ | ✓ | 2 | ✓ | ✓ | 350 | 100 |
| ,, | കണ്ിച്ചാർ കുണ്ടേരി | 1420 | 6 | | | ✓ | | | | | ✓ | | ✓ | | |
| ,, | മൂർച്ചിലക്കാവ് മഞ്ഞളാംപുറം(തോട് സമാന്തരം) | 1000 | 4 | | | ✓ | | | | ✓2 | ✓ | | ✓ | | |
| ,, | മഞ്ഞളാംപുറം കണിച്ചാർ (തോടിന് സമാന്തരം) | 1500 | 4.5 | | | ✓ | | ✓ | [illegible] | ✓2 | ✓ | | ✓ | | |
| ,, | മഞ്ഞളാംപുറം മൂഞ്ഞനാട്ടുവഴിഅംഗൻവാടി | 1500 | 3 | | | ✓ | | ✓ | | ✓2 | ✓ | | ✓ | 600 | 150 |
| ,, | മഞ്ഞളാംപുറം ചേങ്ങോം അംഗൻവാടി | 1000 | 3.5 | | | ✓ | | | | | ✓ | ✓ | ✓ | | |
| ,, | പൂവത്തുംചോല ഒറ്റപ്ലാക്കൽ റോഡ് | 1500 | 4 | | | ✓ | | | | ✓ | ✓ | | ✓ | | |
| ,, | മഞ്ഞളാംപുറം വെള്ളൂന്നി (എ.കെ.ജി.റോഡ്) | 1000 | 3 | | | ✓ | | ✓ | | ✓ | | | ✓ | | |
| ,, | മൂർച്ചിലക്കാവ് കരുമാക്കൽ ഭാസ്കരൻ റോഡ് | 600 | 3 | | | | | | | | | | ✓ | | |
| IV | നെല്ലിക്കുന്ന് എടക്കാട്ടേരി | Pwd | | | ടാർ | | | ✓ | | | ✓ | | | | |
| ,, | ചെങ്ങോം എളബാളി | 2000 | 6 | | | ✓ | | | | ✓ | | | | | |
| ,, | നെല്ലിക്കുന്ന് കാ റ്റാടിക്കുന്ന് കോളനി | 1000 | 4 | | | ✓ | | | | ✓ | | | | | |
| ,, | ചെങ്ങോം നടുചുരം | 1500 | 5 | | | ✓ | | | | ✓ | | | | | |
| V | മാവടിചെങ്ങോം പുള്ളിയാംകാവ് | 1650 | 8 | | | ✓ | | | | | | | | | 25 |
| ,, | ചാണപ്പാറ കല്ലടി ദറാഡ് | 1970 | 8 | | | ✓ | | | | | | | | 1000 | 20 |
| ,, | കണിച്ചാർ നെല്ലിക്കുന്ന് | 2220 | 7 | | | ✓ | | | | ✓3 | | | | | |
| ,, | ചന്തമാൻകുളം ആറ്റാംചേരി | 1710 | 7 | 20,000 | | ✓ | | | | ✓ | | | | | |
| ,, | മാവടി ആറ്റാംചേരി ഗിരിജൻകോളനി | 1030 | 5 | | | ✓ | | | | * | | | | | |
| ,, | ആറ്റാംചേരിവയൽ | 960 | 8 | | | ✓ | | | | | | | | | |
| ,, | കണിച്ചാർ ആറ്റാംചേരി | 1790 | 8 | | | ✓ | | | | | | | | | |
| ,, | ആറ്റാംചേരി കല്ലടിവയൽ | 970 | 8 | | | ✓ | | | | ✓ | | | | | |
| ,, | ആറ്റാംചേരി നെല്ലിക്കുന്ന് | 1600 | 4 | | | ✓ | | | | ✓ | | | | | |
| ,, | കല്ലടിപ്പാറയിൽ പട്ടണം ആറ്റാംചേരി | 1600 | 4 | | | ✓ | | | | ✓ | | | | | |
| ,, | അൽഫോൻസാകുന്ന് കിഴക്കേമാവടി | 1200 | 4 | | | ✓ | | | | | | | | | |
| ,, | ചാണപ്പാറ ഞാണക്കര | 600 | 3 | | | ✓ | | | | | | | | | |
| ,, | ചാണപ്പാറ ആറ്റാംചേരിവയൽ | 750 | 4 | | | ✓ | | | | ✓ | | | | | |
| ,, | ആറ്റാംചേരി പെരങ്ങര | 700 | 3.5 | | | ✓ | | | | | ✓ | | ✓ | 12000 | 100 |
| ,, | ചാണപ്പാറ ഞാണക്കരവയൽ | 600 | 3 | | | ✓ | | | | | | | ✓ | | |

| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീ. | ഒരു വർഷം ചിലവഴിച്ച പൊതുഫണ്ട് | മെ ൽ [illegible] | മെറ്റൽ ചെയ്യാത്തത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | കുഴൽ വേണ്ടത് | പാലം വേണ്ടത് | മണൽപണി | ഒരുവർഷത്തിൽ ശ്രമദാനം: സംഭാവന | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| VI | കൊളക്കാട് കാഞ്ഞിരപ്പുഴ | 1960 | | | ടാർ | | | ✓ | | | | | | | |
| ,, | നെല്ലിക്കുന്ന് കൊളക്കാട് | Pwd | | | ടാർ | | | | | | | | | | |
| ,, | മാവടി കൊളക്കാട് | 1750 | 8 | | ടാർ | | | | | | | | | 1250 | 100 |
| ,, | കൊളക്കാട് മലയാംപടി | 1670 | 8 | 20,000 | 500മീ. ടാർ | 1170 മണൽ | | | | | | | | | |
| ,, | ഓടപ്പുഴ മഞ്ഞപ്പള്ളി | 1000 | 4 | | ✓ | | | | | | | | | | |
| ,, | ആനയാട്ടെ കരിമാവടി | 2000 | 4 | | ✓ | | | | | | | | | | |
| ,, | ആനയാണ്ടകരി–പള്ളിത്താഴത്ത്പീടിക | 1500 | 4 | | ✓ | | | | | | | | | | |
| ,, | കാടൻമല മലയാമ്പടി | 1750 | 4 | | ✓ | | | | | | | | ✓ | 500 | 100 |
| ,, | കൊളക്കാട്ട് കുരിശുമല | 3000 | 4 | | ✓ | | | | | | | | ✓ | | |
| ,, | കാടൻമല മിച്ചഭൂമി | 1500 | 5 | | ✓ | | | | | | | | | | |
| ,, | കൊളക്കാട് കാടൻമല | 2110 | 8 | 2,500 | ✓ | | | | | | | | | 5000 | 300 |
| ,, | കൊളക്കാട് കുരിശുമല | 2180 | 6 | | ✓ | | | | | | | | | 300 | 75 |
| VII | കാഞ്ഞിരപ്പുഴ നെടുംപുറംചാൽ | 1250 | 8 | | ✓ | | | | | | | | | | 50 |
| ,, | നെടുംപുറംചാൽ വെള്ളറ ടിപ്പുറോഡ് | 970 | 5 | | ✓ | | | | | | | | | | 50 |
| ,, | പാളക്കുറ്റി വെള്ളറ | 1070 | 5 | | 500മീ. ടാർ | 570 മണൽ | | | | | | | ✓ | | 40 |
| ,, | പൂളക്കുറ്റി ഏലപ്പാറ | 2710 | 6 | | ✓ | | | | | 2 ✓ | | | | | 60 |
| ,, | കുണ്ടിലെചാപ്പതടിയാട് ഹരജൻകോളനി | 1370 | 5 | | ✓ | | | | | | | | | | 70 |
| ,, | നെടുംപുറംചാൽ ഹെൽത്ത്സെന്റർ മോറോം തുടിയാട് | 1540 | 5 | | ✓ | | | | | | | | | | |
| ,, | പൂളക്കുറ്റി തടിയാട് കാടൻമല | 3040 | 5 | | ✓ | | | | | 3 ✓ | | | ✓ | | |
| ,, | നെടുംപുറംചാൽ (ടിപ്പു) അഞ്ചില്ലം | 1500 | 8 | 1,00,000 | ✓ | | | | | | | | ✓ | | |
| ,, | നെടുംപുറംചാൽ പൂളക്കുറ്റി | 970 | 8 | 30,000 | ടാർ | | | | | | | | | | |
| ,, | ആനയാണ്ടകരി ചേപ്പമല നെടുംപുറംചാൽ | 780 | 5 | | ✓ | | | | | ✓ | | | | | |
| ,, | മൊടവങ്ങാട 24–ാം മൈൽ | 1000 | 3 | | ✓ | | | | | ✓ | | | ✓ | | |
| VIII | മലയാമ്പടി പൂവത്തിൻചോല | 590 | 5 | | ✓ | | | | | | | | ✓ | | |
| ,, | പൂളക്കുറ്റി ഇരുപത്തെട്ടാംമൈൽ | 2970 | 7 | 1,80,000 | 500മീ. ടാർ | 2470 മണൽ | | | | 2 ✓ | | | | | 150 |
| ,, | മലയാമ്പടി വെള്ളൂന്നി | 1390 | 6 | | ✓ | | | | | | | | ✓ | | |
| ,, | കാടൻമല ഏലപ്പീടിക | 2110 | 6 | | ✓ | | | | | | | | ✓ | | 100 |
| ,, | 29–ാം മൈൽ ഏലപ്പീടിക | 1550 | 8 | 1,00,000 | ✓ | | | | | | | | | | 80 |
| ,, | മലയാമ്പടി കവല മലയാമ്പടി ഫാത്തിമപള്ളി | 1970 | 5 | | ✓ | | | | | | | | | | |
| ,, | മലയാമ്പടി ഫാത്തിമപള്ളി ഏലപ്പീടിക | 1770 | 5 | | ✓ | | | | | | | | ✓ | | |
| ,, | മലയാമ്പടി കൂട്ടേൽതോട് | 870 | 5 | | ✓ | | | | | | | | | | |
| ,, | ഏലപ്പാറ ഇരുപത്തെട്ടാംമൈൽ | 1600 | 6 | | ✓ | | | | | ✓ | | ✓ | ✓ | | |
| ,, | വെള്ളറ കുറിച്യകോളനി | 1000 | 3 | | ✓ | | | | | ✓ | | | ✓ | | |



# 4.7 ഊർജ്ജം

ഇന്നത്തെ മനുഷ്യന് ജീവസന്ധാരണത്തിന് ഒഴിച്ചുകൂടാൻവയ്യാത്ത ഒന്നായിരിക്കുന്നു ഊർജം. ഒരു കുടുംബത്തിന്റെ നിത്യജീവിതാവശ്യങ്ങളായ പാചകം, വെളിച്ചം എന്നിവയ്ക്കും മനുഷ്യപുരോഗതിയെ ത്വരിതപ്പെടുത്തുന്ന കൃഷി, വ്യവസായം, ഗതാഗതം തുടങ്ങിയ വിവിധ മേഖലകളിലുമായി ഊർജ്ജത്തിന്റെ ഉപയോഗം നാൾക്കുനാൾ വർധിച്ചുവരികയാണ്. കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ കണിച്ചാർ പഞ്ചായത്തിൽ പാചകത്തിനും വെളിച്ചത്തിനുമായിരുന്നു ഊർജം ആവശ്യമായിരുന്നത്. ഇതിനായി വിറകും മണ്ണെണ്ണയും ആളുകൾ ഉപയോഗപ്പെടുത്തിയിരുന്നു. കൃഷി അഭിവൃദ്ധിപ്പെടുകയും ഗ്രാമപ്രദേശങ്ങൾ പുരോഗതി കൈവരിക്കുകയും ചെയ്തതോടെ ഗതാഗതം, കൃഷി, വ്യവസായം എന്നിവയ്ക്കുകൂടി ഊർജം ആവശ്യമായിവരികയും മറ്റ് ഊർജ്ജസ്രോതസുകൾ ലഭ്യമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്തു. ഇന്നു ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി വിറക്, മണ്ണെണ്ണ, ഡീസൽ, പെട്രോൾ, എൽ.പി.ജി., വൈദ്യുതി, ബയോഗ്യാസ്, സൗരോർജ്ജം എന്നിവയാണ് ഉപയോഗിക്കപ്പെടുന്നത്.

ഒരു മലയോര കാർഷികമേഖലയായ ഈ പഞ്ചായത്തിൽ മൊത്തം ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ ഭൂരിഭാഗവും പാചകത്തിനാണ് ഉപയോഗിക്കുന്നത്. ഇതിനു പ്രധാനമായും വിറകിനെയാണ് ആശ്രയിക്കുന്നത്. വൈദ്യുതി, മണ്ണെണ്ണ, എൽ.പി.ജി., ബയോഗ്യാസ് എന്നിവയും ഉപയോഗിക്കുന്നുണ്ട്. ഇത് ആകെ ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ മൂന്നുശതമാനം മാത്രമാണ്. സമ്പന്നരാണ് ഇതിന്റെ ഉപഭോക്താക്കൾ.

വിറകിന്റെ ലഭ്യത ഒരുപരിധിവരെ ഈ പഞ്ചായത്തിൽ സുലഭമാണെങ്കിലും കണിച്ചാർ, ആറ്റാംചേരി, അണുങ്ങോട്, ഓടൻതോട്, കൊളക്കാട് മേഖലയിൽ വിറക് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ പ്രദേശങ്ങളിൽ സ്വന്തം പുരയിടത്തിലെ വിറകിനു പുറമെ മറ്റുസ്ഥലങ്ങളിൽനിന്നും വിറക് ശേഖരിച്ച് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. സ്ത്രീകളും കുട്ടികളുമാണ് ഈ ജോലി പ്രധാനമായും ചെയ്യുന്നത്. മഴക്കാലത്തിനു മുമ്പായി വൃക്ഷങ്ങൾ മുറിച്ചു കീറി വിറകാക്കി സംഭരിക്കുന്ന രീതിയും ഇവിടെ നിലനിൽക്കുന്നുണ്ട്. നൂറുകണക്കിന് മരങ്ങൾ ഇങ്ങനെ ഓരോ വർഷവും മുറിച്ചുനീക്കപ്പെടുന്നത് ഭാവിയിൽ രൂക്ഷമായ ഊർജ്ജ ക്ഷാമത്തിനിടയാക്കുവാൻ സാധ്യതയുണ്ട്. ദക്ഷത കുറഞ്ഞ തുറന്ന വിറകടുപ്പുകൾ ഉപയോഗിക്കുന്നതുമൂലം ലഭിക്കുന്ന ഊർജ്ജത്തിന്റെ 90 ശതമാനവും പാഴായിപ്പോവുകയാണ് ചെയ്യുന്നത്. ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിച്ചുള്ള ഊർജ്ജസംരക്ഷണം മാത്രമേ ഇതിനു പരിഹാരമുള്ളു. കേരള ശാസ്ത്ര സാഹിത്യപരിഷത്ത് പ്രചരിപ്പിക്കുന്ന മെച്ചപ്പെട്ട വിറകടുപ്പുകൾ നൂറിലധികം എണ്ണം ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. കച്ചിപ്പെട്ടി, പ്രഷർകുക്കർ, സോളാർ കുക്കർ എന്നിവയുടെ ഉപയോഗം വഴിയും ഊർജം ലാഭിക്കാവുന്നതാണ്. 2600-ലധികം കന്നുകാലികളുള്ള ഈ പഞ്ചായത്തിൽ ബയോഗ്യാസിന്റെ ഉത്പാദനവും ഉപയോഗവും വ്യാപിപ്പിക്കുക വഴി പാചകത്തിനും വെളിച്ചത്തിനുമുള്ള മറ്റ് ഊർജ്ജ

സ്രോതസുകളുടെ ഉപയോഗം കുറയ്ക്കുവാൻ കഴിയും. നിലവിൽ 54 ബയോഗ്യാസ് പ്ലാന്റുകൾ മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്.

പാചകാവശ്യം കഴിഞ്ഞാൽ വെളിച്ചം, ഗതാഗതം, വ്യവസായം, കൃഷി എന്നിവയ്ക്കാണ് പ്രധാനമായും ഊർജം ആവശ്യമായിവരുന്നത്. ഇതിന് വൈദ്യുതി, മണ്ണെണ്ണ, ഡീസൽ, പെട്രോൾ എന്നിവയെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ഇതിൽ ഏറ്റവും കൂടുതൽ ആവശ്യമായിവരുന്നതും ഏറ്റവും കുറച്ചു ലഭ്യമാകുന്നതുമായ ഒന്നാണ് വൈദ്യുതി. 1980-81 കാലഘട്ടങ്ങളിലാണ് ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലെങ്കിലും വൈദ്യുതി ആദ്യമായി ലഭിക്കുന്നത്. ഇന്നും പഞ്ചായത്തിന്റെ 4/5 ഭാഗം പ്രദേശത്തും വൈദ്യുതി ലഭിച്ചിട്ടില്ല. ആകെയുള്ള 3603 വീടുകളിൽ 840 എണ്ണത്തിൽ മാത്രമേ കണക്ഷനുള്ളു. നാലുവർഷത്തിലേറെയായി മിനിമം ഗ്യാരണ്ടി സ്കീമിൽ അപേക്ഷ നൽകിയ കണക്ഷൻ ലഭിക്കാൻ കാത്തിരിക്കുന്നവരുടെ എണ്ണം 500-ൽ അധികമാണ്.

**മിനിമം ഗ്യാരണ്ടി സ്കീം പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ വിവരം**

| S.No | സ്ഥലത്തിന്റെ പേരുവിവരം | ആളുകളുടെ എണ്ണം |
|---|---|---|
| 1. | 13/91-92 ചെങ്ങോം | 250 |
| 2. | 20/91-92 മഞ്ഞളാംപുറം | 25 |
| 3. | പൂളക്കുറ്റി | 99 |
| 4. | 28-ാം മൈൽ | 28 |
| 5. | മുടവങ്ങോട് | 50 |
| 6. | മലയാംപടി | 130 |

14 ആദിവാസി കോളനികളുള്ള ഈ പഞ്ചായത്തിൽ അണുങ്ങോട് ലക്ഷംവീട് കോളനിയിലെ രണ്ടു വീടുകളിൽ മാത്രമാണ് വൈദ്യുതി ലഭിച്ചിട്ടുള്ളത്. 28-ാം മൈലിലുള്ള അരുവിക്കൽ അംബേദ്കർ കോളനിയിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനായി നെടുംപൊയിൽ സബ്സ്റ്റേഷനിൽനിന്നും കോളനിവരെയുള്ള 8 കി.മീ. 11 കെ.വി. ലൈൻ വലിച്ചു ട്രാൻസ്ഫോർമർ സ്ഥാപിച്ച് കണക്ഷൻ നൽകിയിട്ട് നാലുവർഷം കഴിഞ്ഞെങ്കിലും ഇപ്പോൾ ഉപയോഗ്യശൂന്യമായി കിടക്കുകയാണ്.

വൈദ്യുതി എത്തിയ പ്രദേശങ്ങളിൽ ലഭ്യമായ ഊർജത്തിന്റെ 90% വെളിച്ചത്തിനും മറ്റു ഗാർഹികാവശ്യങ്ങൾക്കും 10% മാത്രം കൃഷി, വ്യവസായം തുടങ്ങിയവയ്ക്കും ഉപയോഗിക്കുന്നു. നിലവിൽ വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന 119 മോട്ടോറുകളാണ് കാർഷികാവശ്യങ്ങൾക്കായി ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നത്. പഞ്ചായത്തിന്റെ സമഗ്രവികസനം സാധിക്കണമെങ്കിൽ അടിസ്ഥാന ഉത്പാദനമേഖലയായ കൃഷി, വ്യവസായം എന്നിവയ്ക്ക് വൈദ്യുതിയുടെ ലഭ്യതയും ഉപയോഗവും വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനുള്ള കർമ്മപദ്ധതികൾ അടിയന്തരമായും ആവിഷ്കരിക്കേണ്ടതാണ്.

കോളയാട് പഞ്ചായത്തിലെ നെടുംപൊയിൽ 66 കെ.വി. സബ്സ്റ്റേഷനിൽനിന്നാണ് ഈ പഞ്ചായത്തിലേക്കാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും താരതമ്യപ്പെടുത്തിയാൽ എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നവയാണെന്ന് മനസ്സിലാക്കുവാൻ കഴിയും. അതുകൊണ്ടുതന്നെ മിക്കവാറും പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിൽ ഓടൻതോട്, അണുങ്ങോട്, ചാണപ്പാറ, കൊളക്കാട്, താന്നിക്കുന്ന് എന്നിവിടങ്ങളിലായി അഞ്ച് ട്രാൻസ്ഫോർമറുകളാണുള്ളത്. ഇതിനു പുറമെ തുണ്ടി, മഞ്ഞളാംപുറം, നാനാനിപൊയിൽ എന്നീ സമീപപ്രദേശങ്ങളിലെ ട്രാൻസ്ഫോർമറുകളിൽനിന്നും കണിച്ചാർ പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യപ്പെടുന്നുണ്ട്. ഇതിൽ കണിച്ചാർ ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുന്ന നാനാനിപൊയിൽ ട്രാൻസ്ഫോർമറിന്റെ പരിധിയിൽ 10 ചെറുകിട വ്യവസായ യൂണിറ്റുകളും 200-ലധികം വീടുകളും കച്ചവടസ്ഥാപനങ്ങളും ഉള്ളതിനാൽ കണിച്ചാർ ടൗണിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. ഇതിനു പുറമെ സമ്പന്ന വർഗ്ഗത്തിൽപ്പെട്ടവരുടെ വീടുകളിൽ ഉപയോഗിക്കുന്ന സ്റ്റെബിലൈസറുകളും സ്റ്റെപ്പ്-അപ്പുകളും ഇതിന്റെ രൂക്ഷത വർധിപ്പിക്കുന്നു. കെ.എസ്.ഇ.ബി. ജീവനക്കാരുടെ കാര്യക്ഷമതയില്ലായ്മയും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവുവിളക്കുകളായി ഒൻപത് സോഡിയം വേപ്പർ ലാമ്പുകളും 20 ബൾബുകളുമുണ്ടെങ്കിലും ബൾബുകൾ ഒന്നും തന്നെ പ്രകാശിക്കാറില്ല. ഇവയ്ക്കെല്ലാമായി 3120 രൂപ പ്രതിവർഷം പഞ്ചായത്ത് കെ.എസ്.ഇ.ബിക്കു നൽകേണ്ടിവരികയും ചെയ്യുന്നു. പഞ്ചായത്തിൽ നിലവിൽ വൈദ്യുതി ലഭിക്കുന്ന പല പ്രധാന കേന്ദ്രങ്ങളിലും (കണിച്ചാർ സ്കൂൾ, ക്ഷേത്രം, ചന്തമാംകുളം, കാളികയം, ആറ്റാംചേരി, മറപ്പുരച്ചാൽ, മലയാംപടി, ഓട

പ്പുഴ, നെല്ലിക്കുന്ന്) ഇനിയും തെരുവുവിളക്കുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. വൈദ്യുതി മേഖലയിലും ഊർജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ ഒരു പരിധിവരെ ഊർജം ലാഭിക്കുവാൻ സാധിക്കും. ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന മരച്ചില്ലകൾ യഥാസമയം മുറിച്ചുമാറ്റുകയും വീടുകളിൽ ഉപയോഗിക്കുന്ന ദക്ഷത കുറഞ്ഞ ബൾബുകൾക്കു പകരം ട്യൂബ് ലൈറ്റുകളും കോംപാക്ട് ഫ്ളൂറസന്റ് ലാമ്പുകളും ഉപയോഗിക്കുക. വൈദ്യുതിയുടെ ദുരുപയോഗം തടയുക എന്നിവയാണ് ഇതിനായി ചെയ്യേണ്ടത്. ഇതോടൊപ്പം പ്രേക്ഷണ- വിതരണ നഷ്ടം കുറക്കുവാനാവശ്യമായ കാര്യങ്ങളും ചെയ്യേണ്ടതാണ്. ഇതിനായി വൈദ്യുതി വിതരണ സംവിധാനം ഗ്രാമപഞ്ചായത്തിനു കീഴിൽ കൊണ്ടുവന്നു സമഗ്ര ഊർജാസൂത്രണ പരിപാടി നടപ്പിലാക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

ഈ പ്രദേശത്തിന്റെ വൈദ്യുതിക്ഷാമം പരിഹരിക്കുവാനുതകുന്ന മൂന്നു മിനി ജലവൈദ്യുത പദ്ധതികൾക്കുള്ള സാധ്യതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പൂളക്കുറ്റി ലോവർ, പൂളക്കുറ്റി അപ്പർ, ഓടപ്പുഴ എന്നിവയാണവ. (പട്ടിക നോക്കുക).

## കണിച്ചാർ പഞ്ചായത്തിലെ മിനി ജലവൈദ്യുത പദ്ധതികൾ

| ക്രമ. നമ്പർ | പേര് | പ്രഖ്യാപിതശേഷി K.W | മുതൽമുടക്ക് | ചിലവ്/യൂണിറ്റിന് കോടി | സ്ഥാനം രൂപ |
|---|---|---|---|---|---|
| 1. | പൂളക്കുറ്റി ലോവർ | 400 | 0.93 | 1.26 | വാർഡ് VII |
| 2. | പൂളക്കുറ്റി അപ്പർ | 400 | 1.02 | 1.32 | വാർഡ് VIII |
| 3. | ഓടപ്പുഴ | 300 | 0.77 | 0.66 | വാർഡ് VIII |

(അവലംബം KSEB സർവ്വേ)

പ്രകൃതിദത്തമായ ഇവിടത്തെ വെള്ളച്ചാട്ടങ്ങളിൽനിന്നും മറ്റ് ഉത്പാദന സ്രോതസ്സുകളേക്കാൾ കുറഞ്ഞ ചെലവിൽ ഊർജോത്പാദനം സാധിക്കുമെന്ന് കെ.എസ്.ഇ.ബി. കണക്കുകൾ വ്യക്തമാക്കുന്നു. ഡീസൽ പ്ലാന്റുകളിൽ ഒരു മെഗാവാട്ട് വൈദ്യുതി ഉത്പാദിക്കുവാൻ 4.5 കോടി രൂപ ചെലവുവരുമ്പോൾ ഈ പദ്ധതികളിൽനിന്നും ഒരു മെഗാവാട്ട് വൈദ്യുതിക്ക് 2.5 കോടിരൂപ മാത്രമേ ചെലവുവരികയുള്ളൂ. അതുകൊണ്ട് നമ്മുടെ നാടിന്റെ വികസനത്തിന് വഴിയൊരുക്കുന്ന ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ജനകീയ ഇടപെടലുകൾ ഉയർന്നുവരേണ്ടതാണ്.

പരമ്പരാഗത ഊർജസ്രോതസുകളായ കൽക്കരി, വിറക്, പ്രകൃതിവാതകം, എണ്ണ എന്നിവയുടെ ഉറവിടങ്ങൾ കുറഞ്ഞുവരുന്ന ഈ കാലയളവിൽ പാരമ്പര്യേതര ഊർജസ്രോതസുകളുടെ ഉപയോഗവും ഊർജസംരക്ഷണവും ഏറ്റവും പ്രധാന്യമർഹിക്കുന്നു. സൗരോർജത്തിന്റെ ഉപയോഗത്തിനാണ് ഇതിൽ മുൻഗണന നൽകേണ്ടത്. സൗരോർജപാനലുകൾ ഉപയോഗിച്ചുള്ള വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾ പരിമിതമായേ ഈ പഞ്ചായത്തിലുള്ളൂ. സോളാർ ഡ്രയറുകൾ, വാട്ടർ ഹീറ്ററുകൾ, കുക്കറുകൾ എന്നിവ ഒന്നുംതന്നെയില്ല. ഇത്തരം ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സർക്കാർ ഏജൻസിയായ അനർട്ടിന്റെ (ANERT) പ്രവർത്തനവും ഈ പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്കിൽ പരിമിതമായി മാത്രമേ വ്യാപിച്ചിട്ടുള്ളൂ.

## പ്രശ്നങ്ങൾ

1. പാചകാവശ്യത്തിനുള്ള വിറകിന്റെ ലഭ്യതക്കുറവ്.
2. പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശത്തും (4/5) പ്രദേശത്തും വൈദ്യുതിയില്ല.
3. ആദിവാസി കോളനികളിൽ വൈദ്യുതിയില്ല.
4. വോൾട്ടത കുറവ്, പവർകട്ട്
5. തെരുവുവിളക്കുകളുടെ അഭാവം.
6. വൈദ്യുതിയുടെ ദുരുപയോഗം, പ്രേഷണ-വിതരണ നഷ്ടം.
7. വൈദ്യുതി ബോർഡ് ജീവനക്കാരുടെ അനാസ്ഥ.

# സാധ്യതകൾ, പരിഹാര നിർദ്ദേശങ്ങൾ

1. ദക്ഷത കൂടിയ വിറകടുപ്പുകൾ ഉപയോഗിക്കുക. കച്ചിപ്പെട്ടി, പ്രഷർകുക്കർ, സോളാർ കുക്കർ എന്നിവയുടെ ഉപയോഗം വ്യാപിപ്പിക്കുക.

2. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.

3. വിറകുത്പാദനം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ വനവൽക്കരണം പ്രോത്സാഹിപ്പിക്കുക.

4. പഞ്ചായത്തിലെ വൈദ്യുതിയെത്താത്ത മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

5. മിനിമം ഗ്യാരണ്ടി സ്കീമിൽ അപേക്ഷ നൽകിയ മുഴുവൻ പേർക്കും മുൻഗണനാടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യമാക്കുക.

6. ആദിവാസി കോളനികളിൽ കുടിർജ്യോതി പദ്ധതിപ്രകാരം വൈദ്യുതിയെത്തിക്കുക.

7. 28-ാം മൈലിലെ അംബേദ്കർ കോളനിയിലേക്ക് വൈദ്യുതിയെത്തിക്കുന്ന പദ്ധതി പൂർത്തിയാക്കുകയും സമീപവാസികൾക്കുകൂടി അതിന്റെ പ്രയോജനം ഉറപ്പുവരുത്തുകയും ചെയ്യുക.

8. എല്ലാ പ്രധാന കേന്ദ്രങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.

9. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

10. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് പുളക്കുറ്റി, ഓടപ്പുഴ പദ്ധതികൾ നടപ്പാക്കുക.

11. വൈദ്യുതിയുടെ ദുരുപയോഗം തടയുക, സ്റ്റെപ്-അപ്പുകൾക്കു നിയന്ത്രണം ഏർപ്പെടുത്തുക. ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റുക.

12. വൈദ്യുതി ബോർഡ് കാര്യക്ഷമമാക്കുക. വൈദ്യുതി വിതരണം ഗ്രാമപഞ്ചായത്തിന് കീഴിലാക്കുക.

13. ദക്ഷത കൂടിയ വൈദ്യുതി വിളക്കുകൾ പ്രചരിപ്പിക്കുകയും സബ്സിഡികൾ ഉറപ്പുവരുത്തുകയും ചെയ്യുക.

14. സൗരോർജം ഉപയോഗപ്പെടുത്തിയുള്ള ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ നൽകുക.

15. പേരാവൂർ ബ്ലോക്കിൽ ഒരു I.R.E.P. ഓഫീസ് സ്ഥാപിച്ചു പ്രവർത്തിക്കുക.

# 4.8 സാമൂഹ്യക്ഷേമം

കണിച്ചാർ പഞ്ചായത്തിന്റെ സാമൂഹ്യ സ്ഥിതിയേക്കുറിച്ച് ചിന്തിക്കുമ്പോൾ 60 വർഷംകൊണ്ട് ഒരു പ്രദേശത്ത് ഉണ്ടാക്കിയെടുക്കാവുന്ന സാമൂഹ്യ പുരോഗതിയെന്താണെന്ന് ആദ്യം മനസിലാക്കേണ്ടതുണ്ട്. 1960 വരെ കുടിയേറ്റ കാലമായിരുന്നു. അതായത് മനുഷ്യവാസമില്ലാത്ത വനപ്രദേശമായിരുന്നു ഇത്. 1930 മുതൽ 1960 വരെ കാടുവെട്ടിത്തെളിച്ച് അത്യാവശ്യമായ ഭക്ഷ്യവിളകൾ ഉൽപാദിപ്പിച്ച് പിടിച്ചു നിൽക്കാനുള്ള ശ്രമമായിരുന്നു ഈ മുപ്പതു വർഷങ്ങളിൽ നടന്നത്. അതിനുശേഷമുള്ള 30-35 വർഷങ്ങൾ കൊണ്ട് നേടാൻ കഴിഞ്ഞ സാമൂഹ്യ പുരോഗതിയേ ഈ പഞ്ചായത്തിനുള്ളൂ. ഈ മുപ്പത്തഞ്ച് വർഷങ്ങളിലുണ്ടായ സാമൂഹ്യ പുരോഗതി തികച്ചും അപര്യാപ്തമല്ലെങ്കിലും ഇനിയും ഒട്ടുവളരെ കാര്യങ്ങളിൽ പുരോഗതി നേടാൻ ബാക്കിയാണുള്ളത്. അത് നേടിയെടുക്കാനുള്ള പരിശ്രമങ്ങളിൽ സേവനസന്നദ്ധമായി മുന്നോട്ടുവരാൻ സാമൂഹ്യ, സന്നദ്ധ സംഘടനകളും സാമൂഹ്യ പ്രവർത്തകരും ഈ പഞ്ചായത്തിൽ വേണ്ടത്രയുണ്ട്.

# പാർപ്പിടം

പാർപ്പിടരംഗത്ത് പഞ്ചായത്തിന് ഇനിയും പകുതി ദൂരമേ കടന്നെത്താൻ കഴിഞ്ഞിട്ടുള്ളൂ. പഞ്ചായത്തിലെ മൊത്തം വീടുകളുടെ നില പരിശോധിച്ചാൽ 55 ശതമാനം വീടുകൾ ഉറപ്പുള്ളതും വേണ്ടത്ര സൗകര്യമുള്ളതുമാണ്. എന്നാൽ ബാക്കിവരുന്ന 20 ശതമാനം വീടുകൾ പരിമിത സൗകര്യമുള്ളവയാണ്. 25 ശതമാനം വീടുകൾ ഓലയോ പുല്ലോ മേഞ്ഞ കുടിലുകളാണ്. ആദിവാസികളുടേയും സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവരുടേതുമാണിത്. സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത നൂറോളം കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്.

പരമ്പരാഗതമായ രീതിയിലുള്ള വീടുകളാണ് പഞ്ചായത്തിലധികവും. എന്നാൽ ഉദ്യോഗസ്ഥർ ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നവർ, ഉയർന്ന വരുമാനമുള്ള കർഷകർ തുടങ്ങിയ മേഖലയിലുള്ളവരുടെ ഭവനങ്ങൾ ആധുനിക നിർമാണസംവിധാനമുപയോഗിച്ച് നിർമിച്ചവയാണ്.

സാധാരണ വീടുകൾ മരവും ഓടും ഇഷ്ടികയും ഉപയോഗിച്ച് പരമ്പരാഗതമായ രീതിയിലുള്ളവയാണ്. 40 ശതമാനം വീടുകളും ഈ രീതിയുള്ളവയാണ്.

സാധാരണവീടുകൾ മരവും ഓടും ഇഷ്ടികയും ഉപയോഗിച്ച് പരമ്പരാഗതമായ രീതിയിലുള്ളവയാണ്. 40% ശതമാനം വീടുകളും ഈ രീതി ഉപയോഗിച്ചു കൊണ്ടുള്ളവയാണ്.

ഭവന നിർമാണത്തിന് കൃഷിയിൽ നിന്നുള്ള വരുമാനമാണ് അധികം ജനങ്ങളുടെയും ആശ്രയം. ഇതുകൂടാതെ ഈ മേഖലയിൽ ബാങ്കുകളേയും മറ്റും ഒരു ചെറിയ ശതമാനം ആശ്രയിക്കുന്നു. ജില്ലാ ബാങ്ക്, സിണ്ടിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, സർവീസ് സഹകരണ ബാങ്കുകൾ,പേരാവൂർ ഭവന നിർമാണ സഹകരണ സംഘം സർക്കാർ ഭവന നിർമാണ ഏജൻസി മുതലായവാണ് ജനങ്ങൾക്ക് ആശ്രയിക്കാവുന്ന ധനകാര്യ സ്ഥാപനങ്ങൾ.

### കെട്ടിടങ്ങളുടെ വിവരണം

| വാർഡ് | കോൺക്രീറ്റ് | ഓടുമേഞ്ഞത് | കുടിലുകൾ |
|---|---|---|---|
| 1 | 31 | 244 | 146 |
| 2 | 35 | 416 | 166 |
| 3 | 20 | 314 | 168 |
| 4 | 14 | 102 | 165 |
| 5 | 37 | 391 | 230 |
| 6 | 75 | 364 | 118 |
| 7 | 36 | 432 | 203 |
| 8 | 15 | 307 | 309 |

## പ്രശ്നങ്ങൾ, സാധ്യതകൾ

1.ദുർബല വിഭാഗങ്ങൾ കോളനിവാസികൾക്കും സൗജന്യമായി വീടും, കക്കൂസും നിർമിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം.

2. താഴ്ന്ന വരുമാനക്കാർക്ക് സബ്സിഡി നിരക്കിൽ വീടുകളും കക്കൂസും നിർമിക്കുക.

3.വീടുകൾക്കുള്ള സാമ്പത്തിക സഹായം 50,000 രൂപയും കക്കൂസുകൾക്ക് 5000 രൂപയും എന്ന ക്രമത്തിൽ അനുവദിക്കുക.

4.കെട്ടിട നിർമാണ സാമഗ്രികൾ ഉണ്ടാക്കുന്ന ഒരു വ്യവസായശാല സ്ഥാപിക്കുക.

5.പഞ്ചായത്തിൽ ഒരു ഭവന വായ്പാ സഹകരണ സംഘം സ്ഥാപിക്കണം.

6.ജീർണാവസ്ഥയിലുള്ള വീടുകൾ പുതുക്കിപ്പണിയുന്നതിനുള്ള സാമ്പത്തിക സഹായം കൊടുക്കാൻ നടപടി സ്വീകരിക്കണം.

7.നെൽപാടം നികത്തി വീടുവെക്കുന്നതും തോട്ടം പിടിപ്പിക്കുന്നതും കർശനമായി നിരോധിക്കണം.

8.ഭവന വായ്പ എടുത്ത് വീടുവച്ചിട്ടുള്ള ദുർബല വിഭാഗക്കാരിൽ വായ്പ തിരിച്ചടക്കാൻ സാധിക്കാതെവരുന്നർക്ക് അവരുടെ വായ്പ ഒഴിവാക്കി കൊടുക്കുന്നതിന് പദ്ധതി ഉണ്ടാക്കണം.

9.നിർമാണ തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം കൊടുക്കുന്നതിന് ആവശ്യമായ സ്ഥാപനം ഉണ്ടാക്കുക.

10. നിർമാണ തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ പണി ഉപകരണങ്ങൾ കൊടുക്കാൻ നടപടി ഉണ്ടാക്കണം.

11.സർക്കാർ ഭവന നിർമാണ ഏജൻസികളുടെ പ്രവർത്തനം ഈ മേഖലയിൽ വേണ്ടത്ര ലഭ്യമാകുന്നില്ല.



12. ഭവന നിർമാണ സാമഗ്രികളുടെ വിലക്കയറ്റം സാധാരണക്കാർക്ക് താങ്ങാവുന്നതിലും അധികമാണ്.

13.വായ്പകളും പലിശനിരക്കും തവണകളും താഴ്ന്നവരുമാനക്കാർക്ക് സഹായകരമായ രീതിയിലല്ല.

14.വിദഗ്ധ തൊഴിലാളികളുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല.

15.താഴ്ന്ന വരുമാനക്കാർക്ക് വീട് നിർമിക്കുന്നതിന് ആവശ്യമായ രീതിയിൽ സർക്കാർ ഏജൻസികളുടെ പ്രവർത്തനം ക്രമീകരിക്കുക.

16.വരുമാനം കുറഞ്ഞവർക്കുള്ള വായ്പയിൽ പലിശയിളവ് അനുവദിക്കുക.

17.പഞ്ചായത്തുതലത്തിൽ ഭവനനിർമാണ സഹകരണ സംഘങ്ങൾ രൂപികരിച്ച് നിർമാണ സാമഗ്രികൾ ലഭ്യമാക്കുന്നിതിനുള്ള അവസരമുണ്ടാക്കുക.

18.ഭൂരഹിതരായവർക്ക് ഭൂമി വാങ്ങുന്നതിനും വീട് വച്ചുകൊടുക്കുന്നതിനുമുള്ള സഹായ പദ്ധതികൾ

## 1992 IRDP സർവേ പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വിവരങ്ങൾ

| വാർഡ് | സർവേപ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ SC/ST | നാളിതുവരെ സഹായം ലഭിച്ചവർ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്രരേഖയ്ക്കു മുകളിലെത്തിയവർ |
|---|---|---|---|---|---|
| IV | 123 | 35 | 45 | 35 | – |
| VI | 162 | 50 | 75 | 50 | 5 |
| VII | 350 | 60 | 150 | 55 | 25 |
| VII | 300 | 75 | 120 | 70 | 30 |
| I | 56 | 3 | 15 | 3 | – |
| II | 144 | 25 | 37 | 25 | – |
| III | 56 | 3 | 13 | 3 | – |
| V | 241 | 20 | 35 | 18 | 5 |

പഞ്ചായത്തുതലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുക.

19.ആഡംബര പൂർണമായ വലിയ വീടുകൾ പണിയുന്നവരിൽ നിന്ന് ഒരു ചെറിയ ശതമാനം തുക ഈടാക്കി നിർധനരെ സഹായിക്കുന്ന പദ്ധതിക്ക് രൂപം നൽകുക.

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമം പദ്ധതി പ്രവർത്തനം വളരെയേറെ ഇനിയും ഊർജ്ജിതമായി നടക്കേണ്ട ഒരു പഞ്ചായത്താണിത്. 1992-ലെയും അതിനുശേഷമുള്ള അഡീഷണൽ സർവേകൾ അനുസരിച്ച ഈ പഞ്ചായത്തിൽ ദരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1432 ആണ്. ഇതിൽ 271 കുടുംബങ്ങൾ പട്ടികജാതി വർഗങ്ങളിൽപ്പെട്ടവരാണ്. ഇതിൽ സർക്കാരിന്റെ വിവിധ ഏജൻസികൾ വഴി ലഭിച്ച സഹായ പദ്ധതി പ്രകാരം ദരിദ്രരേഖക്ക് മുകളിലെത്തിയ കുടുംബങ്ങളുടെ എണ്ണം 65ആണ്, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ ഉൾപ്പെടെ.

സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം സഹായം ലഭിക്കുന്നതിന് അർഹതയുള്ള നിരവധി കുടുംബങ്ങൾ ഈ മേഖലയിൽ ഉണ്ടെങ്കിലും സഹായപദ്ധതികളിൽ ഉൾപ്പെടുന്നതിന് പലർക്കും കഴിയുന്നില്ല അതുപോലെതന്നെ അർഹതപ്പെട്ടവർക്ക് സഹായം ലഭിക്കാത്ത അവസ്ഥയും നിലവിലുണ്ട്. തന്നെയുമല്ല സർക്കാരിന്റെ സാമ്പത്തികമായി താഴെക്കിടയിലുള്ള വിദ്യാസമ്പന്നർക്ക് തൊഴിൽ പഠിക്കുന്നതിന് വേണ്ടിയുള്ള ട്രൈസം പദ്ധതി വെറും ചടങ്ങായി മാത്രം നടത്തുന്ന ഒരു പരിപാടിയായി അധ:പതിച്ചിരിക്കുകയാണ്. ഇത് നാട്ടിലെ തൊഴിൽ മേഖലയെക്കുറിച്ച് മനസിലാക്കാതെ ഒട്ടും പ്രയോജനകരമല്ലാത്ത മേഖലയിലേക്കാണ് യുവജനങ്ങളെ പരിശീലനത്തിന് തെരഞ്ഞെടുക്കുന്നത്. ആയതിനാൽ തന്നെ അവർക്ക് അതിനോട് വലിയ താൽപര്യവുമില്ല. തന്നെയുമല്ല പരിശീലനത്തിന് ശേഷം സ്വന്തം നിലയിൽ തൊഴിലെടുത്ത് ഉപജീവനം നടത്തുന്നതിനുള്ള വായ്പാ സൗകര്യം ലഭ്യമാക്കുന്നുമില്ല. സ്വന്തം നിലയിൽ ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുമ്പോൾ അവർ നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ് കാണിക്കുന്നത്.

### ആംഗൻവാടികൾ

ഈ പഞ്ചായത്തിൽ 14 ആംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ആംഗൻവാടികൾക്കും ഉറപ്പുള്ള കെട്ടിടങ്ങളില്ല. ആംഗൻവാടികളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കു വേണ്ടത്ര പരിശീലനം ഈ മേഖലയിൽ ലഭിക്കാത്തതുകൊണ്ട് കുട്ടികൾക്ക് വേണ്ടത്ര പരിചരണം ഇവിടെ നിന്നും ലഭിക്കുന്നില്ല.

### പ്രശ്നങ്ങൾ-നിർദേശങ്ങൾ

1.കണിച്ചാർ ഗ്രാമപഞ്ചായത്തിൽ താഴെപറയുന്ന സ്ഥലങ്ങളിൽ ആംഗൻവാടികൾ സ്ഥാപിക്കണം.

1.അണുങ്ങോട്ട് ലക്ഷം വീട് കോളനി

2.വെള്ളൂന്നി ചെറുപുരയിടം കവല

3.ഓടപ്പുഴ

4.തുടിയാട്

5.മുടവങ്ങോട്

6. ഏഴാം വാർഡിൽ കൊളക്കാട്, കുരിശുമല

2.ആംഗൻവാടികൾക്ക് സൗകര്യപ്രദമായ കെട്ടിടങ്ങൾ, കക്കൂസ്, കിണർ, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, പോഷകാഹാരം, ആരോഗ്യ സംരക്ഷണം, കളിസ്ഥലങ്ങൾ എന്നിവ നിർമിക്കണം.

3.അനധികൃതമായി നടത്തുന്ന നഴ്സറികൾ നിർത്തലാക്കണം

4.ആവശ്യമായ സ്ഥലങ്ങളിൽ ബേബിക്രഷ് അനുവദിക്കുക

5.മഹിളാ സമാജങ്ങൾക്ക് കെട്ടിടങ്ങൾ നിർമിക്കുവാൻ ആവശ്യമായ സ്ഥലവും സാമ്പത്തിക സഹായവും ലഭ്യമാക്കുകയും വാർത്താ മാധ്യമങ്ങളും തൊഴിൽ സംരംഭങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

6.സ്വയം തൊഴിലിൽ ഏർപ്പെടാൻ താൽപര്യമുള്ളവർക്ക് സഹായധനം ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

7.വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ കർഷകതൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തു തലത്തിൽ നടത്തുക.

8.പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘം രൂപികരിച്ച് പ്രവർത്തിക്കണം. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ തൽപരരായ മഹിളകൾക്ക് ആവശ്യമായ തൊഴിൽ പരിശീലനവും സൗകര്യവും ഏർപ്പെടുത്തണം.

9.പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഉണ്ടാക്കണം.

10.പഞ്ചായത്തിൽ അശരണർക്കും അഗതികൾക്കുമായി ഒരു മന്ദിരം നിർമിച്ച് പ്രവർത്തനം നടത്തണം.

11.പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നാടൻ തൊഴിൽ സംഘങ്ങൾ രൂപികരിക്കുകയും സബ്സിഡി നിരക്കിൽ തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുകയും കൂലിനിരക്ക് ഏകീകരിക്കുകയും ചെയ്യുവാൻ നടപടി ഉണ്ടാകണം.

12. ചെങ്ങോം കേന്ദ്രമാക്കി ബാഞ്ച് പോസ്റ്റാഫീസ് തുടങ്ങാൻ നടപടി എടുക്കണം.

13.ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനങ്ങളുടെ ഉന്നമനത്തിനായി തൊഴിൽ സംരംഭങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വർധിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുക്കണം.



# 4.9 സംസ്കാരം

ഒരു സമൂഹത്തിന്റെ സംസ്കാരം ആ പ്രദേശത്തെ ജനങ്ങളുടെ ഭാഷ, ജീവിതരീതി, വസ്ത്രധാരണം, പെരുമാറ്റം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. 1940–ന് മുൻപ് കാണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ജീവിച്ചിരിക്കുന്ന ഗിരിവർഗക്കാരെ മാറ്റി നിർത്തിയാൽ വളരെ ചുരുക്കം ജനങ്ങൾ മാത്രമാണുണ്ടായിരുന്നത്. 1940–നും 50– നും ഇടയിൽ തിരുവിതാംകൂറിന്റെ വിവിധ മേഖലളിൽ നിന്ന് ജീവിതമാർഗം തേടി ഈ പഞ്ചായത്തിൽ എത്തിപ്പെട്ട ജനങ്ങളും അവരുടെ പിൻഗാമികളുമാണ് ഇന്നിവിടെ അധിവസിക്കുന്നത്. അതുകൊണ്ടുതന്നെ വിവിധതരം സംസ്ക്കാരത്തിനുടമകളായിരുന്നു അന്നുണ്ടായിരുന്നവർ. ജാതീയമായി തിരിച്ചാൽ ക്രിസ്ത്യാനികളും ഹിന്ദുക്കളുമായിരുന്നു. അധികവും. അങ്ങിങ്ങായി ചില മുസ്ലികളുമുണ്ടായിരുന്നു.

അന്നത്തെ കാലഘട്ടത്തിൽ ജാതീയമായിത്തന്നെ ജനങ്ങൾ കൂട്ടായി സ്ഥലം കണ്ടെത്തി താമസിക്കുകയായിരുന്നു. വസ്ത്രധാരണ രീതിയിലും പെരുമാറ്റത്തിലും സംബോധനകളിലും ഭക്ഷണ രീതികളിലും പേരിലും വരെ ഈ ജാതീയത സ്പഷ്ടമായിരുന്നു. വിവാഹം, അടിയന്തിരം എന്നീ ചടങ്ങുകളിൽ മറ്റു ജാതികളിൽപ്പെട്ടവർ പങ്കെടുക്കുന്നതുതന്നെ വിരളമായിരുന്നു. സംഘടിക്കുവാനോ വിദ്യാഭ്യാസത്തിനോ യാത്രചെയ്യുന്നതിനോ ഒന്നും സൗകര്യമുണ്ടായിരുന്നില്ല.

ഗിരിജനങ്ങളുണ്ടെങ്കിൽ പ്രത്യേക സ്വഭാവവും ജീവിത രീതിയുമുള്ളവരായിരുന്നു. മറ്റുള്ളവരെ അവരുടെ വീടുകളിൽ കയറുകയോ അവരുമായി സംസാരിക്കുകയോ പോലുമില്ലാത്ത പ്രകൃതമായിരുന്നു. അയിത്തം എന്ന അനാചാരം ഗിരിവർഗക്കാരുടെ ഇടയിൽ നിലവിലുണ്ടായിരുന്നു. ഇന്നും അപൂർവം ചിലരുടെയിടയിൽ ഈ അനാചാരം നിലനിൽക്കുന്നുണ്ട്.

കാലക്രമേണ ക്രിസ്ത്യൻ വൈദികരുടെ പ്രവർത്തനങ്ങളും എസ്.എൻ.ഡി.പി. പോലുള്ള സംഘടനകളുടെ ആവിർഭാവവും ചില പ്രത്യേക വിഭാഗങ്ങളെ ഒന്നിപ്പിക്കുവാനും അവരുടെ ആശയങ്ങളും വിശ്വാസങ്ങളും പ്രചരിപ്പിക്കുവാനും ശ്രമിച്ചിട്ടുണ്ട്. ഇത് ഒരളവുവരെ ജനങ്ങളിൽ ഐക്യബോധവും സംസ്കാരവും വളർത്തുവാൻ സഹായിച്ചിട്ടുണ്ട്.

1950–ന് മുൻപുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിനോ മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളോ നടത്താനുള്ള സൗകര്യം ജനതയ്ക്കുണ്ടായിരുന്നില്ല. നിലത്തെഴുത്താശാന്മാർ ചില വീടുകൾ കേന്ദ്രീകരിച്ച് എഴുത്തും വായനയും പഠിപ്പിച്ചിരുന്നു. താളിയോലയിൽ നാരായം കൊണ്ടെഴുതുന്ന രീതി അന്ന് ഉണ്ടായിരുന്നു. 50–കൾക്ക് ശേഷം ഇപ്പോൾ കേളകം പഞ്ചായത്തിലുള്ള മഞ്ഞളാംപുറം സ്കൂളിലും പേരാവൂർ പഞ്ചായത്തിലുള്ള തൊണ്ടിയിൽ സ്കൂളിലും വളരെ കുറച്ചുപേർ വിദ്യാഭ്യാസത്തിനായി പോയിരുന്നു.

1956–ൽ ഓടപ്പുഴയിലും 1957–ൽ കൊളക്കാട്ടും ഒരോ സ്കൂളുകൾ ആരംഭിച്ചു. 1964–ൽ കണിച്ചാറും 1982–ൽ പൂളക്കുറ്റിയിലും 1983–ൽ ഏലപ്പീടികയിലും സ്കൂളുകൾ അനുവദിച്ചു. 1982–ൽ കൊളക്കാട്ട് ഒരു ഹൈസ്കൂളും അനുവദിച്ച് പ്രവർത്തനമാരംഭിച്ചു.

സാംസ്കാരിക കേന്ദ്രങ്ങളായ വായനശാലകൾ ക്ലബുകൾ എന്നിവ 1960– നും 70–നും ഇടയിലുള്ള കാലഘട്ടത്തിൽ ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ജനങ്ങളുടെ കൂട്ടായ ശ്രമങ്ങളുടെ ഫലമായി തുടങ്ങിയിട്ടുണ്ട്. ഈ കാലഘട്ടമായപ്പോഴേക്കും ജാതീയമായുള്ള വേർതിരിച്ച് വളരെയേറെ കുറയുകയും സാംസ്കാരി പ്രവർത്തനങ്ങളിൽ ഒന്നിച്ച് പ്രവർത്തിക്കുകകയും ചെയ്യാൻ സാധിച്ചു. 1964–ൽ ചെങ്ങോത്ത് ജനങ്ങൾ സംഘടിക്കുകയും അവരുടെ നേതൃത്വത്തിൽ ഒരു വായനശാലയും ആർട്സ് ആൻഡ് സ്പോർട്സ് ക്ലബും രൂപികരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കൊളക്കാട്, കണിച്ചാർ എന്നീ പ്രദേശങ്ങളിലും ഇതുപോലുള്ള വായനാശാലകളും

ക്ലബുകളും പ്രവർത്തിച്ചിട്ടുണ്ട്. ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾക്കും സാംസ്കാരിക വളർച്ചയ്ക്കും ഇവ പ്രയോജനപ്പെട്ടിട്ടുണ്ട്.

## ആചാരങ്ങൾ

ഗിരിവർഗക്കാരുടെ പ്രത്യേകിച്ച് കുറിച്യരുടെ ഇടയിൽ ചില ആചാരങ്ങൾ കർശനമായി പാലിച്ചിരുന്നു. സ്ത്രീകൾ പ്രസവിക്കാറാകുമ്പോൾ അവർക്ക് വേണ്ടി കെട്ടിയുണ്ടാക്കിയ ഒറ്റമുറിയുള്ള ഒരു സങ്കേതത്തിൽക്കഴിയുകയും പ്രസവിച്ച് നിശ്ചിത ദിവസം കഴിയുമ്പോൾ മാത്രം മറ്റുള്ളവരുടെ കൂടെ കഴിയാൻ അനുവദിക്കുകയും ചെയ്യുക. അതുപോലെ ആർത്തവകാലത്തും ഇതുപോലെ മാറിതാമസിക്കുക, മറ്റുള്ള ജനവിഭാഗങ്ങളെ തൊടാതിരിക്കുക, അവർ തൊട്ട സാധനങ്ങൾ കഴിക്കാതിരിക്കുക, തൊട്ടാൽ കുളിക്കുക എന്നീ ആചാരങ്ങളും നിലവിലുണ്ടായിരുന്നു. അപൂർവമായി ഇന്നും ഈ ആചാരങ്ങൾ കാണപ്പെടുന്നുണ്ട്. ഹിന്ദുക്കളുടെയിടയിലും പണ്ട് ആർത്തവസമയത്ത് മറ്റുള്ളവരെ തൊടാതിരിക്കുന്ന ഏർപ്പാടുണ്ടായിരുന്നു. ഇപ്പോൾ ഈ സ്ഥിതി മാറിയിട്ടുണ്ട്.

## ആഘോഷങ്ങൾ

കൈകൊട്ടിക്കളി, കോൽക്കളി, നാടൻ കലാരൂപങ്ങളായ തുടികൊട്ട്, എന്നിവ ഗിരിവർഗക്കാരുടെ ഇടയിൽ നില നിന്നിരുന്നു. അപൂർവം സ്ഥലങ്ങളിൽ ഇന്നും ഇവ നടക്കുന്നു. മറ്റ് ആഘോഷങ്ങളായി പള്ളി പ്പെരുന്നാളുകളും ഉത്സവങ്ങളും നടക്കുന്നുണ്ട്.

കൊളക്കാട് പള്ളി കുരിശുമലകയറ്റം ഇന്നാട്ടിലെ ഒരു പ്രധാന ആഘോഷമാണ്. ഈസ്റ്റർ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് മലകയറ്റം. നാനാ ജാതി മത വിഭാഗങ്ങളിൽപ്പെട്ടവർ ഇതിൽ പങ്കുകൊള്ളാറുണ്ട്. മലബാറിലെ ഏറെ പ്രധാനപ്പെട്ട കുരിശുമല തീർഥാടനമാണിത്. അതുപൊലെ കണിച്ചാറിലെ ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ തൈപ്പൂയ മഹോത്സവം മുർച്ചിലക്കാവ് ശ്രീദേവിക്ഷേത്രത്തിലെ കുഭഭരണി മഹോത്സവം എന്നിവയിലും ജാതി മത ഭേദമന്യേ ജനങ്ങൾ പങ്കുകൊള്ളുന്നു. കൂടാതെ കൊട്ടിയൂർ വൈശാഖ് മഹോത്സവമാണിത്. ഇന്നാട്ടിൽ നിന്ന് ആയിരങ്ങൾ പോകാറുണ്ട്, പങ്കെടുക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു.

കേരളീയരുടെ ദേശീയ ഉത്സവമായ തിരുവോണത്തിന് പണ്ടത്തെ നാടൻ കളികളായ തലപ്പന്തുകളി, കോൽകളി, കുടുകുടു, കിളികിളി, സ്ത്രീകളുടെ കൈകൊട്ടിക്കളി, തിരുവാതിരകളി, തുമ്പിതുള്ളൽ, ഊഞ്ഞാലാട്ടം എന്നിവയൊക്കെ മാറിയെങ്കിലും ഇന്ന് നാടിന്റെ എല്ലാ മേഖലകളിലുമുള്ള ക്ലബുകളുടേയും മറ്റു സംഘടനകളുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തി കേരളോത്സവവും ഓണാഘോഷ മത്സരങ്ങളും മറ്റു കളികളും നടത്തുന്നത് ജനങ്ങളുടെ ഐക്യത്തിനും സംസ്ക്കാർത്തിനും വിലപെട്ട സംഭാവനയാണ്.

## വായനാശാലയും ഗ്യന്ഥാലയങ്ങളും

1964–ന് ശേഷവും കണിച്ചാർ പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങളിലെല്ലാം ജനപങ്കാളിത്തത്തോടെ വായനശാലകളും ഗ്രന്ഥാലയങ്ങളും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സാമ്പത്തിക പരാധീനതകളും പ്രവർത്തനത്തിന്റെ കുറവും മൂലം ചിലവ ചേതനയറ്റ രീതിയിലാണുള്ളത്. പഞ്ചായത്ത് വക ഇപ്പോൾ ഒരു വായനാശാലയും ഗ്രന്ഥാലയവും ഉണ്ടെങ്കിലും ജനങ്ങൾക്ക് ഉപകാര പ്രദമായ രീതിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 6 ഗ്രന്ഥാലയങ്ങളും 8 വായനശാലകളും പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഇപ്പോഴുമുണ്ട്.

### പട്ടിക– 1

| SL.NO. | വാർഡ് | സ്ഥാപിച്ച വർഷം | പേര് | വായനശാല | ഗ്രന്ഥാലയം | പുസ്തകങ്ങളുടെ എണ്ണം | പത്രമാസികകൾ | കെട്ടിടവിവരം |
|---|---|---|---|---|---|---|---|---|
| 1 | I | | പ്രിയദർശിനിമടപ്പുരച്ചാൽ | | | – | 2 | സ്വന്തം കെട്ടിടം |
| 2 | II | | കഞ്ഞിച്ചാർ ആശാൻ സ്മരാക ഗ്രന്ഥാലയം | | | 1000 | - | വാടകകെട്ടിടം |
| 3 | II | | കഞ്ഞിച്ചാർ പഞ്ചായത്ത് ഗ്രന്ഥാലയം | | | 1810 | 4പത്രം, 3മാസിക | സ്വന്തം കെട്ടിടം |
| 4 | II | | ക്ലവർ ആർട്സ് & സ്പോർട്സ് ക്ലബ് അണുങ്ങോട് | | | – | 1 പത്രം,1 മാസിക | സ്വന്തം ഷെഡ് |
| 5 | IV | 1964 | പീപ്പിൾസ് റീഡിംഗ് റൂം ചെങ്ങോം | | | – | 2 പത്രം | സ്വന്തം കെട്ടിടം |
| 6 | V | | മഹാത്മ ആർട്സ് & സ്പോർട്സ് ക്ലബ് കിഴക്കേ മാവടി. | | | – | 1പത്രം | വാടകകെട്ടിടം |
| 7 | VI | | എവർഷൈൻ ആർട്സ് & സ്പോർട്സ് ക്ലബ് കൊളക്കാട്. | | | 530 | 1പത്രം | വാടകെട്ടിടം |

പത്രമാസികകളാണ് വായനശാലകളിൽ കൂടി ജനങ്ങളുടെ ബോധന നിലവാരം ഉയർത്തുന്നതിനുവേണ്ടി ലഭിക്കുന്ന മാധ്യമം. പഞ്ചായത്തു സംസ്ക്കാരിക നിലയം പ്രവർത്തിക്കുന്നതിൽ ഒരു ടി.വി.സെറ്റും സ്ഥാപിച്ചിട്ടുണ്ട്. പത്രങ്ങളിലും ടി.വി. കളിലുള്ള പരസ്യങ്ങളുടെ അതിപ്രസരം ജന ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പലപ്പോഴും ആർഭാടത്തിനുവേണ്ടി സമ്പാദ്യത്തിൽ ഏറിയപങ്കും ചിലവഴിക്കുകയും മാനസിക സംഘർഷത്തിൽപ്പെടുകയും ചെയ്യുന്നവർ ധാരളമുണ്ട്. നിലവാരമില്ലാത്ത പരസ്യ നിരോധിക്കുന്നതടക്കമുള്ള കാര്യങ്ങൾ അധികൃതർ ചെയ്യേണ്ടതാണ്. വാരികകളിൽ കൂടി പ്രചരിപ്പിക്കുന്ന പൈങ്കിളി സാഹിത്യവും ജനജീവിതത്തെ സാരമായി ബാധിക്കുന്നു. കച്ചവടക്കണ്ണുമാത്രം ലക്ഷ്യമാക്കി മനുഷ്യരുടെ മൃദുലവികരാങ്ങളെ തൊട്ടുണർത്തി പണം കൊയ്യുന്നതിനുവേണ്ടിയുള്ള ഇത്തരം സാഹിത്യകൃതികൾ വായിക്കുന്ന ഒരു വിഭാഗം ജനങ്ങൾ ആ വഴിക്ക് ചിന്തിക്കുകയും അനുകരിക്കുകയും ചെയ്യുന്നതിന്റെ ദുഷ്ഫലം നമ്മൾ അനുഭവിക്കേണ്ടിവരുന്നു. കൂട്ട ആത്മഹത്യ, കൊലപാതകം, ഒളിച്ചോട്ടം, അനാശാസ്യപ്രവർത്തനങ്ങൾ എന്നിവ നമ്മുടെ നാട്ടിലും ഉണ്ടാകുന്നതിന്റെ പ്രധാന ഉത്തരവാദിത്തം ഇത്തരം പൈങ്കിളി സാഹിത്യ രചനകളുടെ പ്രസിദ്ധീകരണത്തിലൂടെയാണ്.

ടി.വികളിലും പത്രങ്ങളിലുമുള്ള പരസ്യങ്ങളും പല രീതിയിൽ ദോഷകരമാകുന്നുണ്ട്. ആർഭാട ജീവിതത്തിന് ഒരു പരിധിവരെ ഉത്തരവാദിത്വം ഇവക്കാണ്. സൗന്ദര്യ വർധക വസ്തുക്കൾ, സ്വർണം, വസ്ത്രം, എന്നിവയുടെ ആവശ്യത്തിലധികമുള്ള ഉപയോഗം പരസ്യം മൂലമുണ്ടാക്കുന്നുണ്ട്. മറ്റുള്ളവരെ അനുകരിക്കുന്നതിനുള്ള പ്രവണതയും സമൂഹത്തിൽ മാന്യസ്ഥാനം ലഭിക്കും. എന്ന മിഥ്യാ ധാരണയും ഉണ്ടാക്കുക മൂലം പരസ്യങ്ങളിൽ കാണുന്ന സാധനങ്ങൾ വാങ്ങുവാൻ പ്രേരണ നൽകുന്നു.

പത്തു പതിനഞ്ച് വർഷങ്ങൾക്കു മുൻപ് വിവാഹം ജീവിതസഖിയെ തെരഞ്ഞെടുക്കാനുള്ള ലളിതമായ ഒരു ചടങ്ങായിരുന്നു. സ്ത്രീധനവും വിവാഹത്തിന്റെ മറ്റു ചടങ്ങുകളും നില നിർത്തിരുന്നെങ്കിലും ഓരോ വ്യക്തിക്കും താങ്ങാൻ കഴിയുന്ന നിലയിലായിരുന്നു അന്നുണ്ടായിരുന്നത്. സ്ത്രീധനം കേരളത്തിൽ നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ ഈ സമ്പ്രദായം ഒട്ടും കുറയുകയില്ല. കൂടുകയാണ് ചെയ്തിട്ടുള്ളത്. അതുപൊലെ വിവാഹത്തിന്റെ മറ്റ് ആർഭാടങ്ങളും വർധിച്ചുവരുന്നു. ചില കുടുംബങ്ങളെങ്കിലും നശിക്കുന്നതിനും ഇതുമൂലമുള്ള കലഹങ്ങളും കലാപങ്ങളും വർധിക്കുന്നതിനും ഇത് കാരണമാകും.

കലാ-കായിക രംഗം

കലാപരമായും കായികമായും നിലനിന്നുവന്നിരുന്ന കളികളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന 16 അംഗീകൃത സാംസ്കാരിക വേദികൾ കണിച്ചാർ പഞ്ചായത്തിലുണ്ട്. ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് എന്നാണ് പേരെങ്കിലും ഇവയിൽ കൂടുതലും നേരമ്പോക്കിനുവേണ്ടി നാട്ടുകാരാൽ സ്ഥാപിക്കപ്പെട്ടതാണ്. പേരിനുമാത്രമുള്ള കലാ-കായിക പ്രവർത്തനങ്ങൾ മാത്രമാണ് നടക്കുന്നത്. മറ്റുള്ള സമയങ്ങളിൽ ചീട്ടുകളി, കാരംസ്, ചെസ് എന്നിവയിൽ ഒതുങ്ങി നിൽക്കുന്നു.

സ്വകാര്യ വ്യക്തി നടത്തുന്ന കണിച്ചാറിലെ ശ്രീ മൂകാംബിക-കലാക്ഷേത്രം കലാ പ്രതിഭകളെ കണ്ടെത്തി ആവശ്യമായ ശിക്ഷണം നൽകി വളർത്തിയെടുക്കുന്ന സ്ഥാപനമാണ്. നൃത്തങ്ങൾ ഓട്ടൻതുള്ളൽ എന്നിവക്ക് പ്രാധാന്യം കൊടുക്കുന്നു. പഞ്ചായത്തിന്റെ കൂടി സഹകരണവും പ്രോത്സാഹനവുമുണ്ടെങ്കിൽ ഇത്തരം ക്ലബുകളിലൂടെ കലാ കായിക പ്രതിഭകളെ വളർത്തിയെടുക്കാൻ സാധിക്കും.

ചിത്രരചനക്ക് കേരള ലളിത-കലാ-ആക്കാദമിയുടെ സംസ്ഥന അവാർഡ് ലഭിച്ച ശ്രീ.കരിയിലക്കണ്ടത്തിൽ ജോയ് ചാക്കോയും സംസ്ഥാന സ്കൂൾ കായികമേളയിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടിയ ശ്രീ. പി.ജെ.ഫിലിപ്പും ഈ പഞ്ചായത്തിലുണ്ട്. കൂടാതെ കലാ-കായിക രംഗങ്ങളിൽ സംസ്ഥാന നിലവാരം പുലർത്തുന്ന മറ്റു താരങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

14 മഹിളാ സമാജങ്ങളും 2 ജനവിദ്യാകേന്ദ്രങ്ങളും 2 ജനശിക്ഷണനലയങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സ്ത്രീകളുടെ ഉന്നമനത്തിനും, കൂട്ടായ്മയ്ക്കും വേണ്ടി പ്രവർത്തികുന്ന മഹിളാ സമാജങ്ങൾ വിവിധ പ്രശ്നങ്ങളെ നേരിടുന്നുണ്ട്.

1960-നും മുൻപ് ഉണ്ടായിരുന്ന ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിനോ മറ്റ് സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കോ പറ്റിയ യാതൊരു സൗകര്യവും ഉണ്ടായിരുന്നില്ല. അതിനാൽ നിരക്ഷരർ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിരുന്നു. 1990-നു മുൻപുണ്ടായിരുന്ന വയോജന വിദ്യാഭ്യാസ പദ്ധതിയിലൂടെയും 1990 കാലഘട്ടം മുതൽ നടപ്പാക്കിയ സാക്ഷരതാ പദ്ധതിയിലൂടെയും ഭൂരിഭാഗം ആൾക്കാർക്ക് അക്ഷരാഭ്യാസം

## പട്ടിക- 2

| Sl.No. | വാർഡ് | ക്ലബിന്റെ പേര് | സ്ഥാപിച്ചവർഷം | മെംബർമാർ | കെട്ടിടം,സ്ഥലം |
|---|---|---|---|---|---|
| 1 | I | പ്രിയദർശനി ക്ലബ് മഠപുരച്ചാൽ | 1986 | 60 | കെട്ടിടം |
| 2 | I | ബ്രദേഴ്സ് ക്ലബ് മഠപുരചാൽ | | | കെട്ടിടമില്ല |
| 3 | I | ഓടംകോട് | | | ,, |
| 4 | II | ബ്രദേഴ്സ് ക്ലബ്-അണുങ്ങോട് | | | ,, |
| 5 | II | ഇസ്ക്ര കണിച്ചാർ | | | ,, |
| 6 | II | ക്ലവർ ക്ലബ് അണുങ്ങോട് | 1988 | 24 | ഷെഡ് സ്വന്തം ഭൂമി |
| 7 | II | സരസ്വതി കാളികയം | | | കെട്ടിടമില്ല |
| 8 | II | സംഘമിത്ര കാളികയം | | | ,, |
| 9 | II | നവജ്യോതി അൽഫോൺസാഗിരി | | | ,, |
| 10 | II | യുവധാര കണിച്ചാർ | | | ,, |
| 11 | II | എസ്.എൻ. ക്ലബ് കണിച്ചാർ | | | സ്വന്തംകെട്ടിടം |
| 12 | III | ഗ്ലോറിയ കണിച്ചാർ | | | കെട്ടിടമില്ല |
| 13 | III | വിന്നേഴ്സ് കണിച്ചാർ | | | ,, |
| 14 | IV | ജാറിൽ സ്മാരക യൂത്ത് ക്ലബ് ചെങ്ങോം | 1996 | 25 | ,, |
| 15 | IV | യൂണിവേഴ്സൽ നെല്ലിക്കുന്ന് | 1996 | 20 | ,, |
| 16 | V | ഉദയ ക്ലബ് ചെങ്ങോം | | | ,, |
| 17 | V | മഹാത്മ കിഴക്കേവാടി | | | ,, |
| 18 | VI | ബ്രദേഴ്സ് പാറേൽപട്ടണം | | | ,, |
| 19 | VI | എവർഷൈൻ കൊളക്കാട് | 1982 | 200 | ,, |
| 20 | VI | മഹാത്മ കൾച്ചറൽ സെന്റർ | 1987 | 70 | ,, |
| 21 | VI | പ്രതിഭ ആർട്സ് ആൻഡ് സ്പോർട്സ് കാടൻമല | | | ,, |
| 22 | VI | നിർമല ആർട്സ് ക്ലബ് താന്നിക്കുന്ന് | | | ,, |
| 23 | VII | ദസ് പൂളകുറ്റി | | | ,, |
| 24 | VII | നവതരംഗിണി പൂളക്കുറ്റി | | | സ്ഥലം കെട്ടിടം |
| 25 | VII | കട്ടബൊമ്മൻ സ്പോർട്സ് ക്ലബ് തുടിയാട് | | | കെട്ടിടമില്ല |
| 26 | VIII | പ്രതീക്ഷ ആർട്സ് ക്ലബ് മലയാംപടി | | | ,, |
| 27 | VIII | നവജീവൻ 28-ാം മൈൽ | | | ,, |
| 28 | VIII | യുവസംഗമം ഏലപ്പീടിക | | | ,, |
| 29 | IV | പീപ്പിൾസ് റീഡിംഗ് റൂം ചേങ്ങോം | | | സ്ഥലം കെട്ടിടം |

നൽകുന്നതിന് സാധിച്ചു. തുടർ വിദ്യാഭ്യാസ പരിപാടി വേണ്ടത്ര ഭംഗിയായി നടത്താൻ കഴിയാതിരുന്നാൽ നവസാക്ഷരർക്ക് പിന്നീട് വേണ്ടത്ര പ്രോത്സാഹനം ലഭിച്ചില്ല. വായനശാലകൾ, ക്ലബുകൾ, ഗ്രന്ഥാലയങ്ങൾ, മഹിളാ സമാജങ്ങൾ, സാക്ഷരതാ പ്രവർത്തനം, ജനശിക്ഷണ നിലയങ്ങൾ, ജനവിദ്യാ കേന്ദ്രങ്ങൾ, മറ്റു സംഘടനാ പ്രവർത്തനങ്ങൾ, രാഷ്ട്രീയ പ്രവർത്തനങ്ങൾ എന്നിവകൊണ്ടൊക്കെ സമൂഹത്തിൽ സാംസ്കാരിക രംഗത്ത് വളരെയേറെ മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചിട്ടുണ്ട്.

## പൊതുനിർദേശങ്ങൾ

1.നാടൻ കലകൾ അന്യം നിന്നു പോകുന്നു. പശ്ചാത്യ സംസ്ക്കാരത്തിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെടുന്നു. ഇതിന് മാറ്റം വരുത്തുന്നതിനുവേണ്ടി നാടൻ കലകൾ കണ്ടെത്തി പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകി പുനരുദ്ധരിക്കുക.

2. സ്കൂളുകളിൽ കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രത്യേക സമയം കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ പരിശീലനക്കാരെ നിയമിക്കുവാൻ ആവശ്യമായത് ചെയ്യുകയും

വേണം.

3. പഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ ആവശ്യമായ പത്രമാസികൾ ലഭ്യമാക്കുകയും ടി.വി.പ്രവർത്തിക്കുന്നതോടൊപ്പം ലൈബ്രറി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുകയും വേണം.

4. പഞ്ചായത്തിലെ വായനശാലകൾക്ക് പത്രമാസികകളും മറ്റ് മാധ്യമങ്ങളും ലഭ്യമാക്കുകയും പ്രവർത്തനത്തിനാവശ്യമായ ഗ്രാൻഡും ഉപദേശ നിർദേശങ്ങളും നൽകി കാര്യക്ഷമമാക്കുകയും വേണം.

5. ക്ലബുകളിൽ കൂടുതൽ ആൾക്കാരെ പങ്കെടുപ്പിക്കുവാനും മെച്ചപ്പെട്ട പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനും ആവശ്യമായ നിർദേശങ്ങളും കെട്ടിടം പണിയാനും ഉപകരണങ്ങൾ വാങ്ങുവാനും വേണ്ട പണം ലഭ്യമാക്കാനും പഞ്ചായത് നടപടി സ്വീകരിക്കണം.

6.പൈങ്കിളി സാഹിത്യത്തിന്റെ പ്രചരണം തടയുന്നതിനും പരസ്യത്തിന്റെ അതിപ്രസരം ഒഴിവാക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കണം. 7. സാക്ഷരതാ ക്ലാസുകൾ പുനസംഘടിപ്പിക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ ഊർജസ്വലമാക്കുകയും ആവശ്യമായ വാർത്താ മാധ്യമങ്ങൾ നൽകുകയും ചെയ്യുക.

8. 6 മാസത്തിലൊരിക്കൽ പഞ്ചായത്ത് തലത്തിൽ കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

9. വായനശാലകളോടനുബന്ധിച്ച് ഗ്രന്ഥാലയം തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തികസഹായം ലഭ്യമാക്കുക. 10. പടിഞ്ഞാറെ വെള്ളൂന്നിയിൽ പ്രവർത്തനരഹിതമായി കിടക്കുന്ന വായനശാല പുനരുജ്ജീവിപ്പിക്കുവാൻ നടപടി സ്വീകരിക്കണം.

11. 8-ാം വാർഡിലെ പ്രകൃതി രമണീയമായ മിനി ജലവൈദ്യുത പദ്ധതിയുടെ സമീപം ഒരു വിനോദ സഞ്ചാര കേന്ദ്രം കൂടി സ്ഥാപിക്കുവാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കുക.

12. രണ്ട്, മൂന്ന്, നാല്, വാർഡുകളിൽ പ്രയോജനം ലഭിക്കത്തക്കരീതിയിൽ ചെങ്ങോം ആംഗൻവാടിക്കു സമീപം ഒരു കമ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

13.മയക്കുമരുന്നിന്റേയും, മദ്യപാനത്തിന്റെയും ഉപയോഗം ഇത്തരക്കാരെ അക്രമാസക്തരാക്കാറുണ്ട്. സാംസ്കാരിക ജീർണതകളുളവാക്കുന്ന ഇത്തരം പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുകയും ഇതിനെതിരേ ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം.

14. കായിക പ്രതിഭകൾക്ക് ആവശ്യമായ പരിശീലനം കൊടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ടാകണം.

15.പഞ്ചായത്തു തലത്തിൽ ഒരു ഓപ്പൺ എയർ സ്റ്റേഡിയം നിർമിക്കണം.

16.ചാണപ്പാറയിലും ചെങ്ങോത്തുമുള്ള(നല്ലിക്കുന്ന്) പഞ്ചായത്ത് സ്റ്റേഡിയം ഉപയോഗപ്രദമാക്കണം.



# 4.10 വനിതാക്ഷേമം

നമ്മുടെ നാട്ടിൽ അധികാര മേഖലകളിലേക്ക് വനിതകൾ കടന്നുവന്നുകൊണ്ടിരിക്കുന്ന ഒരു കാലമാണ് ഇത്. അഥവാ നിയമ നിർമ്മാണം വഴി അധികാരസ്ഥാനങ്ങളിൽ കടന്നെത്തുന്നതിനും സ്വന്തം കഴിവുകൾ രാജ്യത്തിന്റെയും സമൂഹത്തിന്റെയും ഉന്നതിക്കുവേണ്ടി വിനിയോഗിക്കുന്നതിനും സ്ത്രീകൾക്ക് അവസരങ്ങൾ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ നാടിന്റെ എല്ലാഭാഗത്തും ഭരണ കേന്ദ്രങ്ങളിലേക്ക് സ്ത്രീശക്തി കടന്നു വന്നിരിക്കുകയാണ്. സാമൂഹ്യ പുരോഗതിക്ക് ഇതുവരെ മുതൽകൂട്ടാൻ കഴിയാതെ സമൂഹത്തിന്റെ പിന്നണിയിൽ അടിസ്ഥാനഘടക പുരോഗതിയുടെ ചാലകശക്തിയായി വർത്തിച്ച് പുരുഷന്റെ പിന്നിൽ മറഞ്ഞുനിന്ന ശക്തിയാണ് നാടിന്റെ പുരോഗതിയുടെ പുതിയ ശക്തിസ്രോതസായി ബന്ധനമുക്തമായി വരുന്നത്, ചാരം മൂടിക്കിടന്ന കനലുകൾ കാറ്റുണർത്തിയതുപോലെ.

നമ്മുടെ നാട്ടിലെ ജനസംഖ്യ പരിശോധിച്ചാൽ ഒരു കാര്യം നമുക്ക് വ്യക്തമാകും. 50 ശതമാനത്തിലധികം സ്ത്രീകളാണെന്ന്. പക്ഷേ എണ്ണത്തിൽ പുരുഷനോളമോ അതിനേക്കാൾ കൂടുതലോ ഉണ്ടെങ്കിലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നു വരുമ്പോൾ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. സ്ത്രീകൾ എന്തുകൊണ്ട് പിന്നണിയിൽ പോവുന്നു എന്ന പ്രശ്നത്തിന് ഉത്തരം ചോദിച്ചാൽ സ്ത്രീകളെക്കാൾ കൂടുതൽ ആ ചോദ്യത്തിന് ഉത്തരം പറയാൻ കഴിയുന്നത് പുരുഷൻമാർക്കാണ്. പ്രത്യേകിച്ച് ഭാരതത്തിൽ, ഇതിനുത്തരം കണ്ടെത്തണമെങ്കിൽ ചരിത്രത്തിലേക്കൊന്നു കണ്ണോടിക്കാം. ഭർത്താവ് മരിച്ചാൽ ചിതയിൽചാടി മരിക്കാൻ വിധിക്കപ്പെട്ട സ്ത്രീയും, അച്ഛനും, ഭർത്താവും, പുത്രനും ഭരിക്കപ്പെടേണ്ട സ്ത്രീയുമാണവൾ എന്ന നിയമം പോലും ഉള്ളകാലഘട്ടമാണ് നമുക്ക് കാണാൻ കഴിയുക. എങ്കിലും ഝാൻസി ലക്ഷ്മീഭായിയും, ഇന്ദിരാഗന്ധിയുമൊക്കെ മുന്നണിയിലേക്കു കടന്നുവന്നിട്ടുണ്ട്. അതുപോലെ ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുത്ത സ്ത്രീകൾ നിരവധിയാണ്. നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ മേഖല പരിശോധിച്ചാൽ ഏറ്റവും ഉയർന്ന മാർക്കുനേടുന്നത് പെൺകുട്ടികളാണ്. സ്പോർട്സിലും മറ്റുകായിക രംഗങ്ങളിലും കൂടാതെ ശാസ്ത്രജ്ഞർ, ഡോക്ടർമാർ, എൻജിനീയർ തുടങ്ങിയ മേഖലകളിൽ കഴിവു തെളിയിച്ചവർ നിരവധിയാണ്. ഇവയെല്ലാം നമ്മോടു പറയുന്നത് അവസരം കിട്ടിയാൽ ഏത് മേഖലയിലും ശോഭിക്കാൻ സ്ത്രീകൾക്ക് കഴിയുമെന്നാണ്.

കണിച്ചാർ പഞ്ചായത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ, വിദ്യാഭ്യാസ മേഖലയിൽ പക്ഷേ പെൺകുട്ടികളേക്കാൾ കൂടുതൽ ആൺകുട്ടികളാണ്. എന്നാൽ പഞ്ചായത്തിലെ ഉന്നതവിദ്യാഭ്യാസം നേടിയവരുടെ കണക്കു പരിശോധിച്ചാൽ അതിൽ കുടുതൽ പെൺകുട്ടികളാണ് ആദ്യകാലത്തെല്ലാം സ്ത്രീകൾക്ക് ഉന്നത വിദ്യാഭ്യാസം നേടാനുള്ള അവസരം വളരെ പരിമിതമായിരുന്നു. അത്യാവശ്യം എഴുത്തും വായനയും എന്നതായിരുന്നു പല കുടുംബങ്ങളിലേയും അവസ്ഥ എന്നാൽ ഇന്നതിന് വളരെ മാറ്റം മായിട്ടുണ്ട്.

സത്രീകൾക്ക് വിദ്യാഭ്യാസം അവരുടെ അഭിരുചിക്ക നുസരിച്ച് മുന്നോട്ടു കൊണ്ടുപോവുന്നതിന് കുറെയൊക്കെ കഴിയുന്നുണ്ട്. ഈ മേഖലയിൽ അധ്യാപക രംഗത്തും ആരോഗ്യ രംഗത്തു പ്രവർത്തിക്കുന്ന നിരവധി വനിതകൾ ഉണ്ട്. തൊഴിൽ മേഖലയിലായാലും പുരുഷന്റെയൊപ്പം സ്ത്രീകൾക്കും സ്ഥാനമുണ്ട്. ഈ പഞ്ചായത്തിലെ മുഖ്യ വരുമാന മാർഗം കൃഷിയാണ്. കാർഷികമേഖലയിൽ തൊഴിൽ ചെയ്യുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും എണ്ണത്തിൽ കാര്യമായ അന്തരമില്ല. എന്നാൽ പഞ്ചായത്തിലെ ചെറുകിട വ്യാവസായ മേഖലയിൽ ജോലി ചെയ്യുന്ന പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീ തൊഴിലാളികളാണ്. സേവന വേതന വ്യവസ്ഥയിലെ അന്തരമാണ് ഇതിന്റെ പിന്നിലെ ഘടകം എന്നു തോന്നുന്നു.

ഇനി സാമൂഹ്യ മേഖല പരിശോധിച്ചാൽ സ്ത്രീകളുടെ പങ്കാളിത്തം വേണ്ടുവോളമുണ്ട്. എട്ടംഗങ്ങളുള്ള പഞ്ചായത്ത് ഭരണസമിതിയിൽ വൈസ് പ്രസിഡന്റ് അടക്കം മൂന്നുപേർ വനിതകളാണ്. ഇത് പഞ്ചായത്ത് രാജ് നിയനത്തിന്റെ ഒരു പിൻബലത്തോടുകൂടിയാണ്. എന്നാൽ രാഷ്ട്രീയ നേതൃത്വത്തങ്ങളിൽ സ്ത്രീകളുടെ പങ്ക് ഈ പഞ്ചായത്തിൽ വളരെ കുറവാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ അധ്യാപന രംഗത്ത സ്ത്രീകളാണ് കൂടുതൽ. പഞ്ചായത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളോടനുബന്ധിച്ച് 14 ഓളം മഹിള സമാജങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയിലെല്ലാംകൂടി 360 ഓളം പേർ അംഗങ്ങളായി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും അധികാരത്തിലേക്കുള്ള കോണിപ്പടികളായ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ സ്ത്രീകളുടെ പങ്ക് തീരെകുറവാണ്, ഇല്ലെന്നു തന്നെ പറയാം.

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ ക്ഷീരോൽപന്ന നിർമാണ യൂണിറ്റുകളിൽ 30 സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ട്. കൂടാതെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി രൂപീകരിച്ച തേനീച്ച വളർത്തൽ യൂണിറ്റ്, ജെല്ലിയൂണിറ്റ്, തഴപായ നിർമ്മാണ യുണിറ്റ് തുടങ്ങിയവയിൽ 32 സ്ത്രീകൾ ഗുണഭോക്താക്കളായുണ്ട്.

വിദ്യാലയങ്ങളിൽ രൂപീകരിച്ച മദർ പി.ടി.എ.കളിൽ അമ്മമാരുടെ പങ്കാളിത്തം വളരെ നല്ലനിലയിലാണ്. ഈ പഞ്ചായത്തിൽ സ്ത്രീകൾ പൊതുവെ സുരക്ഷിതരാണെന്ന് പറയാം. കാരണം സ്ത്രീകൾക്ക് നേരേയുള്ള അതിക്രമങ്ങൾ വളരെ കുറവായ ഒരു മേഖലയാണിതെന്നു തന്നെ പറയാം. സ്ത്രീപീഡന കേസുകൾ ഒറ്റപ്പെട്ട സംഭവങ്ങളാണ് അതുകൊണ്ട് തന്നെ പൊതുരംഗത്ത സേവനം ആവശ്യമായി വരുമ്പോൾ അവരുടെ ഭാഗത്തുനിന്ന് കലവറയില്ലാത്ത സഹകരണം ലഭിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1.തൊഴിൽ മേഖലയിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലിയിനത്തിൽ 30-40 ശതമാനം കൂലിനിരക്ക് കുറവനുഭവപ്പെടുന്നു.

2. സാമൂഹ്യ സേവനമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കൂടുതലായി കാണുന്നില്ല.

3. നല്ല സാമൂഹ്യ പ്രവർത്തകയായ സ്ത്രീക്ക് പുരുഷനൊപ്പം മാന്യത ലഭിക്കുന്നില്ല.

4. കുടുംബമെന്ന് സംവിധാനത്തിൽ നിന്ന് ധീരമായി പുറത്തിറങ്ങാനുള്ള അവസരം ലഭിക്കുന്നില്ല.

5. നല്ലൊരു ശതമാനം സ്ത്രീകളും വീടിന്റെ ചുവരുകൾക്കുള്ളിൽ ഒതുങ്ങികൂടേണ്ടിവരുന്നു.

6. തൊഴിൽ ചെയ്യുന്ന അമ്മമാരുടെ കുട്ടികളെ പരിചരിക്കുന്നതിന് ബേബിക്രഷ് സംവിധാനം പഞ്ചായത്തിൽ ഒരിടത്തും ലഭ്യമല്ല.

7. വനിതകൾക്ക് കുടിൽ വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുവാൻ വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

8.സർക്കാർ വഴി വനിതകളുടെ വികസനങ്ങൾക്കായി കർമ്മ പദ്ധതികൾ ആവിഷ്കരിക്കുക.

9.വനിതാ കായിക താരങ്ങളെ കണ്ടെത്തി അവർക്ക് പഞ്ചായത്ത് തലത്തിൽ വിദഗ്ധ കോച്ചിംഗ് ഏർപ്പെടുത്തുക.

10. വനിതകളുടെ ക്ഷേമത്തിനായി പഞ്ചായത്ത് തലത്തിൽ വനിതാ സെൽ ഇല്ല. ഇതുമൂലം ചൂഷണത്തിൽ നിന്നും മോചനം നേടുവാൻ സ്ത്രീകൾക്ക് കഴിയുന്നില്ല.

11 .വ്യാജവാറ്റ്, മദ്യപാനം മുതലായ സമൂഹ്യതിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക.

12. സ്ത്രീധന നിരോധന നിയമം കർശനമായി നനടപ്പിലാക്കുക.

13. വനിതകൾക്ക് പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യം നിർവഹിക്കുന്നതിന് ആവശ്യമായ മൂത്രപ്പുരയും, കക്കൂസും നിർമ്മിക്കുക.

14. സമൂഹത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക

15. മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും പോഷകാഹാരം പദ്ധതി പ്രാവർത്തികകമാക്കുക.

16. മത്സര പരീക്ഷകളിൽ വനിതകളെ സജ്ജമാക്കുന്നതിനുവേണ്ടിയുള്ള കോച്ചിംഗ് സെന്ററുകൾ ഏർപ്പെടുത്തുക.

17. സാംസ്കാരിക മൂല്യങ്ങൾ വളർത്തുവാനുതകുന്ന പരിപാടികളിൽ സ്ത്രീകൾക്ക് മുൻതൂക്കം നൽകി നടപ്പിൽ വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

18. സ്ത്രീകളെ വിൽപന ചരക്കാക്കി പ്രദർശിപ്പിക്കുവാനുള്ള പ്രവണതകൾ ഉന്മൂലനം ചെയ്യുക.

## സാധ്യതകൾ

1.സ്ത്രീകളുടെ വരുമാനം വർധിപ്പിക്കുന്നതിന് വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വേണ്ട സഹായം നൽകുക.

2. തൊഴിലെടുക്കുന്ന അമ്മമാർക്കും കുട്ടികളെ പരിചരിക്കുന്നതിന് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ ബേബിക്രഷ് അനുവദിക്കുക.

3. അർഹതയുള്ള സ്ത്രീകൾക്ക് പെൻഷൻ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

4. വനിതകൾക്ക് കുടിൽ വ്യവസായങ്ങൾ തുടങ്ങാൻ വേണ്ട മാർഗ്ഗനിർദേശങ്ങളും, ഗ്രാന്റും അനുവദിക്കുക.

5. പഞ്ചായത്ത് തലത്തിൽ വനിതാ സെൽ രൂപീകരിച്ച് വനിതകളെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുക.

6. തുന്നൽ പരിശീലന യൂണിറ്റ്, എംബ്രോയിഡറി യൂണിറ്റ്, അച്ചാർ, ചിപ്സ്, മധുര പലഹാരങ്ങൾ എന്നിവയുടെ യൂണിറ്റ് എല്ലാവാർഡിലും ആരംഭിക്കുക

7. വനിതകളുടെയും കുട്ടികളുടേയും മാനസിക-സാമൂഹിക വികസനത്തിന് ബോധവൽക്കരണ സെമിനാറുകൾ നടത്തുക.

8. പശു, ആട്, കോഴി, പന്നി എന്നിവയുടെ യൂണിറ്റുകൾ വനിതകൾക്കായി പ്രത്യേകം നൽകി അവർക്ക് പ്രോത്സാഹനം നൽകുക.

9. പച്ചക്കറികൃഷി വികസിപ്പിക്കുന്നതിന് വനിതകൾക്കു വേണ്ടി അടുക്കളതോട്ട നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുവാൻ വിത്ത്, വളം, കീടനാശിനി ഗ്രാൻഡ് എന്നിവ നൽകുക. അതിനായി വിദഗ്ധ ഉപദേശം നൽകുവാനുള്ള പദ്ധതികളും രൂപീകരിക്കുക.

10. നിർദ്ദനരായ വനിതകളുടെ മക്കൾക്ക് നൽകുന്ന സഹായധനം വർദ്ധിപ്പിക്കുന്നതൊടൊപ്പം അവ കൂടുതൽ പേർക്ക് നൽകുന്നതിനും വേണ്ട നടപടികൾ ആവിഷ്കരിക്കുക.

11. വനിതകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഓരോ സാംസ്കാരിക വേദികൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തുറക്കുക.

KERALA INSTITUTE OF LOCAL ADMINISTRATION ★ THRISSUR-680581 ★ LIBRARY



4337



# 4.11 പട്ടികജാതി പട്ടികവർഗക്ഷേമം

കണിച്ചാർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ പ്രദേശത്തെ ഭൂമിയുടെ ആദ്യത്തെ അവകാശികൾ ഇവിയെടുണ്ടായിരുന്ന പട്ടികവർഗക്കാരായ കുറിച്ച്യ സമുദായത്തിൽപ്പെട്ടവരും പണിയരുമായിരുന്നു. അവർ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദിശയിൽതന്നെ ഈ പഞ്ചായത്തിലെ നിബിഡവനങ്ങളിൽ താമസമുറപ്പിച്ചിരുന്നു.

എന്നാൽ അക്കാലത്ത് കാര്യമായ കൃഷിയൊന്നും നടത്തിയിരുന്നതായി പറയാൻ കഴിയില്ല. ആദ്യകാലത്ത് കാട്ടുകിഴങ്ങും തേനും കാട്ടിലെ ചെറിയമൃഗങ്ങളും പക്ഷികളും മറ്റുമായിരുന്നു ഇവരുടെ ഭക്ഷണം. എന്നാൽ, കുടിയേറ്റക്കാരായ പുതിയ താമസക്കാർ വന്നെത്തി കൃഷിയും അനുബന്ധപരിപാടികളുമായി മുന്നോട്ടുപോയതോടുകൂടി ഇവരും അൽപാൽപമായി കൃഷിയും മറ്റും തുടങ്ങി. ആദിവാസി വിഭാഗങ്ങളിൽ കുറിച്ച്യർക്ക് മാത്രമേ സ്വന്തമായി കൃഷിഭൂമിയുണ്ടായിരുന്നുള്ളൂ. പണിയർക്ക് ആകെയുള്ളതു വീടുവയ്ക്കുന്നതിനുവേണ്ടി കുറച്ചു സ്ഥലം മാത്രമായിരുന്നു. അവിടെ കോളനിയായി ഒരുമിച്ചു താമസിക്കുകയായിരുന്നു അവരുടെ പതിവ്. അവരുടെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പരസ്പരം സാമ്യമുണ്ടായിരുന്നു. എന്നിരുന്നാലും ജീവിതരീതിയിൽ വളരെ അന്തരമുണ്ടായിരുന്നു. കുറിച്ച്യർ ഇന്നു പുരോഗമനപരമായ ജീവിതമാണു നയിക്കുന്നത്. വീരപഴശി തമ്പുരാന്റെ സൈന്യത്തിൽ നല്ലൊരു ശതമാനം കുറിച്ച്യ ഭടൻമാരുമുണ്ടായിരുന്നു. അതിൽ നിരവധി പേർ ഈ പഞ്ചായത്തിൽ അധിവസിച്ചവരായിരുന്നു. പഴശി രാജാവ് ഇവരുടെ ജീവിതരീതി മനസിലാക്കുന്നതിനുവേണ്ടി ഇടക്കിടെ ഇവിടം സന്ദർശിച്ചിരുന്നതായി ചരിത്രം പറയുന്നുണ്ട്.

പട്ടിക -1 കണിച്ചാർ പഞ്ചായത്തിലെ പട്ടികജാതി - വർഗ ജനസംഖ്യ

| | വിഭാഗം | എണ്ണം | ശതമാനം |
|---|---|---|---|
| 1. | പട്ടികജാതി | 268 | 1.53% |
| 2. | പട്ടികവർഗം | 1948 | 11.12% |
| 3. | മറ്റുള്ളവ | 15,300 | 87.35% |
| | ആകെ | 17516 | – |

കണിച്ചാർ പഞ്ചായത്തിലെ ജനസംഖ്യാനുപാതം പരിശോധിക്കുമ്പോൾ 12 ശതമാനത്തോളം പട്ടികവർഗത്തിൽപ്പെട്ടവരാണ്. ഇതര ജനവിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസത്തിന്റെയും ജീവിതനിലവാരത്തിന്റെയും കാര്യത്തിൽ അവർ പിന്നണിയിൽ തന്നെയാണ്. എന്നാൽ കഴിഞ്ഞ 10-15 വർഷങ്ങളായി വിദ്യാഭ്യാസകാര്യങ്ങളിൽ അൽപം പുരോഗതിയുള്ളതായി കണക്കാക്കാം. കുറിച്ച്യ വിഭാഗം ഇന്നു വിദ്യാഭ്യാസമേഖലയിൽ വലിയ പുരോഗതി നേടിയതായി കാണാം. അവരുടെയിടയിൽ പ്രീഡിഗ്രിയും ഡിഗ്രിയും നേടിയിട്ടുള്ളവർ നിരവധിയുണ്ട്. എന്നാൽ, പണിയവിഭാഗത്തിൽപ്പെടുന്നവർ ഇക്കാര്യങ്ങളില്ലെല്ലാം വിമുഖരാണ്. സാമുദായികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയാണിതിനു പ്രധാനകാരണം. സാമൂഹ്യമായ സമ്മർദമോ പ്രേരണയോ നിമിത്തം സ്കൂളിൽ എത്തുന്ന ഈ വിഭാഗത്തിലെ കുട്ടികൾ അധികംവൈകാതെ തന്നെ പഠനം നിർത്തി പോവുന്നതായി കാണാം. കുട്ടികളോടൊപ്പം തന്നെ കോളനിയിലെ മുതിർന്നവർക്കും വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തിയാൽ മാത്രമേ ഫലപ്രദമായി ഇതു മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. അതിനു സാക്ഷരതാ പ്രവർത്തനം വീണ്ടും ആരംഭിക്കേണ്ടയിരിക്കുന്നു. സാക്ഷരതാ വിദ്യാഭ്യാസം

പട്ടിക–2

## പട്ടികവർഗകോളനികൾ – പണിയവിഭാഗം

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകൾ | കുടുംബങ്ങൾ എണ്ണം | കിണർ | കക്കൂസ് | റോഡ് |
|---|---|---|---|---|---|---|---|
| 1 | 1 | പന്ത്രണ്ടേക്കർ കോളനി | 4 | 6 | ഇല്ല | ഇല്ല | ഇല്ല |
| 2 | 1 | എടത്താഴ കോളനി | 3 | 5 | ഇല്ല | ഇല്ല | ഇല്ല |
| 3 | 1 | പന്തപ്ലാക്കൽ | 4 | 12 | കുഴൽകിണർ | ഇല്ല | ഇല്ല |
| 4 | 2 | അണുങ്ങോട് ലക്ഷംവീട് | 11 | 18 | ആകെ ഒരു കിണർ | ഇല്ല | ഇല്ല |
| 5 | 2 | കരിയിൽ കോളനി | 2 | 7 | ഇല്ല | ഇല്ല | ഇല്ല |
| 6 | 2 | കാളികയം | 3 | 7 | ഉണ്ട് | ഇല്ല | ഇല്ല |
| 7 | 2 | താഴെകാളിയം | ഇല്ല | 3 | ഇല്ല | ഇല്ല | ഇല്ല |
| 8 | 2 | മേലേടത്ത് | 4 | 6 | ഉണ്ട് | ഇല്ല | ഇല്ല |
| 9 | 2 | അന്തിക്കണ്ടം | 1 | 8 | ഉണ്ട് | ഇല്ല | ഇല്ല |
| 10 | 2 | പാറക്കുടുമ്പ് | ഇല്ല | 4 | ഇല്ല | ഇല്ല | ഇല്ല |
| 11 | 2 | പന്തപ്ലാക്കൽ | 2 | 5 | ഇല്ല | ഇല്ല | ഇല്ല |
| 12 | 5 | ആറ്റംമേരി | 10 | 25 | ഉണ്ട് | ഇല്ല | ഉണ്ട് |
| 13 | 4 | ഓടപ്പു | 10 | 25 | ഉണ്ട് | ഇല്ല | ഇല്ല |
| 14 | 6 | കാടൻമല –മിച്ചഭൂമി | 1 | 10 | ഇല്ല | ഇല്ല | ഇല്ല |
| 15 | 8 | അരുവിക്കൽ | 15 | 35 | ഇല്ല | ഇല്ല | ഇല്ല |
| 16 | 8 | ഓടപ്പുഴ | 5 | 12 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 17 | 7 | മൊടവങ്ങോട് | 1 | 3 | ഇല്ല | ഇല്ല | ഇല്ല |
| 18 | 8 | 28–ാം മൈൽ മിച്ചഭൂമി | – | 2 | ഇല്ല | ഇല്ല | ഇല്ല |

തുടർന്നു പോവാത്തതിനാൽ കോളനികളിലെ അക്ഷരബോധം നേടിയവർപോലും നിരക്ഷരതയിലേക്കു മടങ്ങിപ്പോവുന്ന കാഴ്ചയാണ് ഇന്നു കാണുന്നത്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളും അതുകൊണ്ട് സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങളും അവരെ ബോധ്യപ്പെടത്തിയാൽ മാത്രമേ വിദ്യഭ്യാസപ്രവർത്തനങ്ങളിൽ അവരെ സജീവമായി പങ്കെടുപ്പിക്കാൻ കഴിയൂ. അതില്ലെങ്കിൽ അവരുടെ പുരോഗതിക്കു വേണ്ടി സർക്കാർ, ഏജൻസികൾ വഴി ലക്ഷങ്ങൾ മുടക്കുന്നതു ഇന്നത്തേതുപോലെ പാഴ്‌വേലയാകും നാളെയും.

ഇന്നാട്ടിലെ ആദിവാസിവിഭാഗത്തിൽപ്പെട്ടവർ മിക്ക

## മറ്റുപുതിയ ജനവാസകേന്ദ്രങ്ങൾ

| നമ്പർ | വാർഡ് | പേര് | വീട് | കുടുംബം | കിണർ/കക്കൂസ്/റോഡ് |
|---|---|---|---|---|---|
| 1 | 1 | അണുങ്ങോട് ബസാർ | 1 | 2 | ഇല്ല |
| 2 | 2 | അണുങ്ങോട് അംഗൻവാടിക്കു സമീപം | 3 | 9 | ഇല്ല |
| 3 | 2 | മാണിപറമ്പിൽ | 1 | 2 | ഇല്ല |
| 4 | 2 | അണുങ്ങോട് മിച്ചഭൂമി | 3 | 3 | ഇല്ല |
| 5 | 2 | ചാണപ്പാറ മിച്ചഭൂമി | 3 | 3 | ഇല്ല |
| 6 | 5 | ചാണപ്പാറ കുടംബ് | 2 | 3 | ഒരു കിണർ ഉണ്ട് |
| 7 | 5 | താഴെ ചാണപ്പാറ2 | 1 | ഇല്ല | റോഡുണ്ട് |

## പട്ടികവർഗ - കുറിച്യ കോളനികൾ

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകൾ | കുടുംബങ്ങൾ |
|---|---|---|---|---|
| 1 | 1 | മഠപ്പുരച്ചാൽ (കോളനിയല്ല) | 7 | 7 |
| 2 | 3 | ചെങ്ങോം | 3 | 4 |
| 3 | 4 | പടിഞ്ഞാറെ വെള്ളൂന്നി | 58 | 68 |
| 4 | 6 | അത്തിയേരി | 8 | 8 |
| 5 | 6 | കാടൻമല | 18 | 21 |
| 6 | 7 | തുടിയാട്, മോറൻ തുടിയാട് | 23 | 23 |
| 7 | 7 | മുടവങ്ങോട് | 14 | 17 |
| 8 | 7 | വെള്ളറ - അഞ്ചില്ലം | 42 | 42 |
| 9 | | ഏലപ്പീടിക -കറുപ്പകുന്ന് | 11 | 14 |

വാറും കാർഷികമേഖലയിൽ തൊഴിൽചെയ്ത് ഉപജീവനം നടത്തുന്നവരാണ്. എന്നാൽ മൂന്നുകോളനിയിലുള്ളവർ പരമ്പരാഗതമായ രീതിയിൽ പായ നെയ്ത്ത്, കൊട്ട, വട്ടി നിർമാണം ഇവ ഉപജീവനമായിട്ടുള്ളവരാണ്.

28-ാം മൈൽ, മൊടവങ്ങോട്, വെള്ളറ കോളനികൾ ഫോറസ്റ്റ് അതിർത്തിയിലാണ് എങ്കിലും ഇവിടെ നിന്നുള്ളവർക്കും തൊഴിലിന് ആവശ്യമായ ഈറ്റ, മുള, തഴ എന്നിവ ആവശ്യമായ തോതിൽ ലഭിക്കുന്നില്ല. എന്നിരുന്നാലും പത്തോളം കുടുംബങ്ങളെങ്കിലും ഈ തൊഴിൽചെയ്ത് ഉപജീവനം നടത്തിപ്പോരുന്നുണ്ട്. വർഷത്തിൽ മൂന്ന് നാലു മാസമെങ്കിലും ഈ തൊഴിൽ ചെയ്തു മുന്നോട്ടു പോവുന്നതിനു ഇവർക്കു സാധിക്കുന്നു.



## പാർപ്പിടം

ഈ പഞ്ചാത്തിൽ ആകെ 407 ആദിവാസി കുടുംബങ്ങളുണ്ട്. ഇതിൽ 201 കുടുംബങ്ങൾ കുറിച്ച്യ സമുദായത്തിൽപ്പെട്ടതും 206 കുടുംബങ്ങൾ പണിയവിഭാഗത്തിൽപ്പെട്ടതുമാണെന്ന് ഏറ്റവും ഒടുവിലത്തെ കണക്കുകൾ സൂചിപ്പിക്കുന്നു. പട്ടികകൾ കാണുക. ഇതിൽ കുറിച്ച്യ വിഭാഗത്തിൽപ്പെടുന്നവർക്ക് സർക്കാരിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി വിടുകൾ നിർമിച്ചുകിട്ടിയിട്ടുണ്ട്.

ഇരുപതിൽതാഴെ കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലാത്തതായുണ്ട്. മിക്കവാറും എല്ലാ കുടുംബങ്ങളും തന്നെ സ്വന്തമായി ഭൂമിയുള്ളവരാണ്. അവരുടെ തന്നെ പരമ്പരാഗതരീതിയിൽ ഒരു വിധം സൗകര്യങ്ങളുള്ള ഓടിട്ട വീടുകളാണു നിർമിച്ചുകിട്ടിയിരിക്കുന്നത്. എങ്കിലും മുൻകാലങ്ങളെപ്പോലെ കുറഞ്ഞതുകയ്ക്ക് ഇപ്പോൾ ഭവനനിർമാണം പൂർത്തിയാവുന്നില്ലെന്ന പരാതി അവർക്കിടയിലുണ്ട്. ചില വീടുകൾ താമസം തുടങ്ങിയിട്ടുണ്ടെങ്കിലും ഇതുമൂലം പണി പൂർത്തിയായിട്ടില്ല. ആയതിനാൽ ആദി

വാസിവിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭവനനിർമാണ സഹായം വർധിപ്പിച്ചു നൽകേണ്ടതാണെന്ന അഭിപ്രായം പൊതുവേയുണ്ട്. ഇങ്ങനെ നിർമിക്കുന്ന വീടുകളോടനുബന്ധിച്ചു കക്കൂസ് ഉണ്ടാക്കുന്നതിനു കൊടുക്കുന്ന പണവുംകൂടി വീടിനുവേണ്ടി ചെലവഴിക്കേണ്ടിവരുന്നു.

പൊതുവായ കാര്യങ്ങളിൽ ഏറ്റവും പ്രധാനം റോഡുകൾ തന്നെയാണ്. ഈ പഞ്ചായത്തിലെ ഒരു കോളനിയിലേക്കും സുഗമമായ വാഹനഗതാഗതത്തിന് ഉതകുന്നതരത്തിലുള്ള റോഡുകളില്ല. ഏറ്റവും പ്രാധാന്യത്തോടെ ചെയ്തുതീർക്കേണ്ട ഒരു കാര്യമാണിത്. അതുപോലെ ഒരു കോളനിയിലൊഴികെ മറ്റു കോളനികളിലൊന്നും നാളിതുവരെയായി വൈദ്യുതി എത്തിയിട്ടില്ല. ആയതിനാൽ അതു പരിഹരിച്ചുകൊടുക്കാൻ പ്രത്യേകപരിപാടി ആവിഷ്ക്കരിച്ചു നടപ്പാക്കണം.

അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് ആരോഗ്യപ്രശ്നമാണ്. പണിയവിഭാഗത്തിൽപ്പെട്ടവർ രോഗങ്ങൾവന്നാൽ വൈദ്യസഹായത്തിന് ആശുപത്രികളെ സമീപിക്കുന്ന പതിവില്ല. അതുകൊണ്ട് പകർച്ചവ്യാധികളും മറ്റും അവർക്കിടയിൽ കൂടുതലായി കണ്ടുവരുന്നു. അരുവിക്കൽ, അറ്റംഞ്ചേരി മുതലായ പണിയ കോളനികളിൽ അജ്ഞാതരോഗം മൂലം ആളുകൾ അടുത്തകാലത്ത് മരണമടഞ്ഞിട്ടുണ്ട്. ഇതെന്താണെന്നു കണ്ടുപിടിച്ചു വേണ്ട ചികിത്സ ഉടനടി നൽകേണ്ടതാണ്. അതുപോലെ കോളനികൾ വർഷത്തിൽ രണ്ടുതവണയെങ്കിലും വിദഗ്ധ ഡോക്ടർമാരുടെ ഒരു സംഘം സന്ദർശിച്ച് എല്ലാവരേയും പരിശോധിച്ച് ഹെൽത്ത്കാർഡുകൾ വിതരണം ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുതലത്തിൽ പി.എച്ച്.സി.യുടെ നേതൃത്വത്തിൽ ഡോക്ടർമാരുടെ സേവനം രണ്ടുമാസത്തിലൊരിക്കൽ ലഭ്യമാക്കണം.

ആരോഗ്യത്തെക്കുറിച്ചും ശുചിത്വപരിപാടികളെക്കുറിച്ചും അവരെ ബോധവാൻമാരാക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പരിപാടികൾക്ക് പഞ്ചായത്ത് രൂപം നൽകണം. മുഴുവൻ കോളനികളിലെയും കുട്ടികൾക്ക് പോഷഹാകാരക്കുറവുകൊണ്ടുള്ള രോഗങ്ങൾ ഉണ്ട്. ഇതു പരിഹരിക്കുന്നതിനുവേണ്ടി ആവശ്യമായ പോഷകാഹാര പരിപാടി നടപ്പാക്കണം. അതിനാവശ്യമായ വരുമാനം അവർക്ക് സ്വന്തമായി ഉണ്ടാവുന്നതിനുവേണ്ടി തൊഴിൽ പരിപാടികൾക്ക് രൂപം നൽകണം. അതുപോലെ വേണ്ടത്ര ശുദ്ധജലം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കണം.

അടിയന്തരമായും മുഴുവൻ കുടുംബങ്ങൾക്കും വീടു നിർമിച്ചു നൽകണം. ഇപ്പോൾ 28-ഓളം പണിയകുടുംബങ്ങൾ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തതിനാൽ കടത്തിണ്ണകളിലും മറ്റുള്ളവരുടെ ഭവനങ്ങളിലുമാണ് അന്തിയുറങ്ങുന്നത്. ഇതിന് ഉടനെ പരിഹാരം കാണണം.

നല്ലൊരു ശതമാനവും കർഷകരോ കർഷകതൊഴിലാളികളോ ആണ്. ആയതിനാൽ സ്വന്തമായി ഭൂമിയുള്ളവർക്ക് സൗജന്യനിരക്കിൽ വിത്തുകളും തൈകളും കാർഷികപണിയായുധങ്ങളും നൽകണം. അവരുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു കൃഷിഭവൻ വഴി പ്രത്യേകപദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ കാർഷിക ബോധവൽക്കരണവും നൽകുക.

ആദിവാസികൾക്കുള്ള തൊഴിൽഭദ്രതാ പരിപാടിയായി അനുവദിക്കുന്ന ജോലികൾ അവരെക്കൊണ്ടുതന്നെ ചെയ്യിക്കുന്നുവെന്നും അവർക്കു ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുക.

നമ്മുടെ പഞ്ചായത്തിലെ ചെറുപ്പക്കാരായ തൊഴിലാളികളെ ഇടനിലക്കാരായ ആളുകൾ കൂട്ടിക്കൊണ്ടുപോയി ദൂരദേശങ്ങളിൽ പണിയെടുപ്പിച്ചു ചൂഷണംചെയ്യുന്ന നടപടി അവസാനിപ്പേക്കേണ്ടതാണ്.

ആദിവാസി സ്ത്രീകളും കൃഷിപ്പണിയിൽ വൈദഗ്ധ്യം ഉള്ളവരാണ്. അവർക്കും ഈ മേഖലയിൽത്തന്നെ പൂർണമായും തൊഴിൽ കൊടുക്കണം.

## വിദ്യാഭ്യാസം, ബോധവൽക്കരണം

1. 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്കായി ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂളിനോടനബന്ധിച്ച് ഒരു ട്രൈബൽ ഹോസ്റ്റൽ നിർമിക്കണം.

2. എല്ലാ പട്ടികവർഗകോളനികളും ഓരോ കമ്യൂണിറ്റിഹാൾ നിർമിക്കണം. ടി.വി. സെറ്റും സ്ഥാപിക്കണം. ഈ ഹാളുകളിൽ എല്ലാംതന്നെ ഓരോ അംഗൻവാടിയും പ്രവർത്തിക്കണം. പട്ടികവർഗക്കാരല്ലാത്ത കുട്ടികളെയും ഇവിടെ ചേർക്കാവുന്നതാണ്.

3. മേൽപറഞ്ഞ ഹാളുകൾ ഉപയോഗപ്പെടുത്തി സാക്ഷരതാപ്രവർത്തനം പുനരാരംഭിക്കണം.

## രക്ഷാധികാരി സമിതികൾ

എല്ലാ കോളനികളിലും ഓരോ രക്ഷാധികാരി സമിതി രൂപീകരിക്കണം. ചെയർമാൻ വാർഡ് മെമ്പർ ആയിരിക്കണം.

## സമിതിയുടെ ചുമതലകൾ:

1. അംഗൻവാടി, സ്കൂൾ പ്രവേശനത്തിനു പ്രായ

മായ കുട്ടികളെ മുഴുവൻ പേരെയും ചേർക്കുവാനും കൃത്യമായി മേൽസ്ഥാപനങ്ങളിൽ എത്തിക്കുവാനും നിരന്തരം ഇടപെടുക.

2. കോളനിനിവാസികളുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാനും സാധ്യമായ കമ്മിറ്റി എന്നനിലയിൽ തന്നെ പരിഹരിക്കാനും ശ്രമിക്കുക.

3. കോളനികളിൽ സാക്ഷരതാ ക്ലാസുകൾ സംഘടിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.

4. കോളനിനിവാസികൾക്ക് രോഗങ്ങളുണ്ടായാൽ ചികിത്സ നേടുന്നുവെന്ന് ഉറപ്പാക്കുക.

5. കോളനിയിലെ നിർമാണപ്രവർത്തനങ്ങൾ (ഗ്രാന്റുകളും മറ്റും ഉപയോഗപ്പെടുത്തി) ഏറ്റെടുത്തു നടത്തുക.

കോളനി രക്ഷാധികാരി സമിതികളിലൂടെ കൺവീനർമാർ അടങ്ങുന്ന ഗ്രാമപഞ്ചായത്തുതല രക്ഷാധികാരി സമിതിയും രൂപവൽക്കരിക്കണം. ഈ സമിതിയുടെ ചെയർമാൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വൈസ് ചെയർമാൻ സംവരണ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന വാർഡുമെംബറും ആയിരിക്കണം. ഈ സമിതി മാസത്തിലൊരിക്കൽ നിർബന്ധമായും യോഗം ചേരണം.

## കോളനിയിലെ നിർമാണപ്രവർത്തനങ്ങൾ

1. ഇവ കരാർ നൽകുന്ന രീതി ഉടനടി അവസാനിപ്പിച്ച് കോളനി രക്ഷാധികാരി സമിതിയെ ഏൽപിക്കുന്ന നിലയുണ്ടാവണം.

2. കോളനിയിൽ നടത്തുന്ന നിർമാണ പ്രവർത്തനങ്ങൾക്കുള്ള പണം ഘട്ടങ്ങളായി മുൻകൂർ നൽകുന്ന നിലയുണ്ടാകണം. ബന്ധപ്പെട്ട വാർഡ് മെംബർ വഴിയാകണം പണം ചെലവഴിക്കുന്നത്.

## പട്ടികവർഗ സഹകരണസംഘങ്ങൾ

ഗ്രാമപഞ്ചായത്തിൽ ഒരു ഗിരിജൻ സഹകരണ സംഘം മാത്രമാണുള്ളത്. 1983-ൽ രജിസ്റ്റർ ചെയ്തതാണിത്. 416 അംഗങ്ങൾ നിലവിലുണ്ട്. കണിച്ചാർ, കേളകം, കൊട്ടിയൂർ ഗ്രാമപഞ്ചായത്തുകൾ അടങ്ങിയതാണ് പ്രവർത്തനപരിധി. ബോധവാന്മാരായ അംഗങ്ങളുടെ കുറവ് സംഘത്തിന്റെ പ്രവർത്തനത്തെ ബാധിച്ചു. വായ്പയിനത്തിൽ 99,572.25 രൂപ കുടിശികയുണ്ട്. സംഘം ആരംഭിച്ച കരിങ്കൽക്വാറി, ജില്ലി യൂണിറ്റുകൾ മെംബർമാരുടെ സഹകരണക്കുറവുകൊണ്ട് പരാജയമായി.

## പ്രശ്നങ്ങൾ, സാധ്യതകൾ

1. അംഗങ്ങളെ ലോൺ തിരിച്ചടയ്ക്കേണ്ടതിനെക്കുറിച്ച് ബോധവൽക്കരിക്കണം.

2. കൂടുതൽപേരെ അംഗങ്ങളാക്കണം.

3. കാർഷികോപകരണങ്ങളും മറ്റാനുകൂല്യങ്ങളും സംഘം വഴി അനുവദിക്കണം.

4. സംഘത്തിനു കൂടുതൽ ലോണുകൾ അനുവദിക്കാൻ ജില്ലാ ബാങ്ക് തയാറാവണം. കുടിശിക എഴുതിതള്ളാനുള്ള നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിലെ കോളനികളിൽ നിലനിൽക്കുന്ന മറ്റുചില പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും താഴെ ചേർക്കുന്നു

1. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ചില കുടംബങ്ങളെ ചില ഭൂവുടമകൾ അടിമകളെപ്പോലെ ജോലി ചെയ്യിക്കുന്ന നിലയുണ്ട്. ഇതവസാനിപ്പിക്കുന്നതിനായി അത്തരക്കാരെ അടിയന്തരമായും പുനരധിവസിപ്പിക്കാൻ കഴിയണം.

2. ഭൂവുടമകളുടെ ഭൂമിയിൽ താമസിക്കുന്ന ആദിവാസികൾക്ക് 5 സെന്റ് ഭൂമിയെങ്കിലും ഉടമകൾ തന്നെ എഴുതിനൽകുവാൻ നിർബന്ധിക്കുന്ന നിയമ നിർമാണം നടത്തുക.

3. സ്കൂളിൽ പോകേണ്ട പട്ടികവർഗ കുട്ടികളെ (6-15 വയസ്) നിർബന്ധിച്ചും അല്ലാതെയും ജോലി ചെയ്യിപ്പിക്കുന്ന ആളുകളെ ശിക്ഷിക്കാൻ നിയമ നിർമാണം നടത്തുക.

4. ഗ്രാമപഞ്ചായത്തിൽ മിച്ചഭൂമിയായുള്ള 11.30 ഹെക്ടർ പട്ടികവിഭാഗക്കാർക്ക് ഉടൻ പതിച്ചുനൽകുക.

5. എല്ലാ കോളനികളിലേക്കും റോഡു നിർമിക്കുക.

6. കോളനികൾ വൈദ്യുതീകരിക്കാൻ നടപടി സ്വീകരിക്കുക.

7. റേഷൻകാർഡില്ലാത്ത പട്ടികവർഗക്കാർക്ക് അവ അടിയന്തരമായും നൽകുക.

8. ആറ്റാംചേരി കോളനിയിലെ ചില അംഗങ്ങൾക്ക് പഞ്ചായത്തുവക മിച്ചഭൂമി കല്ലടിയിൽ നൽകിയിട്ടുണ്ട്. അവിടെത്തന്നെ അവർക്കു വീടു നിർമിച്ചു നൽകേണ്ടതുണ്ട്.

10. അംഗൻവാടികളിൽ കളിക്കോപ്പുകൾ നൽകുവാൻ അടിയന്തരമായും നടപടി സ്വീകരിക്കണം.

11. പട്ടികവർഗക്കാരെ കാലക്രമേണ കോളനിരീതിയിൽനിന്നും മോചിപ്പിക്കാൻ ബോധപൂർവമായ ശ്രമം നടത്തണം. സമൂഹത്തിൽ ഇടകലർന്നു താമ

സിപ്പിക്കുവാൻ ശ്രദ്ധിക്കണം.

12. ശ്മശാനങ്ങളില്ലാത്ത കോളനികളിൽ അവ ഉണ്ടാക്കുക. ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്ത വയ്ക്ക് അവ കെട്ടണം.

13. പട്ടികവർഗക്കാർക്ക് വീടുനിർമിക്കുന്നതിനായി നൽകുന്ന ഗ്രാന്റ് 30,000 രൂപയായെങ്കിലും വർധിപ്പിക്കണം.

14. കാടൻമലയിൽ ഒരു ആരോഗ്യ ഉപകേന്ദ്രം അനുവദിക്കണം.

15. കോളനികളുമായി ബന്ധപ്പെടുത്തി കൊളക്കാട്–ഏലപ്പീടിക 29–ാം മൈൽ റോഡ് പൂർത്തീകരിക്കുക.

16. തൊഴിൽനൽകുന്നതിനായി മെഴുകുതിരി, ജില്ലി, കാർപന്ററി വർക്ക്ഷോപ്പ് എന്നിവയുടെ യൂണിറ്റുകൾ ആരംഭിക്കുക. ടാപ്പിംഗ് പരിശീലനം നൽകുക.

17. കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്ത്, വളം, മറ്റു കാർഷികോപകരണങ്ങൾ എന്നിവ സൗജന്യമായോ സൗജന്യനിരക്കിലോ നൽകുക.

18. പട്ടികവിഭാഗക്കാരെ സംബന്ധിച്ചു സമഗ്രമായ ഒരു സർവേ അടിയന്തരമായി നടത്തി അവരെ സംബന്ധിച്ച (കോളനി, അംഗങ്ങളുടെ പേരുവിവരം, സൗകര്യങ്ങൾ, ആവശ്യങ്ങൾ തുടങ്ങിയവ) സമഗ്രമായ വിവരം ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുക. ഈ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി വേണ്ട തിരുത്തലുകൾ, മാറ്റങ്ങൾക്കനുസരിച്ച് അപ്പോൾ നടത്തുക. ഇതിന്റെ അടിസ്ഥാനത്തിൽ വേണ്ട അനുകൂല്യങ്ങൾ എത്തിച്ചുകൊടുക്കുക.

19. ബ്ലോക്കുവഴി കക്കൂസിനനുവദിക്കുന്ന തുക 2,000 രൂപയിൽനിന്നും 5,000 രൂപയായി ഉയർത്തുക.

20. തൊഴിൽ പഠിച്ചവർക്ക് അവർക്കാവശ്യമായ ഉപകരണങ്ങൾ സൗജന്യനിരക്കിൽ നൽകാൻ സംവിധാനമുണ്ടാക്കണം. ഇതു ഗ്രാമപഞ്ചായത്തുവഴി നടപ്പാക്കണം.

21. വെള്ളറ കുറിച്ച്യ കോളനിയിൽ ഒരു കുളം നിർമിച്ചാൽ 42 പട്ടികവർഗകുടുംബങ്ങൾക്കും മറ്റ് 20 കുടുംബങ്ങൾക്കും ജലസേചന, കുടിവെള്ള ആവശ്യങ്ങൾ നിർവഹിക്കാൻ കഴിയും.

22. ആദിവാസികൾക്ക് രോഗം വന്നാൽ ആശുപത്രിയിലെത്തിക്കുന്നതിനും ചികിത്സിക്കുന്നതിനും ആവശ്യമായ സാമ്പത്തികസഹായം (ടാക്സിചാർജ്, മരുന്നുകളുടെ വില, ഭക്ഷണച്ചെലവ് തുടങ്ങിയവ നിർവഹിക്കാൻ) നൽകുന്നതിനുള്ള കരുതൽനിധി രൂപീകരിക്കുക.

23. കോളനികൾക്ക് വീട്ടുപകരണങ്ങൾ (ബെഞ്ച്, കസേര) നൽകണം.



# 4.12 സഹകരണം

കണിച്ചാർ പഞ്ചായത്തുകൂടി ഉൾപ്പെട്ട കാപ്പാട് വില്ലേജ് ആസ്ഥാനമായി 1951 കാലഘട്ടത്തിൽ 'ഐക്യ നാണയ സംഘം' എന്ന പേരിൽ രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് ഈ പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളുടെ ആദ്യരൂപം. വികസനത്തിന്റെ യാഥാസ്ഥിതിക പരിപ്രേക്ഷ്യത്തോടുകൂടി കണിച്ചാർ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തെ വിലയിരുത്തുമ്പോൾ എത്തിച്ചേരുന്ന നിഗമനങ്ങൾ ആശ്വാസമേകുന്നതായിരിക്കും. എന്നാൽ സഹകരണ പ്രസ്ഥാനങ്ങളെ ജനകീയ പങ്കാളിത്തത്തിന്റെ പ്രകടിത, സാമൂഹിക സാമ്പത്തികരൂപമായി പുനർനിർവചിക്കുമ്പോൾ ആശയറ്റ ഒരു ചിത്രം തെളിഞ്ഞുവരുന്നു. മുന്നിൽ വളരെ ചെറിയ അംഗബലത്തോടുകൂടി ആരംഭിച്ച ഐക്യനാണയ സംഘങ്ങൾ രൂപപ്പെടുവാനുള്ള സാഹചര്യങ്ങൾ മൊത്തം കേരളസമൂഹത്തിന്റെ ഭൗതികസാഹചര്യങ്ങളോട് വിദൂരബന്ധം മാത്രം പുലർത്തുന്നവയാണ്. കുടിയേറ്റമേഖലയും കാർഷിക അഭിവൃദ്ധിയുടെ പ്രാരംഭദശയിലുള്ളതുമായ ഈ മലയോരപ്രദേശങ്ങളുടെ നിലനിൽപിന്റെയും മുന്നോട്ടായലിന്റെയും ചരിത്രം രചിച്ചത് ദുരിതങ്ങളുടെയും പ്രകൃതിയുടെ കനിവുറ്റ ഇടപെടലിന്റെയും നടുവിൽ നിന്നാണ്. തീർച്ചയായും ഈ ജനതയിൽ നിന്ന് കൊടുംപലിശ വസൂലാക്കി തഴച്ചുവളർന്ന ജന്മി–ഭൂപ്രഭു–മാടമ്പിമാരായിരുന്നു ഈ പ്രദേശത്തിന്റെ ബാങ്കുകാർ. ഈയൊരു സാഹചര്യത്തിൽ, ചൂഷണം ചെയ്യപ്പെട്ട കർഷകജനവിഭാഗങ്ങളുടെ ആശയാഭിലാഷത്തിൽ നിന്നായിരിക്കാം സഹകരണസ്ഥാപനങ്ങളുടെ അടിത്തറ രൂപപ്പെട്ടുതുടങ്ങിയത്.

സഹകരണസ്ഥാപനങ്ങളുടെ ആവിർഭാവത്തോടുകൂടി ഉയർത്തപ്പെട്ട മുദ്രാവാക്യങ്ങൾ ഇതുവരെ വിരചിതമല്ലാതായിരുന്ന ഒരു പുതിയ ജീവിതക്രമത്തെക്കുറിച്ചുള്ള പ്രത്യാശ ഏറെ പകർന്നു നൽകുന്നതായിരുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി ജനങ്ങളുടെ പ്രതിനിധികൾ നിയന്ത്രിക്കുന്ന ഒരു ധനകാര്യസ്ഥാപനം അതേ ജനതയുടെ തന്നെ സാമ്പത്തിക ലോകത്ത് സജീവമായ ഇടപെടലുകൾ നടത്തുന്നു. ഈയൊരു പശ്ചാത്തലത്തിലാണ് ഈ സഹകരണസ്ഥാപനങ്ങളെ വർത്തമാനകാല കണിച്ചാർ പഞ്ചായത്തിന്റെ സാമ്പത്തിക അഭിവൃദ്ധിയുമായി തട്ടിച്ചുനോക്കേണ്ടിവരുന്നത്. കണിച്ചാർ പഞ്ചായത്തിന്റെ അധികാരപരിധിക്കുള്ളിൽ വൈവിധ്യമേറിയ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നിരാശയെ വളർത്തുന്നതാണ്. അർഹിച്ചവിഭാഗങ്ങൾക്ക് സഹായം കിട്ടാതെ വരികയും അനർഹർ ഈ സ്ഥാപനങ്ങളെ പലവിധേനയും പിഴിഞ്ഞെടുക്കുകയും ചെയ്യുന്നു എന്ന പ്രസ്താവന അസുഖകരമാണെങ്കിലും സത്യത്തിന്റെ കാർക്കശ്യം പ്രകടിപ്പിക്കുന്ന ഒന്നാണ്. മൊത്തം കേരളീയ സമൂഹത്തിന്റെ തീരാശാപങ്ങളിലൊന്നായ സങ്കുചിത കക്ഷിരാഷ്ട്രീയം ഈ ജനകീയപ്രസ്ഥാനത്തെ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് പലകാതം അകലെ എത്തിച്ചിരിക്കുന്നു. ഭരണനിർവഹണ സമിതികൾ തീർത്തും കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്നതുകൊണ്ടു തന്നെ ഈ സ്ഥാപനങ്ങളിൽ നിന്നു കിട്ടുന്ന കാർഷിക സഹായം സ്വപക്ഷക്കാർക്കു മാത്രമായി അർഹമായ മേഖലകളിൽ ചിലവഴിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കുന്ന

സംവിധാനത്തിന്റെ അഭാവത്തിൽ ഏറെ ദുർവിനിയോഗം ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. ഈയൊരു കാരണം കൊണ്ടുതന്നെ ധാരാളം കടങ്ങൾ അവധിബാക്കിയാവുന്നു. അതുപോലെ തന്നെ പല പദ്ധതികൾക്കും ഈ മേഖല നൽകിവരുന്ന ധനസഹായം വളരെ ശുഷ്കമായി പോകാറുണ്ട്. ഭരണസമിതികളുടെ കക്ഷിരാഷ്ട്രീയത്തിനനുസരിച്ച് ഉണ്ടാകുന്ന ദുർവ്യയം (പരസ്യം തുടങ്ങിയവ) ജനങ്ങളുടെ ഇടയിൽ സ്ഥാപനങ്ങളോട് നേരെയുള്ള സന്ദേഹം കലർന്ന മനോഭാവം, ജനങ്ങൾക്ക് കൊമേഴ്സ്യൽ ബാങ്കുകളോടുള്ള താൽപര്യം, മാനേജ്മെന്റിന്റെ കൊള്ളരുതായ്മ, തൊഴിലാളികളുടെ നിരുത്തരവാദപരമായ സമീപനം, ബ്ലേഡ്, കുറി തുടങ്ങിയ സമാന്തര സാമ്പത്തിക സ്ഥാപനങ്ങളുടെ ആരോഗ്യപരമല്ലാത്ത വ്യാപനം, ഇത്തരം സഹകരണ പ്രസ്ഥാനങ്ങളുടെ വിജയം സൃഷ്ടിച്ചേക്കാവുന്ന ഗുണപരമായ ഫലത്തേക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അശാസ്ത്രീയത, അതിന്റെ ജനാധിപത്യപരമല്ലാത്ത ഉള്ളടക്കം തുടങ്ങിയവയെല്ലാം ഈ സഹകരണ ധനകാര്യ സ്ഥാപനങ്ങളുടെ ഖേദകരമായ പ്രവർത്തനത്തിന്റെ മൂലകാരണങ്ങളാകുന്നു. അതുപോലെ തന്നെ സഹകരണസ്ഥാപനങ്ങൾ അവരുടെ പ്രവർത്തനം പുതിയമേഖലകളിലേക്കു വ്യാപിപ്പിക്കുന്നതും, ആധുനിക സമൂഹത്തിൽ അത്യന്താപേക്ഷിതമായ നവീന സാങ്കേതിവിദ്യകൾ ബാങ്കിംഗ് മേഖലയിൽ ആരംഭിക്കാത്തതും മറ്റ് കൊമേഴ്സ്യൽ ബാങ്കുകളുമായുള്ള മത്സരത്തിൽ ഇവയെ പലകാതം പിന്നിൽ നിർത്തുന്ന ഘടകങ്ങളാണ്. ഇതുകൂടാതെ വായ്പേതര സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ വിശകലനം ചെയ്താൽ ഇത്തരത്തിലുള്ള ഏറെ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും കുറെയെണ്ണം പിറവിക്കുമുമ്പേ മൃതിയേറ്റുവാങ്ങിയവയാണ്. അൽപമെങ്കിലും പ്രവർത്തനപരമായിട്ടുള്ളത് ക്ഷീരോത്പാദന സംഘങ്ങളും റബർ മാർക്കറ്റിംഗ് സൊസൈറ്റികളുമാണ്. ക്ഷീരോത്പാദന സംഘങ്ങളുടെ പ്രവർത്തനങ്ങൾ തന്നെ പലയിടത്തും ആശങ്കയ്ക്കു ഇടനൽകുന്നു. പലയിടത്തും മൊത്തം ഉൽപാദനത്തിന്റെ പകുതിപോലും ഇത്തരം സംഘങ്ങളിൽ എത്തിച്ചേരുന്നില്ല. പ്രധാനകാരണങ്ങളിലൊന്ന് താരതമ്യേനയുള്ള വിലകുറവുതന്നെ.

കഴിഞ്ഞ രണ്ട് വർഷക്കാലമായി റബർ വിലയുണ്ടാകുന്ന വ്യതിയാനങ്ങൾ റബർ മാർക്കറ്റിംഗ് സൊസൈറ്റികളെ ഒരു നല്ല ലാഭത്തിലേക്കു എത്തിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ഈ സംഘങ്ങളുടെ പ്രവർത്തനം വളരെ ശ്ലാഘനീയമായ നിലയിലേക്ക് ഉയർന്നിട്ടുണ്ട്. കർഷകർക്ക് സബ്സിഡി നിരക്കിൽ വളവും റബർ ഉൽപാദനത്തിന് ആവശ്യമായ സാധനങ്ങളും നൽകുന്നതോടൊപ്പം മറ്റ് സ്വകാര്യ കച്ചവട മുതലാളിമാരുമായുള്ള മത്സരത്തിൽ കുടുതൽ വില കൂടി കർഷകന് ഉറപ്പിക്കാൻ കഴിഞ്ഞാൽ ഇവയുടെ വിശ്വാസ്യതയും ജനങ്ങളിൽ നേടിയെടുക്കാം.

## നിർദേശങ്ങൾ

മേൽസൂചിപ്പിച്ച ഇത്തരം പോരായ്മകളെ പരിഹരിച്ച് തീർത്തും ജനോപകാരോന്മുഖമായ വിധത്തിൽ ഈ സ്ഥാപനങ്ങളെ എങ്ങനെ പുനസംഘടിപ്പിക്കാം എന്നുള്ളത് ഗൗരവമേറിയ ചർച്ച ആവശ്യപ്പെടുന്നു. നമ്മുടെ സമൂഹത്തിൽ ഒരു പരിധിവരെ നിശബ്ദരും നിഷ്ക്രിയരുമാക്കപ്പെട്ട ഏറെ കഴിവുകളുള്ള സ്ത്രീവിഭാഗങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും അവരുടേതായ നേതൃത്വത്തിൽ വനിതാ സഹകരണ സ്ഥാപനങ്ങൾ രൂപവൽക്കരിക്കുകയും ചെയ്യുക, ഉത്പാദന സേവനരംഗത്ത് കൂടുതൽ ക്രിയാത്മകമായ പരീക്ഷണങ്ങൾ ഏറ്റെടുക്കുന്നതിലേക്കായി പഞ്ചായത്തീരാജുമായി ബന്ധിപ്പിക്കുക, മാനേജ്മെന്റിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം നടപ്പിൽവരുത്തുകയും അതിന്റെ ഭാഗമായി വേണ്ട പരിശീലനപരിപാടികൾ ആസൂത്രണം ചെയ്യുക, സോഷ്യൽ ഓഡിറ്റ് നടപ്പിൽ വരുത്തുകയും, അതുവഴി വിശ്വാസ്യതയും അഴിമതിരാഹിത്യവും ജനങ്ങൾക്ക് ഉറപ്പാക്കുക, ക്രഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുകയും പദ്ധതികൾക്ക് ആവശ്യമുള്ള തുക വായ്പയായി നൽകുകയും ചെയ്യുക, സംഘങ്ങളുടെ പ്രവർത്തനം ജനാധിപത്യപരമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുപ്പിലെ അഴിമതിയും അക്രമവും ഒഴിവാക്കാൻ തെരഞ്ഞെടുപ്പ് ഉത്തരവാദിത്വം ഇലക്ഷൻ കമ്മീഷന്റെ സ്വഭാവവുമുള്ള സ്വാതന്ത്ര ഏജൻസിയെ ഏൽപിക്കുകയോ അല്ലെങ്കിൽ ആദ്യകാലത്തുണ്ടായിരുന്നതുപോലെ വാർഡ് തിരിച്ച് കഴിവും കാര്യക്ഷമതയുമുള്ള ആൾക്കാരെ നാമനിർദേശം ചെയ്യുകയോ ചെയ്യാം. ലോണിന്റെ സ്വഭാവമനുസരിച്ച് വായ്പാ തുക അതതു മേഖലയിൽ ചിലവഴിക്കപ്പെടുന്നുണ്ടോ എന്നു തിരിച്ചറിയാനുള്ള കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക, കാർഷിക വിഭവങ്ങളെ അടിസ്ഥാനമാക്കി മാർക്കറ്റിംഗ് സർവീസ് സഹകരണ സംഘങ്ങൾ തുടങ്ങുക, സർവീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുന്നതിന്റെ ഭാഗ

മായി ഭവന നിർമാണത്തിനാവശ്യമായ കമ്പി, ഓട്, സിമന്റ് മുതലായവയും മറ്റ് അവശ്യസാധനങ്ങളും ബാങ്കുകൾ വഴി വിതരണം (വിൽപന) നടത്തുക, സർവീസ് സഹകരണ സംഘങ്ങളിൽ ചിട്ടി തുടങ്ങുന്നതിന് ചിട്ടി നിയമവ്യവസ്ഥകൾ ലഘൂകരിച്ച് നടപ്പിലാക്കുക, ബാങ്കുകളിൽ ലാൻഡ് രജിസ്ട്രേഷൻ എഴുതി സൂക്ഷിക്കുകയും ഓരോ വർഷത്തിലും ആവശ്യമായ വായ്പാതുക തിട്ടപ്പെടുത്തുകയും ചെയ്യുക, പട്ടികജാതി– പട്ടികവർഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജിതപ്പെടുത്തുക, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പോലുള്ള നൂതന സംരംഭങ്ങൾ തുടങ്ങുക, ഉൽപന്ന ഈടിൻമേൽ ലോണുകൾ നൽകുക. ജനറൽ ബോഡികൾ വെറും ചടങ്ങാകാതെ മെംബർമാരുടെ പൂർണ പ്രാതിനിധ്യം ഉറപ്പാക്കുക തുടങ്ങിയവ ഈ മേഖലയെ പുഷ്ടിപ്പെടുത്തുവാനുള്ള ചില നിർദേശങ്ങളാണ്.

## സാധ്യതകൾ

കാർഷിക മേഖലയിലധിഷ്ഠിതമായ കണിച്ചാർ പ്രദേശത്ത് ഒട്ടനവധി കാർഷികാധിഷ്ഠിത സഹകരണ സംഘങ്ങളുടെ രൂപീകരണത്തിന് സാധ്യതയുണ്ട്. കാർഷിക മേഖലയിൽ നിന്നും ധാരാളം അസംസ്കൃത വസ്തുക്കൾ പാഴായിപ്പോകുന്നുണ്ട്. ഇന്ന് കശുമാങ്ങ, ചകിരി, മാമ്പഴം തുടങ്ങിയവ ഉപയോഗിച്ച് ഉൽപന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന സഹകരണ സംഘങ്ങൾക്ക് വളരെ പ്രാധാന്യം ഉണ്ട്. അതുപോലെ തന്നെ ഈ പ്രദേശത്തെ മുഖ്യനാണ്യവിളയായ റബറിൽ നിന്നും റബറധിഷ്ഠിത ഉൽപ്പന്നങ്ങൾ (റബർ ബാന്റ്, കൈയുറ തുടങ്ങിയവ) നിർമിക്കാൻ ചെറിയ സഹകരണ യൂണിറ്റുകൾ ആരംഭിക്കാൻ കഴിയും. വനിതകൾക്ക് പ്രാമുഖ്യം നൽകി അച്ചാർ നിർമാണം, നോട്ടുബുക്ക്, കായവറുക്കൽ, കശുവണ്ടി സംസ്കരണം തുടങ്ങിയവ ആരംഭിക്കാം. അതുപോലെ തന്നെ പാൽസൊസൈറ്റികളിൽ സംഭരിച്ച് മിച്ചം വരുന്ന പാലുപയോഗിച്ച് പാലുൽപന്ന നിർമാണ യൂണിറ്റുകൾക്ക് തുടക്കം കുറിക്കാം. നാളികേര കർഷകർക്ക് പരമാവധി വില ലഭിക്കുന്നതിനും അവരുടെ തേങ്ങ കൊപ്രയാക്കി മാറ്റുന്നതിനുള്ള കൊപ്രാഡ്രയർ ആരംഭിക്കുകയും അതുവഴി കുറച്ചുപേർക്ക് തൊഴിൽ ലഭ്യതയ്ക്കും സാധ്യതയുണ്ട്. സ്വയംതൊഴിൽ പദ്ധതികൾക്കും മറ്റുമായി ഗവൺമെന്റ് ഏജൻസികളെ സമീപിക്കേണ്ടവരുമ്പോഴുണ്ടാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ പഞ്ചായത്തിൽ ഒരു ദേശസാൽകൃത ബാങ്ക് ശാഖ തുടങ്ങാം. വീട്ടിൽ ഒതുങ്ങിക്കഴിയുന്ന വീട്ടമ്മമാർക്കും വനിതകൾക്കുമായി കോഴി വളർത്തൽ സഹകരണ സംഘങ്ങൾ തുടങ്ങുക വഴി ഇവരുടെ വരുമാനവർദ്ധനവിനും തൊഴിൽ ലഭ്യതയ്ക്കും സാധ്യതകളുണ്ട്. കാർഷിക വ്യാവസായിക രംഗത്ത് മാത്രമല്ല, തൊഴിൽ മേഖലയിലും ആരോഗ്യരംഗത്തും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. സഹകരണ മേഖലയുടെ സഹായത്തോടെ തൊഴിലധിഷ്ഠിത പഠന കേന്ദ്രങ്ങൾ തുടങ്ങുക.

## പ്രശ്നങ്ങൾ

1. ഇന്ന് കാർഷിക വായ്പാ സംഘങ്ങൾ എല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

2. സർക്കാർ തലത്തിലുള്ള ഭരണകക്ഷികളുടെ ചൊൽപടിക്ക് നിൽക്കാത്ത് ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്നതരത്തിൽ അന്തർമേഖലാ തരത്തിൽവരെ സ്ഥലം മാറ്റം നടത്തൽ.

3. ഭരണകക്ഷികൾക്കനുകൂലമല്ലാത്ത ഭരണസമിതിയുള്ള സംഘങ്ങൾക്ക് ഫൈനാൻസിംഗ് ബാങ്കിൽ നിന്ന് ആവശ്യാനുസരണമോ, മറ്റ് സംഘങ്ങൾക്ക് അനുവദിക്കുന്ന തോതിലോ ഫണ്ടുകൾ അനുവദിക്കാതിരിക്കുക.

4. പ്രത്യേകപദ്ധതികൾ നടപ്പാക്കുന്ന അവസരത്തിലും ഇത്തരം ചിന്താഗതി തന്നെ തുടരുക.

5. ജില്ലാബാങ്ക് വായ്പകൾക്ക് ഓരോ അർധവർഷത്തിലും പലിശ ഈടാക്കുന്ന സമ്പ്രദായംകൊണ്ട് സംഘങ്ങൾക്ക് ഈയിനത്തിൽ ലഭിക്കാത്ത തുക ഒടുക്കാൻ വർധിച്ച നിരക്കിൽ ലഭിച്ച നിക്ഷേപം ഉപയോഗിക്കേണ്ടി വരുന്നു.

6. ഫൈനാൻസംഗ് ബാങ്ക് ഏകപക്ഷീയമായി പ്രാഥമിക സംഘങ്ങളിൽ നിന്ന് മുൻകാലപ്രാബല്യത്തോടെ വർധിച്ച നിരക്കിലുള്ള പലിശ ഈടാക്കുക ഇതിന്റെ ഫലമായി അടച്ചുതീർത്ത കടങ്ങൾക്ക് വർഷങ്ങൾക്കു ശേഷം വീണ്ടും പലിശ അടക്കേണ്ടിവരുകയും പ്രാഥമിക സംഘങ്ങൾ അതിന്റെ പൂർണമായ നഷ്ടം സഹിക്കേണ്ടിവരികയും ചെയ്യുന്നു. കാരണം ടി. തുക അടച്ചു തീർത്ത അംഗങ്ങളിൽ നിന്നോ അല്ലാത്തവരിൽ നിന്നോ വാങ്ങാൻ പാടില്ല എന്ന അവർ നിർദേശിക്കുന്നു.

7. താഴ്ന്ന വരുമാനമുള്ള വീടുകളിലെ അമ്മമാർക്കും സ്ത്രീകൾക്കും വരുമാനം വർധിപ്പിക്കുന്നതിനു വേണ്ടി കോഴികളെയും ആടുകളേയും വളർത്തുന്നതിനും കൈമാറ്റങ്ങൾ നടത്തുന്നതിനും വേണ്ടി സഹകരണ സൊസൈറ്റികൾ സ്ഥാപിക്കുക.

8. കൃഷിഭൂമിയുള്ളവരെ മാത്രം ഉദ്ദേശിച്ചുകൊണ്ടും കൃഷിക്കു മാത്രം ഒരുക്കുന്ന രീതിയിൽ വിത്തും വളവും കാർഷിക സാമഗ്രികളും വിതരണം നടത്തുകയും കൃഷിക്കാരിൽ നിന്ന് ഉൽപന്നങ്ങൾ എടുത്ത് മൊത്തമായി വിൽപന നടത്തുന്നതിന് വേണ്ടി ഒരു സഹകരണ സംഘം പഞ്ചായത്തിലെ ജനങ്ങൾക്കു മുഴുവൻ ഗുണം കിട്ടുന്ന രീതിയിൽ ബ്രാഞ്ചുകളോടു കൂടി രൂപീകരിച്ച് പ്രവർത്തനം നടത്തുക.

## സഹകരണ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തന പരിധി | മെമ്പർമാരുടെ എണ്ണം | ഒരു ഓഹരി Rs/- | അടച്ചുതീർത്ത ഓഹരി മൂലധനം Rs/- | സർക്കാർ ഓഹരി ഉണ്ടോ | [illegible] | ലാഭം Rs | നിക്ഷേപം Rs | വായ്പ: കാർഷിക | വായ്പ: കാർഷികേതര |
|---|---|---|---|---|---|---|---|---|---|---|---|
| 1 | [illegible] S.C.B. | കണിച്ചാർ [illegible] | 4195 | 10/- | 12,05,000/ | ഇല്ല | 100000/ | [illegible] | 3890636 | 72,36,648 | 8162294 |
| 2 | [illegible] S.C.B | കണിച്ചാർ [illegible] 6,7,8 [illegible] | 2057 | Rs/10 | 10,01,000 | ഇല്ല | 100000/ | 20,01,550 | 3382064/- | 79,10,988 | 6330700 |
| 3 | [illegible] S.C.B കണിച്ചാർ [illegible] | കണിച്ചാർ [illegible] | 1400 | 10/- | 250000/- | ഇല്ല | 100000/- | 815000/ 1445000/ | 4800000/- | 8150000/- | 1984500 |



# 4.13 വിഭവസമാഹരണം

ഏതൊരു ആസൂത്രണ പദ്ധതിയും അതിൽ എത്രത്തോളം ജനകീയ ഉള്ളടക്കം ഉൾച്ചേർന്നിരിക്കിലും സമഗ്രമായിത്തീരുന്നത്, വിഭവങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ വിവരങ്ങളുടെ ലഭ്യതയിലാണ്. കേവലം ഭാവാധിഷ്ഠിതമായ പദ്ധതികളല്ല ആവശ്യം. മറിച്ച് നമ്മുടെ ഭൗതിക യാഥാർഥ്യത്തെ അടിസ്ഥാനപ്പെടുത്തി ജനോപകാരപ്രദമായ രീതിയിൽ വികസന പ്രവർത്തങ്ങളുടെ ഗുണഫലത്തെ തുല്യവിതരണം ചെയ്യുക എന്നതാണ്.

ഇത്തരമൊരു സാഹചര്യത്തിൽ കണിച്ചാർ ഗ്രാമപഞ്ചായത്ത് - പിന്നോക്ക പഞ്ചായത്ത് എന്ന് കാലാകാലമായി തഴയപ്പെട്ടതിന്റെ ദുരന്തപാടുകൾ ഏറ്റുവാങ്ങിയ 'ദളിത്ദേശം' - എങ്ങിനെയാണ് തങ്ങളുടെ ഭാവിയെ പുനർനിർണ്ണയിക്കുക. തീർത്തും കാർഷിക സ്വഭാവമുള്ള കണിച്ചാർ പ്രദേശത്തിന്റെ വികസന പാതയും കാർഷിക വിഭവങ്ങളുമായി ബന്ധപ്പെടുത്തിയേ നിർണ്ണയിക്കാൻ പാടുള്ളൂ.

വരുമാനത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ അവസ്ഥ ആശാവഹമല്ല. അതിനു കാരണമായി മുന്നോട്ടുവേണ്ട പരമ്പരാഗത വിശദീകരണം ഇവിടെ വിനോദനികുതിയുടെ ശ്രോതസ്സ് ശുഷ്കമാണെന്നതാണ്. ഇത് ഒരു മുഖ്യപ്രശ്നം തന്നെയാണ്, എന്നാലും വികസനം കെട്ടിടങ്ങളുടെ വർധനയിലോ റോഡുനിർമ്മാണത്തിന്റെ വിപുലതയിലോ അല്ല കുടികൊള്ളുന്നത് എന്ന കാഴ്ചപ്പാട് ഉണ്ടാവേണ്ടതാണ്. നമുക്ക് കിട്ടുന്ന വരുമാനത്തിന്റെ മുഖ്യ ശ്രോതസ്സുകൾ ജെ.ആർ.വൈ. സ്കീം വഴി കിട്ടുന്ന തുക (3,02,800) അൺടൈഡ് ഫണ്ട് (2,93,500) കെട്ടിട നികുതി (1 ,01,348.20) തൊഴിൽ നികുതി (59935) വസ്തു കൈമാറ്റ നികുതി (99578) മറ്റു വരുമാനമാർഗങ്ങൾ (70411.25) കൂടാതെ പഞ്ചായത്ത് രാജ് പ്രകാരം അനുവദിച്ച 2,59,628 രൂപയും കൂടുന്നതോടെ പഞ്ചായത്തിന്റെ കാര്യമായ വരുമാനം അവസാനിക്കുന്നു. ഇതൊന്നും കൂടാതെ മറ്റു ചില വരുമാനമാർഗങ്ങളും പഞ്ചായത്തിനുണ്ടെങ്കിലും ഇവയൊന്നും ഗണ്യമായ വരുമാനമാർഗ്ഗമാകുന്നില്ല.

ഈ വരുമാനമാർഗ്ഗങ്ങളെല്ലാംതന്നെ പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് കിട്ടുന്ന തുകയാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിന്റെ മൊത്തം സാമ്പത്തിക നിലയുടെ അടിത്തറയായി വർത്തിക്കുന്നത് കൃഷിയാണ്. കാർഷികാഭിവൃദ്ധിയുടെ പുരോഗതിയെ അളവുപരമായി ഗണിക്കുമ്പോൾ നേട്ടം കൊയ്തുവെന്ന് പറയാമെങ്കിലും ഗുണപരമായി കാർഷികമേഖലയിൽ ചില കൃഷികൾ വെല്ലുവിളി നേരിടുകയാണ്. നമ്മുടെ നാടിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതയും, കാലാവസ്ഥയും മണ്ണിന്റെ സ്വഭാവമനുസരിച്ച് ഇറക്കിയിരുന്ന കൃഷികൾ, നാട്ടറിവിന്റെ ഉജ്ജ്വലമായ പ്രയോഗ രീതികൾ ഒക്കെ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പച്ചപ്പുപ്പണിഞ്ഞ പാടങ്ങൾ നേർത്ത് വരുന്നു. നഷ്ടം നരിടുന്ന പല കൃഷികളും നാണ്യവിളകളായ റബറിനും തെങ്ങിനും വഴിമാറിക്കൊടുക്കുന്നു. ഇതൊന്നും നമ്മുടെ വിഷയവുമായി നേരിട്ട് ബന്ധമില്ലാ എന്ന് കരുതാമെങ്കിലും വിഭവങ്ങളുടെ വർധനവിന്റെ കാര്യത്തിൽ ഗുണപരമായ മാറ്റം നടന്നിട്ടില്ല എന്നുള്ളതാണ് ഇതു നൽകുന്ന സൂചന. അമിതമായ രാസവള പ്രയോഗം തുടക്കത്തിൽ ഉൽപാദനവർധനവ് തരുമെങ്കിലും പിന്നീട് ക്രമേണ മണ്ണിന്റെ അടിസ്ഥാന സ്വഭാവത്തെ തന്നെ അട്ടിമറിച്ച് വിളകളെ പ്രതിരോധശേഷിയില്ലാത്ത, ഏതൊരു കീടങ്ങൾക്കും എളുപ്പത്തിൽ കീഴടങ്ങുന്നവയായി മാറ്റുന്നു. നമ്മുടെ പഞ്ചായത്തിൽ നിലവിൽ വ്യാപകമായി നേന്ത്രവാഴ, പാവയ്ക്ക, പയറ് തുടങ്ങിയ പച്ചക്കറികൾ ഇപ്പോൾ വ്യാപകമായി കൃഷി ചെയ്യപ്പെടുന്നുണ്ട്.

ഇതൊക്കെ ഒരു വശത്തുനിൽക്കുമ്പോൾ നമ്മുടെ പഞ്ചായത്തിന്റെ ചെലവിനം പരിശോധിക്കേണ്ടതുണ്ട്. സാധാരണഗതിയിൽ ഒരു മലയോരമേഖലയായ കണിച്ചാറിൽ, എല്ലായിടത്തേയുംപോലെതന്നെ പ്രഥമസ്ഥാനത്ത് നിൽക്കുന്നത് ഭരണപരമായുണ്ടാകുന്ന ചിലവുകളാണ്. ഇതിനുശേഷം ചിലവിനത്തിൽ കൂടുതലും വേണ്ടിവരുന്നത്. അടിസ്ഥാനസൗകര്യങ്ങളായ റോഡിന്റെയും പാലത്തിന്റെയും നിർമ്മാണങ്ങൾക്കാണ്. ഇവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആഴത്തിൽ പഠിച്ചാൽ ഗുണത്തേക്കാളേറെ സാമ്പത്തികമായ നഷ്ടം വരുത്തിവയ്ക്കുന്ന ഒരു മേഖലയാണ് പൊതുമരാമത്ത് എന്ന് മനസിലാക്കാനാവും. പഞ്ചായത്തുകളിൽ കാലാകലങ്ങളായി റോഡുനിർമാണത്തിനും റിപ്പയറിംഗിനുമായി ധാരാളം മൺപണിയെടുക്കുകയും കാലവർഷത്തിൽ അതെല്ലാം കുത്തിയൊലിച്ച് നഷ്ടപ്പെടുകയുമാണ് ഉണ്ടാവാറ്. വീണ്ടും അടുത്ത വർഷവും ഇതേ റോഡിന്റെ മൺപണിക്കായിതന്നെ

പിന്നെയും പണം മുടക്കേണ്ടതായി വരാറുണ്ട്. യഥാർഥത്തിൽ ഒരു റോഡിന്റെ നിർമ്മാണപ്രവർത്തം തുടങ്ങുകയാണെങ്കിൽ അതിനെ പൂർണ്ണമായി ഉപയോഗപ്പെടുത്തത്തക്കവിധത്തിൽ പണിപൂർത്തിയാക്കുന്നതുകൊണ്ടുമാത്രമേ നമ്മുടെ പഞ്ചായത്തിന്റെ മഖ്യമായ വിഭവചോർച്ച തടയുന്നതിന് സാധ്യമാവുകയുള്ളൂ.

## സാധ്യതകൾ

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നികുതി പിരിവ് കാര്യക്ഷമമാക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ, കാരണം പഞ്ചായത്തിന്റെ വരുമാനം മുഖ്യമായും നികുതിയിനങ്ങളിൽ നിന്നാണല്ലോ. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം പുതിയ നികുതികൾകൂടി ഏർപ്പെടുത്താവുന്ന മേഖലകൾ കണ്ടെത്തണം. കർഷകത്തൊഴിലാളികളിൽനിന്നും നിർമ്മാണത്തൊഴിലാളികളിൽനിന്നും അവരുടെ വരവിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നിരക്കിൽ നികുതി ഈടാക്കാം. കച്ചവട ലൈസൻസ് ഫീസ് നവീകരിക്കുക, കെട്ടിടനികുതി പരിഷ്കരണം, തൊഴിൽ നികുതി എല്ലാമേഖലയിലും നിർബന്ധമാക്കുക, നിശ്ചിത ഏക്കറിൽ കൂടുതൽ തോട്ടങ്ങളുള്ളവരിൽനിന്നും തോട്ടനികുതി ഈടാക്കുക തുടങ്ങിയവയൊക്കെയാണ് പഞ്ചായത്ത് വരുമാനവർധനവിനുള്ള ചില മാർഗ്ഗങ്ങൾ.

### കെട്ടിടനികുതി

കെട്ടിടനികുതി നികുതി പരിഷ്കരണം നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡം; കെട്ടിടനിർമാണത്തിന് ഉണ്ടായ ചെലവുകളായിരിക്കണം. കെട്ടിടനിർമാണച്ചെലവിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുമ്പോൾ ശാസ്ത്രീയമായി നികുതി പിരിവിലെ പൊരുത്തക്കേടുകൾ ഇല്ലാതാക്കാൻ കഴിയും. അത്യാഡംബരമായി നിർമ്മിക്കുന്ന വീടുകൾക്കും മറ്റും നിർമ്മാണച്ചെലവ് വളരെ വലുതായിരിക്കും എന്നതിനാൽ നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിൽ നികുതി നൽകുമ്പോൾ കൂടുതൽ നൽകേണ്ടിവരുന്നതിനാൽ വീടുനിർമ്മാണത്തിലെ ആഡംബര ചെലവുകൾ അൽപം കുറയ്ക്കാനും കഴിഞ്ഞേക്കും. അതുപോലെ നമ്മുടെ പഞ്ചായത്തിലെ വലിയൊരു തൊഴിൽമേഖലയാണ് ചെങ്കല്ല്, കരിങ്കല്ല് ഇവയുടെ ഖനനം, ഇതിന്മേൽ നികുതി ഏർപ്പെടുത്തിയാൽ പഞ്ചായത്തിന് നല്ലൊരു വരുമാനമേഖല തുറന്നുകിട്ടും.

## തൊഴിൽനികുതി

തൊഴിൽനികുതിയിനത്തിൽ കൂടുതൽ പണം പഞ്ചായത്തിന് ലഭ്യമാകാൻ എല്ലാമേഖലയിലും തൊഴിൽചെയ്യുന്ന മുഴുവൻ ആൾക്കാർക്കും ചെറിയ തോതിൽ തൊഴിൽനികുതി ഏർപ്പെടുത്തേണ്ടതാണ്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൂടുതൽപ്പേരും കർഷകത്തൊഴിലാളികളാണെന്നതിനാൽ അവരിൽ നിന്നും ഉചിതമായ നികുതി ഈടാക്കാനുള്ള സംവിധാനം സൃഷ്ടിക്കാം. അതുപോലെതന്നെ സമസ്ത മേഖലകളിലും തൊഴിൽചെയ്യുന്നവരിൽനിന്നും ന്യായമായ തൊഴിൽനികുതി ഈടാക്കിക്കൊണ്ട് തൊഴിൽ നികുതിയിനത്തിൽ വരുമാന വർധനവിന് ശ്രമിക്കാം.

## വിനോദനികുതി

വിനോദനികുതിയിനത്തിൽ ഒരുറുപ്പികപോലും വരുമാനമില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് അവികസിതമേഖലയിലായതിനാലുമാണ് ഇത്തരത്തിലുള്ള നികുതികൾ നമുക്ക് നഷ്ടപ്പെടുന്നത്. പഞ്ചായത്തിന്റെ തൊട്ടടുത്ത അതിർത്തികൾക്കടുത്തുതന്നെ സിനിമാശാലകളുള്ളതിനാൽ ആ രീതിയിലുള്ള ഒന്നിന് ഇനി സാധ്യതയില്ല. നമ്മുടെ പഞ്ചായത്തിൽ വേണമെങ്കിൽ ഒരു കമ്യൂണിറ്റി ഹാൾ പോലെയുള്ള സംരംഭത്തിന് വിദേശ മലയാളികളുടെയും സാമ്പത്തികമായി മുതൽമുടക്കാൻ തയ്യാറുള്ള മറ്റുള്ളവരെയും കൂട്ടി പഞ്ചായത്തിന് മുൻകൈ എടുത്ത് നടപ്പാക്കാൻ ശ്രമിക്കാവുന്നതാണ്.

## മറ്റു പ്രധാന ധനാഗമമാർഗ്ഗങ്ങൾ:

കേളകം അതിർത്തിമുതൽ പേരാവൂർ അതിർത്തിവരെ നമ്മുടെ പഞ്ചായത്ത് അതിരിൽകൂടി ഒഴുകുന്ന പുഴയുടെ തീരത്തുള്ള പൂഴി പരസ്യലേലത്തിലൂടെ ആവശ്യക്കാർക്ക് നൽകി ആ രീതിയിൽ പഞ്ചായത്തിന് ചെറിയ വരുമാന വർധനവിന് ശ്രമിക്കാം. അതുപോലെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും പാട്ടവ്യവസ്ഥയിലോ മറ്റ് ഉടമ്പടി പ്രകാരമോ ആൾക്കാർക്ക് കാർഷികാവശ്യങ്ങൾക്കും മറ്റും നൽകിയാൽ ഉൽപാദനമേഖലയിലും അതുപോലെ പഞ്ചായത്ത് വരുമാനത്തിന്റെ കാര്യത്തിലും പുരോഗതി നേടിയെടുക്കാൻ സാധിക്കും. കൂടാതെ ചന്തകൾ, മത്സ്യമാർക്കറ്റുകൾ മുതലായവ ലേലം ചെയ്തുകൊടുക്കൽ തുടങ്ങിയ മാർഗങ്ങളിലൂടെയും സാധ്യമെങ്കിൽ വരുമാന വർധനവിന് ശ്രമിക്കാം.

നികുതി പിരിവുകൾ കാര്യക്ഷമമാക്കുന്നതോടൊപ്പം നികുതിവെട്ടിപ്പ് തടയുന്നതിനു വേണ്ടിയുള്ള ഫലപ്രദമായ നടപടികളും സ്വീകരിക്കണം. ആവശ്യമെങ്കിൽ നിലവിൽ പഞ്ചായത്തിലുള്ള നികുതിയുടെ മിനിമം നിരക്ക് ഉയർത്തുകയും ആ രീതിയിൽ വരുമാനവർധനവിന് ശ്രമിക്കുകയും ചെയ്യാം. ഇതോടൊപ്പം ഇന്ന് ഭരണരംഗത്തുണ്ടാകുന്ന പാഴ്ചിലവുകൾക്ക് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും വേണം. പഞ്ചായത്തിന്റെ ചെലവുകൾ സുതാര്യമാക്കുന്നതിന്റെ ഫലമായി കണക്കുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ഗ്രാമസഭകളിലും മറ്റും അവതരിപ്പിക്കുകയും ചെയ്യുക, വിദ്യാഭ്യാസ മേഖലയിലെയും ആരോഗ്യമേഖലയിലെയും സേവനമേഖലകളിലെയും ചെലവുകൾക്ക് വേണ്ടി നിധികൾ സ്വരൂപിക്കുക. ആ രീതിയിൽ ആ മേഖലയിലെ ചെലവുകൾ നിയന്ത്രിക്കുകയും ചെയ്യാൻ കഴിയും. അതോടൊപ്പം പഞ്ചായത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, ജലലഭ്യത തുടങ്ങിയവയൊക്കെ പരിശോധിച്ച് പ്രാദേശികമായി അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകി ഈ പദ്ധതികൾക്ക് രൂപം നൽകി ഈ പദ്ധതികൾ ധനകാര്യസ്ഥാപനങ്ങൾക്ക് കൈമാറുകയും ധനകാര്യസ്ഥാപനങ്ങൾ ഈ സ്കീമുകൾക്ക് വേണ്ടി പണം

നൽകുകയും ചെയ്യുന്ന ഒരു സംവിധാനം ഉണ്ടാക്കണം. സ്വയംതൊഴിൽ പദ്ധതികൾക്കുംമറ്റും സർക്കാരിൽനിന്നും ലഭിക്കുന്ന ആനുകൂല്യം ലഭ്യമാക്കാൻ ഒരു ദേശസാൽകൃത ബാങ്ക് ശാഖ പഞ്ചായത്തിൽ ഉചിതമായ സ്ഥലത്ത് സ്ഥാപിക്കാനുള്ള ശ്രമം ഉടനെ നടത്തേണ്ടതാണ്. ഗൾഫിലും മറ്റ് വിദേശരാജ്യങ്ങളിലും തൊഴിൽചെയ്യുന്നവരുടെ സമ്പാദ്യം കാർഷിക -വ്യാവസായിക മേഖലയിലേക്ക് തിരിച്ചുവിടുക വഴി ആ മേഖലകളുടെ വികസനത്തിന് സാധ്യതകളുണ്ട്.

ഇതിനെല്ലാമുപരി ഏറ്റവും പരമപ്രധാനമായ വിഭവമായ മനുഷ്യവിഭവം ഉപയോഗപ്പെടുത്തി മുൻകാല അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരുപാട് വികസന പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടത്താൻ കഴിയും. പഞ്ചായത്തിന്റെ വിവിധ മേഖലകളിലുള്ള സന്നദ്ധസംഘടനകളുടെ നേതൃത്വത്തിലും മറ്റും മനുഷ്യവിഭവശേഷി വിനിയോഗിച്ചുകൊണ്ട് റോഡ് നിർമാണം, പാലം, കലുങ്കുകൾ നിർമാണം എന്നുവേണ്ട സമസ്ത മേഖലയിലും നിർമാണ പ്രവർത്തനങ്ങൾക്ക് അനിവാര്യമായ കർമശേഷി തരുവാൻ കഴിവുള്ള ധാരാളം പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ രീതിയിൽ മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വിഭവചോർച്ചയ്ക്ക് നല്ലൊരു പരിഹാരം കാണാൻ കഴിയും. അതുപോലെ നാട്ടുകാരിൽനിന്നും പൊതുസംഭാവനകൾ സ്വീകരിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാം. സ്കൂൾ പി.ടി.എ. കമ്മിറ്റികളും മറ്റും നമ്മുടെ നാട്ടിൽ ഈ രീതിയിൽ നടത്തിയിട്ടുള്ള സ്തുത്യർഹമായ സേവനങ്ങൾ നമുക്ക് മാതൃകയാക്കാം. സന്നദ്ധ സംഘടനകൾക്കായുള്ള കേന്ദ്രസഹായ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ സമൂലമായ പുരോഗതി കൈവരിക്കുന്നതിന് പഞ്ചായത്തിന് സാധ്യമാകും എന്നുള്ള കാര്യത്തിൽ സംശയമില്ല.

## ഗ്രാമസഭാ നിർദേശങ്ങൾ

1. കൊളക്കാട്, കണിച്ചാർ എന്നീ ടൗണുകളിൽ ടാക്സി സ്റ്റാൻഡ് നിർമിച്ച് ഫീസ് ഈടാക്കണം.

2. പഞ്ചായത്തിലെ ടൗണുകളിലെ ഹോട്ടലുകളും കച്ചവട സ്ഥാപനങ്ങളും സ്വകാര്യ ആവശ്യത്തിന് വേണ്ടി പൊതുസ്ഥലങ്ങൾ, റോഡുകൾ ഇവ അതിക്രമിച്ചുകയറുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഇത് കണ്ടെത്തി നഷ്ടം ഈടാക്കി വരുമാനം കൂട്ടാം.

3.അതുപോലെ പൊതുജനങ്ങൾ മരങ്ങളും കല്ലും നിർമാണ സാമഗ്രികളും റോഡ്സൈഡുകളിൽ കൊണ്ടിട്ട് കേടുപാടുകളുണ്ടാക്കുന്നു. ഇവരിൽ നിന്നും ഈ ഇനത്തിൽ നഷ്ടം ഈടാക്കണം.

## വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | ധനാഭ്യർഥന | പിരിച്ചത് |
|---|---|---|
| 1 | 2 | 3 |
| കെട്ടിടനികുതി | 1,01,348.20 | 101348.20 |
| സർവീസ് ചാർജ് | 4988.30 | 4988.30 |
| തൊഴിൽനികുതി | 59935.00 | 59935.00 |
| ലൈസൻസ് ഫീസ് | 6339.50 | 6339.50 |
| കെട്ടിടനികുതി സർചാർജ് | - | - |
| വസ്തുകൈമാറ്റനികുതി 75% | 99578.00 | 99578.00 |
| വസ്തുകൈമാറ്റനികുതി 25% | - | - |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ | 70411.25 | 70411.25 |
| സംഭാവന | - | - |
| ഡെപ്പോസിറ്റ് | 6788.45 | 6788.45 |
| മറ്റുള്ളവ | 6,98,243.10 | 6,98,243.10 |
| ആകെ | 10,43,131.70 | 10,43,131.70 |

# 5. ഉപസംഹാരം

1995 ഒക്ടോബർ രണ്ടിനാണ് ഇന്നത്തെ പഞ്ചായത്ത് ഭരണസമിതി അധികാരം ഏറ്റെടുക്കുന്നത്. പഞ്ചായത്ത് ഭരണമേറ്റെടുക്കുന്നതിനു മുമ്പുതന്നെ ഈ പഞ്ചായത്തിന്റെ പ്രശ്നങ്ങളെയും ജനങ്ങളുടെ ആഗ്രഹങ്ങളെയും കുറിച്ചു നല്ല ബോധ്യമുള്ള സാമൂഹ്യപ്രവർത്തകരാണ് ഈ ഭരണസമിതിയിലെ സഹപ്രവർത്തകർ. അതുകൊണ്ടുതന്നെ ജനങ്ങൾ ഏറെ പ്രതീക്ഷിക്കുമെന്നുമറിയാം. ഈ പഞ്ചായത്തിന്റെ അവസ്ഥയെക്കുറിച്ചു വളരെ വ്യക്തമായി, ആധികാരികമായിത്തന്നെ ഈ വികസന രേഖയുടെ വിവിധ വിഷയങ്ങളോടനുബന്ധിച്ചു പരാമർശിക്കുന്നുണ്ട്. എങ്കിലും, ഒരുനേരത്തെ ആഹാരത്തിനു വകയില്ലാതെ കടത്തിണ്ണകളിൽ ഉറങ്ങുന്നവരും രോഗികളെ ആശുപത്രിയിലെത്തിക്കാൻ വാഹന സൗകര്യം ലഭിക്കാത്ത മലമടക്കുകളും, ചിരകാലാഭിലാഷംപോലെ മനസിൽ കൊണ്ടുനടന്നിട്ടും ഇനിയുമെത്താത്ത വൈദ്യുതി കാത്തിരിക്കുന്ന ജനങ്ങളും പാലമില്ലാത്തതിനാൽ മഴക്കാലത്ത് യാത്രാസൗകര്യം നിഷേധിക്കപ്പെടുന്ന നാട്ടുകാരും, ചെറ്റക്കുടിലുകൾ ഓടുമേയാൻ വകയില്ലാതെ ബുദ്ധിമുട്ടുന്നവരും രോഗം ബാധിച്ച കൃഷിയെ പഴിക്കാൻ മാത്രം വിധിക്കപ്പെട്ട കർഷകരും... അതെ, പ്രശ്നങ്ങൾ നിരവധിയാണ്. സാധ്യതകൾ വളരെ കുറവും. തിരുവനന്തപുരത്തും ഡൽഹിയിലും എന്തിനേറെ, കണ്ണൂരിലിരിക്കുന്ന ഉദ്യോഗസ്ഥമേധാവികൾക്കുപോലും കണിച്ചാർ എവിടെയെന്നും എങ്ങനെയെന്നും അറിയില്ലതന്നെ. ബോധ്യപ്പെടാൻ വിഷമമുള്ളവർക്ക് പലതും മനസ്സിലാവാത്ത പ്രശ്നവും ബാക്കിയായിയിരുന്നു. കാലം എന്നും പുറംതിരിഞ്ഞുനിൽക്കില്ലെന്നു സ്വപ്നം കണ്ടവർക്ക് മഞ്ഞുതുള്ളിയുടെ നൈർമല്യമൂറുന്ന സ്പർശനം നൽകിയ പുതിയ പഞ്ചായത്ത് രാജ് സംവിധാനം ജനകീയബന്ധം ഊട്ടിയുറപ്പിച്ച് മുന്നോട്ട് കുതിക്കുകയാണ്.

1992-ലെ 73-ാം ഭരണഘടനാ നിയമമനുസരിച്ച് നാട്ടിൽ ത്രിതല പഞ്ചായത്ത്‌രാജ് സംവിധാനം രൂപീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. ആസൂത്രിത വികസനത്തിലും തദ്ദേശ സ്വയംഭരണകാര്യങ്ങളിലും വർധിച്ചതോതിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ജില്ലാപഞ്ചായത്തുകളും മധ്യതല പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും നിലവിൽവരുമെന്നാണ് ഈ നിയമം അനുശാസിക്കുന്നത്. അതനുസരിച്ച് 1994-ൽ കേരള പഞ്ചായത്ത്‌രാജ് നിയമം പാസാക്കുകയും അതിന്റെ ഫലമായി ത്രിതല പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുപ്പു നടത്തുകയും 1995 ഒക്ടോബർ രണ്ടാം തീയതി അധികാരം പഞ്ചായത്തുകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. അധികാരം കുടുംബസ്വത്തുപോലെ കൈകാര്യം ചെയ്തിരുന്ന ഒരുപറ്റം ഉദ്യോഗസ്ഥരിൽനിന്ന് അതിനെ മോചിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതായത്, കേന്ദ്രീകൃത ഭരണത്തിൽനിന്നും തുല്യതയും, തുല്യസംരക്ഷണവും യാഥാർത്ഥ്യമായിത്തീരുന്ന ഒരു സമുഹത്തിലേക്കുള്ള പരിവർത്തനത്തിന്റെ പുതിയ പാതയാണ് ജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത ആസൂത്രണം, സമൂഹത്തിന്റെമേൽ അടിച്ചേൽപ്പിക്കപ്പെട്ട അഴിമതികളെയും ഉദ്യോഗസ്ഥമേധാവിത്വത്തെയും പിഴുതെറിയുവാൻ ഒരുപരിധിവരെയെങ്കിലും സാധ്യമാണെന്നു ന്യായമായും വിശ്വസിക്കാം. എങ്കിലും ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾക്ക് വിഭവം ഒരു പ്രധാന ഘടകമാണെന്ന തിരിച്ചറിവ് ഭയപ്പെടുത്തുന്ന കാര്യമാണെന്നു തോന്നുന്നില്ല. ഇതിനടിസ്ഥാനം സർക്കാരിൽനിന്നു

പദ്ധതിവിഹിതമായി ലഭിക്കുന്ന 40% തന്നെ. മുൻകാലങ്ങളിൽ പഞ്ചായത്തുകളുടെ വികസനനിധിയിലേക്ക് ലഭിച്ച തുകയുമായി താരതമ്യം ചെയ്യുമ്പോൾ ഇതു വളരെ വലുതാണ്. അങ്ങനെയെങ്കിൽ, പഞ്ചായത്തുകളെ മികച്ച വികസന സംരംഭങ്ങളുടെ വേദിയാക്കിമാറ്റാൻ കഴിയും. കൂടാതെ ജനശക്തി എന്ന വലിയ മുതൽമുടക്കും.

തീർച്ചയായും വരുംകൊല്ലങ്ങളിൽ മനുഷ്യവിഭവം വികസനത്തിന്റെ കേന്ദ്രബിന്ദുവായിരിക്കും. ധനവിഭവങ്ങൾ ദുർലഭമായിട്ടുള്ള ഒരു നാട്ടിൽ മനുഷ്യവിഭവ വികസനം മാത്രമാണ് ഒരേയൊരു ഉത്തരം. ഈ വികസനപ്രക്രിയയുടെ ആധാരശിലയാകുന്ന ഒരു ഉത്പാദക വിഭവമാണ് അറിവെന്ന ബോധം നമ്മുടെ ഗ്രാമങ്ങളെ ഉണർത്തിക്കൊണ്ടിരിക്കുകയാണ്. ഗ്രാമസഭകൾ ഇതിന് നൽകുന്ന സംഭാവനകൾ ചെറുതല്ല. ഗാന്ധിജി അരനൂറ്റാണ്ടുമുമ്പ് രൂപംനൽകിയ ആശയം സാക്ഷാത്കരിക്കപ്പെടുകയാണ്. ഈ പുതിയ ഉത്തരവാദിത്വത്തിൽ പഞ്ചായത്ത്‌രാജ് സ്ഥാപങ്ങൾ മാത്രമാണ് നമ്മുടെ ഇച്ഛാശക്തിയും ആഗ്രഹങ്ങളും പ്രതിനിധാനം ചെയ്യുന്നതെന്നതിനാൽ അവയെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. ഈ സ്ഥാപനങ്ങളിലൂടെ മാത്രമേ നമ്മുടെ സാംസ്കാരികവും ഭരണഘടനാപരവുമായ പ്രതിബദ്ധതകൾ സാക്ഷാത്കരിക്കപ്പെടുകയുള്ളു. മറ്റു വികസന ഏജൻസികൾ സാധാരണ ജനങ്ങളിൽനിന്ന് ഒരുപാടു ദൂരെയാണ്. പ്രത്യാശയുടെയും വികസനത്തിന്റെയും കാലാവസ്ഥ സൃഷ്ടിക്കുകയും നിരാശയുടെയും അസന്തുലിത വികസനം നൽകിയ വിഷാദാത്മകത്വത്തിന്റെ ഇന്നലകളെ മറക്കുകയും ചെയ്യുന്നതിന് പഞ്ചായത്തുകൾക്കു കഴിയും. മുകളിൽനിന്നല്ല, ജനങ്ങളുടെ ആഗ്രഹങ്ങളിൽനിന്നാണ് പുതിയ പദ്ധതികൾ രൂപംകൊള്ളുകയെന്ന ചിന്ത ഗ്രാമങ്ങളെ ഉണർത്തുമെന്ന വിശ്വാസം ജനമനസുകളിൽ വേരോടുകയാണ്. ഒൻപതാം പദ്ധതി നടപ്പാക്കിത്തുടങ്ങുമ്പോൾ ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന വികസന സ്വപ്നങ്ങൾക്ക് കൂടുതൽ ചാരുത കൈവരുമെന്ന ഉറച്ചവിശ്വാസമുണ്ട്. ഈ വികസനരേഖ ഗ്രാമസഭകളിൽ പങ്കെടുത്ത ഒരുപാടു മനുഷ്യരുടെ ഹൃദയസ്പന്ദനങ്ങളാകുമെന്ന് വിശ്വാസം ഞങ്ങൾക്കുണ്ട്. ഈ വികസനമേഖലയിൽ തെളിഞ്ഞുകാണുന്ന നാടിന്റെ വികസന സ്വപ്നം എളിയതോതിലെങ്കിലും തുടക്കമിടുന്നതിന് ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതിന് ജനങ്ങളുടെ ആത്മാർഥമായ സഹകരണവും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിനാൽതന്നെ അതിവിടെ വിവരിക്കേണ്ട കാര്യമില്ല. ജനങ്ങളുടെ പ്രതീക്ഷകൾക്ക് വിദൂരമല്ലാത്ത സമയത്തുതന്നെ പൂർണ്ണത കൈവരുമെന്നു ന്യായമായും പ്രതീക്ഷിക്കാം. ഈ വികസനരേഖയുടെ പ്രേരകഘടകവും അതുതന്നെയാണന്ന ചിന്ത നിങ്ങളോടൊപ്പം ഞാനും പങ്കുവയ്ക്കുന്നു.

സി.എം. മാണി (പ്രസിഡന്റ്)
കണിച്ചാർ ഗ്രാമപഞ്ചായത്ത്

PRINTED AT RASHTRA DEEPIKA PRESS, KANNUR - 4, PH: OFF: 501650



എന്റെ ജീവിതമാണ് എന്റെ സന്ദേശം